# വൈദ്യകഥകൾ

(കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ നിന്നും പകർത്തിയത്)

കഥാനുക്രമണിക


| | |
|---|---|
| വയക്കരെ അച്ഛൻമൂസ്സ് | 2 |
| ആലത്തൂർ നമ്പി | 5 |
| വയസ്കര ചതുർവേദിഭട്ടതിരിയും യക്ഷിയും | 13 |
| പിലാമന്തോൾ മൂസ്സ് | 15 |
| എളേടത്ത് തൈക്കാട്ടു മൂസ്സന്മാർ | 18 |
| വയസ്ക്കരെ ആര്യൻ നാരായണൻമൂസ്സ് അവർകളുടെ ചികിത്സാനൈപുണ്യം | 24 |
| കുട്ടഞ്ചേരി മൂസ്സ് | 42 |
| വെള്ളോടു നമ്പൂരി | 44 |

## *വയക്കരെ അച്ഛൻമൂസ്സ്*

വൈദ്യന്മാർക്കു പ്രധാനമായി വേണ്ടതു ഗുരുത്വവും കൈപ്പുണ്യവുമാണെന്നു പ്രസിദ്ധവും സർവസമ്മതവുമാണല്ലോ. വൈദ്യന്മാർ നല്ലപോലെ ശാസ്ത്രനൈപുണ്യവും ബുദ്ധിയും യുക്തിയുമുളളവരായിരുന്നാലും ഗുരുത്വവും കൈപ്പുണ്യവുമില്ലെങ്കിൽ അവരുടെ ചികിത്സ ഫലിക്കില്ലയെന്നുള്ളത് തീർച്ചയാണ്. ശാസ്ത്രജ്ഞാനവും യുക്തിയും ബുദ്ധിയുമില്ലാത്തവർക്ക് ഗുരുത്വവും കൈപ്പുണ്യവും മാത്രമുണ്ടായിരുന്നതുകൊണ്ട് മതിയാകുന്നതല്ലെങ്കിലും ഗുരുത്വവും കൈപ്പുണ്യവുമുളളവർക്ക് ശാസ്ത്രപരിചയവും മറ്റും കുറച്ചു കുറവായിരുന്നാലും അബദ്ധമൊന്നും വരുന്നതല്ല. ഗുരുത്വവും കൈപ്പുണ്യവുമുളളവർക്കും ശാസ്ത്രവിജ്ഞാനവും യുക്തിയും ബുദ്ധിയും കൂടിയുണ്ടായിരുന്നാൽ പിന്നത്തെക്കഥ പറയാനുമില്ലല്ലോ. അഷ്ടവൈദ്യന്മാരിൽ അദ്വിതീയന്മാരെന്ന് പണ്ടേയ്ക്കുപണ്ടേ പ്രസിദ്ധന്മാരായിരുന്ന വയക്കരെ മൂസ്സന്മാർക്ക് മേൽപറഞ്ഞവയെല്ലാം പൂർണമായിട്ടുള്ളതിനാലാണ് അവർ സർവോത്കർഷേണ വർത്തിക്കുന്നത്. ഇതിനു ദൃഷ്ടാന്തമായി കഴിഞ്ഞുപോയ ആര്യൻ നാരായണൻമൂസ്സ് അവർകളുടെ അച്ഛനായ അച്ഛൻമൂസ്സ് അവർകളുടെ ചില അത്ഭുതകർമങ്ങളെ താഴെപ്രസ്താവിക്കുന്നു. കേവലം കേട്ടുകേൾവിയെ മാത്രം അടിസ്ഥാനപ്പെടുത്തിയെഴുതുന്ന ഈവക ഐതിഹ്യങ്ങളുടെ വാസ്തവാവാസ്തവത്വത്തെപ്പറ്റി അധികം ആലോചിക്കണമെന്നില്ല. മഹാന്മാർക്കെന്തു ദുഷ്ക്കരം. എന്നുമാത്രം വിചാരിച്ചാൽ മതി.

1. ഒരാൾക്ക് മലവും മൂത്രവും പോകാതെ വയറു വല്ലാതെ അടച്ചു വീർത്തു വേദന സഹിക്കവയ്യാതെയായിത്തീർന്നു. വേദനയുടെ ശക്തികൊണ്ട് കിടക്കാനും ഇരിക്കാനും ഉണ്ണാനുമുറങ്ങാനും എന്നുവേണ്ട, യാതൊന്നും വയ്യാതെയായി രോഗി ഉറക്കെ നിലവിളിച്ചുകൊണ്ട് കിടന്നുരുണ്ടുതുടങ്ങി. പല വൈദ്യന്മാർ വന്നു കാണുകയും പല പ്രയോജനങ്ങൾ ചെയ്തുനോക്കുകയുമൊക്കെ ചെയ്തിട്ടും ഒരു ഫലവുമുണ്ടായില്ല. മരിച്ചുപോകുമെന്നുതന്നെ രോഗിയും വൈദ്യന്മാരും ശേഷമുള്ളവരും എല്ലാം തീർച്ചപ്പെടുത്തി. എങ്കിലും വയക്കരെ അച്ഛൻമൂസ്സിന്റെ അടുക്കൽകൂടി ഒന്നു പോയി പറഞ്ഞുനോക്കാം എന്നു വിചാരിച്ച് രോഗിയുടെ അനന്തിരവൻ വയക്കര എത്തി. അതു ദീനം തുടങ്ങിയതിന്റെ പിറ്റേദിവസം രാവിലെയായിരുന്നു. അപ്പോൾ അച്ഛൻമൂസ്സ് വാലിയക്കാർ കറിക്കു നുറുക്കുന്നിടത്തു ചെന്ന് അവരോട് എന്തോ പറഞ്ഞുകൊണ്ട് നിൽക്കുകയായിരുന്നു. ഈ ചെന്നയാൾ അവിടെച്ചെന്നു കണ്ടു ദീനത്തിന്റെ വിവരമെല്ലാം അറിയിച്ചു. ഉടനെ അച്ഛൻമൂസ്സ് അവിടെക്കിടന്നിരുന്ന മത്തങ്ങായുടെ ഒരു ഞെട്ടി (ഞെടുപ്പ്) എടുത്തു കൊടുത്തിട്ട് 'ഇതു കൊണ്ടുപോയി കാഞ്ഞവെള്ളത്തിൽ അരച്ചു കലക്കിക്കൊടുത്താൽ മതി' എന്നു പറഞ്ഞു. അയാൾ അത് ഭക്തിയോടുകൂടി വാങ്ങിക്കൊണ്ടുപോയി അവിടുന്നു പറഞ്ഞതുപോലെ അതിൽ പകുതിയെടുത്ത് കാഞ്ഞവെള്ളത്തിൽ അരച്ചുകലക്കി രോഗിക്കു കൊടുത്തു. അതു കുടിച്ചു മാത്രനേരം കഴിഞ്ഞപ്പോൾ മലവും മൂത്രവും ഒഴിയുകയും സകലവേദനകളും മാറി രോഗിക്കു നല്ല സുഖമാവുകയും ചെയ്തു. എങ്കിലും മലവും മൂത്രവും പോയിത്തുടങ്ങീട്ടു മൂത്രം പോക്കു നിന്നു. വയറിളകി പിന്നെയും പൊയ്ക്കൊണ്ടിരുന്നു. അതും ക്രമേണ നിന്നോളുമെന്ന് വിചാരിച്ച് അന്നത്തെ അങ്ങനെ കഴിഞ്ഞു. പിറ്റേദിവസമായപ്പോഴേക്കും വയറ്റിൽനിന്ന് പോക്കു കുറച്ചുകൂടി അധികമായി. അപ്പോഴേക്കും രോഗിക്കു ക്ഷീണവും പാരവശ്യവും കലശലായി. ഉടനെ രോഗിയുടെ അനന്തിരവൻ ഓടി പിന്നെയും അച്ഛൻ മൂസ്സിന്റെ അടുക്കലെത്തി വിവരം അറിയിച്ചു. അപ്പോൾ അച്ഛൻമൂസ്സ് ആ തന്നയച്ച മരുന്നു മുഴുവനും അരച്ചു കലക്കിക്കൊടുത്തുവോ എന്നു ചോദിച്ചു. ഇല്ല പകുതിയേ കൊടുത്തുള്ളു. ശേഷം ഇരിക്കുന്നുണ്ട് എന്ന ഈ ചെന്നയാൾ അറിയിച്ചു. എനനാൽ ശേഷമുളളതുകൂടി അരച്ചുകലക്കിക്കൊടുത്തേക്കൂ സുഖമാവും എന്ന് അച്ഛൻമൂസ്സ് പറഞ്ഞു. ഉടനെ അയാൾ ചെന്നു മത്തങ്ങായുടെ ഞെട്ടി ശേഷമുണ്ടായിരുന്നത് കൂടി കാഞ്ഞവെള്ളത്തിൽ അരച്ചുകലക്കിക്കൊടുത്തു. അതു കുടിച്ചതോടുകൂടിത്തന്നെ വയറ്റിൽനിന്നു പോക്കു നിന്നു. ക്രമേണ മലമൂത്രങ്ങൾ പതിവുപോലെ പോയിത്തുടങ്ങുകയും ക്രമേണ രോഗിയുടെ ക്ഷീണം മാറി സുഖമാവുകയും ചെയ്തു.

2. ദേഹത്തിന്റെ സ്ഥൗല്യം നിമിത്തം ഇരിക്കാനും നിൽക്കാനും നടക്കാനും കിടക്കാനും നിവൃത്തിയില്ലാതായിത്തീർന്ന ഒരു മാപ്പിള ഒരിക്കൽ അച്ഛൻമൂസ്സവർകളുടെ അടുക്കൽ വരികയുണ്ടായി.

അയാൾക്കു ശരീരം ക്രമത്തിലധികം തടിച്ചു പോയതുകൊണ്ടുള്ള അസ്വാധീനമല്ലാതെ വേറെ യാതൊരു സുഖക്കേടുമില്ല. സാമാന്യത്തിലധികം തടിച്ചുകഴിഞ്ഞിട്ടു പിന്നെയും ദിവസംപ്രതിയെന്നപോലെ സ്ഥൗല്യം വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ അയാൾ പല വൈദ്യന്മാരെ കാണുകയും പല ചികിത്സ ചെയ്തിട്ടും ഒരു ഫലവും കാണാഞ്ഞതിനാലുമാണ് ഒടുക്കം വയക്കരെ വന്നത്. കാർശ്യമേവ വരം സ്ഥൗല്യാന്ന ഹി സ്ഥൂലസ്യ ഭേഷജം എന്നുള്ളതിൽ വൈദ്യന്മാരുടെ ചികിത്സകൾ ഫലിക്കാഞ്ഞതിനാൽ അത്ഭുതപ്പെടാനില്ല.

അച്ഛൻ മൂസ്സവർകൾ വിവരമെല്ലാം കേട്ടതിന്റെ ശേഷം രോഗിയുടെ ആപാദചൂഡം ഒന്നുരണ്ടു പ്രാവശ്യം സൂക്ഷിച്ചുനോക്കിയിട്ട് നിനക്കിപ്പോൾ ചികിത്സയൊന്നും ചെയ്യണമെന്നില്ല. മുപ്പതു ദിവസത്തിനകം നീ മരിച്ചുപോകും. മരണലക്ഷണങ്ങൾ പൂർണമായിട്ടു കാണുന്നുണ്ട്. ഈശ്വരകാരുണ്യംകൊണ്ടും ആയുസ്സിന്റെ ബലംകൊണ്ടും ഒരുവേള മരിക്കാതെയിരിക്കുകയാണെങ്കിൽ ഒരു മാസം കഴിഞ്ഞിട്ട് ഇവിടെ വന്നാൽ വല്ലതും ചികിത്സ നിശ്ചയിക്കാം. അല്ലാതെ ഇപ്പോളൊന്നും നിശ്ചയിക്കാനാവില്ല എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾതന്നെ മാപ്പിളയുടെ മനസ്സിൽ വല്ലാതെ ഒരു വ്യസനവും ആധിയുമുണ്ടായി. പെട്ടെന്ന അയാൾ മൂർച്ഛിച്ചുവീണു, വയക്കരെ അച്ഛൻമൂസ്സവർകൾ പറഞ്ഞാൽ പിന്നെ അതിനു കടുകിടയ്ക്കു വ്യത്യാസം വരികയില്ലെന്നുള്ളതു പ്രസിദ്ധവും എല്ലാവർക്കും അനുഭവസിദ്ധവുമാണ്. അങ്ങനെയിരിക്കുന്ന അവിടുന്ന് ഇപ്രകാരം പറഞ്ഞാൽ ആർക്കാണ് വ്യസനമുണ്ടാകാത്തത്. മരണഭയമെന്നത് എല്ലാവർക്കുമുള്ളതാണല്ലോ.

മൂന്നേമുക്കാൽ നാഴിക കഴിഞ്ഞപ്പോൾ മാപ്പിളയ്ക്കു ബോധം വീണു. ഉടനെ കൂടെയുണ്ടായിരുന്നവരിൽ അഞ്ചാറുപേരുകൂടി ഒരുവിധമെടുത്തു തോണിയിലാക്കി കൊണ്ടുപോവുകയും ചെയ്തു. വീട്ടിൽ എത്തിയതിന്റെ ശേഷം മാപ്പിളയ്ക്ക് കഞ്ഞിക്കും ചോറിനും ഒന്നിനും രുചിയുമില്ല. ഉറക്കവുമില്ല. ഒരു കാര്യത്തിലും ഒരുത്സാഹവും മനസ്സുമില്ലെന്നുള്ള സ്ഥിതിയിലായിത്തീർന്നു. ഭാര്യയും പുത്രന്മാരും വളരെ നിർബന്ധിച്ചാൽ കുറച്ചു കഞ്ഞി കുടിക്കും. അല്ലാതെ അയാളുടെ മനസ്സാലെ സ്നാനാശനാദികൾ ഒന്നുംതന്നെയില്ലാതായിത്തീർന്നു. ക്രമേണ ദേഹം ചടച്ചു തുടങ്ങുകയും ചെയ്തു. എന്തിനു വളരെപ്പറയുന്നു. ഒരു കുട്ടിയാനയെപ്പോലെയിരുന്ന ആ കൂറ്റൻ ഇങ്ങനെ ഒരു മാസം കഴിഞ്ഞപ്പോഴേക്കും കൃശശരീരനായി ഒരു മനുഷ്യന്റെ ആകൃതിയായിത്തീർന്നു. ഒരു മാസം കഴിഞ്ഞപ്പോൾ ഇനി ഇപ്പോൾ മരിച്ചുപോവുകില്ലായിരിക്കുമെന്നുള്ള ഒരു വിചാരവും മാപ്പിളയുടെ മനസ്സിൽ ഉണ്ടായിത്തുടങ്ങി. ക്ഷീണം നല്ലപോലെയുണ്ടെങ്കിലും അയാൾക്ക് എണീറ്റു നടക്കുന്നതിനും മറ്റും യാതൊരസ്വാധീനവും ഇല്ലാതെയാവുകയും ചെയ്തു. എങ്കിലും ഒരു മാസം കഴിഞ്ഞിട്ട് മരിച്ചില്ലെങ്കിൽ പിന്നെയും ചെല്ലണമെന്നാണല്ലോ വയക്കരെത്തിരുമേനി കൽപിച്ചിരിക്കുന്നത്. അതിനാൽ ഒന്നുകൂടി പോകണം. എന്നു നിശ്ചയിച്ച് അയാൾ പരിവാരസമേതം വീണ്ടും അച്ഛൻമൂസ്സ് അവർകളുടെ അടുക്കലെത്തി വിവരമെല്ലാം അറിയിച്ചു. അപ്പോൾ അവിടുന്ന് നീ ഇനി ഇപ്പോഴൊന്നും മരിച്ചുപോവുകയില്ല. ഞാനന്ന് അങ്ങനെ പറഞ്ഞത് മരിച്ചുപോകുമെന്ന് വിചാരിച്ചിട്ടുമല്ല. ചടച്ചവരുടെ ദേഹം തടിക്കാനല്ലാതെ തടിച്ചവരുടെ ദേഹം ചടക്കാൻ ചികിത്സയൊന്നുമില്ല. പിന്നെ ദേഹം ചടപ്പിക്കുന്നതിനു മനോവിചാരം തന്നെയാണ് ചികിത്സ. മരണഭയം നിമിത്തം ഉണ്ടാകുന്നതിലധികം പ്രബലമായ മനോവിചാരമുണ്ടാകാൻ തരമില്ലല്ലോ. അതിനാൽ അന്ന് അങ്ങനെ പറഞ്ഞത് ഒരു ചികിത്സയാണെന്ന് വിചാരിച്ചാൽ മതി. ആ ചികിത്സ ഫലിക്കുകയും ചെയ്തുവല്ലോ. ഇപ്പോൾ ദേഹത്തിന്റെ സ്വാധീനക്കുറവൊക്കെ മാറിയില്ലേ. വേറെ ദീനമൊന്നുമില്ലാത്തതിനാൽ ഇനി ചികിത്സയൊന്നും വേണമെന്നില്ല. ഇനിയും പണ്ടത്തെപ്പോലെ ദേഹം തടിക്കാതെ സൂക്ഷിക്കുക മാത്രം ചെയ്താൽ മതി. അതിനു പതിവായി ദേഹം നല്ലപോലെ വിയർക്കത്തക്കവണ്ണം വല്ലതും അദ്ധ്വാനം ചെയ്തുകൊണ്ടിരുന്നാൽ മതിതാനും. സന്തതിയും സമ്പത്തും ധാരാളമുണ്ടായിരിക്കുക, മനോവിചാരത്തിന് കാരണമൊന്നുമില്ലാതെയിരിക്കുക, സുഖമായി യഥേഷ്ടം ഭക്ഷണവും കഴിച്ച് അദ്ധ്വാനമൊന്നും ചെയ്യാതെ സ്വസ്ഥമായിരിക്കുക- ഇതൊക്കെക്കൊണ്ടാണ് ദേഹം ക്രമത്തിലധികം തടിക്കുന്നത്. ശക്തിക്ക് തക്കവണ്ണം വ്യായാമം മനുഷ്യർക്ക് അത്യാവശ്യകമാണ്. അതു പതിവായി അങ്ങനെ ചെയ്തുകൊണ്ടിരുന്നാൽ മതി എന്നു പറഞ്ഞു. ഇതു കേട്ടു മാപ്പിള വളരെ സന്തോഷിച്ചു പോവുകയും പതിവായും വ്യായാമം ചെയ്തുകൊണ്ട് ആജീവനാന്തം സുഖമായി ഇരിക്കുകയും ചെയ്തു.

3. ഒരിക്കൽ ഒരു സ്ത്രീയ്ക്ക് പ്രസവവേദന ആരംഭിച്ചതിന്റെ ശേഷം നാലഞ്ചുദിവസം കഴിഞ്ഞിട്ടും പ്രസവിച്ചില്ല. അഞ്ചാം ദിവസം പ്രജയുടെ ഒരു കയ്യിന്റെ അറ്റം പുറത്തു കാണായി. സാധാരണ

പ്രസവത്തിങ്കൽ ശിരസ്സാണല്ലോ ആദ്യം കാണപ്പെടുന്നത്. അങ്ങനെയല്ലാതെ ആദ്യം കയ്യ് പുറത്തേക്ക് വന്നു കണ്ടതിനാൽ വയറ്റാട്ടികൾക്കും മറ്റും വളരെ പരിഭ്രമവും വ്യസനവുമുണ്ടായി. അക്കാലത്തു സൂതികർമിണികളും അപ്പാത്തിക്കിരിമാരും മറ്റും ഈ ദിക്കുകളിൽ ഇല്ലാതിരുന്നതിനാൽ ഇങ്ങനെയുള്ള സംഗതികളിൽ നാട്ടുകാർക്കു നാട്ടുവൈദ്യന്മാരല്ലാതെ ഒരു ശരണവുമില്ലായിരുന്നല്ലോ. അതിനാൽ സ്ത്രീയുടെ ഉടമസ്ഥന്മാർ ഓടി വയക്കരെ എത്തി. വിവരം അച്ഛൻമൂസ്സവർകളുടെ അടുക്കൽ അറിയിച്ചു. അച്ഛൻമൂസ്സവർകൾ കുറച്ചാലോചിച്ചിട്ട് ഒരു ഇരുമ്പാണിയോ പിശ്ശാങ്കത്തിയോ വല്ലതും തീയത്തു കാണിച്ച് നല്ലപോലെ പഴുപ്പിച്ച് ആ കുട്ടിയുടെ കയ്യിന്മേൽ വച്ചാൽ മതി എന്നു പറഞ്ഞു. സ്ത്രീയുടെ ഉടമസ്ഥന്മാർക്ക് അങ്ങനെ ചെയ്യാൻ നല്ല മനസ്സില്ലായിരുന്നു. എങ്കിലും വേറെ മാർഗമൊന്നും ഇല്ലാതിരുന്നതിനാലും അച്ഛൻമൂസ്സവർകൾ പറഞ്ഞിട്ട് ചെയ്താൽ ഒന്നും അപകടമായി വരികയില്ലെന്നുള്ള വിശ്വാസം കൊണ്ടും അവർ അങ്ങനെ ചെയ്തു. ഇരിമ്പു പഴുപ്പിച്ചുവച്ച ഉടനെ ശിശു കൈ അകത്തേക്കു വലിച്ചു. മാത്രനേരം കഴിഞ്ഞപ്പോൾ സ്ത്രീ ക്രമപ്രകാരം പ്രസവിക്കുകയും ചെയ്തു. തള്ളയ്ക്കും പിള്ളയ്ക്കും യാതൊരു തരക്കേടും പറ്റിയില്ല. കുട്ടിയുടെ കൈ പൊള്ളിയിരുന്നു. ആ വിവരം പിന്നെ മൂസ്സവർകളുടെ അടുക്കൽ അറിയിക്കുകയും അതിനു ചില ചികിത്സകൾ അവിടുന്നു നിശ്ചയിച്ചു പറയുകയും അതിൻപ്രകാരം ചെയ്തപ്പോൾ കുട്ടിക്കു സുഖമാവുകയും ചെയ്തു.

4 ഒരിക്കൽ വാതരോഗിയും വയറ്റിൽവേദനക്കാരനുമായ ഒരാൾ പല ചികിത്സകൾ ചെയ്തിട്ടും സുഖം കാണായ്കയാൽ വയക്കരെ അച്ഛൻമൂസ്സ് അവർകളുടെ അടുക്കൽ ചെന്ന് വിവരം അറിയിച്ചു. ആ രോഗി ചെങ്ങന്നൂർക്കാരനോ മറ്റോ ആണെന്നാണ് കേട്ടിട്ടുള്ളത്. ദീനത്തിന്റെ വിവരമെല്ലാം കേട്ടപ്പോൾ

അച്ഛൻമൂസ്സ് അവർകൾ 'നിങ്ങളുടെ ദിക്കിൽ മുതിര ധാരാളം കിട്ടുകയില്ലേ എന്നു ചോദിച്ചു. രോഗി 'ധാരാളം കിട്ടും അടിയനുതന്നെ ആണ്ടുതോറും ഇരുനൂറ് പറ മുതിരയിൽ കുറയാതെ കിട്ടുന്നുണ്ട് എന്നു പറഞ്ഞു. എന്നാൽ മുതിര വറുത്തു കുത്തി പരിപ്പാക്കി അതു കുറെശ്ശെ പുഴുങ്ങി ദിവസന്തോറും രാവിലെ അതും കൂട്ടി കഞ്ഞി കുടിച്ചാൽ മതി എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ രോഗിക്ക് ഒട്ടും തൃപ്തിയായില്ല. എങ്കിലും അവിടത്തെ അടുക്കൽ ഒന്നും മറുത്തുപറയാൻ പാടില്ലല്ലോ എന്നു വിചാരിച്ച് ഒന്നും പറയാതെ കുണ്ഠിതത്തോടുകൂടി തിരിച്ചുപോയി. വീട്ടിൽ ചെന്ന ഉടനെ അയാളുടെ ഭാര്യ ചികിത്സയുടെ വിവരം ചോദിച്ചു. അപ്പോൾ ആ രോഗി എന്റെ ദിനം ഭേദമാകുന്നതാണെന്ന് തോന്നുന്നില്ല. കുതിരകളെപ്പോലെ ദിവസംതോറും ഞാൻ കാണം പുഴുങ്ങിത്തിന്നാനാണ് അവിടുന്ന് കല്പിച്ചത്. ഭേദപ്പെടുന്ന ദീനമാണെങ്കിൽ അവിടുന്ന് അങ്ങനെ കല്പിക്കുകയില്ലല്ലോ. ഞാൻ അവിടെ ചെന്നപ്പോൾ അനേകം രോഗികൾ അവിടെ കൂടിയിരുന്നു. അവർക്കൊക്കെ കഷായത്തിനും മറ്റും ചാർത്തിക്കൊടുക്കുകയും ചിലർക്ക് മരുന്നുകൾ കൊടുക്കുകയും മറ്റും ചെയ്തു. എന്നോടുമാത്രം ഇങ്ങനെ കല്പിച്ച സ്ഥിതിക്ക് എന്റെ ദീനം മാറുന്നതല്ലെന്ന് നിശ്ചയിക്കാം എന്നു പറഞ്ഞു. അപ്പോൾ ഭാര്യ 'അങ്ങനെ നിശ്ചയിക്കാൻ പറ്റില്ല. ഏതായാലും അവിടുന്നു കല്പിച്ചതുപോലെ കുറച്ചുദിവസം ചെയ്തുനോക്കണം. ഭേദമായില്ലെങ്കിൽ വേണ്ടാ ഇതു ചെയ്തതുകൊണ്ട് നമുക്ക് നഷ്ടമൊന്നും വരാനില്ലല്ലോ എന്നു പറഞ്ഞു. എന്നാലങ്ങനെയാവട്ടെ എന്നു രോഗിയും സമ്മതിച്ചു. അച്ഛൻമൂസ്സ് അവർകൾ പറഞ്ഞയച്ചതുപോലെ പത്തുപന്ത്രണ്ടുദിവസം ചെയ്തപ്പോൾ രോഗിക്കു കുറച്ചു സുഖമുണ്ടെന്നു തോന്നുകയാൽ നാൽപതു ദിവസം മുടങ്ങാതെ അങ്ങനെ ചെയ്തു. അപ്പോൾ രോഗി സകല സുഖക്കേടുകളും മാറി സ്വസ്ഥതയെ പ്രാപിക്കുകയും ചെയ്തു.

5. ഒരിക്കൽ ഒരു സ്ത്രീ തന്റെ ഗൃഹത്തിലുള്ള ഉത്തരത്തിൽനിന്ന് എന്തോ ഒരു സാധനം എടുക്കുന്നതിനായി വലത്തെ കയ്യുയർത്തി. പിന്നെ ആ കൈ എന്തായാലും മേല്പോട്ടുതന്നെ നിൽക്കുന്നതല്ലാതെ കീഴ്പോട്ടിടാൻ വയ്യാതെയായിത്തീർന്നു. പല വൈദ്യന്മാർ പല ചികിത്സകൾ ചെയ്തു. ഞരമ്പിന്റെ നിശ്ചയമുള്ളവരായ തിരുമ്മുകാരെക്കൊണ്ടു തിരുമ്മിച്ചുനോക്കി. ചിലർ ഈ രോഗം വാതസംബന്ധമായിട്ടുള്ളതാണെന്നും മറ്റുചിലർ ഞരമ്പു പിണങ്ങിപ്പോയതാണെന്നും വേറെ ചിലർ ഇതൊരു ദേവതാഗോഷ്ടിയാണെന്നും മറ്റും അഭിപ്രായപ്പെട്ടു. പല ചികിത്സകളും മന്ത്രവാദങ്ങളുമൊക്കെ ചെയ്തിട്ടും ഒരു ഭേദവുമുണ്ടായില്ല. സ്ത്രീയുടെ കൈ നേരെ മേൽപോട്ടുതന്നെ നിന്നതല്ലാതെ കീഴ്പോട്ടു വന്നില്ല. ഒടുക്കം ആ സ്ത്രീയെ വയക്കരെ അച്ഛൻമൂസ്സവർകളുടെ അടുക്കൽ കൊണ്ടുവന്നു കാണിച്ചു വിവരമൊക്കെ പറഞ്ഞു. അച്ഛൻ മൂസ്സവർകൾ കുറച്ചു നേരം തന്റെ മനസ്സുകൊണ്ട് ആലോചിച്ചിട്ട് ആ സ്ത്രീയെ ഇറയത്തു കേറ്റി നിർത്താൻ പറഞ്ഞു. സ്ത്രീയുടെ ഉടമസ്ഥന്മാർ അപ്രകാരം ചെയ്തു. പിന്നെ ആ സ്ത്രീയുടെ അസ്വാധീനമല്ലാത്ത ഇടത്തേ കൈ ഒരു കയറിട്ടു മുറുക്കി പുരയുടെ മുകളിലത്തെ വളയിൽ കെട്ടാൻ പറഞ്ഞു. അതും അങ്ങനെ ചെയ്തു.

അപ്പോൾ വയക്കരെ തെക്കുവശത്തു മുറ്റത്തു ദീനക്കാരായും മറ്റും വളരെ ആളുകൾ കൂടീട്ടുണ്ടായിരുന്നു. ഈ സ്ത്രീയുടെ കൂടെയും അവരുടെ ഭർത്താവ് സഹോദരന്മാർ മുതലായി പലരുമുണ്ടായിരുന്നു. ഈ ആളുകളൊക്കെ നോക്കിക്കൊണ്ടു നിൽക്കുന്ന സ്ഥലത്തുവെച്ചാണ് ഈ വിദ്യ കാണിക്കുന്നതെന്ന്കൂടി വായനക്കാർ ഓർത്തുകൊളളണം. സ്ത്രീയുടെ ഇടത്തെക്കൈ മേല്പോട്ടു പിടിച്ചുകെട്ടിക്കഴിഞ്ഞപ്പോൾ അച്ഛൻമൂസ്സവർകൾ സ്ത്രീയുടെ ഭർത്താവിനെ വിളിച്ച് അവൾ ഉടുത്തിരിക്കുന്ന വസ്ത്രം അഴിച്ചുകളയാൻ പറഞ്ഞു. ഇതു കേട്ടപ്പോൾ സ്ത്രീയുടെ ഉടമസ്ഥന്മാർക്കുമൊക്കെ വളരെ വ്യസനമായി. സ്ത്രീയുടെ കഥ പറയാനുമില്ലല്ലോ. ഈ ബഹുജനസമക്ഷം ഇങ്ങനെ പ്രവർത്തിക്കാനും ഇങ്ങനെ ചെയ്യാൻ മനസ്സില്ലെന്ന് അച്ഛൻമൂസ്സവർകളോട് പറയാനും ധൈര്യമില്ലാതെ സ്ത്രീയുടെ ഭർത്താവും ഉടമസ്ഥരും അങ്ങനെ പരുങ്ങിക്കൊണ്ടു നിന്നു. അപ്പോൾ അച്ഛൻമൂസവർ 'നിങ്ങൾക്ക് മടിയുണ്ടെങ്കിൽ ഞാൻ തന്നെയാവാം' എന്നും പറഞ്ഞ് പെട്ടെന്നു സ്ത്രീയുടെ അടുക്കലേക്ക് ചെന്നു വസ്ത്രത്തിന്റെ തുമ്പത്തു പിടിക്കാനായി ഭാവിക്കുകയും സ്ത്രീയുടെ വലത്തെ കൈ കീഴ്പോട്ടുവരികയും ഒരുമിച്ച് കഴിഞ്ഞു. വസ്ത്രമിപ്പോൾ അഴിച്ചുകളയുമെന്നുളള ദിക്കായപ്പോൾ സ്ത്രീ അയ്യോ അരുത് എന്നു പറഞ്ഞുകൊണ്ട് വലത്തേക്കൈകൊണ്ട് വസ്ത്രത്തിന്റെ തുമ്പത്ത് മുറുകെ പിടിച്ചു. അച്ഛൻ മൂസ്സവർകൾ പിന്നോക്കം പോന്നു യഥാസ്ഥാനം ഇരിക്കുകയും ചെയ്തു. സ്ത്രീയുടെ കൈ കീഴ്പോട്ടു വന്നതിനോടുകൂടി അതിന്റെ അസ്വാധീനതയും തീർന്നു. പിന്നെ ആ കൈ പൊക്കുകയോ താഴ്ത്തുകയോ എന്തു വേണമെങ്കിലും ഇഷ്ടംപോലെ പ്രവർത്തിക്കാറായി. ഇതു കണ്ട് എല്ലാവരും വളരെ അത്ഭുതപ്പെട്ടു. സ്ത്രീയുടെ ഇടത്തെ കയ്യിന്റെ കെട്ടഴിച്ചു കൊണ്ടുപൊയ്ക്കൊളളുന്നതിന് അച്ഛൻമൂസ്സവർകൾ പറയുകയും അവർ കൊണ്ടുപോവുകയും ഇങ്ങനെ ആ സ്ത്രീ സ്വസ്ഥതയെ പ്രാപിക്കുകയും ചെയ്തു.

6. ഒരിക്കൽ ഒരു പുരുഷൻ കോട്ടുവായിടുന്നതിനായി വായ പൊളിച്ചിട്ടു പിന്നെ വായ പൂട്ടാൻ പാടില്ലാതെയായിതീർന്നു. എല്ലായ്പ്പോഴും വായ പൊളിച്ചുകൊണ്ടു തന്നെയിരുന്നു. മുക്കൂട്ടും കുഴമ്പുമൊക്കെ പുരട്ടിത്തിരുമ്മിക്കുകയും മറ്റു പല ചികിത്സകൾ ചെയ്തിട്ടും അയാൾക്ക് വായ പൊളിച്ച പടി തന്നെ ഇരുന്നതല്ലാതെ കൂട്ടാറായില്ല. ഒടുക്കം അയാളെ വയക്കരെ അച്ഛൻമൂസ്സ് അവർകളുടെ അടുക്കൽത്തന്നെ കൊണ്ടുവന്നു. വിവരമെല്ലാം കേട്ടതിന്റെശേഷം അച്ഛൻമൂസ്സ് അവർകളുടെ അടുത്ത്

ചെന്നു വലതുകൈകൊണ്ടു രേഗിയുടെ താടിക്ക് ഒരു തട്ടും ഇടതുകൈകൊണ്ട് മൂർധാവിൽ ഒരിടിയും ഒരുമിച്ചുകൊടുത്തു. അതോടുകൂടി അയാളുടെ സുഖക്കേടു ഭേദമായി. വായ യഥാപൂർവ്വം അടയ്ക്കുകയും തുറക്കുകയും ചെയ്യാറായി അയാൾ പോവുകയും ചെയ്തു. ഇങ്ങനെ അച്ഛൻമൂസ്സ് അവർകളുടെ ദിവ്യത്വങ്ങളും അത്ഭുതകർമ്മങ്ങളും പറഞ്ഞാൽ അവസാനമില്ലാതെയുണ്ട്. ഇതെല്ലാം പ്രധാനമായി അവിടത്തെ ഗുരുത്വവും കൈപ്പുണ്യവുംകൊണ്ടാണെന്നുളളത് വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഗുരുത്വമുളളവർക്ക് തത്കാലോചിതങ്ങളായ പ്രവൃത്തികളും യുക്തികളും അപ്പപ്പോൾ തോന്നിക്കൊളളും. കൈപ്പുണ്യമുളളവർ എന്തു ചെയ്താലും ഫലിക്കാതെയിരിക്കുകയില്ലല്ലോ.

## ആലത്തൂർ നമ്പി

ആലത്തൂർ നമ്പിയുടെ ഇല്ലം ബ്രിട്ടീഷ്മലബാറിൽ പൊന്നാനിത്താലൂക്കിൽ തൃക്കണ്ടിയൂരംശത്തിൽ ആലത്തൂർ ദേശത്താണ്. ഇതു കൂടാതെ അവിടേക്ക് കൊച്ചി സംസ്ഥാനത്ത് തലപ്പളളിത്താലൂക്കിൽ ചൂണ്ടൽ പ്രവൃത്തിയിൽ തായങ്കാവുദേശത്തും ഒരില്ലമുണ്ട്. അതു രണ്ടാമതുണ്ടായതാണ്. ആ ദേശത്തു പണ്ടു ചൂണ്ടൽ മൂസ്സ് എന്നൊരഷ്ടവൈദ്യനുണ്ടായിരുന്നു. ആ ഇല്ലത്ത് ഒരു കാലത്ത് പുരുഷന്മാരാരുമില്ലാതെ ഒരു വിധവയും ഒരു കന്യകയും മാത്രമായിത്തീർന്നു. ആ കന്യകയെ ആലത്തൂർ നമ്പിമാരിലൊരാൾ സർവസ്വദാനമായി വിവാഹം കഴിച്ച് അവിടെ ദത്തു കയറി. അതിനാലാണ് അവിടെയും ഒരില്ലം അവിടേക്കുണ്ടായത്. ചൂണ്ടൽ മൂസ്സിന്റെ ഇല്ലം വകയായിട്ടുണ്ടായിരുന്ന ഏതാനും വസ്തുവകകളും നമ്പിക്ക് കിട്ടി. ഏതാനും വസ്തുക്കളും ഒരു ദേവസ്വവും അന്യാധീനപ്പെട്ടുപോയിട്ടുമുണ്ട്.

ആലത്തൂർ നമ്പിയുടെ ഇല്ലത്ത് ഒരിക്കൽ പുരുഷന്മാരാരുമില്ലാതെ ഒരു കന്യക മാത്രമായിത്തീർന്നു. അന്ന് ആ കന്യകയെ സർവസ്വദാനമായി വിവാഹം കഴിച്ച് അവിടെ ദത്തുകയറിയത് കറുത്തപാറ

നമ്പൂരിയുടെ ഇല്ലത്തുനിന്നൊരാളാണ്. അതിനാൽ കറുത്തപാറ നമ്പൂരിയും ആലത്തൂർ നമ്പിയും പരസ്പരം പുലയുളളവരായിത്തീർന്നു. അജാമിളമോക്ഷം, ധ്രുവചരിതം മുതലായവയുടെ നിർമാതാവായ കറുത്തപാറ ദാമോദരൻനമ്പൂരി മരിച്ചിട്ട് അധിക കാലമായില്ലല്ലോ. ആ ദാമോദരൻ നമ്പൂരി മരിച്ചപ്പോഴും ആലത്തൂർ നമ്പിമാർ പുല ആചരിച്ചിരുന്നതായിട്ടാണ് അറിയുന്നത്. അതിനാൽ ഇപ്പോൾ ആലത്തൂർ നമ്പിയുടെ ഇല്ലത്തുളളവർ കറുത്തപാറ നമ്പൂരിയുടെ സന്താനപരമ്പരയിലുൾപ്പെട്ടവരാണെന്ന് വിശേഷിച്ചു പറയണമെന്നില്ലല്ലോ.

ആലത്തൂർ നമ്പിമാരുടെ ചികിത്സയ്ക്ക് അനിതരസാധാരണമായ ഒരു വിശേഷമുണ്ടെന്നുളളത് പ്രസിദ്ധമാണ്. അതിനുളള കാരണങ്ങളെസ്സംബന്ധിച്ച് പല ഐതിഹ്യങ്ങളുണ്ട്.

ആലത്തൂർ നമ്പിയുടെ ഇല്ലത്തിനു സമീപം വൈദ്യൻ തൃക്കോവിൽ എന്നു പ്രസിദ്ധമായിട്ട് ഒരു ശിവക്ഷേത്രമുണ്ട്. പണ്ടൊരു കാലത്തുണ്ടായിരുന്ന ഒരു നമ്പി പതിവായി രണ്ടുനേരവും ആ ശിവക്ഷേത്രത്തിൽപ്പോയി ദർശനം കഴിച്ചുവന്നിരുന്നു. നമ്പി അമ്പലത്തിലേക്ക് പോകുമ്പോൾ വഴിക്കുണ്ടായിരുന്ന ഒരാലിന്മേലിരുന്നു. രണ്ടു പക്ഷികൾ കോരുക്ക് കോരുക്ക് എന്നു ശബ്ദിക്കുകയും പതിവായിരുന്നു. ഒരു ദിവസം നമ്പി ആ പക്ഷികൾ മേൽപറഞ്ഞപ്രകാരം ശബ്ദിച്ചപ്പോൾ തിരിഞ്ഞു നിന്ന് ആ പക്ഷികളെ നോക്കി.

‘ കാലേ ഹിതമിതഭോജീ കൃതചംക്രമണഃ ക്രമേണ വാമശയഃ

അവിധൃതമൂത്രപുരീഷഃ സ്ത്രീഷു യതാത്മാ ച യോ നരഃ സോ/രുക്ക്‘

എന്നു പറഞ്ഞിട്ട് ഇല്ലത്തേക്ക് പോയി. അതിൽപ്പിന്നെ ആ പക്ഷികളെ കാണുകയോ അവയുടെ ശബ്ദം കേൾക്കുകയോ ഉണ്ടായിട്ടില്ല. കോരുക്ക് എന്നുളളതിന് കഃ അരുക്ക് (രോഗമില്ലാത്തവനാര്) എന്നാണല്ലോ അർത്ഥം. ആ ചോദ്യത്തിന് നമ്പിയുടെ മറുപടി. വേണ്ടുന്ന കാലത്തു ഹിതമായും മിതമായും ഭക്ഷിക്കുന്നവനും ഊണുകഴിഞ്ഞാൽ കുറച്ചു നടക്കുകയും ഇടതുവശം ചെരിഞ്ഞുകിടക്കുകയും ചെയ്യുന്നവനും മലമൂത്രങ്ങളെ തടുക്കാതെ വേണ്ടുന്ന സമയത്ത് വിസർജിക്കുന്നവനും സ്ത്രീകളിൽ അത്യാസക്തിയില്ലാത്ത (അടക്കമുളള)വനുമായിരിക്കുന്നത് ആരോ ആ മനുഷ്യൻ അരോഗിയായിരിക്കും എന്നാണല്ലോ. ഇത് അവർക്ക് സമ്മതമായതിനാലായിരിക്കും ആ പക്ഷികൾ പിന്നെ വരാഞ്ഞത്.

പക്ഷികളെ കാണാതായതിന്റെ ശേഷം രണ്ടു ദിവസം കഴിഞ്ഞപ്പോൾ രണ്ടു ബ്രാഹ്മണകുമാരന്മാർ നമ്പിയുടെ അടുക്കൽ ചെന്നു തങ്ങളെക്കൂടെ അവിടെ താമസിപ്പിച്ചു വൈദ്യശാസ്ത്രം പഠിപ്പിക്കണമെന്ന് അപേക്ഷിക്കുകയും നമ്പി സമ്മതിക്കുകയും അവർ അന്നുതന്നെ പഠിച്ചുതുടങ്ങുകയും ചെയ്തു.ആ കുട്ടികൾ മഹാവികൃതികളായിരുന്നുവെങ്കിലും അത്യന്തം ബുദ്ധിമാന്മാരുമായിരുന്നതിനാൽ നമ്പിക്ക് അവരെക്കുറിച്ച് വിരോധമല്ല ഏറ്റവും സ്നേഹവും വാത്സല്യവുമാണുണ്ടായത്. അവർ എന്തെല്ലാം കുസൃതികൾ കാട്ടിയാലും പറഞ്ഞാലും നമ്പി അവരെ ശാസിക്കാറില്ല. അതിനതിന് അവരുടെ ദുസ്സാമർത്ഥ്യങ്ങൾ വർദ്ധിച്ചു കൊണ്ടുതന്നെ ഇരുന്നു. പഠിക്കുന്ന സമയം നമ്പി പറഞ്ഞുകൊടുക്കുന്നതൊന്നും അവർ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുകയില്ല. നമ്പി ഒരു വിധത്തിൽ ഒരു വാക്യത്തിന് അർത്ഥം പറഞ്ഞുകൊടുക്കുമ്പോൾ അവർ അതിനു വേറെ നാലു വിധത്തിൽ അർത്ഥം പറഞ്ഞ് അങ്ങനെയായാലെന്താ ഇങ്ങനെയായാലെന്താ എന്നു ചോദ്യം തുടങ്ങും. അവയെല്ലാം ചേരുന്നവയും മറ്റാരും വിചാരിക്കുകയും ധരിക്കുകയും ചെയ്തിട്ടില്ലാത്തവയുമായിരിക്കും.

അതിനാൽ ആ സമയങ്ങളിലും നമ്പിക്ക് സന്തോഷവും അത്ഭുതവുമല്ലാതെ അവരോട് കോപമോ വിരോധമോ ഉണ്ടായില്ല. ഒടുക്കം നമ്പി അവരെ പഠിപ്പിക്കുന്നത് അവരിൽനിന്ന് അനേകവിധത്തിലുളള വിശേഷാർത്ഥങ്ങൾ കേട്ടു ധരിക്കാനായിത്തീർന്നുവെന്നു പറഞ്ഞാൽ മതിയല്ലോ.

ഒരു ദിവസം നമ്പി ഇല്ലത്തില്ലാതിരുന്ന സമയം ഈ ബ്രാഹ്മണകുമാരന്മാർ അവിടെയുണ്ടായിരുന്ന പടിപ്പുരമാളികയ്ക്ക് തീ വെച്ചു ചുട്ട് അതു ഭസ്മാവശേഷമാക്കിക്കളഞ്ഞു. നമ്പി തിരിച്ചുവന്നപ്പോൾ സംഗതി മനസ്സിലായി. എങ്കിലും അതിനെക്കുറിച്ച് അവരോടൊന്ന് ചോദിക്കുകപോലും ചെയ്തില്ല.

ഒരു ദിവസം നമ്പിയുടെ അച്ഛന്റെ ശ്രാദ്ധമായിരുന്നു. ബലിക്ക് കുളിക്കാനായി നമ്പി പോയിരുന്ന സമയം ചില നായാടികൾ (വേടന്മാർ) പടിക്കൽ വന്നു ഭിക്ഷയ്ക്കായി വിളിച്ചു. ഈ ബ്രാഹ്മണബാലന്മാർ ഈ അടുക്കളയിൽ കടന്നു ബലിക്കായി വെച്ചുവെച്ചിരുന്ന കവ്യൻ (ചോറ്) എടുത്തുകൊണ്ടുപോയി നായാടികൾക്ക് കൊടുത്തു. നമ്പി കുളിച്ചുവന്നപ്പോൾ ഈ വിവരമറിഞ്ഞു. എങ്കിലും വേറെ കവ്യൻ വെച്ചുണ്ടാക്കി ശ്രാദ്ധം നടത്തിയല്ലാതെ ഇതിനെക്കുറിച്ചും ആ ബ്രാഹ്മണബാലന്മാരോട് ഒന്നും

ചോദിച്ചില്ല.

പിന്നെയൊരിക്കൽ നമ്പി ഈ ബ്രാഹ്മണകുമാരന്മാരോട്കൂടി ഒരു രോഗിയെ കാണുന്നതിനായി ഒരു സ്ഥലത്തേക്ക് പോയി. അപ്പോൾ മധ്യേമാർഗ്ഗം ഒരു ചെറിയ നദിയുണ്ടായിരുന്നു. മൂന്നുപേരുംകൂടി അവിടെയുണ്ടായിരുന്ന പാലത്തിന്മേൽ ചെന്നു കയറി. ഏകദേശം മധ്യത്തിങ്കലായപ്പോൾ ഈ ബാലന്മാർ നമ്പിയെ പിടിച്ച് പുഴയിലേക്ക് തള്ളിയിട്ടു. നമ്പി നീന്തി അക്കരെയെത്തി. പിഴിഞ്ഞുടുത്ത് തയ്യാറായി. അപ്പോഴേക്കും ബ്രാഹ്മണബാലന്മാരും അവിടെയെത്തി. പിന്നീട് മൂന്നുപേരും ഒരുമിച്ചു തന്നെ പോയി. ഇതിനെക്കുറിച്ചും നമ്പി അവരോടൊന്നും ചോദിച്ചില്ല.

ഒരു തലവേദനക്കാരൻ തലവേദന കലശലാകുമ്പോൾ നമ്പിയുടെ അടുക്കൽ ചെന്നു പറയുകയും നമ്പി വല്ലതും ചികിത്സ പറഞ്ഞയക്കുകയും അതുകൊണ്ടു കുറച്ചു ദിവസത്തേയ്ക്ക് സുഖമായിരിക്കുകയും പിന്നെയും തലവേദന വരികയും സഹിക്കാൻ വയ്യാതാകുമ്പോൾ നമ്പിയുടെ അടുക്കൽ ചെന്നു പറയുകയും പതിവായിരുന്നു. ആ പതിവുപോലെ ഒരിക്കൽ അയാൾ ചെന്നപ്പോൾ നമ്പി അവിടെ ഉണ്ടായിരുന്നില്ല. തലവേദന ദുസ്സഹമായിത്തീരുമ്പോൾ അയാൾ അയ്യോ ഞാനിനി എന്താണ് വേണ്ടത്. ഞാൻ ഇവിടെ കിടന്ന് മരിക്കും. എന്നു പറഞ്ഞ് ആ മുറ്റത്തു കിടന്നു നിലവിളിച്ചു. അപ്പോൾ ആ ബ്രാഹ്മണകുമാരന്മാർ അവിടെനിന്നിറങ്ങി പുരയിടത്തിലേക്ക് പോയി. രണ്ടു കൂട്ടം പച്ചിലകൾ പറിച്ചുകൊണ്ട് തിരിച്ചുവന്ന് ആ തലവേദനക്കാരനെ വിളിച്ചുംകൊണ്ട് ഒരു മുറിക്കകത്തേക്ക് കയറിപ്പോയി. അകത്തു കടന്നയുടനെ വാതിലടച്ചു സാക്ഷയിട്ടു. നമ്പിയുടെ പുത്രന്മാരായ ചെറിയ ഉണ്ണികൾ ഇവരെന്താണ് ചെയ്യുന്നതെന്ന് കാണാനായി ആ മുറിയുടെ നിരയ്ക്കുണ്ടായിരുന്ന ചെറിയ ദ്വാരത്തിൽക്കൂടി ഒളിഞ്ഞുനോക്കിക്കൊണ്ടു നിന്നു. അകത്തു കടന്ന ബ്രാഹ്മണകുമാരന്മാർ ഒരുകൂട്ടം പച്ചമരുന്നു തിരുമ്മിപ്പിഴിഞ്ഞു രോഗിയുടെ തലയിൽ പുരട്ടി. ഉടനെ തലയുടെ തൊലി ആകപ്പാടെ രോമത്തോടുകൂടി പൊങ്ങിവന്നു. ബ്രാഹ്മണബാലന്മാർ ആ തൊലിയെടുത്തു മാറ്റിവെച്ചിട്ടു തലയോട്ടിൽ പറ്റിയിരുന്ന ഒരുതരം ചെറുപ്രാണികളെ തൂത്തുകളയുകയും തൊലിയെടുത്തു വീണ്ടും തലയിൽ പതിക്കുകയും പിന്നെ ഒരുകൂട്ടം മരുന്നുകൂടെ ഉണ്ടായിരുന്നത് തിരുമ്മിപ്പിഴിഞ്ഞു നീരെടുത്തു തലയിൽ പുരട്ടുകയും തൊലി യഥാപൂർവ്വം ഒട്ടിപ്പിടിപ്പിക്കുകയും ചെയ്തു. രോഗിക്കു തലവേദന മാറി സുഖമാവുകയാൽ വാതിൽ തുറന്നു പുറത്തേക്കിറങ്ങിയയുടനെ യാത്ര പറഞ്ഞ് അയാൾ പോയി. ബ്രാഹ്മണകുമാരന്മാർ പുറത്തിറങ്ങിയപ്പോൾ നമ്പിയുടെ ഉണ്ണികളെ കണ്ടിട്ട് ഇങ്ങനെ നോക്കിയാൽ കോങ്കണ്ണുണ്ടാകും എന്നു പറയുകയും ഉള്ളങ്കയ്യിൽ പറ്റിയിരുന്ന മരുന്ന് അങ്കണത്തിന്റെ തൂണിന്മേൽ തേച്ചുകളയുകയും അതിന്റെ പിശിട് ആരും കാണാതെ അവർ എവിടെയോ കളയുകയും ചെയ്തു.

നമ്പി മടങ്ങിയെത്തി കുളി കഴിഞ്ഞ് അകത്തു ചെന്നു പുത്രന്മാരോടുകൂടി ഉണ്ണാനിരുന്നു. ഉണ്ടുകൊണ്ടിരുന്നപ്പോൾ ആ ഉണ്ണികൾ തലവേദനക്കാരൻ വന്നതു മുതൽ ഉണ്ടായ സകലസംഗതികളും നമ്പിയോട് പറഞ്ഞു. ആ സമയം മറ്റേ ബ്രാഹ്മണകുമാരന്മാർ നമ്പിയുടെ അടുക്കൽചെന്ന് ഞങ്ങൾക്ക് ഇനി ഇവിടെ താമസിക്കാൻ നിവൃത്തിയില്ല. പോകാനുള്ള സമയമായിരിക്കുന്നു. ഞങ്ങൾ ഇവിടെത്താമസിച്ചു പഠിക്കുകയും അങ്ങേ പലവിധത്തിൽ ഉപദ്രവിക്കുകയും ചെയ്തു. അതിനൊക്കെ തക്കതായ പ്രതിഫലം തരുന്നതിന് ഞങ്ങളുടെ കൈവശമൊന്നുമില്ല. എങ്കിലും ഇതിരിക്കട്ടെ എന്നു പറഞ്ഞു ഒരു ചെറിയ ഗ്രന്ഥം നമ്പിയുടെ നേരെ നീട്ടിക്കൊടുത്തു. നമ്പി ഉണ്ടുകൊണ്ടിരിക്കുകയായിരുന്നതിനാൽ ഇടതുകൈ നീട്ടി അതു മേടിച്ചു. അപ്പോൾ ബ്രാഹ്മണകുമാരന്മാർ ഒരു നിവൃത്തിയുമില്ലാതെ മുട്ടുന്ന സമയം ഈ ഗ്രന്ഥമഴിച്ചു നോക്കിയാൽ ഇതിൽ എന്തെങ്കിലും സമാധാനം കാണും. ഈ ഗ്രന്ഥം ഈ ഇല്ലത്തുള്ളവരല്ലാതെ മറ്റാരും കാണാനിടയാകരുത് എന്ന് പറഞ്ഞ് യാത്രയായി. നമ്പി വലതു കൈ മടക്കിപ്പിടിച്ചുകൊണ്ട് അനുയാത്രയായി അവരുടെ പിന്നാലെ ചെന്നു. അവർ മുറ്റത്തിറങ്ങുന്നതിനിടയ്ക്ക് നമ്പിയും അവരും തമ്മിൽ ഒരു ചെറിയ സംഭാഷണം നടന്നു.

നമ്പി : നിങ്ങൾ ആരാണ്?

ബ്രാഹ്മണകുമാരന്മാർ: അതറിഞ്ഞിട്ട് എന്തു വേണം?

നമ്പി: ഒന്നും വേണ്ടീട്ടല്ല. നിങ്ങൾ കേവലം മനുഷ്യരല്ലെന്ന് തോന്നി. അതുകൊണ്ട് ചോദിച്ചതാണ്.

ബ്രാഹ്മണകുമാരന്മാർ: എന്നാൽ ഞങ്ങൾ പക്ഷികളോ ദേവന്മാരോ ആണെന്നു വിശ്വസിച്ചു കൊള്ളണം

നമ്പി: നിങ്ങൾ ഇവിടെ വന്നതെന്തിന്?

ബ്രാഹ്മണകുമാരന്മാർ: ആയുർവ്വേദചികിത്സയ്ക്ക് പ്രസിദ്ധിയും ഫലസിദ്ധിയും പ്രചാരവും വർദ്ധിപ്പിക്കാൻ.

നമ്പി:നിങ്ങൾ എന്റെ പടിപ്പുരയ്ക്ക് തീവെച്ചതോ?

ബ്രാഹ്മണകുമാരന്മാർ: ആ സമയം ഇവിടെ ഇല്ലത്തിന് അഗ്നിബാധയുണ്ടാകാനുള്ള ഒരു യോഗമുണ്ടായിരുന്നു. അതിങ്ങനെ തീരട്ടെ എന്നു വിചാരിച്ചാണ്. എങ്കിലും അത് ഇനിയൊരു കാലത്തുണ്ടാകും.

നമ്പി:ശ്രാദ്ധത്തിനുവെച്ച കവ്യൻ എടുത്തു നായാടികൾക്ക് കൊടുത്തതെന്തിനാണ്?

ബ്രാഹ്മണകുമാരന്മാർ: അവർ വാസ്തവത്തിൽ നായാടികളല്ല. പിതൃക്കളാണ്. ശ്രാദ്ധത്തിന് സമയം അതിക്രമിച്ചതിനാൽ അവർ ഈ രൂപത്തിൽ വന്നു വിളിച്ചതാണ്. അപ്പോൾ അതെടുത്ത് കൊടുത്തില്ലെങ്കിൽ അവർ ശപിക്കുകയും ഇവിടെ സന്തതിയും സമ്പത്തും നശിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ വരരുതെന്ന് വിചാരിച്ച് അപ്രകാരം ചെയ്തതാണ്.

നമ്പി: എന്നെ പുഴയിൽ ഉരുട്ടിയിട്ടതെന്തിനാണ്?

ബ്രാഹമണകുമാരന്മാർ: ആ സമയത്ത് ആ പുഴയിൽ ഗംഗയുടേയും യമുനയുടേയും സരസ്വതിയുടേയും സാന്നിദ്ധ്യമുണ്ടായിരുന്നു. അപ്പോൾ അവിടെ സ്നാനം ചെയ്താൽ ത്രിവേണിസംഗമസ്നാനത്തിന്റെ ഫലം സിദ്ധിക്കുമായിരുന്നു. അത് അങ്ങേയ്ക്ക് സ്ദ്ധിക്കാനായിട്ടാണ് അങ്ങനെ ചെയ്തത്.

ഇത്രയും പറഞ്ഞപ്പോഴേക്കും അവർ മുറ്റത്തിറങ്ങുകയും അവിടെയുള്ള ആൽത്തറയിൽ കയറുകയും അവിടെവച്ച് അവർ അദൃശ്യരായി ഭവിക്കുകയും ചെയ്തു.

ബ്രാഹ്മണകുമാരന്മാരുടെ ആ സംഭാഷണം നിമിത്തം അവർ അശ്വിനീദേവന്മാരായിരുന്നുവെന്നും അവർ തന്നെയാണ് തന്നെ പരീക്ഷിക്കാനായി ആലിന്മേൽ വന്നിരുന്നു 'കോരുക്ക്' എന്നു ചോദിച്ചതെന്നും നമ്പിക്കു മനസ്സിലായി. അശ്വിനീദേവന്മാർ അന്തർദ്ധാനം ചെയ്ത ആ ആൽത്തറയിൽവെച്ച് ഇപ്പോഴും ആണ്ടുതോറും പത്മമിട്ട് അശ്വിനീദേവന്മാരെ പൂജിച്ചുപോരുന്നുണ്ട്. ആലത്തൂർ നമ്പിമാർക്ക് ചികിത്സാവിഷയത്തിൽ അനിതരസാധാരണമായ പ്രചാരവും പ്രസിദ്ധിയും സിദ്ധിച്ചത് ആ ഇല്ലത്ത് അശ്വിനീദേവന്മാരുടെ സാന്നിദ്ധ്യമുണ്ടായതുകൊണ്ടാണെന്ന് ഇനി വിശേഷിച്ച് പറയണമെന്നില്ലല്ലോ. അശ്വിനീദേവന്മാർ അവരുടെ കയ്യിന്മേൽ പറ്റിയ മരുന്നു തേച്ച തൂണു ചുരണ്ടി സ്വൽപം പൊടിയെടുത്ത് വെള്ളത്തിൽ കുഴച്ചു നെറ്റത്തു പുരട്ടിയാൽ ഏതു തലവേദനയും തൽക്ഷണം മാറുമായിരുന്നു. അതു പലർക്കും അനുഭവപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. എങ്കിലും അന്നത്തെ ആ ഇല്ലം അന്നുതന്നെ ആ ദേവവൈദ്യന്മാർ പറഞ്ഞിരുന്നതുപോലെ ഏതാനും കാലത്തിനുമുമ്പ് അഗ്നിഭഗവാന് ആഹാരമായിത്തീരുകയും അതോടുകൂടി ആ തൂണും ഭസ്മാവശേഷമായിപ്പോവുകയും ചെയ്തു. അശ്വിനീദേവന്മാർ കൊടുത്ത ഗ്രന്ഥം ഇടതുകൈകൊണ്ട് വാങ്ങിയതിനാൽ ആലത്തൂർ നമ്പിമാർ ഇപ്പോഴും മരുന്നുകളോ മരുന്നിന് കുറിച്ചതോ ഇടതുകൈകൊണ്ട് കൊടുത്താൽ അധികം ഫലം കാണുമെന്നാണ് ജനവിശ്വാസം. ഇനി ആ ഇല്ലത്തുള്ളവർ ചികിത്സാവിഷയമായി ചെയ്തിട്ടുള്ള ചില അത്ഭുതകർമങ്ങളെപ്പറ്റികൂടി സ്വൽപം പറഞ്ഞു കൊള്ളുന്നു.

സർപ്പശ്രേഷ്ഠനായ സാക്ഷാൽ തക്ഷകൻ ഒരിക്കൽ ഒരു ഉദരരോഗം നിമിത്തം അവശനായിത്തീരുകയാൽ ഒരു ബ്രാഹ്മണന്റെ രൂപം ധരിച്ച് അന്നു ഗൃഹസ്ഥനായിരുന്ന നമ്പിയുടെ അടുക്കൽ ചെന്ന് തന്റെ രോഗത്തിന്റെ വിവരമറിയിക്കുകയും തന്റെ ദീനം ഭേദമാക്കി അയയ്ക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. നമ്പി ഒരു മരുന്ന് ചുക്കുവെള്ളത്തിൽ കലക്കി ആ ബ്രാഹ്മണനെ അവിടെ കിടത്തീട്ടു വായിൽ ഒരു കുഴൽ വെച്ചു വലതുകൈകൊണ്ട് പിടിച്ചുകൊണ്ട് ഇടതുകൈകൊണ്ട് മരുന്ന് കുഴലിലൂടെ ഒഴിച്ചുകൊടുത്തു. ആ മരുന്ന് സേവിച്ച ക്ഷണത്തിൽതന്നെ വയറ്റിൽ വേദന മാറി അദ്ദേഹം പൂർണസുഖത്തെ പ്രാപിക്കുകയും അദ്ദേഹത്തോടു നമ്പി 'ഇനി പോകാം, ഇനി ഈ ദീനം ഒരിക്കലുമുണ്ടാകില്ല' എന്നു പറയുകയും ചെയ്തു. അപ്പോൾ ആ ബ്രാഹമണൻ എന്റെ രോഗം ശമിപ്പിച്ചു കഷ്ടപ്പാടു നീക്കിയ മഹാനായ അങ്ങേ വഞ്ചിക്കുന്നത് എനിക്കു വിഹിതമല്ലല്ലോ. അതിനാൽ ഞാനെന്റെ സത്യസ്ഥിതി അറിയിച്ചുകൊള്ളുന്നു. വാസ്തവത്തിൽ ഞാനൊരു മനുഷ്യനല്ല. ഞാൻ തക്ഷകനെന്നു പറയപ്പെടുന്ന ഒരു സർപ്പമാണ്. അവിടുന്ന് എന്റെ രോഗം ശമിപ്പിച്ചതിൽ എനിക്കുള്ള അപാരമായ സന്തോഷം നിമിത്തം ഇതാ ഞാൻ അനുഗ്രഹിക്കുന്നു. ഈ ഇല്ലത്തു ജനിക്കുന്നവരെ ആരേയും ഒരു കാലത്തും സർപ്പങ്ങൾ ദംശിക്കുകയില്ല. അഥവാ ദംശിച്ചാലും വിഷം വ്യാപിക്കുകയില്ല. ഈ

ഇല്ലപ്പുരയിടത്തിനകത്തുവെച്ച് അന്യന്മാരെയും അപ്രകാരംതന്നെ. എനിക്ക് ഇടതുകൈകൊണ്ട് മരുന്നൊഴിച്ചുതന്നാണല്ലോ എന്റെ ദീനം ഭേദമാക്കിയത്. അതിനാൽ ഈ ഇല്ലത്തുള്ളവർ ഇടതുകൈകൊണ്ട് കൊടുക്കുന്ന മരുന്നിനും മറ്റും കൂടുതൽ ഫലമുണ്ടായിരിക്കും. എന്നും ഇവിടെ ഒരാൾക്കെങ്കിലും സർപ്പദൃഷ്ടിയുണ്ടായിരിക്കുകയും ചെയ്യും എന്നു പറഞ്ഞിട്ട് ബ്രാഹമണവേഷധാരിയായ തക്ഷകൻ അവിടെനിന്ന് ഇറങ്ങിപ്പോവുകയും ചെയ്തുയ

അശ്വിനീദേവന്മാരുടേയും തക്ഷകന്റേയും അനുഗ്രഹം നിമിത്തം ഇപ്പോഴും ഇവിടെ കോങ്കണ്ണോ സർപ്പദൃഷ്ടിയോ ഇല്ലാതെ ആരും ഉണ്ടാകാറില്ല. തക്ഷകന്റെ അനുഗ്രഹം കൂടി സിദ്ധിച്ചപ്പോൾ ഇടതുകയ്യിന്റെ മാഹാത്മ്യം ഒന്നുകൂടി വർദ്ധിക്കുകയും ചെയ്തു. നമ്പിയുടെ ഇല്ലപ്പുരയിടം ഏകദേശം നാലേക്കറോളം വിസ്താരമുള്ളതാണ്. അതിന്റെ നാലു മൂലയ്ക്കും ഓരോ സർപ്പക്കാവുമുണ്ട്. ആ ഇല്ലത്തുള്ളവരേയും ആ പുരയിടത്തൽവെച്ച് അന്യന്മാരേയും ഇപ്പോഴും പാമ്പു കടിക്കുകയോ കടിച്ചാലും വിഷം വ്യാപിക്കുകയോ ചെയ്യാറില്ല.

ഒരിക്കൽ പാമ്പുമ്മേക്കാട്ടു നമ്പൂതിരിമാരിൽ ഒരാൾക്കു ദീനമായിട്ടു ചികിത്സയ്ക്കായി അന്നുണ്ടായിരുന്ന ഒരാലത്തൂർ നമ്പിയെ വരുത്തിയിരുന്നു. ഒരു ദിവസം ഉച്ചതിരിഞ്ഞ സമയം മേക്കാട്ടുനമ്പൂരിയും നമ്പിയും കൂടി വെടി പറഞ്ഞുകൊണ്ടിരുന്ന സമയം അതിഭയങ്കരാകൃതിയായ ഒരു സർപ്പം അവരുടെ അടുക്കലേക്ക് ഇഴഞ്ഞു ചെന്നു. അതു കണ്ട് നമ്പി ഭയപ്പെട്ട് എണീറ്റോടാൻ ഭാവിച്ചു. അപ്പോൾ നമ്പൂരി 'ഭയപ്പെടുകയും പരിഭ്രമിക്കുകയും ഒന്നും വേണ്ട. ഇവർ ഉപദ്രവിക്കുന്നവരല്ല' എന്നു പറഞ്ഞു. എന്നിട്ടും നമ്പിക്ക് ഉറപ്പു വന്നില്ല. സർപ്പം ഇഴഞ്ഞുചെന്ന് നമ്പൂരിയുടെ മടിയിൽ കയറിക്കിടന്നു. അതുകൊണ്ട് നമ്പൂരിക്ക് ഒരിളക്കവുമുണ്ടായില്ലെന്ന് പറയേണ്ടതില്ലല്ലോ. അതു കണ്ടപ്പോൾ നമ്പിക്കും ഒട്ടു സമാധാനമായതിനാൽ യഥാപൂർവ്വം നമ്പൂരിയുടെ അടുക്കൽത്തന്നെ ചെന്നിരുന്നു. അപ്പോൾ ആ സർപ്പം നമ്പിയുടെ അടുക്കലേക്ക് തല നീട്ടി. അതു കണ്ടപ്പോൾ നമ്പി വീണ്ടും പരിഭ്രമിച്ച് എണീക്കാൻ ഭാവിച്ചു. അപ്പോഴും നമ്പൂരി ' വേണ്ടാ, അവിടെത്തന്നെ ഇരിക്കാം. ഭയപ്പെടേണ്ടാ, അത് ഉപദ്രവിക്കാനല്ല. അതിന്റെ തലയ്ക്ക എന്തോ സുഖക്കേടുള്ളതിനാൽ അതു നമ്പിയെ കാണിക്കാനായിട്ടു തല നീട്ടിയതാണ്' എന്നു പറഞ്ഞു. നമ്പി സൂക്ഷിച്ചുനോക്കിയപ്പോൾ ആ സർപ്പത്തിന്റെ തലയിൽ സ്വല്പം നീര് ഉരുണ്ടുകൂടിയിരിക്കുന്നതു കണ്ടു. നമ്പി നമ്പൂരിയുടെ വാക്കു വിശ്വസിച്ച് ഒരു വിധം ധൈര്യത്തെ അവലംബിച്ചുകൊണ്ട് ഒരു കത്തിയെടുത്ത് ആ നീര് കീറുകയും അതിനകത്ത് ഒളിഞ്ഞിരുന്ന ഇല്ലിമുള്ള് എടുത്തുകളയുകയും അവിടെ ഒരു മരുന്ന് പുരട്ടുകയും സർപ്പം പതുക്കെ ഇറങ്ങി വന്ന വഴിയെ പോവുകയും ചെയ്തു.

ഏതാനും ദിവസംകൊണ്ട് പാമ്പുമേക്കാട്ടു നമ്പൂരിക്ക് ദീനം മാറി സുഖമാവുകയാൽ നമ്പൂരി നമ്പിക്ക് പലവിധ സമ്മാനങ്ങളും മറ്റും കൊടുത്തു യാത്രയാക്കി. നമ്പി പോകാനായിട്ട് ഇറങ്ങിയപ്പോൾ അനുയാത്രയായി നമ്പൂരിയും പിന്നാലെ ചെന്നു. ആ സമയം മുമ്പു നമ്പി മുള്ളെടുത്ത്കളഞ്ഞുവിട്ട സർപ്പം അവിടെ വന്നു. നമ്പി നോക്കിയപ്പോൾ നീരെല്ലാം പോയി. വ്രണവുമുണങ്ങി സർപ്പത്തിന് നല്ല സുഖമായിരിക്കുന്നതായി കണ്ടു. ഉടനെ ആ സർപ്പം വായിൽനിന്ന് ഒരു മാണിക്യകല്ല് നമ്പിയുടെ മുൻപിൽ ഇട്ടുകൊടുത്തു. നമ്പി അതുകണ്ട് സംശയിച്ചു നിന്നപ്പോൾ നമ്പൂരി 'ഒട്ടും സംശയിക്കണ്ട. നമ്പി ദീനം ഭേദമാക്കിയതിനാൽ സന്തോഷിച്ചു സർപ്പം അതു നമ്പിക്ക് സമ്മാനമായി തന്നതാണ്. എടുത്തുകൊണ്ട് പോകാം. 'എന്നു പറഞ്ഞു. നമ്പി ആ മാണിക്യക്കല്ലുമെടുത്തുകൊണ്ടു പോവുകയും ചെയ്തു. ആ നാഗമാണിക്യം ഇപ്പോഴും ആലത്തൂർ നമ്പിയുടെ ഇല്ലത്ത് ഇരിക്കുന്നുണ്ടെന്നാണ് കേൾവി.

നവയൗവ്വനയുക്തനും നല്ല സുന്ദരനും രസികനുമായ ഒരു നമ്പൂരി കുഷ്ഠരോഗബാധിതനായിത്തീരുക നിമിത്തം പല വൈദ്യന്മാരെക്കൊണ്ടു ചികിൽസിപ്പിച്ചിട്ടും ഒരു ഫലവുമുണ്ടാകായ്കയാൽ ഒടുക്കം ആലത്തൂർ നമ്പിയുടെ അടുക്കൽ ചെന്നു വിവരങ്ങളെല്ലാം പറഞ്ഞു. നമ്പി സ്വല്പനേരം മനസ്സിരുത്തി വിചാരിച്ചതിന്റെ ശേഷം 'ഒരു മൂന്നാഴി പെരുമ്പാമ്പിന്റെ നെയ്യ് സേവിക്കാമെങ്കിൽ ഞാൻ ഈ ദീനം ഭേദമാക്കാം. അല്ലാതെ ഞാനെന്നല്ല ആരു വിചാരിച്ചാലും ഇതു ഭേദപ്പെടുത്താൻ സാധിക്കയില്ല. ' എന്നാണ് പറഞ്ഞത്. അതു കേട്ടപ്പോൾ നമ്പൂരിക്ക് വ്യസനം സഹിക്കവയ്യാതെയായി. എന്തായാലും പെരുമ്പാമ്പിൻ നെയ്യ് സേവിക്കുന്ന കാര്യം പ്രയാസം തന്നെ എന്നു തീർച്ചപ്പെടുത്തി. ആലത്തൂർ നമ്പി തന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് പിന്നെ വൈദ്യന്മാരെ കണ്ടതുകൊണ്ട് പ്രയോജനമൊന്നുമില്ലല്ലോ എന്നു വിചാരിച്ച് അദ്ദേഹം ഉടനെ ചമ്രവട്ടത്തെത്തി ഭജനം തുടങ്ങി.

'അരുവി ചിതറി വീഴും നല്ല പേരാറുതന്റെ

വടകരെ മരുതിൻകീൾച്ചെന്നു ചേർന്നോരു ദൈവം

അമരകൾ പലവട്ടം കൈതൊഴും ചമ്രവട്ടം

വിലസിന കുലദൈവം താങ്ങുവോനാകയെന്നെ'

എന്നുള്ള പ്രാർത്ഥനയോടുകൂടി അദ്ദേഹം പന്ത്രണ്ടു ദിവസം അവിടെ ഭജിച്ചതിനുശേഷം ഒരു ദിവസം രാത്രിയിൽ അദ്ദേഹം അമ്പലത്തിൽ കിടന്ന് ഉറങ്ങിയിരുന്നപ്പോൾ ആരോ ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് 'പതിവായി രാവിലെ പുഴയിൽച്ചെന്ന് കുളിക്കുമ്പോൾ സന്ധ്യാവന്ദനം കഴിഞ്ഞാലുടനെ പുഴയിൽനിന്നു മൂന്നു കുടന്ന (രണ്ടു കയ്യും നിറച്ചു) വെള്ളം എടുത്തു കുടിക്കണം. അങ്ങനെ നാല്പതു ദിവസം ചെയ്താൽ ദീനം ഭേദമാകും.' എന്നു പറഞ്ഞതായി അദ്ദേഹത്തിനു തോന്നി. ഇതു ചമ്രവട്ടത്ത് ശാസ്താവ് അരുളിച്ചെയ്തതുതന്നെയാണെന്ന് വിശ്വസിച്ചു നമ്പൂരി പിന്നെ പതിവായി അങ്ങനെ ചെയ്തുകൊണ്ടു ഭജിച്ചു. അങ്ങനെ നാല്പതു ദിവസം കഴിഞ്ഞപ്പോഴേക്കും ദീനമൊക്കെ ഭേദമായി നമ്പൂരി സ്വസ്ഥശരീരനായിത്തീർന്നു.

അനന്തരം നമ്പൂരി ആലത്തൂർ നമ്പിയുടെ അടുക്കൽ ചെന്ന് 'പെരുമ്പാമ്പിൻ നെയ്യ് സേവിക്കാതെ തന്നെ എന്റെ ദീനം ഭേദമായി എന്നു പറഞ്ഞു. അപ്പോൾ നമ്പി 'പിന്നെ എന്തു സേവിച്ചു. എന്നു ചോദിച്ചപ്പോൾ നമ്പൂരി 'ഞാൻ ചമ്രവട്ടത്തയ്യപ്പനെ സേവിച്ചു. അല്ലാതെ ഒന്നും സേവിച്ചില്ല.' എന്നു പറഞ്ഞു. പിന്നെ നമ്പി ഉണ്ടായ സംഗതികളെല്ലാം വിവരമായി പറയാൻ പറഞ്ഞപ്പോൾ നമ്പൂരി ഭജനത്തിന്റെ വിവരവും അതിനിടയ്ക്ക് തനിക്കു ദർശനമുണ്ടായതും പുഴയിൽ നിന്നു വെള്ളം കോരിക്കുടിച്ചിരുന്നതുമെല്ലാം വിസ്തരിച്ചു പറഞ്ഞു. ഉടനെ നമ്പി 'എങ്ങനെയെങ്കിലും നമ്പൂരിക്കു സുഖമായല്ലോ. അതു സന്തോഷം തന്നെ. എങ്കിലും എനിക്ക് ആ സ്ഥലമൊന്നു കാണണം. നമ്പൂരി കൂടെ വരണം എന്നു പറഞ്ഞു. പിന്നെ അവർ രണ്ടുപേരും കൂടിപ്പോയി ചമ്രവട്ടത്തെ അമ്പലക്കടവിൽനിന്ന് പുഴവക്കത്തൂടെ കുറച്ചു ദൂരം ചെന്നപ്പോൾ അവിടെ ഒരു വലിയ പെരുമ്പാമ്പ ചത്തു ചീഞ്ഞുകിടക്കുന്നതും മഴവെള്ളത്തോടുകൂടി അതിന്റെ നെയ്യ് പുഴയിലേക്ക് ഒഴുകിച്ചേരുന്നതും കണ്ടിട്ടു നമ്പി നമ്പൂരിയോട് 'ഇതാ ഇതു കണ്ടുവോ? ഈ നെയ്യോടുകൂടിയ വെള്ളമാണ് നമ്പൂരി പതിവായി കുടിച്ചിരുന്നത്. മുന്നാഴി നെയ്യ് സേവിക്കണമെന്നേ ഞാൻ പറഞ്ഞുള്ളു. ഇപ്പോൾ മൂന്നിടങ്ങഴിയിലധികം നെയ്യ് നമ്പൂരി സേവിച്ചിരിക്കും എന്നു പറയുകയും ശരിതന്നെയെന്നു നമ്പൂരി സമ്മതിക്കുകയും ചെയ്തു. ഇന്ന രോഗത്തിന് ഇന്നതു ചെയ്യണമെന്നുള്ള നിശ്ചയം നമ്പിക്ക് എത്രമാത്രമുണ്ടെന്ന് അതുതന്നെ ചെയ്യാതെ ആ രോഗം ഭേദമാവുകയില്ലെന്നും ഇതുകൊണ്ട് സ്പഷ്ടമാകുന്നുണ്ടല്ലോ.

പണ്ടൊരിക്കൽ ഒരാലത്തൂർ നമ്പി കല്പനപ്രകാരം വളരെക്കാലം തിരുവനന്തപുരത്തു താമസിച്ചിരുന്നു. അക്കാലത്ത് കിളിമാനൂർ കൊട്ടാരത്തിൽ അന്നത്തെ മൂത്ത കോയിത്തമ്പുരാന് ഒരു ദീനമുണ്ടായി. ദീനം തണ്ണീർ ദാഹമായിരുന്നു. അതു വർദ്ധിച്ച് എത്ര വെള്ളം കുടിച്ചാലും മതിയാകാത്ത നിലയിലായി. അങ്ങനെ കണക്കില്ലാതെ വെള്ളം കുടിക്കുന്നത് ശരിയല്ലല്ലോ എന്നു വിചാരിച്ച് കഞ്ഞി മുതലായവ കൂടാതെ പ്രതിദിനം നൂറ്റൻപത് ഇളനീരിന്റെ വെള്ളംകൂടി കുടിക്കുക എന്നൊരു പതിവുവെച്ചു. അതുകൊണ്ടു മതിയായിട്ടല്ല. എങ്കിലും ഒരു കണക്കു വേണമല്ലോ എന്നു വിചാരിച്ച് അങ്ങനെ നിശ്ചയിച്ചതാണ്.

അങ്ങനെയിരിക്കുമ്പോൾ കോയിത്തമ്പുരാൻ 'എന്റെ ഈ ദാഹം ആരെങ്കിലും മാറ്റിയാൽ മാറ്റുന്നവർക്ക് ഞാൻ ആയിരം രൂപ കൊടുത്തേക്കാം.' എന്നു പറഞ്ഞു തുടങ്ങി. അങ്ങനെ പല ദിവസം കേട്ടപ്പോൾ കിളിമാനൂർ കൊട്ടാരത്തിൽ ഒരു തമ്പുരാട്ടിയുടെ ഭർത്താവായി താമസിക്കുന്ന ആളും തിരുവനന്തപുരത്ത് വലിയ കൊട്ടാരത്തിലെ ഒരു പൂജക്കാരനും നമ്പിയുടെ സ്നേഹിതനുമായ ഒരു നമ്പൂരി കോയിത്തമ്പുരാന്റെ ഒരാളെന്ന നിലയിൽ തിരുവനന്തപുരത്തുചെന്ന് നമ്പിയെ കണ്ട് വിവരമെല്ലാം പറഞ്ഞു ക്ഷണിച്ചു. കിളിമാനൂർക്ക് കൊണ്ടുപോയി. അവിടെ എത്തിയ ദിവസം തന്നെ നമ്പി കോയിത്തമ്പുരാനെ കാണുകയും ഒരു മരുന്ന് കൊടുത്തു സേവിപ്പിക്കുകയും ചെയ്തു. പിറ്റേ ദിവസമായപ്പോൾ നൂറ്റി നാൽപതു കരിക്കു (ഇളനീർ) കൊണ്ടു മതിയായി. അന്നും മരുന്ന് കൊടുത്തു. അടുത്ത ദിവസമായപ്പോൾ ഇളനീർ പത്തുകൂടി കുറഞ്ഞു. അങ്ങനെ പതിനഞ്ചു ദിവസം കൊണ്ട് ഒരു ഇളനീരായാൽ മതിയെന്നുള്ള സ്ഥിതിയിലായി. അപ്പോൾ നമ്പി ഇപ്പോൾ ഇങ്ങനെയിരിക്കട്ടെ. ഇനി ഞാൻ നാട്ടിലേക്ക് ഒന്നു പോയിവരാം. ഇല്ലത്തുനിന്നു പോന്നിട്ട് വളരെ നാളായി എന്നു പറഞ്ഞ് യാത്രയായി. കോയിത്തമ്പുരാൻ നമ്പിക്ക് നൂറു രൂപ കൊടുത്തു. നമ്പി ഒന്നും മിണ്ടാതെ സന്തോഷ സമേതം കൊടുത്തതു വാങ്ങിക്കൊണ്ടു പോവുകയും ചെയ്തു.

നമ്പി പോയതിന്റെ പിറ്റേ ദിവസം മുതൽ കോയിത്തമ്പുരാന് ദാഹം വർദ്ധിച്ചു തുടങ്ങി. പതിനഞ്ചു

ദിവസം കൊണ്ട് പൂർവസ്ഥിതിയിൽ നൂറ്റൻപത് കരിക്കിന്റെ വെള്ളം കുടിച്ചാലും മതിയാവുകയില്ല എന്നായി. കോയിത്തമ്പുരാൻ മുൻപു നമ്പിയെ വിളിച്ചുകൊണ്ടുവന്ന നമ്പൂരിയെ വിളിച്ചു നമ്പിയെ ഒരിക്കൽകൂടി കൊണ്ടുവരണമെന്നു പറഞ്ഞപ്പോൾ നമ്പൂരി 'അതു പ്രയാസമാണ്. ഒരിക്കൽ ഞാൻ വിഡ്ഢിയായി. ഇനി അതിനു തയ്യാറല്ല. അല്ലെങ്കിൽ ഇപ്പോൾ കൊടുത്തിട്ടുള്ളതുകൂടാതെ മുൻപു പറഞ്ഞിട്ടുള്ളതുപോലെ ആയിരം രൂപ തികച്ചു കൊടുക്കണം. അങ്ങനെ ചെയ്യാമെന്നു നിശ്ചയമുണ്ടെങ്കിൽ ഞാൻ പോയി നമ്പിയെ കൊണ്ടുവരാം. ആ സംഖ്യ നമ്പി വന്നാലുടനെ കൊടുക്കുകയും വേണം. എന്നു പറഞ്ഞു. നമ്പൂരിയുടെ അഭിപ്രായംപോലെ ചെയ്യാംമെന്ന് കോയിത്തമ്പുരാൻ സമ്മതിക്കുകയും നമ്പൂരി പോയി വീണ്ടും നമ്പിയെ കൊണ്ടുവരികയും ഉടനെ കോയിത്തമ്പുരാൻ ആയിരം രൂപ കെട്ടിക്കൊടുക്കുകയും നമ്പി ചികിത്സിച്ചു ദീനം ഭേദപ്പെടുത്തുകും ചെയ്തു.

ആലത്തൂർ നമ്പിയുടെ ഇല്ലത്ത് അച്ഫൻമാരാണ് വൈദ്യത്തിൽ അധികം വിദഗ്ദ്ധൻമാരും പ്രസിദ്ധന്മാരുമായിത്തീരുക പതിവ്. അച്ഛൻ നമ്പിമാർക്ക് സ്വല്പമൊരു കമ്പച്ഛായ ഉണ്ടായിരിക്കുകയും പതിവാണ്. എങ്കിലും ഗുരുത്വത്തിനും കൈപ്പുണ്യത്തിനും ആർക്കും കുറവുണ്ടായിരിക്കാറില്ല. ഇക്കഴിഞ്ഞ 1092 മാണ്ടു കഴിഞ്ഞുപോയ അപ്ഫൻനമ്പി തന്നെ ഏറ്റവും വിദഗ്ദ്ധനും പ്രസിദ്ധനുമായിരുന്നുവല്ലോ.

1092ൽ കഴിഞ്ഞുപോയ അപ്ഫൻ നമ്പിയുടെ ജ്യേഷ്ഠനായി ഒരാൾ ഉണ്ടായിരുന്നു. അവിടേക്കു പഠിപ്പും

പ്രസിദ്ധിയും വളരെ കുറവായിരുന്നു. സ്വല്പമായ ഉന്മാദച്ഛായയുമുണ്ടായുരുന്നു. ഒരിക്കൽ അവിടുന്ന് ഒറ്റപ്പാലത്തിനു സമീപം ഒരു സ്ഥലത്തുപോയി മടങ്ങിവരുമ്പോൾ കുതിരവട്ടത്ത് വലിയ നായരുടെ ചില ഭൃത്യന്മാർ കണ്ടുകൂടി. വലിയനായർക്ക് അതികലശലായി ഒരു വയറ്റിൽവേദനയായിട്ട് ഇളയ നമ്പിയെ കൂട്ടിക്കൊണ്ടുചെല്ലാനായി അവരെ പറഞ്ഞയച്ചിരിക്കുകയായിരുന്നു. അവർ മൂത്ത നമ്പിയെ കണ്ടപ്പോൾ ഇളയ നമ്പിയാണെന്നു തെറ്റിദ്ധരിച്ച് കൂട്ടിക്കൊണ്ടുപോയി. വലിയനായർ വേദനയുടെ കാഠിന്യം നിമിത്തം ആഹാരം കഴിക്കാനും ഇരിക്കാനും കിടക്കാനും വയ്യാതെയായിട്ട് മുകളിൽ ഒരു കയറുകെട്ടി അതിന്മേൽ പിടിച്ചുകൊണ്ടു നിന്നു നിലവിളിക്കുകയായിരുന്നു. നമ്പി അവിടെ എത്തിയ ഉടനെ 'എനിക്കു ദാഹം കലശലായിരിക്കുന്നു. അതിനു വല്ലതും വേണം.' എന്നു പറഞ്ഞിട്ട് കുളിക്കാൻ പോയി. നമ്പി കുളി കഴിഞ്ഞു വന്നപ്പോൾ അഞ്ചാറു കരിക്കും പത്തു പതിനഞ്ചു പൂവൻപഴവും കൊണ്ടു ചെന്നു കൊടുത്തു. നമ്പി അതിൽ രണ്ടു കരിക്കെടുത്തു തുളച്ചു വെള്ളം തലയിൽ ഒഴിച്ചു. 'ഒരു കരിക്കിന്റെ വെള്ളം കുടിച്ചു. രണ്ടു പഴവും തിന്നു. പിന്നെ രോഗിയോട് 'കുറച്ചു പഴം തിന്നാമോ? എന്നു ചോദിച്ചു. വയ്യാ എന്നു വലിയ നായർ പറഞ്ഞപ്പോൾ നമ്പി ' എങ്കിലും പരീക്ഷിച്ചു നോക്കൂ' എന്നു പറഞ്ഞ് ഒരു പഴമെടുത്ത് ശകലം മുറിച്ചുകൊടുത്തു തീറ്റി. അതു തിന്നു കഴിഞ്ഞപ്പോൾ നമ്പി ഇപ്പോൾ വേദന എങ്ങനെയിരിക്കുന്നു എന്നു ചോദിച്ചു. കുറച്ചു കുറവുണ്ടോ എന്നു സംശയം എന്നു നായർ പറഞ്ഞു. നമ്പി കുറെശ്ശെ കുറെശ്ശെയായി ഒരു പഴം മുഴുവൻ തീറ്റീട്ട് ഇപ്പോൾ എങ്ങനെയിരിക്കുന്നു എന്നു ചോദിച്ചു. വളരെ ഭേദമുണ്ട് എന്ന് നായർ സമ്മതിച്ചു. പിന്നെ നമ്പി അവിടെയിരുന്ന് ഒരു പഴവുംകൂടി തിന്ന് ഒരു കരിക്കിന്റെ വെള്ളവും കൂടി കുടിക്കൂ എന്നു പറഞ്ഞു. അത്രയുംകൂടി കഴിഞ്ഞപ്പോൾ വലിയനായർ ഇപ്പോൾ വേദന ഒട്ടുമില്ല എനിക്കു നല്ല സുഖമായി എന്നു പറഞ്ഞു. നമ്പി അപ്പോൾത്തന്നെ അവിടെനിന്ന് ഇറങ്ങിപ്പോയി. വലിയ നായർക്ക് പിന്നെ മരിക്കുന്നതുവരെ വയറ്റിൽവേദന ഉണ്ടായില്ല.

മേല്പറഞ്ഞ സംഗതിയുണ്ടായത് ഒരു മീനമാസത്തിലാണ്. മദ്ധ്യാഹ്നസമയത്താണ് നമ്പി പോയത്. കുറച്ചുനടന്നപ്പോഴേക്കും വെയിലിന്റെ ചൂടുകൊണ്ട് നടക്കാൻ വയ്യാതെയാവുകയാൽ നമ്പി വഴിക്കു കണ്ട ഒരു പടിപ്പുരയിൽ കയറിയിരുന്ന് വിശ്രമിച്ചു. അതു വലിയ ധനവാനായ ഒരു നായരുടെ വീടിനുള്ള പടിപ്പുരയായിരുന്നു. ആ വീട്ടിലെ കാരണവർ കണ്ടാലും കാര്യത്തിനും വളരെ യോഗ്യനും ചെറുപ്പക്കാരനുമായിരുന്നു. എങ്കിലും അയാൾ കുറച്ചു നാളായി ബധിരനായിത്തീർന്നു. അതിനു വളരെ ചികിത്സകളൊക്കെ ചെയ്തു നോക്കീട്ടും യാതൊരു ഗുണവും കാണായ്കയാൽ അയാളും വീട്ടിലുള്ള മറ്റാളുകളും അത്യന്തം വ്യസനിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് നമ്പി അവിടെ ചെന്നു കയറിയത്. നമ്പിയെ അറിയുന്നവരായി ആ വീട്ടിലാരുമുണ്ടായിരുന്നില്ല. അപ്പോൾ നമ്പിയുമായി പരിചയമുള്ള ഒരാൾ ദൈവഗത്യാ അവിടെ വന്നുചേരുകയും ആ മനുഷ്യൻ ഈ വന്നിരിക്കുന്നത് ഇന്നയാളാണെന്ന് ആ വീട്ടുകാരെ ഗ്രഹിപ്പിക്കുകയും ചെയ്തു. അനേകം വൈദ്യന്മാർ പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചു

നോക്കീട്ടും ഒരു ഗുണവുമുണ്ടാകാത്ത സ്ഥിതിക്ക് വിശേഷിച്ച് ഫലമൊന്നും ഉണ്ടാവുകയില്ലായിരിക്കാം. എങ്കിലും ഇതുകൂടി ഒന്നു പരീക്ഷിച്ചു നോക്കിക്കളയാം എന്നു വിചാരിച്ച് വീട്ടുകാർ ആ പരിചിതൻ മുഖാന്തിരം വിവരം നമ്പിയെ അറിയിക്കുകയും ആ ബധിരനെ കൊണ്ടുചെന്ന് കാണിക്കുകയും ചെയ്തു. നമ്പി ഉടനെ കുറച്ചു കൊട്ടെണ്ണ (വിളക്കിലൊഴിക്കുന്ന ഒരു മാതിരി എണ്ണ) വരുത്തി രോഗിയുടെ തലയിൽ തേപ്പിച്ചു വെയിലത്തു പിടിച്ചു നിറുത്തി. തീപോലെയുള്ള വെയിലത്തു കുറച്ചു നേരം നിന്നപ്പോഴേക്കും രോഗി വല്ലാതെ വിഷമിച്ചു. അയാളുടെ കഷ്ടപ്പാട് കണ്ട് വീട്ടിലുള്ളവരെല്ലാം കരച്ചിലും പിഴിച്ചിലും അലയും മുറയും തുടങ്ങി. ഒടുക്കം രോഗിയുടെ അമ്മ നമ്പിയുടെ അടുക്കൽ ചെന്ന് എന്റെ പ്രിയപ്പെട്ട ഏക പുത്രൻ ഇങ്ങനെ വെയിലത്തു നിന്നു പൊരിയുന്നതു കണ്ടു സഹിക്കാൻ എനിക്കു ശക്തിയില്ല. രണ്ടു നാഴികയിലധികവും നേരമായല്ലോ അവൻ കഷ്ടപ്പെടുന്നു. ഇനിയെങ്കിലും കയറിപ്പോകാനനുവദിച്ചാൽ കൊള്ളാം. എന്നു വ്യസനസമേതം കരഞ്ഞുകൊണ്ടു പറഞ്ഞു. ഉടനെ നമ്പി രോഗിയുടെ അടുക്കൽ ചെന്നു രണ്ടു ചെകിട്ടത്തും ഓരോ വീക്കു വെച്ചു കൊടുത്തു. അതു കണ്ട് വീട്ടുകാർ ഉറക്കെ നിലവിളിച്ചു. എങ്കിലും തല്ലുകൊണ്ടതിനോടുകൂടി രോഗിക്കു ചെവി കേൾക്കാറായി. ഉടനെ നമ്പി അവിടെ നിന്നു പോവുകയും ചെയ്തു.

ഒരിയ്ക്കൽ കോട്ടയ്ക്കൽ താമസിച്ചിരുന്ന ഏറാൾപ്പാട് തമ്പുരാൻ ക്ഷയരോഗ ബാധിതനായിത്തീരുകയാൽ ചികിത്സയ്ക്കായി അനുജൻ നമ്പിയെ കൊണ്ടു പോയിരുന്നു. നമ്പി അവിടെയെത്തി കണ്ടപ്പോൾതന്നെ രോഗം അസാദ്ധ്യമെന്നു തീർച്ചപ്പെടുത്തി. എങ്കിലും അതു പറയുകയോ ഭാവിക്കുകയോ ചെയ്യുന്നതു ശരിയല്ലല്ലോ എന്നു വിചാരിച്ച് ചില ചികിത്സകൾ ചെയ്തുകൊണ്ട് അവിടെ താമസിച്ചു. രോഗം പ്രതിദിനം വർദ്ധിച്ചുകൊണ്ടിരുന്നു. തമ്പുരാനു രുചി ലവലേശമില്ലാതെയായി. ഭക്ഷണം കുറഞ്ഞതിനോടുകൂടി ക്ഷീണവും കലശലായി. 'രുചിയോടുകൂടി ഒരുരുളച്ചോറുണ്ടിട്ട് അപ്പോൾ തന്നെ മരിച്ചാലും സങ്കടമില്ല. അതിനു വല്ലതും നിവൃത്തിയുണ്ടോ'. എന്നു തമ്പുരാൻ നമ്പിയോടു ചോദിച്ചു.'രുചിയുണ്ടാക്കാം.' എന്നു നമ്പി മറുപടിയും പറഞ്ഞു. അങ്ങനെയല്ലാതെ പറയരുതല്ലോ എന്നു വിചാരിച്ചാണ് നമ്പി അങ്ങനെ പറഞ്ഞത്. പറഞ്ഞു കഴിഞ്ഞപ്പോൾ ഇനി എന്താ നിവൃത്തി എന്നു വിചാരിച്ചിട്ട് നമ്പിക്കു മാർഗമൊന്നും തോന്നിയില്ല. അപ്പോൾ ജ്യേഷ്ഠൻ അവിടെ സമീപം അച്ചിപ്ര എന്ന ദേശത്ത് ചെന്നിട്ടുണ്ടെന്ന് കേട്ട് ഉടനെ ആളയച്ചു കോട്ടയ്ക്കൽ വരുത്തി വിവരമെല്ലാം പറഞ്ഞു. ജ്യേഷ്ഠൻ നമ്പി തമ്പുരാനെ ചെന്നു കണ്ട് 'എന്തു ഭക്ഷിക്കാനാണ് അവിടേക്കു രുചി തോന്നുന്നത്' എന്നു ചോദിച്ചു. 'എനിക്ക് ഒന്നിനും രുചി തോന്നുന്നില്ല. എന്നാൽ ഒരുരുളച്ചോറെങ്കിലും രുചിയോടുകൂടി ഉണ്ടാൽ കൊള്ളാമെന്ന് മോഹമുണ്ട്. രുചിയില്ലതാനും. പിന്നെ എന്താ ചെയ്ക.' എന്നു തമ്പുരാൻ മറുപടി പറഞ്ഞു. ഉടനെ നമ്പി ഒരു വലിയ സദ്യയ്ക്കുള്ള വിഭവങ്ങളൊക്കെ ഉണ്ടാക്കുവാൻ പറഞ്ഞു. ക്ഷണത്തിൽ എല്ലാം തയ്യാറായി. ഇല വെച്ചു തമ്പുരാനെ പിടിച്ചെണീപ്പിച്ച് അവിടെയിരുത്തി. ജ്യേഷ്ഠൻ നമ്പി എന്തോ ഒരു മരുന്ന് കയ്യിലിട്ടു തിരുമ്മി ഒരു ചെറിയ ഗുളികപോലെയാക്കി തമ്പുരാന്റെ വായിൽ ഇട്ടുകൊടുത്തിട്ട് ഇറക്കാൻ പറഞ്ഞു. അത് ഇറക്കിയ ഉടനെ നെയ്യും പരിപ്പുകൂട്ടി ഒരുരുള ചോറ് കൊടുത്തു. അത് ഉണ്ടുകഴിഞ്ഞപ്പോൾ മുൻപിലത്തെപ്പോലെ ഒരു പ്രാവശ്യം കൂടി മരുന്നു കൊടുത്തു. 'ഇപ്പോൾ രുചി തോന്നുന്നുണ്ടോ? എന്നു നമ്പി ചോദിച്ചു. 'കുറച്ചുകൂടി ഉണ്ണാമെന്നു തോന്നുന്നുണ്ട്.' എന്നു തമ്പുരാൻ പറഞ്ഞു. പിന്നെ കാളൻ മുതലായവയും മോരും കൂട്ടി ഏകദേശം നാഴിയരിയുടെ ചോറും കുറെ പ്രഥമനും കഴിച്ചു. തമ്പുരാനു വളരെ സന്തോഷമാവുകയും ചെയ്തു. ജ്യേഷ്ഠൻ നമ്പി അന്നവിടെത്തന്നെ താമസിച്ചു. പിറ്റെ ദിവസം രാവിലെ യാത്രയായപ്പോൾ അനുജൻ ഇന്നു വരുന്നുവോ എന്നു ചോദിച്ചതിനു ' ഞാൻ നാലു ദിവസം കഴിഞ്ഞുവരാം' എന്ന് അനുജൻ നമ്പി മറുപടി പറഞ്ഞപ്പോൾ ജ്യേഷ്ഠൻ നമ്പി 'അതു വേണ്ടാ ഇന്നില്ലെങ്കിൽ നാളെ രാവിലെ പോരൂ' എന്നു പറഞ്ഞിട്ടു പോയി. അന്നു രാത്രിയിൽ തമ്പുരാൻ തീപ്പെടുകയും ചെയ്തു.

ആ ജ്യേഷ്ഠൻ നമ്പിക്ക് പഠിപ്പ് അധികമുണ്ടായിരുന്നില്ലെന്നു മാത്രമല്ല കുറെശ്ശെ കമ്പച്ഛായയുമുണ്ടായിരുന്നു. എങ്കിലും കൈപ്പുണ്യം മറ്റാർക്കും അത്രയുമുണ്ടായിരുന്നില്ല. ചികിത്സ അപ്പോഴപ്പോൾ തോന്നുന്നതുപോലെയാണ് ചെയ്ക. ശാസ്ത്രപ്രകാരമൊന്നുമായിരിക്കില്ല. എങ്കിലും ഒന്നും ഫലിക്കാതെ വരാറില്ല. എണ്ണ കാച്ചി തേച്ചിട്ട് ഒരെണ്ണയും പിടിക്കാതെയാകുമ്പോൾ ആരെങ്കിലും ചെന്നു പറഞ്ഞാൽ ജ്യേഷ്ഠൻ നമ്പി കുളിക്കുന്നതിന് മുമ്പാണെങ്കിൽ എന്തെങ്കിലും കുറെ എണ്ണയെടുത്ത് ഇടതുകൈകൊണ്ട് അവരുടെ തലയിൽ തേപ്പിച്ചയയ്ക്കും. കുളി കഴിഞ്ഞിട്ടാണെങ്കിൽ എണ്ണ തലയിൽ ഒഴിച്ചുകൊടുക്കും. പിന്നെ അവർക്കു പച്ചെണ്ണ തേച്ചാൽ മതി ഒരു ദീനവുമുണ്ടാകയില്ല.

ഈ ജ്യേഷ്ഠൻ നമ്പി ഒരു കുട്ടഞ്ചേരി മൂസ്സിന്റെ അവതാരമാണെന്നുകൂടി ജനങ്ങളുടെ ഇടയിൽ ഒരു വിശ്വാസമുണ്ടായിരുന്നു അതിന്റെ കാരണമായി ഒരൈതിഹ്യമുണ്ട്.

ആലത്തൂർ നമ്പിമാർ വൈദ്യശാസ്ത്രം പഠിക്കുക കുട്ടഞ്ചേരി മൂസ്സിന്റെ അടുക്കലാണ് പതിവ്. ആ പതിവനുസരിച്ച് ഈ ജ്യേഷ്ഠൻ നമ്പിയുടെ മുത്തശ്ശനും അവിടെച്ചെന്നു പഠിച്ചു താമസിച്ചിരുന്നു. അന്നുണ്ടായിരുന്ന കുട്ടഞ്ചേരി മൂസ്സ് വൈദ്യസംബന്ധമായി ഭൂലോകത്തിലുള്ള സകല ഗ്രന്ഥങ്ങളും നോക്കീട്ടുണ്ടായിരുന്നുവത്രേ. അദ്ദേഹം ഒരു ദിവസം ശിഷ്യനായ നമ്പിയോട് ഞാൻ അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം, ചരകം, സുശ്രുതം, മുതലായി ഭൂലോകത്തിലുള്ള സകല വൈദ്യഗ്രന്ഥങ്ങളും നോക്കീട്ടുണ്ട്. ഇനി ഒരാഗ്രഹമേ ഉള്ളു. നമ്പിയുടെ ഇല്ലത്ത് അശ്വിനീദേവന്മാർ കൊടുത്തതായ ഒരു ഗ്രന്ഥമുണ്ട് എന്നു കേട്ടിട്ടുണ്ട്. അതുകൂടി ഒന്നു നോക്കിയാൽ കൊള്ളാമെന്നാണ് ആഗ്രഹം. അതിനെന്താ നിവൃത്തി എന്നു ചോദിച്ചു. അതിനു മറുപടിയായി നമ്പി, അതിനെന്താ പ്രയാസം, അവിടെച്ചെന്നൊന്നു ജനിച്ചാൽ മതിയല്ലോ എന്നു പറഞ്ഞു. അതു കേട്ടിട്ട് മൂസ്സിന് വളരെ സന്തോഷമാണുണ്ടായത്. ഉടനെ മൂസ്സ് മറുപടി വളരെ ഭംഗിയായി ഇങ്ങനെ തന്നെയാണ് പറയേണ്ടത്. ഇങ്ങനെ എല്ലാ വിഷയത്തിലും എല്ലായ്പ്പോഴും ഉചിതമായതു തോന്നട്ടെ എന്നു പറഞ്ഞു നമ്പിയുടെ ശിരസ്സിൽ രണ്ടുകയ്യും വച്ച് അനുഗ്രഹിക്കുകയും പെട്ടെന്ന് അവിടെക്കിടന്നു മരിക്കുകയും ചെയ്തു. ആ കുട്ടഞ്ചേരി മൂസ്സ് ഇവിടെ വന്നു ജനിച്ച ആളാണ് ഈ ജ്യേഷ്ഠൻ നമ്പി എന്നാണ് ജനശ്രുതി.

ആലത്തൂർ നമ്പിയുടെ ഇല്ലത്ത് അടുത്ത കാലത്തുണ്ടായിരുന്നവരിൽ പ്രസിദ്ധനും യോഗ്യനുമായിരുന്നത് 92 ൽ മരിച്ചുപോയ അച്ഛൻ നമ്പി തന്നെയായിരുന്നു. അവിടുന്നു കീർത്തിയും വിത്തസമ്പത്തും ശിഷ്യസമ്പത്തും ധാരാളമായി സമ്പാദിച്ചു. ഇപ്പോൾ ആ ഇല്ലത്തുള്ള മൂന്നു നമ്പിമാരേയും വൈദ്യശാസ്ത്രം പഠിപ്പിച്ചത് അവിടുന്നു തന്നെയാണ്. പരേതനായ രാമവർമ്മത്തു ചന്ദ്രശേഖരൻപിള്ള, ഇപ്പോൾ തൃശ്ശിവപേരൂർ പട്ടണത്തിൽ ഒരു വൈദ്യശാല സ്ഥാപിച്ചു ചികിത്സ നടത്തി വരുന്ന രാമൻപിള്ള അവർകൾ മുതലായി അനേകം വൈദ്യൻമാർ അവിടത്തെ ശിഷ്യവർഗ്ഗത്തിൽപ്പെട്ടവരാണല്ലോ.

92 ൽ മരിച്ചുപോയ നമ്പിയുടെ അനുജനായിട്ടും ഒരു നമ്പിയുണ്ടായിരുന്നു. അദ്ദേഹത്തിന് പ്രസവചികിത്സയിലാണ് അധികം പ്രസിദ്ധിയുണ്ടായിരുന്നത്. ഒരിക്കൽ കോഴിക്കോട് സാമൂതിരി കോവിലകത്ത് ഒരു തമ്പുരാട്ടിക്ക് പ്രസവവേദന തുടങ്ങിയിട്ട് അഞ്ചാറു ദിവസമായിട്ടും പ്രസവിക്കായികയാൽ അനേകം ഡോക്ടർമാരെ വരുത്തിക്കാണിച്ചു. എല്ലാവരും അസാദ്ധ്യമാണെന്നു പറഞ്ഞു ഒഴിഞ്ഞതിന്റെ ശേഷം ഈ നമ്പി ചില വിദ്യകൾ പ്രയോഗിച്ച് തള്ളയ്ക്കും പിള്ളയ്ക്കും യാതൊരു ദോഷവും പറ്റാതെ പ്രസവം നടത്തിയതിൽ സാമൂതിരിപ്പാട് തമ്പുരാൻ സന്തോഷിച്ചു നമ്പിയ്ക്ക് വീരശൃംഖല സമ്മാനിച്ചയച്ചു. ഇങ്ങനെ ആലത്തൂർ നമ്പിമാരെ സംബന്ധിച്ച് പറയുകയെന്നുവെച്ചാൽ ഇനിയും അനേകം സംഗതികളുണ്ട്. വിസ്താരഭയത്താൽ ചുരുക്കുന്നു.

ആലത്തൂർ നമ്പിമാരിൽ ചികിത്സാവിഷയത്തിൽ അധികം പ്രസിദ്ധിയും പ്രചാരവും സിദ്ധിക്കുക അപ്ഫന്മാർക്കാണ് പതിവെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ പാരമ്പര്യക്രമമനുസരിച്ച് ഇപ്പോൾ അവിടെ ആ സ്ഥാനം വഹിച്ചിരിക്കുന്നത് മൂന്നാമൻ നമ്പിയാണ്. അവിടേക്കു ചികിത്സാവിഷയത്തിൽ സിദ്ധിച്ചിട്ടുള്ള പ്രസിദ്ധിയും പ്രചാരവും ഒട്ടും ചില്ലറയല്ല. അവിടത്തെക്കുറിച്ച് പ്രത്യേകമൊരു ഉപന്യാസം എ ഴുതേണ്ടതാകയാൽ അതിനിയൊരവസരത്തിലായിക്കൊള്ളാമെന്നു കരുതി ഈ ലേഖനം ഇത്രയും കൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

## *വയസ്കര ചതുർവേദിഭട്ടതിരിയും യക്ഷിയും*

വയസ്കരയില്ലത്ത് ഒരു കാലത്ത് പുരുഷന്മാരാരുമില്ലാതെ ഒരു കന്യക മാത്രമായിത്തീരുകയും ആ കന്യകയെ പിലാമന്തോൾ മൂസ്സ് സർവസ്വദാനമായി വിവാഹം കഴിച്ച് അവിടെ ദത്തു കയറുകയും ചെയ്കയാൽ അക്കാലം മുതല്ക്കാണല്ലോ അവിടെയുള്ളവർക്ക് വയസ്കര മൂസ്സ് എന്നുള്ള പേര് സിദ്ധിച്ചത്. ഇതിനു മുമ്പും ഈ ഇല്ലത്ത് പലപ്പോഴും പുരുഷന്മാരില്ലാതെ ഒരു കന്യക നാത്രമായിത്തീരുക ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം ഓരോരുത്തർ ആ കന്യകമാരെ സർവസ്വദാനമായി വിവാഹം കഴിച്ച് അവിടെ ദത്തു കയറുകയും അപ്രകാരം ദത്തുകയറുന്നവരുടെ പേരനുസരിച്ച് അവിടെ ഉണ്ടാകുന്നവർക്ക് വയസ്കര നമ്പൂതിരി , വയസ്കര ഭട്ടതിരി, വയസ്കര പോറ്റി ഇങ്ങനെ പല പേരുകളും സിദ്ധിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ അവിടെ ഒരു ഭട്ടതിരി ദത്തു കയറിയതിനാൽ അക്കാലം

മുതൽ പിന്നെ ഒരു ദത്തുണ്ടായതുവരെ അവിടെയുള്ളവരെ വയസ്കര ഭട്ടതിരി എന്നാണ് പറഞ്ഞുവന്നിരുന്നത്.

ഒരു കാലത്ത് വയസ്കരയില്ലത്ത് ആയുർവേദമുൾപ്പെടെ നാലു വേദങ്ങളും പഠിച്ച ഒരു മഹാവിദ്വാനുണ്ടായിരുന്നു. അദ്ദേഹത്തെ എല്ലാവരും ചതുർവേദി ഭട്ടതിരിയെന്നാണ് പറഞ്ഞുവന്നിരുന്നത്. അദ്ദേഹം ഒരു മഹാവൈദ്യനും വലിയ മന്ത്രവാദിയുമായിരുന്നു. മന്ത്രവാദത്തിലുള്ള പ്രസിദ്ധികൊണ്ട് അദ്ദേഹത്തെ മന്ത്രവാദത്തിനായി പല ദിക്കുകളിൽ നിന്നും ആളുകൾ വന്നു കൂട്ടിക്കൊണ്ടുപോവുക പതിവായിരുന്നു.

അങ്ങനെയിരുന്ന കാലത്ത് അന്നു നാടു വാണിരുന്ന സാമൂതിരിപ്പാട് തമ്പുരാന് ഒരു യക്ഷിയുടെ ഉപദ്രവം ഉണ്ടായിത്തീരുകയും പല മന്ത്രവാദികൾ പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചുനോക്കീട്ടും ആ യക്ഷിയെ ഒഴിപ്പിക്കാൻ കഴിയായ്കയാൽ ഒടുക്കം സാമൂതിരിപ്പാട് തമ്പുരാന്റെ ആളുകൾ വന്നു ചതുർവേദി ഭട്ടതിരിയെ കോഴിക്കോട്ടേക്ക് കൂട്ടിക്കൊണ്ടുപോവുകയും ഭട്ടതിരി ചില മന്ത്രതന്ത്രപ്രയോഗങ്ങൾകൊണ്ട് ആ യക്ഷിയെ സാമൂതിരിപ്പാട് തമ്പുരാന്റെ ദേഹത്തിൽ നിന്ന് ഉഴിഞ്ഞു മാറ്റിക്കളയുകയും ചെയ്തു. യക്ഷി തന്റെ ദേഹത്തിൽനിന്നു വിട്ടുമാറിയെന്നു പൂർണബോധം വരികയാൽ സാമൂതിരിപ്പാട് തമ്പുരാൻ പലവിധ സമ്മാനങ്ങൾ കൊടുത്തു സന്തോഷിപ്പിച്ച് ചതുർവേദഭട്ടതിരിയെ സബഹുമാനം തിരിച്ചയച്ചു.

ഭട്ടതിരി കോഴിക്കോട്ടു നിന്നു തിരിച്ചുപോന്നു. നേരം വൈകിയപ്പോൾ വഴിക്ക് ഒരു നമ്പൂതിരിയുടെ ഇല്ലത്തു കയറി കുളിയും സന്ധ്യാവന്ദനാദികളും അത്താഴവും കഴിച്ച് അവിടെ ഉപഗൃഹമായിട്ടുള്ള ഒരു മാളികയിൽ കിടന്നു. വഴി നടന്നുള്ള ക്ഷീണംകൊണ്ട് കിടന്ന ഉടനെ അദ്ദേഹം ഉറങ്ങിത്തുടങ്ങി. അപ്പോൾ ആരോ അടുക്കൽ വന്ന് 'ഹേ! തലയിണയുടെ താഴെയിരിക്കുന്ന ഗ്രന്ഥം അവിടെനിന്ന് മാറ്റിവയ്ക്കണം'. എന്നു പറഞ്ഞതായി അദ്ദേഹത്തിന് തോന്നി. പെട്ടെന്നുണർന്നു കണ്ണു തുറന്നു നോക്കിയപ്പോൾ സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീ തന്റെ അടുക്കൽ നിൽക്കുന്നതായി അദ്ദേഹം കണ്ടു. വിളക്കു കെടുത്തീട്ടില്ലായിരുന്നതിനാൽ ആ സ്ത്രീയെ അദ്ദേഹത്തിന് പ്രത്യക്ഷമായി കാണാമായിരുന്നു. ആ സ്ത്രീ പിന്നെയും ആ ഗ്രന്ഥം മാറ്റി വെയ്ക്കാൻ പറഞ്ഞു. ചതുർവേദിഭട്ടതിരി എവിടെപ്പോകുമ്പോഴും ഒരു മന്ത്രവാദഗ്രന്ഥം കൊണ്ടു പോവുകയും രാത്രികാലങ്ങളിൽ കിടക്കുമ്പോൾ അത് തലയ്ക്കൽ വെച്ചുകൊണ്ട് കിടക്കുകയും പതിവായിരുന്നു. അദ്ദേഹം പല സ്ഥലങ്ങളിൽനിന്ന് ദുഷ്ടദേവതകളെ ഒഴിച്ചിട്ടുള്ള ആളും ഒഴിക്കുന്ന ആളുമാകയാൽ ആ വകക്കാർക്ക് അദ്ദേഹത്തോട് വിരോധമുണ്ടാകുന്നതിനും തന്നിമിത്തം അവർ അദ്ദേഹത്തെ ഉപദ്രവിക്കാനും ഇടയുള്ളതുകൊണ്ടും ഈ ഗ്രന്ഥം കൈവശമുള്ളപ്പോൾ ഒരു ദേവതയ്ക്കും അദ്ദേഹത്തെ ബാധിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടുമാണ് അദ്ദേഹം ആ ഗ്രന്ഥം കൊണ്ടുനടക്കുകയും അതു തലയ്ക്കു വെച്ചുകൊണ്ടു കിടക്കുകയും ചെയ്തിരുന്നത്. ഭട്ടതിരി ആ സ്ത്രീയുടെ അനിതരവനിതാസാധാരണമായ രൂപലാവണ്യം കണ്ട് അവൾ കേവലം മനുഷ്യസ്ത്രീയല്ലെന്നു നിശ്ചയിക്കുകയും അത്യന്തം വിസ്മയിക്കുകയും ചെയ്തതുകൊണ്ട് നീ ആര് ഇവിടെ വന്നതെന്തിന് ഈ ഗ്രന്ഥം മാറ്റിവയ്ക്കുന്നതെന്തിന് എന്നു ചോദിച്ചു. അങ്ങ് എന്നെ ഉപദ്രവിക്കുകയില്ലെന്ന് സത്യം ചെയ്താൽ ഞാൻ പരമാർത്ഥം പറയാം എന്ന് ആ സ്ത്രീ പറയുകയും അവളുടെ രൂപവിശേഷം കണ്ട് അവളിൽ ആസക്തമാനസനായിത്തീർന്ന ഭട്ടതിരി അപ്രകാരം സത്യം ചെയ്യുകയും ചെയ്തു. ഉടനെ ആസ്ത്രീ വീണ്ടും പറഞ്ഞു. 'ഞാൻ സാമൂതിരിപ്പാട് തമ്പുരാനെ ബാധിക്കുകയും അവിടെ നിന്ന് അങ്ങാൽ നിഷ്കാസിതയായിത്തീരുകയും ചെയ്ത യക്ഷിയാണ്. ഭവാന്റെ രൂപസൗന്ദര്യം കണ്ടു ഭവാനിൽ അത്യന്തം അനുരക്തയായിത്തീരുകയാലാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്. അതിനാൽ അങ്ങ് എന്നെ സദയം സ്വീകരിക്കണം. ആ ഗ്രന്ഥം മാറ്റിവയ്ക്കാതെ എനിക്കു ഭവാനെ തൊടാൻ നിവൃത്തിയില്ലല്ലോ'. ഇതു കേട്ടു ഭട്ടതിരി 'നീ എന്നെ ഉപദ്രവിക്കുകയില്ലെന്ന് സത്യം ചെയ്താൽ ഞാൻ ഗ്രന്ഥം മാറ്റിവയ്ക്കാം' എന്നു പറഞ്ഞു. അത് കേട്ട് യക്ഷി സസന്തോഷം സത്യം ചെയ്യുകയും ഭട്ടതിരി ഗ്രന്ഥമെടുത്ത് മാറ്റിവെയ്ക്കുകയും അവർ സന്തോഷസമേതം ഭാര്യാഭർത്താക്കന്മാരുടെ നിലയിൽ ആ രാത്രിയെ നയിക്കുകയും ചെയ്തു. വെളുപ്പാൻ കാലമായപ്പോൾ തന്നെക്കൂടെ കൊണ്ടുപോകണമെന്ന് യക്ഷി ഭട്ടതിരിയോടും തന്നോടുകൂടി പോരണമെന്ന് ഭട്ടതിരി യക്ഷിയോടും അപേക്ഷിക്കുകയും അപ്രകാരം രണ്ടുപേരും സമ്മതിക്കുകയും ചെയ്തു. അനന്തരം ഭട്ടതിരിയും അന്യന്മാർക്ക് അദൃശ്യയായി യക്ഷിയും അവിടെനിന്ന് പുറപ്പെട്ട് ഏതാനും ദിവസങ്ങൾകൊണ്ട് വയസ്കരയില്ലത്ത് വന്നുചേരുകയും പിന്നെയും അവർ ഭാര്യാഭർത്താക്കന്മാരെപ്പോലെ പരസ്പരസ്നേഹത്തോടുകൂടി തന്നെ വർത്തിക്കുകയും ചെയ്തു.

ആ യക്ഷി വിട്ടുപിരിയാതെ സദാ വയസ്കരയില്ലത്തുതന്നെ താമസിച്ചിരുന്നുവെങ്കിലും ഭട്ടതിരിക്കല്ലാതെ മറ്റാർക്കും ആ ദിവ്യമൂർത്തിയെ കാണാൻ പാടില്ലായിരുന്നു. അതിനാൽ ഈ കഥയൊന്നും മറ്റാരും അറിഞ്ഞിരുന്നില്ല.

ഇങ്ങനെ ഏതാനും കാലം കഴിഞ്ഞപ്പോൾ ആ യക്ഷി ഭട്ടതിരിയിൽ നിന്നും ഗർഭം ധരിക്കുകയും അചിരേണ പ്രസവിച്ച് ഒരു പെൺകുട്ടിയുണ്ടാവുകയും ചെയ്തു. അപ്പോഴേക്കും ഭട്ടതിരിക്ക് യൗവനം ക്ഷയിക്കുകയാൽ അദ്ദേഹത്തിനും യക്ഷിക്കും പരസ്പരം വിരക്തി ജനിക്കുകയും യക്ഷി സ്വപുത്രിയെ മേനക ശകുന്തളയെ എന്നപോലെ അവിടെ ത്യജിച്ചിട്ട് സ്വസ്ഥാനത്തേക്ക് പോവുകയും ചെയ്തു. ആ യക്ഷിയുടെ അനുഗ്രഹത്താൽ ആ പുത്രിയും ദിവ്യയായ ഒരു യക്ഷിയായി പെട്ടെന്നു യൗവനയുക്തയായി തീരുകയും അന്യന്മാർക്ക് അദൃശ്യയായി അവിടെത്തന്നെ താമസിക്കുകയും ചെയ്തു.

ചതുർവേദഭട്ടതിരി ചരമഗതിയെ പ്രാപിക്കാറായ സമയം സ്വപുത്രിയായ യക്ഷിയെ അടുക്കൽ വിളിച്ചു സ്വകാര്യമായി 'ഞാൻ ഇഹലോകവാസം വിടാറായിരിക്കുന്നു. എങ്കിലും നീ കുടുംബപരദേവതയായി എന്നും ഇവിടെത്തന്നെ വസിക്കണം. നിന്നെ ഒരു പരദേവതയായി ഇവിടെയുളളവർ എന്നും ആചരിച്ചുകൊളളും.' എന്നും പറഞ്ഞിട്ട് അദ്ദേഹം തന്റെ സജാതീയഭാര്യയിലുണ്ടായിരുന്ന പ്രഥമപുത്രനേയും അടുക്കൽ വിളിച്ച് തനിക്ക് യക്ഷി ഭാര്യയായിത്തീർന്ന കഥയും പുത്രിയുണ്ടായതും ആ പുത്രി കുടുംബപരദേവതയായി താമസിക്കുന്ന വിവരവും ആ പുത്രിയായ യക്ഷിയെ ആചരിക്കേണ്ടുന്ന ക്രമവും മറ്റും പറയുകയും ഉടനെ മരിക്കുകയും ചെയ്തു.

ചതുർവേദ ഭട്ടതിരിയുടെ പുത്രിയായ യക്ഷി ഇപ്പോഴും അദൃശ്യയായി വയസ്കരയില്ലത്തു താമസിച്ചുവരുന്നുണ്ടെന്നാണ് വിശ്വാസം. ആ യക്ഷിയെ സുന്ദരിയായ സ്ത്രീയുടെ രൂപത്തിലും സ്വരൂപത്തിലും അഗ്നിഗോളമായും മറ്റും ഏതാനും കാലങ്ങൾക്കു മുമ്പുവരെ പലരും കണ്ടിട്ടുളളതായി കേൾവിയുമുണ്ട്.

വയസ്കരയില്ലത്ത് ഇപ്പോഴും ആണ്ടിലൊരിക്കൽ ഒരു ദിവസം കുറുപ്പന്മാരെക്കൊണ്ടു കളമെഴുത്തും പാട്ടും നടത്തി വരുന്നുണ്ട്. ഇത് മുൻപിനാലേ നടത്തിവരുന്നതാണ്. കുറുപ്പന്മാരെഴുതുന്ന കളങ്ങ(അഞ്ചു നിറത്തിലുളള പൊടികൾകൊണ്ട് നിലത്തു വരയ്ക്കുന്ന സ്വരൂപങ്ങളുടെ)ളുടെ കൂട്ടത്തിൽ ചതുർവേദഭട്ടതിരിയുടേയും യക്ഷിയുടേയും കളങ്ങൾകൂടി ഇപ്പോഴും എഴുതിക്കാണിക്കുന്നുണ്ട്. യക്ഷിയെക്കുറിച്ചുളള പാട്ടിൽ കുറുപ്പന്മാർ ചതുർവേദഭട്ടതിരിക്കു തിരുമകളായിരുന്നമ്മ എന്നു കൂടി പാടുന്നുണ്ട്. അതിനാൽ ഈ ഐതിഹ്യം കേവലം അടിസ്ഥാനരഹിതമല്ലെന്നും ഏതോ ഒരു കാലത്ത് ഏതാണ്ടൊക്കെ ഉണ്ടായിട്ടുളളതാണെന്നും വിശ്വസിക്കാവുന്നതായിത്തന്നെ ഇരിക്കുന്നു.

## പിലാമന്തോൾ മൂസ്സ്

പിലാമന്തോൾ മൂസ്സിന്റെ ഇല്ലം ബ്രിട്ടീഷുമലബാറിൽ വളളുവനാടു താലൂക്കിൽ പിലാമന്തോൾ അംശത്തിൽ പിലാമന്തോൾ ദേശത്താണ്. ഈ ഇല്ലക്കാർ പണ്ടു സാമൂതിരിപ്പാടു തമ്പുരാന്റെ ഇഷ്ടന്മാരും പ്രത്യേക വൈദ്യന്മാരും വൈദ്യവിഷയത്തിൽ അതിവിദഗ്ദ്ധന്മാരും സുപ്രസിദ്ധന്മാരുമായിരുന്നു. ആ സ്ഥിതിക്ക് ഇപ്പോഴും വലിയ വ്യത്യാസമൊന്നും വന്നിട്ടില്ല.

പണ്ടൊരിക്കൽ (അന്നു നാടുവാണിരുന്ന) തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്ക് അതികഠിനമായ ഒരു ശീലായ്മ (വയറ്റിൽ വേദന) ഉണ്ടാവുകയും തിരുവിതാംകൂറിലും കൊച്ചിയിലും മറ്റുമുളള പ്രസിദ്ധന്മാരായ സകല വൈദ്യന്മാരും പഠിച്ച പണി എല്ലാം നോക്കീട്ടും അതു ഭേദമാകാതെയിരിക്കുകയും ചെയ്യുകയാൽ ഒടുക്കം പിലാമന്തോൾ മൂസ്സിനെ വരുത്തണമെന്ന് നിശ്ചയിച്ച് അങ്ങോട്ടാളയച്ചു. മുൻപുണ്ടായിരുന്ന പിലാമന്തോൾ മൂസ്സന്മാരെക്കുറിച്ചുളള കേൾവി നിമിത്തമാണ് അങ്ങോട്ടാളയച്ചത്. എന്നാൽ അക്കാലത്ത് അവിടെ പ്രായപൂർത്തിവന്നവരോ വൈദ്യവിദ്യ അഭ്യസിച്ചവരോ ആയ പുരുഷന്മാർ ആരുംതന്നെ ഉണ്ടായിരുന്നില്ല. ഏകദേശം പതിന്നാലു വയസ്സുമാത്രം പ്രായമായ ഒരു ഉണ്ണിമൂസ്സു മാത്രമേ അവിടെ ഉണ്ടായിരുന്നുളളു. ഉപനയനവും സമാവർത്തനവും കഴിഞ്ഞിരുന്നുവെങ്കിലും വൈദ്യവിഷയകമായി യാതൊന്നും അവിടുന്ന് പഠിച്ചിരുന്നില്ല. മഹാരാജാവ് തിരുമനസ്സിലെ ആളുകൾ ചെന്നു വിവരം പറഞ്ഞപ്പോൾ അവിടുന്ന് അത്യന്തം വിഷണ്ണനായിത്തീർന്നു. എന്റെ പൂർവ്വന്മാർ മഹായോഗ്യന്മാരും വലിയ വൈദ്യന്മാരും വൈദ്യവിഷയമായി പല അത്ഭുതകർമ്മങ്ങൾ ചെയ്തിട്ടുളളവരും പ്രസിദ്ധന്മാരുമായിരുന്നതിനാലാണല്ലോ മഹാരാജാവ് കല്പിച്ച്

ഇവിടെ ആളയയ്ക്കാനിടയായത്. കഷ്ടം! ഈശ്വരാ! ഞാനിങ്ങനെയായിപ്പോയല്ലോ. എന്റെ അച്ഛൻ എനിക്കു ബാല്യമായിരുന്നപ്പോൾതന്നെ മരിച്ചുപോയതിനാലാണല്ലോ എനിക്ക് ഒന്നും പഠിക്കാനിടയാകാഞ്ഞത്. തിരുവിതാംകൂറിൽ പോയി മഹാരാജാവിന്റെ സുഖക്കേടു ഭേദമാക്കിയെങ്കിൽ എനിക്കു വളരെ ശ്രേയസ്സും യശസ്സും ബഹുമതിയും ലഭിക്കുമായിരുന്നു. ഒന്നും പഠിച്ചിട്ടില്ലാത്ത ഞാൻ വിചാരിച്ചാൽ അതു സാധ്യമല്ലല്ലോ. ഈശ്വരാ ഇപ്പോൾ ഞാൻ ഇവിടെ എന്താണ് ചെയ്യേണ്ടത്. എനിക്കൊന്നും അറിഞ്ഞുകൂടെന്നു പറഞ്ഞാൽ ഈ കുടുംബത്തേക്കുകൂടി കുറച്ചിലായിത്തീരുമല്ലോ എന്നിങ്ങനെ വിചാരിച്ച് അവിടുന്ന് ഏറ്റവും വിഷാദത്തോടുകൂടി അകത്തുചെന്ന് തന്റെ അമ്മയെ വിളിച്ചു വിവരമെല്ലാം പറഞ്ഞു അപ്പോൾ ആ അന്തർജ്ജനം 'ഉണ്ണി ഒട്ടും വിഷാദിക്കേണ്ട, നമ്മുടെ പരദൈവമായ പരമേശ്വരനെ ഭക്തിപൂർവ്വം പന്ത്രണ്ടു ദിവസം ഭജിക്കുക. അദ്ദേഹം എന്തെങ്കിലും നിവൃത്തിയുണ്ടാക്കിത്തരും. ഭജനം കഴിഞ്ഞിട്ട് ചെല്ലാമെന്ന് പറഞ്ഞു മഹാരാജാവിന്റെ ആളുകളെ അയയ്ക്കുക' എന്നു പറഞ്ഞു. അപ്രകാരം തന്നെ ഉണ്ണിമൂസ്സ് പുറത്തുവന്നു മഹാരാജാവിന്റെ ആളുകളോട് 'എനിക്ക് ഇപ്പോൾ ഇവിടെ അമ്പലത്തിൽ ഭജനമാണ്. അതിനി പന്ത്രണ്ടു ദിവസം കൂടിയുണ്ട്. അതു കഴിഞ്ഞല്ലാതെ വരാൻ എനിക്കു നിവൃത്തിയില്ല. നിങ്ങൾ പോയി ഭജനം കഴിയുമ്പോഴേക്കും വരിക. പിന്നെ നമുക്ക് ഒരുമിച്ചു പോകാം' എന്നു പറഞ്ഞു. അതു കേട്ടു രാജപുരുഷന്മാർ 'പന്ത്രണ്ടു ദിവസം കഴിഞ്ഞാൽ മതിയല്ലോ അത്രയും ദിവസംകൊണ്ട് പോയിവരാൻ സാധിക്കയില്ല. സ്വല്പം താമസിച്ചാലും ഒരുമിച്ചു കൊണ്ടുചെല്ലണമെന്നാണ് കല്പന. അതിനാൽ ഭജനം കഴിയുന്നതുവരെ ഞങ്ങൾ ഇവിടെ താമസിച്ചുകൊള്ളാം' എന്നു പറഞ്ഞു. എന്നാൽ അങ്ങനെതന്നെ എന്ന് ഉണ്ണിമൂസ്സും സമ്മതിക്കുകയും അവിടുന്ന് അന്നുതന്നെ ഭജനം ആരംഭിക്കുകയും ചെയ്തു. ഭജനം അത്യന്തം ഭക്തിയോടും വലിയ നിഷ്ഠയോടുംകൂടിയായിരുന്നു. ഭജനം തുടങ്ങിയതിന്റെ പതിനൊന്നാം ദിവസം രാത്രിയിൽ ഉണ്ണിമൂസ്സ് അമ്പലത്തിൽകിടന്നുറങ്ങിയ സമയം ഒരു വൃദ്ധബ്രാഹ്മണൻ തന്റെ അടുക്കൽ വന്ന് 'ഹേ അങ്ങ് ഒട്ടും വ്യസനിക്കേണ്ട. അങ്ങു തിരുവിതാംകൂറിൽച്ചെന്ന് ഇതാ ഈ മരുന്ന് മൂന്നു നേരം കാഞ്ഞവെള്ളത്തിൽ കലക്കി മഹാരാജാവിന് കൊടുക്കണം. ഇതു കൊണ്ട് നല്ല സുഖമാകും. മഹാരാജാവ് എന്തെങ്കിലും തന്നാൽ ഒന്നും വാങ്ങരുത്. എനിക്ക് ഇതൊന്നും വേണ്ടാ എന്നു പറയണം. അപ്പോൾ പിന്നെ എന്താണ് വേണ്ടത് എന്ന് മഹാരാജാവ് ചോദിക്കും. ഉടനെ അങ്ങ് താമ്രപർണ്ണീനദിയിൽ ധന്വന്തരിയുടെ വിഗ്രഹം കിടക്കുന്നുണ്ട്. അത് അവിടെനിന്ന് എടുപ്പിച്ച് എന്റെ പരദേവതയായ ശിവന്റെ ഇടതുവശത്ത് ആ അമ്പലത്തിൽത്തന്നെ പ്രതിഷ്ഠ കഴിപ്പിച്ചു തരണം. ഇതാണ് എനിക്കു വേണ്ടത്. ബിംബം മുങ്ങിയെടുക്കാനുള്ള ആളുകൾ താമ്രപർണ്ണീതീരത്തു ചെല്ലുമ്പോൾ അതു കിടക്കുന്ന സ്ഥലം കാണിച്ചുകൊടുക്കുന്നതിനും പ്രതിഷ്ഠ കഴിക്കുന്നതിനുമുള്ള ആൾ അവിടെ വരും. ആൾ പറയുന്ന സ്ഥലത്തുനിന്ന് ബിംബമെടുപ്പിച്ച് ആ ആളെക്കൊണ്ടു പ്രതിഷ്ഠ കഴിച്ചാൽ മതി' എന്നും പറയണം. ഇത് എങ്ങനെ അറിഞ്ഞു എന്നു മഹാരാജാവ് ചോദിച്ചാൽ ഈ പരമാർത്ഥമൊന്നും പറയരുത് 'ഞാൻ ഇങ്ങനെ കേട്ടിട്ടുണ്ട് എന്നു മാത്രമേ പറയാവൂ. മഹാരാജാവ് ബിംബം എടുപ്പിച്ച് പ്രതിഷ്ഠ കഴിപ്പിച്ചാൽപ്പിന്നെ ഇപ്പോൾ ശിവനെ എന്നപോലെ തന്നെ ധന്വന്തരിയേയും പരദേവതയായി വിചാരിച്ചു സേവിച്ചു കൊള്ളണം. പൂജാനിവേദ്യാദികൾ രണ്ടു സ്ഥലത്തും യാതൊരു വ്യത്യാസവും കൂടാതെ ഭക്തിപൂർവ്വം ഒരുപോലെ നടത്തിച്ചുകൊള്ളണം. എന്നാൽ നിങ്ങൾക്ക് ഐശ്വര്യവും വൈദ്യത്തിൽ പ്രസിദ്ധിയും പൂർവ്വാധികം വർദ്ധിക്കും' എന്നു പറഞ്ഞു മൂന്നു ഗുളിക തന്റെ കയ്യിൽ വച്ചതായി ഉണ്ണി മൂസ്സിന്നു തോന്നി. ഉടനെ ഉണർന്നു നോക്കിയപ്പോൾ അവിടെയെങ്ങും ആരെയും കണ്ടില്ല. എങ്കിലും മൂന്നു ഗുളിക തന്റെ കയ്യിൽ ഇരിക്കുന്നതായി കണ്ട് ഉണ്ണിമൂസ്സ് വളരെ വിസ്മയിക്കുകയും വൃദ്ധബ്രാഹ്മണന്റെ വേഷത്തിൽ തന്റെ അടുക്കൽ വന്ന ഇപ്രകാരം പറയുകയും മരുന്നു തരുകയും ചെയ്തത് തന്റെ പരദേവതയായ ശ്രീപരമേശ്വരൻ തന്നെയാണെന്ന് വിശ്വസിക്കുകയും ചെയ്തു.

പന്ത്രണ്ടു ദിവസം കഴിഞ്ഞ് പതിമൂന്നാംദിവസം യഥാവിധി ഭജനം കാലം കൂടുകയും ഇല്ലത്തു ചെന്ന് അമ്മയെ വിളിച്ച് വിവരമെല്ലാം ധരിപ്പിക്കുകയും പാദത്തിങ്കൽ വീണു നമസ്കരിച്ചു യാത്ര പറഞ്ഞു അനുഗ്രഹവും അനുവാദവും വാങ്ങിയതിന്റെ ശേഷം ഉണ്ണിമൂസ്സ് മഹാരാജാവിന്റെ ആളുകളോടുകൂടി തിരുവിതാംകൂറിലേക്ക് പുറപ്പെടുകയും യഥാകാലം രാജധാനിയിലെത്തി മഹാരാജാവിനെ കാണുകയും തന്റെ കൈവശമുണ്ടായിരുന്ന ഗുളിക മൂന്നും മൂന്നു നേരമായി മഹാരാജാവിനെ സേവിപ്പിക്കുകയും ചെയ്തു.

ആ ഗുളിക സേവിച്ചതോടുകൂടി തിരുമനസ്സിലേക്ക് വയറ്റിൽ വേദന നിശ്ശേഷം വിട്ടുമാറി. അവിടുന്നു പരിപൂർണ്ണസുഖത്തെ പ്രാപിച്ചു. അതിനാൽ അവിടുന്നു സന്തോഷിച്ചു ഉണ്ണിമൂസ്സിന്നു വിലപിടിച്ച അനേകം സമ്മാനങ്ങൾ കൽപിച്ചു കൊടുത്തു. ഉണ്ണിമൂസ്സ് 'എനിക്ക് ഇതൊന്നും ആവശ്യമില്ല' എന്നു

പറഞ്ഞു ഉപേക്ഷിച്ചതല്ലാതെ അവയിലൊന്നും സ്വീകരിച്ചില്ല. 'പിന്നെ മൂസ്സിന്ന് എന്താണ് വേണ്ടതെന്ന്' കൽപിച്ചു ചോദിച്ചപ്പോൾ ഉണ്ണിമൂസ്സ് തന്നോട് ഉറക്കത്തിൽ വൃദ്ധബ്രാഹ്മണൻ പറഞ്ഞതുപോലെയൊക്കെ പറയുകയും അപ്രകാരമെല്ലാം ചെയ്യുന്നതിനു വേണ്ടുന്ന പണവും കൊടുത്തു തക്കതായ ആളുകളെ കൽപിച്ചയയ്ക്കുകയും ചെയ്തു.

മഹാരാജാവ് തിരുമനസ്സുകൊണ്ട് കൽപിച്ചയച്ച ആളുകൾ താമ്രപർണ്ണീതീരത്തെത്തി, ഏതു ഭാഗത്താണ് മുങ്ങിത്തപ്പേണ്ടതെന്ന് സംശയിച്ചുകൊണ്ടുനിന്നപ്പോൾ എവിടെനിന്നോ അവിടെ ഒരു സന്യാസി ചെന്നുചേർന്നു. അപ്പോൾ ഒരു കൃഷ്ണപ്പരുന്ത് നദിയുടെ മേൽഭാഗത്തു വട്ടത്തിൽ പറന്നുകൊണ്ടിരിക്കുകയും ചെയ്തു. ആ സന്യാസി രാജപുരുഷന്മാരോട് 'നിങ്ങൾ എന്താണ് സംശയിച്ചു നിൽക്കുന്നത്' ആ പരുന്തു പറക്കുന്നതിന്റെ നേരെ താഴെ മുങ്ങി നോക്കിയാൽ ബിംബം കിട്ടും' എന്നു പറഞ്ഞു. മഹാരാജാവിന്റെ ആളുകൾ അവിടെ മുങ്ങിത്തപ്പുകയും ധന്വന്തരിയുടെ ഒരു ശിലാവിഗ്രഹം കണ്ടുകിട്ടുകയും ചെയ്തു. ബിംബമെടുത്തു കരയ്ക്കുകൊണ്ടുവന്നപ്പോൾ ആ സന്യാസി 'നിങ്ങൾ ഈ ബിംബം കൊണ്ടുപോയി പ്രതിഷ്ഠയ്ക്കു വേണ്ടതൊക്കെ തയ്യാറാക്കുവിൻ. പ്രതിഷ്ഠയ്ക്കുള്ള മുഹൂർത്തമാകുമ്പോൾ ഞാനവിടെ വന്നു പ്രതിഷ്ഠ നടത്തിക്കൊള്ളാം' എന്നു പറഞ്ഞിട്ട് അവിടെനിന്നു പോവുകയും ചെയ്തു. ആ സന്യാസി എവിടെനിന്നാണ് വന്നതെന്നും എങ്ങോട്ടാണ് പോയതെന്നും ആർക്കും നിശ്ചയമില്ല.

മഹാരാജാവിന്റെ ആളുകൾ ബിംബവുംകൊണ്ട് പിലാമന്തോൾ എത്തി. ബിംബം അവിടെ പുഴയിൽ ജലാധിവാസം ചെയ്യിക്കുകയും മൂസ്സിന്റെ പരദേവതയായ ശിവന്റെ അമ്പലത്തിൽതന്നെ മുമ്പുണ്ടായിരുന്ന ശ്രീകോവിലിന്റെ ഇടതുവശത്തായി ഒരു ശ്രീകോവിൽകൂടി പണിയിക്കുകയും പ്രതിഷ്ഠയ്ക്ക് ഒരു ശുഭമുഹൂർത്തം നിശ്ചയിക്കുകയും മുഹൂർത്തസമയമായപ്പോൾ മേൽപ്പറഞ്ഞ സന്യാസി അവിടെ എത്തുകയും ബിംബമെടുത്തുകൊണ്ടുവരുവാൻ ആജ്ഞാപിക്കുകയും ചെയ്തു. ഉടനെ രണ്ടു ബ്രാഹ്മണശ്രേഷ്ഠന്മാർ പോയി ബിംബമെടുക്കാൻ നോക്കിയിട്ടു സാധിക്കായ്കയാൽ പിന്നെ നാലഞ്ചുപേർകൂടി പോയി. എന്നിട്ടും സാധിച്ചില്ല. കിം ബഹുനാ? അസംഖ്യം ബ്രാഹ്മണന്മാർകൂടി ശ്രമിച്ചിട്ടും ആ ബിംബം അവിടെനിന്ന് ഇളക്കിയെടുക്കുവാൻ സാധിക്കയില്ലെന്നു തീർച്ചയാക്കിയപ്പോൾ ആ സന്യാസി ഒരു ജലപാത്രമെടുത്തുംകൊണ്ട് ആ സ്ഥലത്തേക്കു ചെല്ലുകയും ഒരു കൈകൊണ്ട് നിഷ്പ്രയാസം ആ ബിംബം പുഴയിൽനിന്ന് എടുക്കുകയും മറ്റേ കയ്യിലുണ്ടായിരുന്ന ജലപാത്രത്തിൽ വെള്ളം മുക്കിയെടുക്കുകയും ചെയ്തുകൊണ്ട് അമ്പലത്തിലെത്തി. മുഹൂർത്തസമയത്തുതന്നെ ബിംബം പ്രതിഷ്ഠിക്കുകയും ജലപാത്രത്തിലുണ്ടായിരുന്ന വെള്ളംകൊണ്ട് ബിംബത്തിന് അഭിഷേകം കഴിക്കുകയും ചെയ്തു. അന്നു മുതൽ പിലാമന്തോൾ മൂസ്സന്മാർക്കു ശിവനും ധന്വന്തരിയും പരദേവതമാരായിത്തീർന്നു. അവർ ഇന്നും ആ രണ്ടു ദേവന്മാരെയും ഒരുപോലെ സേവിക്കുകയും ആചരിക്കുകയും ചെയ്തുവരുന്നു. അവിടെ രണ്ടു ദേവന്മാർക്കും നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം മുതലായവയെല്ലാം ഇന്നും ഒരുപോലെ തന്നെയാണ് നടത്തിവരുന്നത്. ആരെങ്കിലും അവിടെ വഴിപാട് കഴിക്കുകയാണെങ്കിലും രണ്ടു ദേവന്മാർക്കും ഒരുപോലെ വേണം. ഒരു കദളിപ്പഴം നിവേദിക്കുകയാണെങ്കിലും അതു നടുവേ മുറിച്ചു രണ്ടിടത്തും ഒരുപോലെ നിവേദിക്കണം. ഇങ്ങനെയെല്ലാം ഇപ്പോഴും നടന്നുവരുന്നു.

തിരുവിതാംകൂർ മഹാരാജാവിന്റെ സുഖക്കേടു ഭേദമാക്കിയ ഉണ്ണിമൂസ്സ് ധന്വന്തരിയുടെ പ്രതിഷ്ഠ കഴിഞ്ഞതിന്റെ ശേഷം ആ ദേവനേയും പൂർവ്വപരദേവതയായ ശിവനേയും ഭക്തിപൂർവ്വം വളരെ സേവിക്കുകയും അഷ്ടവൈദ്യന്മാരിലൊരാളായ ആലത്തൂർനമ്പിയുടെ അടുക്കൽ യഥാക്രമം വൈദ്യശാസ്ത്രം പഠിക്കുകയും വൈദ്യവിഷയത്തിൽ അവിടുന്ന് അതിസമർത്ഥനും വിശ്വവിശ്രുതനുമായിത്തീരുകയും അനന്തരം തന്റെ ഗുരുനാഥന്റെ പുത്രിയായ ഒരു കന്യകയെ യഥാക്രമം വിവാഹം കഴിക്കുകയും അതിൽ അവിടേക്കു ധാരാളം പുത്രസന്താനങ്ങളുണ്ടാവുകയും ആ സന്താനപരമ്പര ക്രമേണ വർദ്ധിക്കുകയും അവരെല്ലാവരും അവരുടെ പരദേവതമാരെ യഥാക്രമം സേവിക്കുകയാൽ വൈദ്യവിഷയത്തിൽ പൂർവ്വന്മാരെ അതിശയിച്ചു പ്രസിദ്ധന്മാരായിത്തീരുകയും ചെയ്തു.

ധന്വന്തരിയെ പ്രതിഷ്ഠിച്ച സന്യാസി പ്രതിഷ്ഠാനന്തരം എങ്ങോട്ടും പോയില്ല. തപസ്സുചെയ്തുകൊണ്ട് ആ അമ്പലത്തിൽത്തന്നെ വളരെക്കാലമിരിക്കുകയും ഒടുക്കം അവിടെവച്ചുതന്നെ സ്വർഗ്ഗാരോഹണം ചെയ്യുകയും ചെയ്തു. സന്യാസിയുടെ മൃതശരീരം ആ അമ്പലത്തിൽത്തന്നെ രണ്ടു ശ്രീകോവിലുകളുടേയും മദ്ധ്യത്തിലായി ഭൂമിദാനം ചെയ്യ( സംസ്കരിക്ക) പ്പെടുകയും ആ സ്ഥലത്ത്

ഒരു തറകെട്ടിച്ചു തുളസി നടുകയും ചെയ്തു. ആ തുളസിത്തറയും തുളസിയും ഇപ്പോഴും അവിടെ കാൺമാനുണ്ട്.

ധന്വന്തരിയുടെ പ്രതിഷ്ഠയും സന്യാസിയുടെ സ്വർഗ്ഗാരോഹണവും മറ്റും കഴിഞ്ഞിട്ട് വളരെ തലമുറകൾക്കുശേഷം പിലാമന്തോൾ മൂസ്സിന്റെ ഇല്ലത്ത് ഒരു കാലത്ത് ഓരോരുത്തരായി കാലധർമ്മത്തെ പ്രാപിക്കുകയും ഒടുക്കം ഒരു കന്യക മാത്രം ശേഷിക്കുകയും ചെയ്തു. അക്കാലത്തു നാടുവാണിരുന്ന സാമൂതിരിപ്പാടു തമ്പുരാന്റെ പുറത്ത് ഏറ്റവും വലിയതായ ഒരു പ്രമേഹക്കുരു ഉണ്ടാവുകയും അതിനു ചികിത്സിക്കുന്നതിന് പിലാമന്തോൾ ഇല്ലത്തു മൂസ്സന്മാരാരും ഇല്ലാതെയിരിക്കുകയും ചെയ്കയാൽ അവിടുത്തെ പ്രധാന ശിഷ്യന്മാരിലൊരാളും പിലാമന്തോൾക്കു സമീപം 'കുലുക്കല്ലൂർ' എന്ന ദേശത്തുകാരനും 'വടക്കുംകര' എന്ന് ഇല്ലപ്പേരുമായ ഒരു നമ്പൂതിരിയെക്കൊണ്ടു ചികിത്സിപ്പിച്ചു ശസ്ത്രക്രിയ ചെയ്യാതെ സുഖപ്പെടുത്താൻ പ്രയാസമാണെന്നു തോന്നുകയാൽ നമ്പൂരി കുരു കീറുകയും ചികിത്സിച്ചു ദീനം ഭേദമാക്കുകയും ചെയ്തു. ശസ്ത്രക്രിയ ചെയ്യുകയാൽ ആ നമ്പൂരിയുടെ ശ്രാദ്ധാദികൾ ശേഷമുള്ള നമ്പൂതിരിമാർ നടത്തിക്കൊടുക്കാതിരിക്കുകയും അദ്ദേഹത്തിനു സ്വന്തം ഇല്ലത്തുതന്നെ താമസിക്കാൻ പാടില്ലെന്നായിത്തീരുകയും ചെയ്തു. അതിനാൽ ആ വിവരം നമ്പൂരി സാമൂതിരിപ്പാടുതമ്പുരാന്റെ അടുക്കൽ അറിയിക്കുകയും തമ്പുരാൻ ആ നമ്പൂതിരിയെക്കൊണ്ടു പിലാമന്തോളില്ലത്തുണ്ടായിരുന്ന കന്യകയെ വിവാഹം കഴിപ്പിക്കുകയും സർവ്വസ്വദാനമായി അവിടെ ദത്തു കയറ്റി താമസിപ്പിക്കുകയും ആ നമ്പൂതിരിക്കായി വളരെ വസ്തുവഹകൾ കല്പിച്ചു കൊടുക്കുകയും ചെയ്തു. പിലാമന്തോൾ മൂസ്സിന്റെ ഇല്ലത്തേക്ക് ഇപ്പോൾ ഉള്ള വസ്തുക്കളിൽ മിക്കവയും സാമൂതിരിപ്പാടു തമ്പുരാൻ ഇപ്രകാരം കല്പിച്ചു കൊടുത്തിട്ടുള്ളവയും ആ ഇല്ലത്തുള്ളവർ വടക്കുംകര നമ്പൂരിയുടെ സന്താനപരമ്പരയിലുൾപ്പെട്ടവരുമാണ്. ഇപ്പോൾ ആ ഇല്ലത്ത് ഒരു മൂസ്സും അവിടുത്തെ അമ്മയും അവിടുന്ന് വിവാഹം കഴിച്ചിട്ടുള്ള അന്തർജ്ജനവും രണ്ട് പുരുഷസന്താനങ്ങളും ഒരു സ്ത്രീ സന്താനവും മാത്രമേ ഉള്ളു. ആ പുരാതന കുടുംബം സകലൈശ്വര്യങ്ങളോടുംകൂടി എന്നെന്നും വർദ്ധിച്ചിരിക്കുവാൻ സർവ്വേശ്വരൻ കടാക്ഷിക്കുമാറാകട്ടെ.

## *എളേടത്ത് തൈക്കാട്ടു മൂസ്സന്മാർ*

അഷ്ടവൈദ്യന്മാരിൽ ഒട്ടും അപ്രധാനരല്ലാത്ത തൈക്കാട്ടു മൂസ്സന്മാരുടെ ഇല്ലം കൊച്ചി സംസ്ഥാനത്തു തൃശ്ശിവപേരൂർ താലൂക്കിൽ ഒല്ലൂർ തീവണ്ടി സ്റ്റേഷനിൽ നിന്ന് ഒരു നാഴിക തെക്ക് 'തൈക്കാട്ടുശ്ശേരി' എന്ന ദേശത്താണ്. ഈ ഇല്ലക്കാർ മലയാളബ്രാഹ്മണരെന്നൊരു വകക്കാരുണ്ടായ കാലത്തുതന്നെ പെരുമനം ഗ്രാമത്തിലെ വൈദ്യന്മാരായി ശ്രീ പരശുരാമനാൽ നിയമിക്കപ്പെട്ടിട്ടുള്ളവരാണെന്നുള്ള കേട്ടുകേൾവിയല്ലാതെ ഇവരുടെ പൂർവ്വചരിത്രമറിയുന്നതിന് ശരിയായ ലക്ഷ്യമൊന്നും ഇപ്പോൾ കാണുന്നില്ല. അതിനാൽ ഇപ്പോൾ ആ ഇല്ലത്തുള്ള വലിയ മൂസ്സന്മാരുടെ പ്രപിതാമഹൻ മുതൽക്കുണ്ടായിരുന്ന ചില മഹാൻമാരെക്കുറിച്ച്മാത്രം പറയാനേ ഇപ്പോൾ നിവൃത്തിയുള്ളു.

ഇപ്പോഴുള്ള വലിയ മൂസ്സന്മാരുടെ പ്രപിതാമഹനും അദ്ദേഹത്തിന്റെ അനുജനുമായി രണ്ടു മൂസ്സന്മാരുണ്ടായിരുന്നു. അവർ രണ്ടുപേരും ഒരുപോലെ വിദ്വാന്മാരും വൈദ്യശാസ്ത്രനിപുണരുമായിരുന്നു. എങ്കിലും അവരിൽ ജ്യേഷ്ഠനായ പരമേശ്വരൻമൂസ്സിന്നു ചില സമയങ്ങളിൽ സ്വൽപമൊരു ഉന്മാദത്തിന്റെ ഛായ ഉണ്ടാകാറുണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ അടുക്കൽ രോഗികൾ ചെയ്യുകയോ രോഗികളെ കാണിക്കാനായി അദ്ദേഹത്തെ ആരെങ്കിലും കൊണ്ടുപോവുകയോ ചെയ്യാറില്ല. അതെല്ലാം അനുജൻമൂസ്സിനെക്കൊണ്ടാണ് എല്ലാവരും നിർവ്വഹിച്ചിരുന്നത്.

ഇപ്പോൾ ബ്രിട്ടീഷ് മലബാറിലിരിക്കുന്ന പൂമുള്ളിമന മേൽപറഞ്ഞ മൂസ്സന്മാരുടെ കാലത്ത് ഊരകത്തു ക്ഷേത്രത്തിനു സമീപത്തൊരു സ്ഥലത്തായിരുന്നു. അവിടെ ഒരു നമ്പൂതിരിപ്പാട്ടിലേക്ക് എന്തോ സുഖക്കേടാവുകയാൽ അനുജൻമൂസ്സിനെ കൂട്ടിക്കൊണ്ടുചെല്ലാനായി എളേടത്തു തൈക്കാട്ടേക്ക് ആളെ അയച്ചിരുന്നു. ആ ആൾ അവിടെ ചെന്നപ്പോൾ അനുജൻമൂസ്സ് അവിടെയുണ്ടായിരുന്നില്ല. അതിനാൽ ആ ചെന്നയാളോട് ജ്യേഷ്ഠൻ മൂസ്സ് 'അനുജൻ ഇപ്പോൾ ഇവിടെയില്ല. വരുമ്പോൾ വിവരം പറയാം. ഇപ്പോൾത്തന്നെ വരണമെങ്കിൽ ഞാൻ വരാം' എന്നു പറഞ്ഞു. അപ്പോൾ ആ ചെന്നയാൾ 'അതു വേണ്ട അനുജൻമൂസ്സിനെ കൊണ്ടുചെല്ലണമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനാൽ അദ്ദേഹം

വരുമ്പോൾ വിവരം പറഞ്ഞാൽ മതി ‘ എന്നു പറയുകയും ഉടനെ അയാൾ പോവുകയും ചെയ്തു.

ഇതുകേട്ടപ്പോൾ പരമേശ്വരൻ മൂസ്സിനു ദുസ്സഹമായ മനസ്താപമുണ്ടായി. ‘കഷ്ടം, ഈശ്വരാ! എന്റെ സ്ഥിതി ഇങ്ങനെയായിപ്പോയല്ലോ. ശാസ്ത്രങ്ങൾ അനുജൻ പഠിച്ചിട്ടുളളതിൽ ഒട്ടും കുറയാതെ ഞാനും പഠിച്ചിട്ടുണ്ട്. എങ്കിലും എന്റെ അടുക്കൽ ദീനക്കാരാരും വരുന്നില്ല. എന്നെ ആരും എങ്ങും കൊണ്ടുപോകുന്നുമില്ല. ഇപ്പോൾ വന്നയാൾതന്നെ ഞാൻ ചെല്ലേണ്ടെന്നും അനുജൻ ചെന്നാൽ മതിയെന്നുമാണല്ലോ പറഞ്ഞത്. ഈ കുടുംബത്തിൽ ജനിച്ച ഞാൻ ഈ സ്ഥിതിയിൽ എന്തിനാണ് ജീവിച്ചിരിക്കുന്നത്. ഇങ്ങനെ വന്നത് ഈശ്വരാനുകൂല്യം ഇല്ലാഞ്ഞിട്ടുതന്നെയായിരിക്കണമല്ലോ. അതിനാൽ യഥാശക്തി ഈശ്വരനെ സേവിക്കാം‘ എന്നിങ്ങനെ വിചാരിച്ച് തീർച്ചയാക്കുകയും അടുത്തദിവസംതന്നെ അദ്ദേഹം പെരുമനത്തു ക്ഷേത്രത്തിൽ ഭജനം തുടങ്ങുകയും ചെയ്തു. ആ ഭജനം വലിയ നിഷ്ഠയോടുകൂടിയായിരുന്നു എന്നുമാത്രമല്ല അതദ്ദേഹം ഒരു വ്യാഴവട്ടം (പന്ത്രണ്ട് സംവൽസരം) മുഴുവനും നിർവിഘ്നമായി നിർവഹിക്കുകയും ചെയ്തു. പന്ത്രണ്ടാമത്തെ കൊല്ലത്തിൽ ശാല്യന്നഭക്ഷണം കൂടാതെ തന്നെയായിരുന്നു ഭജനം.

ഭജനം കഴിഞ്ഞപ്പോഴേക്കും അദ്ദേഹത്തിനുണ്ടായിരുന്ന ചിത്തഭ്രമം നിശ്ശേഷം ഭേദപ്പെടുകയും ബുദ്ധി ചാണയിൽ തേച്ചുമിനുക്കിയ രത്നംപോലെ പൂർവ്വാധികം തെളിയുകയും അദ്ദേഹത്തിന്റെ അടുക്കൽ പ്രതിദിനം രോഗികൾ സംഖ്യയില്ലാതെ വന്നു തുടങ്ങുകയും അദ്ദേഹത്തിന്റെ ചികിത്സകൾ ഒന്നും തെറ്റാതെ എല്ലാം ശരിയായി ഫലിച്ചു തുടങ്ങുകയും തന്നിനിമിത്തം അദ്ദേഹത്തിന്റെ ഖ്യാതി ലോകത്തിൽ വ്യാപിക്കുകയും ചെയ്തു.

അക്കാലത്ത് എളേടത്ത് തൈക്കാട്ടില്ലത്തിനു സമീപം തന്നെയുള്ള ആലക്കാട്ടു ചെവ്വര മനയ്ക്കലെ ഒരു നമ്പൂരിക്കു തുടയിൽ ഒരുവക ചൊറി തുടങ്ങി. നമ്പൂരി അതു പരമേശ്വരൻമൂസ്സിനെ കാണിച്ചിട്ട് മൂസ്സ് ‘ഇത് കേവലം നിസ്സാരമായ ചൊറിയല്ല. ക്രമേണ ഇതു ദേഹം മുഴുവനും വ്യാപിക്കും. ഒടുക്കം അപായകരമായിത്തീരുകയും ചെയ്യും.’ എന്നുമാത്രം പറഞ്ഞു. ചികിത്സ ഒന്നും പറഞ്ഞുമില്ല. അതിനാൽ നമ്പൂരിക്കു ദുസ്സഹമായ മനസ്താപമുണ്ടായി. നമ്പൂരി ഏറ്റവും സുന്ദരനും യൗവ്വനയുക്തനുമായിരുന്നു. അദ്ദേഹം വ്യസനം സഹിക്കവയ്യാതായിട്ട് മൂസ്സ് ഇപ്രകാരം പറഞ്ഞുവെന്നും ചികിത്സയൊന്നും പറഞ്ഞില്ലെന്നുമുളള വിവരം പലരോടും പറഞ്ഞു. അതു കേട്ടവരെല്ലാം പറഞ്ഞത് ‘എന്നാലിനി അതിനെക്കുറിച്ചൊന്നും വിചാരിക്കാനില്ല. പരമേശ്വരൻമൂസ്സു പറഞ്ഞാൽ അതൊരിക്കലും തെറ്റുകയില്ല.’ എന്നായിരുന്നു. എങ്കിലും ആ നമ്പൂരിയുടെ സ്നേഹിതനായ മറ്റൊരു നമ്പൂരി ‘അങ്ങനെ തീർച്ചയാക്കേണ്ട. ഈശ്വരൻ വിചാരിച്ചാൽ അസാധ്യമായിട്ട് ലോകത്തിൽ യാതൊന്നുമില്ല. അങ്ങ് ആദിത്യനമസ്കാരംതുടങ്ങണം. സുഖം കിട്ടും.’ എന്നു പറഞ്ഞു. ആ സ്നേഹിതൻ പറഞ്ഞതിനെ നമ്പൂരി പൂർണമായി വിശ്വസിക്കുകയും അടുത്ത ദിവസം തന്നെ ആദിത്യനമസ്കാരം തുടങ്ങുകയും ചെയ്തു. കഠിനനിഷ്ഠയോടുകൂടിയാണ് നമ്പൂരി ആദിത്യനമസ്കാരം നടത്തിയത്. ഉദയം മുതൽ കിഴക്കോട്ട് ആയിരത്തെട്ടും ഉച്ചതിരിഞ്ഞാൽ പടിഞ്ഞാട്ട് ആയിരത്തെട്ടും ഇങ്ങനെ പ്രതിദിനം രണ്ടായിരത്തിപ്പതിനാറ് നമസ്കാരം വീതമായിരുന്നു പതിവ്. ഉച്ചയാകുമ്പോൾ മൂഴക്കരി വച്ച് ആദിത്യന് നിവേദിച്ചിട്ട് ആ ചോറ് ഉപ്പുകൂടാതെ ഭക്ഷിക്കും. പിന്നെ വെള്ളം കുടിക്കുകപോലും ചെയ്കയുമില്ല. അങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. ഇങ്ങനെ നാൽപത്തൊന്നു ദിവസം കഴിഞ്ഞപ്പോഴേക്കും നമ്പൂരിയുടെ ദേഹം കരിക്കട്ടപോലെ കറുക്കുകയും കറുത്തതായ ആ ഒരടുക്ക്തൊലി ദേഹത്തിൽ നിന്നു പൊളിഞ്ഞുപോവുകയും അതോടുകൂടി അദ്ദേഹത്തിന്റെ ചൊറി നിശ്ശേഷം പോവുകയും അപ്പോൾ ദേഹത്തിന്റെ നിറം സ്വർണസദൃശമായിത്തീരുകയും അദ്ദേഹം പൂർവ്വാധികം സുന്ദരനായി ഭവിക്കുകയും ചെയ്തു. നമ്പൂരി സ്വസ്ഥശരീരനായിത്തീർന്നതിന്റെ ശേഷം അദ്ദേഹം ആ വിവരം മൂസ്സിനോട് പറഞ്ഞു. അപ്പോൾ മൂസ്സ് ‘ഞാൻ ഈശ്വരനല്ല. മരുന്നു സേവിച്ചാൽ സാധ്യങ്ങളായിട്ടുള്ള രോഗങ്ങൾ മാത്രമേ ഭേദപ്പെടുകയുള്ളു. ഈശ്വരനെ സേവിച്ചാൽ അസാധ്യരോഗങ്ങളും ഭേദപ്പെടും. ഈശ്വരൻ സർവ്വശക്തനാണ്. അവിടേക്ക് അസാധ്യമായിട്ടുള്ളത് ഒന്നുമില്ല. ഇതൊക്കെ വിചാരിച്ചാണ് ഞാനന്ന് അങ്ങനെ പറയുകയും ചികിത്സയൊന്നും പറയാതിരിക്കുകയും ചെയ്തത്. ഞാനന്ന് ചികിത്സ വല്ലതും പറഞ്ഞിരുന്നുവെങ്കിൽ അങ്ങ് അതു ചെയ്യുകയല്ലാതെ ആദിത്യനമസ്കാരം തുടങ്ങുകയില്ലായിരുന്നു എന്നുള്ളത് തീർച്ചയാണല്ലോ. ചികിത്സ വല്ലതും ചെയ്തിരുന്നുവെങ്കിൽ ദീനം ഭേദമാകാതെ അങ്ങ് ഇതിനുമുമ്പ് മരിക്കുമായിരുന്നു. അതിനിടയാകാതെ ഇപ്പോൾ സുഖമായല്ലോ. സന്തോഷമായി.’ എന്നാണ് മറുപടി പറഞ്ഞത്. ആ നമ്പൂരി പിന്നെയും വളരെക്കാലം സസുഖം ജീവിച്ചിരുന്നു.

പരമേശ്വരൻമൂസ്സു പെരുമനത്തു ക്ഷേത്രത്തിലെ ഭജനം കാലംകൂടിയ കാലത്തുതന്നെ

ഗുരുവായൂർക്ഷേത്രത്തിൽ തിങ്ങൾഭജനം തുടങ്ങി. ഒരിക്കൽ അദ്ദേഹം ഗുരുവായൂർക്ക് പോയപ്പോൾ മദ്ധ്യേമാർഗം മൂന്നാളുകളെ മാലകളണിയിച്ചു വാദ്യഘോഷത്തോടുകൂടി കൊണ്ടുപോകുന്നതു കണ്ടു. അവരിൽ ഒരുവൻ ഈഴവനും രണ്ടുപേർ മുഹമ്മദീയരുമായിരുന്നു. അവരെ പുനത്തൂർരാജാവിന്റെ വിധിപ്രകാരം തൂക്കിക്കൊല്ലാൻ കൊണ്ടുപോവുകയാണെന്ന് അവരുടെ കൂടെയുണ്ടായിരുന്ന ചില ഉദ്യോഗസ്ഥന്മാർ പറഞ്ഞറിയുകയാൽ മൂസ്സ് ' ആ ഈഴവനെ കൊണ്ടുപോകണമെന്നില്ല.' എന്നു പറഞ്ഞു. രാജകൽപന നടത്താതെയിരിക്കാൻ നിവൃത്തിയില്ലായ്കയാൽ ആ ഉദ്യോഗസ്ഥന്മാർ മൂസ്സിന്റെ വാക്കിനെ വകവയ്ക്കാതെ അവരെ മൂന്നുപേരെയും കൊലസ്ഥലത്തേക്കുതന്നെ കൊണ്ടുപോയി. കഴുമരങ്ങൾ നാട്ടിയിരുന്നത് ഒരു പുഴയുടെ വക്കത്തായിരുന്നു. കഴുവേറ്റാനുള്ള കുറ്റക്കാരെ കഴുവിലിടുന്നതിന് മുൻപായി അവർക്കെന്തെങ്കിലും ആഗ്രഹമുണ്ടോ എന്നു ചോദിക്കുകയും നിവൃത്തിയുള്ളതെല്ലാം സാധിപ്പിക്കുകയും പതിവായിരുന്നതിനാൽ അപ്രകാരം ആ ഉദ്യോഗസ്ഥന്മാർ ഈ കുറ്റക്കാരോടും ചോദിച്ചു. അവരിൽ രണ്ടുപേർ ആഗ്രഹമൊന്നുമില്ലെന്ന് പറഞ്ഞു. ആ ഈഴവൻ 'ഈ പുഴവക്കത്തുനിൽക്കുന്ന തെങ്ങിന്മേൽക്കയറി ഒരു കരിക്ക് പറിച്ച് അവിടെയിരുന്നുതന്നെ അതു കുടിച്ചാൽ കൊള്ളാമെന്നു മാത്രം ഒരാഗ്രഹമുണ്ട്' എന്നു പറയുകയും ഉദ്യോഗസ്ഥന്മാർ അത് സമ്മതിക്കുകയും ചെയ്തു. അവൻ തെങ്ങിന്മേൽ കയറിയാൽ താഴെയിറങ്ങാതെ ഓടിക്കളയാനും മറ്റും സാധിക്കുകയില്ലല്ലോ എന്നു വിചാരിച്ചാണ് ആ ഉദ്യോഗസ്ഥന്മാർ അനുവദിച്ചത്. അനുവാദം കിട്ടിയക്ഷണത്തിൽ ഈഴവൻ ഒരായുധവും കൊണ്ട് തെങ്ങിന്മേൽ കയറി ഒരു കരിക്ക് പറിച്ചെടുത്ത് അവിടെ ഇരുന്ന് കൊണ്ടുതന്നെ അത് ചെത്തിത്തുളച്ചു കുടിച്ചു. പിന്നെ മന്ദം മന്ദം കീഴ്പോട്ടു ഇറങ്ങിത്തുടങ്ങി. തെങ്ങിന്റെ മധ്യത്തിങ്കലായപ്പോൾ അവൻ പുഴയിലേക്ക് ചാടുകയും നീന്തി മറുകരയിൽ കയറി രക്ഷ പ്രാപിക്കുകയും ചെയ്തു. ഉദ്യോഗസ്ഥന്മാർ ശേഷമുണ്ടായിരുന്ന രണ്ടുപേരെയും തൂക്കിക്കൊന്ന വിവരം രാജാവിന്റെ അടുക്കൽ അറിയിച്ച കൂട്ടത്തിൽ ഈഴവൻ ഓടിപ്പോയ്ക്കളഞ്ഞുവെന്നും അവനെ കൊണ്ടുപോകണമെന്നില്ലെന്നു വഴിക്കുവെച്ചുതന്നെ പരമേശ്വരൻമൂസ്സ് പറഞ്ഞുവെന്നുകൂടി അറിയിച്ചു. ഉടനെ കൽപനപ്രകാരം അന്വേഷണം നടത്തുകയും മൂസ്സു ഗുരുവായൂരുണ്ടെന്ന് അറിയുകയും അദ്ദേഹത്തെ വിളിച്ചുകൊണ്ടുവന്നു രാജസന്നിധിയിൽ ഹാജരാക്കുകയും ചെയ്തു. അപ്പോൾ രാജാവ് ' ആ ഈഴവനെ കൊല്ലാൻ കൊണ്ടു പോയപ്പോൾ കൊണ്ടുപോകണമെന്നില്ല എന്നു പറഞ്ഞതെന്തുകൊണ്ടാണ്.'

മൂസ്സ്: 'അവന് മരണലക്ഷണം ബാധിച്ചിരുന്നില്ല. അതിനാൽ കൊണ്ടുപോയാലും കൊല്ലാൻ സാധിക്കുകയില്ലല്ലോ എന്നു വിചാരിച്ചാണ്.'

രാജാവ്: ആട്ടെ, എന്നാൽ ഞാനെന്നു മരിക്കുമെന്ന് പറയാമോ?

മൂസ്സ്: പറയാം, എങ്കിലും അതറിയുന്നതെന്തിനാണ്?

രാജാവ്: വിശേഷിച്ച് കാര്യമൊന്നുമുണ്ടായിട്ടല്ല. മുൻകൂട്ടി അറിഞ്ഞിരുന്നാൽ യഥാവസരം വല്ല സൽക്കർമ്മങ്ങളും ചെയ്യാമല്ലോ എന്നുമാത്രം വിചാരിച്ചാണ്.

മൂസ്സ്: മരണം എന്നെങ്കിലും ഉണ്ടാകുമെന്ന് തീർച്ചയാണല്ലോ. അതുകൊണ്ട് സൽക്കർമ്മങ്ങൾ എപ്പോഴും ചെയ്യാം. അതു മരണദിവസമറിഞ്ഞിട്ടേ ആകാവൂ എന്നില്ലല്ലോ. അവിടുന്നു മരിക്കുന്നതിന്റെ തലേദിവസം ഞാനിവിടെ വരും. ഞാൻ വന്നാൽ പിറ്റേദിവസം അവിടുന്നു മരിക്കുകയും ചെയ്യും.

ഇത്രയും പറഞ്ഞിട്ട് മൂസ്സ് ഉടനെത്തന്നെ പോയി. പിന്നെ അഞ്ചെട്ടുകൊല്ലം കഴിഞ്ഞതിന്റെ ശേഷം ഒരു ദിവസം വൈകുന്നേരം മൂസ്സ് പുന്നത്തൂർ കോട്ടയിലെത്തി. പിറ്റേദിവസം രാജാവിന്റെ തിരുനാളായിരുന്നു. അതിന്റെ ബഹളം കൊണ്ടും മറ്റും മൂസ്സ് അന്നു രാജാവിനെ കണ്ടില്ല. അത്താഴം കഴിച്ച് മൂസ്സ് അവിടെ ഒരു സ്ഥലത്ത് കിടന്നുറങ്ങി. പിറ്റേദിവസം രാവിലെ കുളിയും നിത്യകർമാനുഷ്ഠാനാദികളും കഴിച്ച് നമ്പൂരിമാരുടെ കൂട്ടത്തിൽ പോയിരുന്ന് ഊണുകഴിച്ചു. മൂസ്സ് എല്ലാവരേയുംകാൾ മുൻപ് ഊണുകഴിച്ചു. ക്ഷണത്തിൽ കൈകഴുകി രാജസന്നിധിയിലേക്ക പോയി. അവിടെച്ചെന്നപ്പോൾ രാജാവ് ഉണ്ണാനിരിക്കുകയായിരുന്നു. രാജാവിന് ഉറത്തെരു വിളമ്പിയ സമയത്താണ് മൂസ്സ് അവിടെയെത്തിയത്. ഉറത്തെരുകൂട്ടി ഒരുരുള ഉണ്ടപ്പോൾ രാജാവ് 'എന്തോ, തലതിരിയുന്നുവെന്ന് തോന്നുന്നുവല്ലോ. എന്നു പറയുകയും രണ്ടു കവിൾ ഛർദ്ദിക്കുകയും ചെയ്തു. ഉടനെ മൂസ്സ് അടുക്കലുണ്ടായിരുന്ന ഇളയരാജാക്കന്മാരോട് 'ക്ഷണത്തിൽ പിടിച്ചെടുത്ത് മാറ്റിക്കിടത്തണം. പുല്ലും മണലും വിരിച്ച നിലത്തുകിടത്തിയാൽ മതി' എന്നു പറഞ്ഞു. അവർ അപ്രകാരം ചെയ്യുകയും അപ്പോഴേക്കും മൂസ്സ് പുറത്തിറങ്ങിപ്പോകുകയും ഉടനെ രാജാവ് മരിക്കുകയും ചെയ്തു.

മുൻകാലങ്ങളിൽ പെരുമനത്തടുത്തുള്ള പനണ്യത്തു ക്ഷേത്രത്തിൽ ആണ്ടുതോറും ഓത്തൂട്ടു (മുറജപംപോലെ ഒരടിയന്തിരം) പതിവുണ്ടായിരുന്നു. അത് ഓരോ ദിവസവും ഓരോരുത്തരുടെ വകയായിട്ടു നടത്തുകയാണ് പതിവ്. ഓരോരുത്തരും 'എന്റെ പേർക്കുള്ളത് അധികം കേമമാക്കണം, എന്റെ പേർക്കുള്ളത് അധികം കേമമാക്കണം' എന്നുള്ള വിചാരത്തോടുകൂടി മത്സരിച്ചാണ് അതു നടത്തിയിരുന്നത്. ഓത്തൂട്ടിനു പകൽ നല്ല ഭംഗിയായിട്ടുള്ള ഒരു ഊണിന്റെ വട്ടം മാത്രമേ പതിവുള്ളു. സദ്യയുടെ കേമത്തമെല്ലാം രാത്രിയിലാണ്. പഞ്ചസാരപ്പായസം എടുത്തു വിലക്കിയാൽപ്പോരാ രണ്ടും മൂന്നും വാർപ്പു നിറച്ചു ശേഷിച്ചുകിടക്കണം എന്നാണ് ഓരോരുത്തരുടേയും വിചാരം. പഞ്ചസാരപ്പായസം ആർക്കും വേണ്ടാതെയായിട്ട് അധികം കിടക്കുന്നതിന്റെ കണക്കു നോക്കിയിട്ടാണ് ആരുടെ പേർക്കുള്ള ഓത്തൂട്ടാണ് അധികം കേമമായതെന്നു തീർച്ചയാക്കുക. ഇപ്രകാരമുള്ള ഓത്തൂട്ട് ഒരു കൊല്ലം നടന്നുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം ഉച്ചയ്ക്ക് ഊണുകഴിഞ്ഞു 'പഴേടം' എന്ന് ഇല്ലപ്പേരായ ഒരു നമ്പൂരി കുളപ്പുരയിൽപോയി കിടന്ന് ഉറങ്ങി. ആ സമയത്ത് പരമേശ്വരൻ മൂസ്സും അവിടെ അകസ്മാൽ ചെന്നുചേർന്നു. മൂസ്സും കാലും മുഖവും കഴുകുന്നതിനോ മറ്റോ ആയിട്ട് കുളത്തിൽ ചെന്നിറങ്ങി നോക്കിയപ്പോൾ ഒരു കൂർക്കംവലികേട്ട് 'ആ കൂർക്കം വലിക്കുന്നതാരാണ്' എന്നു കരയ്ക്കു നിന്നിരുന്ന ചില നമ്പൂരിമാരോട് ചോദിച്ചു. അപ്പോൾ അവർ 'പഴേടമാണ്' എന്നു മറുപടി പറഞ്ഞു. ഉടനെ മൂസ്സ് 'അദ്ദേഹത്തെ ക്ഷണത്തിൽ വിളിച്ചുണർത്തി അദ്ദേഹത്തിന്റെ ഇല്ലത്തേയ്ക്ക് പറഞ്ഞയയ്ക്കണം.'' എന്നു പറയുകയും ആ നമ്പൂരിമാർ അപ്രകാരം ചെയ്യുകയും അദ്ദേഹം ഇല്ലത്തെത്തിട്ട് രണ്ടു നാഴിക കഴിയുന്നതിന് മുമ്പു മരിക്കുകയും ചെയ്തു. പനണ്യത്തു ക്ഷേത്രത്തിൽനിന്നു പഴേടത്തില്ലത്തേക്ക് ഏകദേശം നാലു നാഴികയേ ദൂരമുള്ളു.

ഇങ്ങനെ പരമേശ്വരൻമൂസ്സിന്റെ ദിവ്യത്വങ്ങൾ ഇനിയും വളരെ പറയാനുണ്ട്. ഇത്രയും പറഞ്ഞതുകൊണ്ടുതന്നെ അദ്ദേഹം ഒരസാമാന്യനായിരുന്നുവെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. അതിനാൽ ഇനി അധികം വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല.

ഈ പരമേശ്വരൻമൂസ്സിനു നാരായണൻ എന്നു പേരായി ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ആ നാരായണൻമൂസ്സും ഒരു നല്ല വൈദ്യനായിരുന്നു. എങ്കിലും അദ്ദേഹത്തെക്കുറിച്ച് അധികമൊന്നും കേട്ടിട്ടില്ല. കേട്ടിട്ടുള്ള ഒന്നുരണ്ടു സംഗതികൾ മാത്രം താഴെപ്പറഞ്ഞുകൊള്ളുന്നു.

കൊച്ചി ദിവാനായിരുന്ന ശങ്കരവാര്യരുടെ പുത്രനും പ്രസിദ്ധനുമായിരുന്ന തോട്ടയ്ക്കാട്ടു ശങ്കുണ്ണിമേനവന് ബാല്യത്തിൽ സഹിക്കവയ്യാത്ത വിധത്തിൽ വയറ്റിൽ ഒരു വേദനയുണ്ടായി. അനേകം വൈദ്യന്മാർ പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ച് നോക്കീട്ടും ആ വേദന ഭേദമാക്കാൻ കഴിഞ്ഞില്ല. ഒടുക്കം ശങ്കരവാര്യർദിവാൻജി ആളയച്ചു നാരായണൻമൂസ്സിനെ വരുത്തി വിവരമെല്ലാം പറഞ്ഞു. ഉടനെ മൂസ്സ് ഒരു പൊടിക്ക് കുറിച്ചുകൊടുത്തു. ആ പൊടിയുണ്ടാക്കി മൂന്നുനേരം സേവിച്ചപ്പോൾ കുട്ടിക്കു നല്ല സുഖമായി. വയറ്റിൽ ആ വേദന ശങ്കുണ്ണിമേനവനു പിന്നെ ഒരിക്കലുമുണ്ടായിട്ടുമില്ല. ഈ ചികിത്സ കഴിഞ്ഞതിനോടുകൂടി ദിവാൻജിക്കു നാരായണൻമൂസ്സിനെക്കുറിച്ച് വളരെ ബഹുമാനവും സ്നേഹവുമുണ്ടായിത്തീർന്നു.

ഇങ്ങനെയിരുന്ന കാലത്ത് 1022-മാണ്ട് നാടുനീങ്ങിയ തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സിലേക്ക് ഒരു ശീലായ്മ ഉണ്ടാവുകയും ചില വൈദ്യന്മാർ ചികിത്സിച്ചിട്ട് അതു ഭേദമാകാതെയിരിക്കുകയും ചെയ്ത വിവരമറിഞ്ഞ് ശങ്കരവാര്യർദിവാൻജി എഴുതിയയച്ച് അനുവാദം വരുത്തി നാരായണൻമൂസ്സിനെ തിരുവനന്തപുരത്തേക്കയച്ചു. വൈദ്യന്മാർ ചെന്നാൽ രോഗവിവരം ചോദിക്കുകയോ തൊട്ടുനോക്കി അറിയുകയോ ചെയ്തുകൂടായെന്നും നോക്കിക്കണ്ടു രോഗമറിഞ്ഞു ചികിത്സിക്കണമെന്നുമായിരുന്നു തിരുമനസ്സുകൊണ്ട് നിശ്ചയിച്ചിരുന്നത്. ആ വിവരം ശങ്കരവാര്യർദിവാൻജി പറഞ്ഞിരുന്നതുകൊണ്ട് മൂസ്സു തിരുമുൻപിൽ ചെന്നിട്ട് ഏകദേശം ഒരുമണിക്കൂർ നേരം ഒന്നും സംസാരിക്കാതെ നോക്കിക്കൊണ്ടുനിന്നു. അനന്തരം ചികിത്സ നിശ്ചയിക്കുകയും ചെയ്തു. ആ ചികിത്സകൊണ്ട് ശീലായ്മ മിക്കവാറും ഭേദമാവുകയും ചെയ്തു. അപ്പോഴേക്കും മൂസ്സിന്റെ സീമന്തപുത്രനു വിവാഹം നിശ്ചയിച്ചിരിക്കുന്നതായി ഇല്ലത്തുനിന്നു എഴുത്ത് ചെല്ലുകയാൽ അദ്ദേഹത്തിന് ഉടനെ മടങ്ങിപ്പോകേണ്ടതായി വന്നു. ആ വിവരം തിരുമനസ്സറിയിച്ചപ്പോൾ തിരുമനസ്സുകൊണ്ട് മൂസ്സിന് അനേകം സമ്മാനങ്ങൾ കല്പിച്ചുകൊടുത്തു സന്തോഷിപ്പിച്ചയച്ചു. ഗംഭീരാശയനായിരുന്ന ആ തിരുമനസ്സിലെ തൃക്കൈയിൽനിന്ന് സമ്മാനങ്ങൾ ലഭിക്കുകയെന്നുള്ളത് സാമാന്യക്കാർക്ക് സാദ്ധ്യമല്ലായിരുന്നു.

ഈ നാരായണൻമൂസ്സിന് നാലു പുത്രന്മാരുണ്ടായിരുന്നു. അവരിൽ ഒന്നാമനും രണ്ടാമനും വിവാഹം

കഴിച്ചിട്ട് സന്തതി ഉണ്ടാകുന്നതിന് മുൻപുതന്നെ മരിച്ചുപോയി. പിന്നെ മൂന്നാമനായ നീലകണ്഻ൻമൂസ്സു വേളികഴിച്ചതിലുണ്ടായ സന്താനങ്ങളാണ് ഇപ്പോൾ പ്രസിദ്ധന്മാരായിരിക്കുന്ന നാരായണൻമൂസ്സും ദിവാകരൻമൂസ്സും. നീലകണ്഻ൻമൂസ്സും വൈദ്യശാസ്ത്രം വേണ്ടതുപോലെ പഠിച്ചിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ പരിശ്രമം മുഴുവനും കുടുംബകാര്യങ്ങൾ സംബന്ധിച്ചായിരുന്നു. രോഗികൾ വന്നാൽ ചികിത്സ നിശ്ചയിച്ചു പറഞ്ഞയയ്ക്കുകയും ആരെങ്കിലും ആവശ്യപ്പെട്ടാൽ രോഗികളെ ചെന്നു കാണുകയും മറ്റും ചെയ്തിരുന്നത് അദ്ദേഹത്തിന്റെ അനുജനായ ഇട്ടീരിമൂസ്സായിരുന്നു.

ഇട്ടീരിമൂസ്സ് കുട്ടഞ്ചേരി അപ്പൻ (വാസുദേവൻ) മൂസ്സിന്റെ അടുക്കലാണ് വൈദ്യശാസ്ത്രം അഭ്യസിച്ചത്. ശാസ്ത്രാഭ്യാസാനന്തരം അദ്ദേഹം കുറച്ചുകാലം സ്വഗൃഹത്തിൽ തന്നെ താമസിച്ചു ചികിത്സകൾ നടത്തിക്കൊണ്ടിരുന്നു. അതിനിടയ്ക്ക് അദ്ദേഹം മൂകാംബികാക്ഷേത്രത്തിൽപ്പോയി പന്ത്രണ്ടു ദിവസത്തെ ഭജനം അതിനിഷ്഻യോടുകൂടി നിർവിഘ്നം നിർവഹിച്ചുവരികയും അക്കാലം മുതൽക്ക് ഇട്ടീരിമൂസ്സിന്റെ ചികിത്സയ്ക്ക് ഫലസിദ്ധിയും പ്രചാരവും പൂർവ്വാധികം വർദ്ധിക്കുകയും ചെയ്തു.

അങ്ങനെയിരുന്ന കാലത്തു കുറുവട്ടവണാമനയ്ക്കൽ മകൻ രണ്ടാമൻ നമ്പൂരിപ്പാട്ടിലേക്ക് വാതസംബന്ധമായ ഒരു ദീനമാരംഭിച്ചു. പല വൈദ്യന്മാർ പഠിച്ച പണിയെല്ലാം പ്രയോഗിച്ചു നോക്കീട്ടും ആ ദീനം ഭേദമാക്കാൻ കഴിഞ്ഞില്ല. ഒടുക്കം ഇട്ടീരിമൂസ്സിനെ കൊണ്ടുപോയി രോഗിയെ കാണിക്കുകയും അദ്ദേഹം ഏതാനും ദിവസത്തെ ചികിത്സകൊണ്ട് ആ ദീനം നിഷ്പ്രയാസം ഭേദപ്പെടുത്തുകയും ചെയ്തു. വാതസംബന്ധങ്ങളായ രോഗങ്ങൾ സാധാരണ വൈദ്യന്മാർ ഭേദപ്പെടുത്തുന്നതു തൈലപ്രയോഗങ്ങൾ കൊണ്ടാണല്ലോ. എന്നാൽ ഇട്ടീരിമൂസ്സ് ഈ ദീനം ഭേദപ്പെടുത്തിയത് യാതൊരു വിധത്തിലും എണ്ണ ഉപയോഗിക്കാതെയാണ്. ഇതൊരത്ഭുതമാണല്ലോ.

ഒരിക്കൽ ഇട്ടീരിമൂസ്സ് കരുവന്നൂർ രോഡിൽക്കൂടി പോയപ്പോൾ നാസാർശസ്സു(മൂക്കിൽ ദശ വന്നു പുറത്തേക്കു തളളീട്ടു)ളള ഒരു രോഗിയെ യാദൃശ്ചികമായി കാണാനിടയായി. ആരും ആവശ്യപ്പെടാതെതന്നെ മൂസ്സ് സ്വയമേവ അവനെ വിളിച്ചു രോഗസ്ഥിതിയെല്ലാം ചോദിക്കുകയും അവന്റെ വാക്കിൽനിന്ന് അവൻ ഒരഗതിയാണെന്നും പല വൈദ്യന്മാർ ചികിത്സിച്ചിട്ടും ആ രോഗം ഭേദമാക്കാൻ കഴിഞ്ഞില്ലെന്നും മനസ്സിലാക്കുകയും ചെയ്തു. ഉടനെ മൂസ്സ് അവനെ വിളിച്ച് അവിടെയുള്ള പാലത്തിന്റെ ചുവട്ടിൽ കൊണ്ടുപോയി അവന്റെ നാസാർശസ്സു പറിച്ചുകളഞ്ഞു പുഴയിൽ കുളിപ്പിച്ച് സുഖപ്പെടുത്തിപ്പറഞ്ഞയച്ചു. ഇതിൽനിന്നു മൂസ്സിനുണ്ടായിരുന്ന ദീനദയാലുത്വം, പരോപകാരതൽപരത, പ്രതിഫലേച്ഛയില്ലായ്ക, ചികിത്സാനൈപുണ്യം മുതലായ ഗുണങ്ങൾ സ്പഷ്ടമാണല്ലോ. ഈ അത്ഭുതകർമത്തോടു കൂടി ഇട്ടീരിമൂസ്സിന്റെ പ്രസിദ്ധി ശതഗുണീഭവിച്ചു.

അക്കാലത്തു കൊല്ലം 1063ൽ തീപ്പെട്ട കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഭാഗിനേയിയായ ഒരു കൊച്ചുതമ്പുരാട്ടിക്ക് ഒരു ശീലായ്മ തുടങ്ങുകയും പല വൈദ്യന്മാർ ചികിത്സിച്ചിട്ടും ഭേദമാകാതിരിക്കുകയും ചെയ്യുകയാൽ തിരുമനസ്സിലെ സേവകനും ഇട്ടീരിമൂസ്സിന്റെ സ്നേഹിതനുമായിരുന്ന ചെറുവത്തൂരുനമ്പൂരി 'ഇട്ടീരിമൂസ്സിനെ വരുത്തി ചികിത്സിപ്പിച്ചാൽ ഈ ദീനം ഭേദമാകും' എന്നു തിരുമനസ്സറിയിച്ചു. തിരുമനസ്സുകൊണ്ട് അത് പൂർണ്ണമായി വിശ്വസിച്ചു. ഉടനെ ആളയച്ചു മൂസ്സിനെ വരുത്തി രോഗിണിയെ കാണിക്കുകയും അദ്ദേഹം ചികിത്സിച്ച് കൊച്ചുതമ്പുരാട്ടിയുടെ ശീലായ്മ അചിരേണ ഭേദപ്പെടുത്തുകയും ചെയ്തു. തിരുമനസ്സു കൊണ്ടു സന്തോഷിച്ച് മൂസ്സിനു പ്രതിമാസം പത്തു രൂപ ശമ്പളം പതിച്ചുകൊടുത്തു. എന്നു മാത്രമല്ല മൂസ്സ് തൃപ്പൂണിത്തുറെത്തന്നെ സ്ഥിരമായി താമസിക്കണമെന്നു കല്പിക്കുകയും അതിലേക്കു കോട്ടയ്ക്കകത്തുതന്നെ പ്രത്യേകമൊരു മഠം പണിയിച്ചുകൊടുക്കുകയും മൂസ്സിനു ശമ്പളത്തിനു പുറമെ ഭക്ഷണാദികളായ സകല ചെലവുകളും കോവിലകം വകയിൽനിന്ന് നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. അക്കാലം മുതൽ ഇട്ടീരിമൂസ്സു കോവിലകം വൈദ്യനായി വളരെക്കാലം തൃപ്പൂണിത്തുറെത്തന്നെ താമസിച്ചു.

ഒരു ദിവസം കോവിലകത്തു മുറ്റമടിച്ചുവാരിക്കൊണ്ടുനിന്ന ഒരു സ്ത്രീയെ കണ്ടിട്ട് മൂസ്സ് അവരെ വിളിച്ച് അവർ ക്ഷണത്തിൽ അവരുടെ വീട്ടിലേക്ക് പോകണമെന്നു പറഞ്ഞു. ആ സ്ത്രീ അതനുസരിക്കായ്കയാൽ മൂസ്സ് വിവരം ഉടനെ തിരുമനസ്സറിയിക്കുകയും കല്പനപ്രകാരം ചില ശേവുകക്കാർ ചെന്ന് അവരെ അവരുടെ വീട്ടിലേക്ക് പറഞ്ഞയയ്ക്കുകയും വീട്ടിലെത്തീട്ട് രണ്ടു നാഴിക കഴിയുന്നതിനു മുൻപ് ആ സ്ത്രീ മരിക്കുകയും ചെയ്തു.

ഒരിക്കൽ പാലിയത്ത് ഒരമ്മയ്ക്ക് ഒരു ദീനമുണ്ടായി. ആദ്യം തൊണ്ടയിൽ സ്വൽപമായ ഒരു വേദനയുണ്ടാവുകയാണ് ചെയ്തത്. അതു ക്രമേണ വർദ്ധിച്ചു വെള്ളംപോലുമിറക്കാൻ പാടില്ലാത്ത വിധത്തിൽ ദുസ്സഹമായിത്തീർന്നു. ഭക്ഷണമില്ലാതെയായപ്പോൾ ആ അമ്മ ഏറ്റവും ക്ഷീണിക്കുകയും പട്ടിണി കിടന്നുതന്നെ മരിക്കുമെന്നുള്ള സ്ഥിതിയിലാവുകയും ചെയ്തു. പല നാട്ടുവൈദ്യന്മാരും ചില ഇംഗ്ലീഷ് വൈദ്യന്മാരും പലതും ചെയ്തുനോക്കീട്ടും യാതൊരു ഫലവുമുണ്ടായില്ല. ഇംഗ്ലീഷ് വൈദ്യന്മാർ പീച്ചാങ്കുഴൽവച്ചു മലദ്വാരത്തിൽക്കൂടി പാൽ അകത്തു കടത്തി ഏകദേശം ഒരു മാസംവരെ പ്രാണരക്ഷ ചെയ്തുകൊണ്ടിരുന്നു. ഒടുക്കം അതും അസാദ്ധ്യമെന്നു തോന്നുകയാൽ അവരും ഉപേക്ഷിച്ചു പിന്മാറി. ഇത്രയുമായതിന്റെ ശേഷം പാലിയത്തച്ഛൻ ഇട്ടീരിമൂസ്സിനെ കൊണ്ടുവരാനായി തൃപ്പൂണിത്തുറയ്ക്ക് ആളയച്ചു. അച്ഛന്റെ ആൾ ചെല്ലുകയാൽ മൂസ്സ് വിവരം തിരുമനസ്സറിയിച്ച് അനുവാദം വാങ്ങിക്കൊണ്ടുപോയി പാലിയത്തെത്തി. ഉടനെ അച്ഛൻ രോഗിണിയെ കാണിച്ചു വിവരമെല്ലാം പറഞ്ഞു മൂസ്സ് രണ്ടു ദിവസത്തെ ചികിത്സകൊണ്ട് ആ ദീനം ഭേദമാക്കുകയും ആ അമ്മ യഥാപൂർവ്വം ഭക്ഷണം കഴിച്ചു തുടങ്ങുകയും ചെയ്തു. ആ ദീനം ആ അമ്മയ്ക്കു പിന്നെ ഒരിക്കലും ഉണ്ടായിട്ടുമില്ല.

ഒരിക്കൽ ഒരു തലവേദനക്കാരൻ മൂസ്സിന്റെ അടുക്കൽ ചെന്നു തനിക്കു സഹിക്കവയ്യാതെയുള്ള ഒരുതലവേദന തുടങ്ങീട്ടു വളരെക്കാലമായെന്നും പല വൈദ്യന്മാർ ചികിത്സിച്ചിട്ടും ഒരു ഭേദവുമുണ്ടായിട്ടില്ലെന്നും എണ്ണ കാച്ചിത്തേച്ചിട്ട് ഒരെണ്ണയും പിടിക്കുന്നില്ലെന്നും പറഞ്ഞു. മൂസ്സ് അല്പം ആലോചിച്ചിട്ട് ആഴ്ചമുറയ്ക്ക് പതിവായി ആവണക്കെണ്ണ തേച്ചുകുളിക്കാൻ പറയുകയും അങ്ങനെ ചെയ്തിട്ട് ആ മനുഷ്യന്റെ തലവേദന മാറിപ്പോവുകയും ചെയ്തു.

ഇങ്ങനെ ഇട്ടീരിമൂസ്സിന്റെ ചികിത്സാസാമർത്ഥ്യത്തേയും അത്ഭുതകർമങ്ങളേയും പറ്റി പറയുകയാമെങ്കിൽ ഇനിയും വളരെയുണ്ട്. വിസ്തരഭയത്താൽ അതിനായി തുനിയുന്നില്ല. മൂസ്സിന്റെ ചികിത്സാനൈപുണ്യത്തെക്കുറിച്ച് സന്തോഷിച്ചു വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ ശമ്പളം രണ്ടുപ്രാവശ്യം അഞ്ചുവീതം കൂട്ടി ഇരുപതുരൂപയാക്കി

ആവലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് 1063-മാണ്ട് തീപ്പെട്ടുപോയെങ്കിലും പിന്നീടു നാടുവാണിരുന്ന (1071ൽ തീപ്പെട്ട)വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടും മൂസ്സിനെ വിട്ടയയ്ക്കാതെ യഥാപൂർവ്വം തൃപ്പൂണിത്തുറെത്തന്നെ താമസിപ്പിച്ചിരുന്നു. അങ്ങനെ ഇട്ടീരിമൂസ്സ് ഏകദേശം മുപ്പത്തിരണ്ടു കൊല്ലത്തോളം അവിടെ താമസിച്ചു. അപ്പോഴേക്കും നീലകണ്ഠൻമൂസ്സു കാലധർമ്മത്തെ പ്രാപിക്കുകയും ഇട്ടീരിമൂസ്സിനു തറവാട്ടിൽ മൂപ്പു സിദ്ധിക്കുകയും വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെട്ടു പോവുകയും ചെയ്യുകയാൽ അദ്ദേഹം സ്ഥിരതാമസം തൃപ്പൂണിത്തുറനിന്നു മാറ്റി സ്വദേശത്തു തന്നെയാക്കി. എങ്കിലും അദ്ദേഹം അവിടെ അധികകാലം താമസിച്ചില്ല.

അദ്ദേഹം വളരെക്കാലമായി ആഗ്രഹിച്ചിരുന്ന സേതുസ്നാനം ഉടനെ നടത്തമമെന്നു നിശ്ചയിച്ച് 1072-മാണ്ട് ധനുമാസമാദ്യം സ്വദേശത്തുനിന്നു പുറപ്പെട്ടു. അദ്ദേഹം സ്വശിഷ്യനായ ഒരു നമ്പൂരിയേയും രണ്ടു പരദേശബ്രാഹ്മണരേയും കൂടെ കൊണ്ടുപോയിരുന്നു.അന്യദേശങ്ങളിലെ ഭക്ഷണം പിടിക്കായ്കയാലോ എന്തോ തൃശ്ശിനാപ്പള്ളിയിലെത്തിയപ്പോഴേക്കും മൂസ്സിനു സ്വല്പമായി ഒരതിസാരം ആരംഭിക്കുകയും മധുരയിലെത്തിയപ്പോഴേക്കും അതു വർദ്ധിച്ച് യാത്ര തുടരാൻ നിവൃത്തിയില്ലാതെയായിത്തീരുകയും ചെയ്തു. പിന്നെ കുറച്ചുദിവസം അവിടെ താമസിച്ചു. കൈവശമുണ്ടായിരുന്ന ചില ഗുളികകളും മറ്റും സേവിച്ചുവെങ്കിലും ക്രമേണ ദീനം വർദ്ധിക്കുകയാണ് ചെയ്തത്. 'ജീവനാശമടുത്തൊരു രോഗിക്ക് ദിവ്യമെന്നാലുമൗഷധം പറ്റുമോ?' ആ ധനുമാസം 13-ംതിയ്യതി കാലത്ത് ഒമ്പതുമണിക്ക് ആ മഹാവൈദ്യൻ പരലോകത്തെ പ്രാപിച്ചു. മരിക്കുന്നതിന് സ്വല്പം മുൻപ് മൂസ്സ് അടുക്കൽ ശുശ്രൂഷിച്ചുകൊണ്ടിരുന്ന സ്വശിഷ്യനായ നമ്പൂരിയോട് 'പുണ്യാഹത്തിന് ഈ ദിക്കിൽ നമ്പൂരിമാരെ കിട്ടുന്ന കാര്യം അസാദ്ധ്യമാണ്. അതിനാൽ ശവശ്ശുദ്ധമാകാതെയിരിക്കാൻ കരുതിക്കൊള്ളണം' എന്നു പറയുകയും മരിക്കാറായപ്പോൾ സ്വയമേവ മെത്തയിൽനിന്ന് മാറി തെക്കോട്ടു തലയായിട്ട് നിലത്തു കിടക്കുകയും ചെയ്തുവത്രേ.

എളേടത്ത് തൈക്കാട്ടില്ലത്ത് ഇപ്പോൾ ഉള്ള മൂസ്സന്മാരും നല്ല വൈദ്യന്മാരാണെന്നുള്ള പേരു സമ്പാദിച്ചിട്ടുള്ളവരാണ്. ആ കുടുംബക്കാരുടെ പ്രസിദ്ധി മേലും വർദ്ധിച്ചുകൊണ്ടിരിക്കുവാൻ സർവ്വേശ്വരൻ സദയം സഹായിക്കട്ടെ.

## *വയസ്ക്കരെ ആര്യൻ നാരായണൻമൂസ്സ് അവർകളുടെ ചികിത്സാനൈപുണ്യം*

ആര്യൻ നാരായണൻ മൂസ്സ് അവർകൾ ഏകദേശം പതിനാറു വയസ്സായപ്പോഴേക്കും ഉപനയനം, സമാവർത്തനം, വൈദ്യശാസ്ത്രാഭ്യസനം, സ്വന്തം ക്ഷേത്രത്തിൽ പൂർവ്വാചാരപ്രകാരമുളള സംവത്സരഭജനം മുതലായവയെല്ലാം കഴിഞ്ഞ് ചികിത്സ ആരംഭിച്ചു. അക്കാലംമുതൽ വയസ്കരയില്ലത്തു വരുന്ന രോഗികളെ നോക്കി ചികിത്സകൾ നിശ്ചയിച്ചു പറഞ്ഞും കുറിച്ചുകൊടുത്തും അയയ്ക്കുകയും അത്യാവശ്യപ്പെട്ടാൽ ചില സ്ഥലങ്ങളിൽ പോയി രോഗികളെ കണ്ട് ചികിത്സകൾ നിശ്ചയിക്കുകയുമെല്ലാം സ്വപിതാവിന്റെ ആജ്ഞപ്രകാരം ആര്യൻ നാരായണൻമൂസ്സ് അവർകൾ തന്നെയാണ് ചെയ്തിരുന്നത്. അങ്ങനെ ഒന്നുരണ്ടുകൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും

'മന്ദോൽകണ്ഠ: കൃതാസ്തേന ഗുണാധികതയാ ഗുരൗ

ഫലേന സഹകാരസ്യ പുഷ്പോൽഗമ ഇവ പ്രജാ:'

എന്നു പറഞ്ഞതുപോലെ രോഗികൾക്ക് അച്ഛൻമൂസ്സ് അവർകളെ കാണുന്നതിനുളള ആഗ്രഹവും ആവശ്യവും കുറയുകയും ആര്യൻ നാരായണൻ മൂസ്സവർകളെ കണ്ടാൽ മതിയെന്നു തോന്നിത്തുടങ്ങുകയും ചെയ്തു. എങ്കിലും വൈദ്യവിഷയമായി സ്വപുത്രനെ താൻ ഗ്രഹിപ്പിക്കേണ്ടതെല്ലാം ഗ്രഹിപ്പിച്ചു കഴിഞ്ഞു എന്നുളള വിചാരം ആ അച്ഛനും താൻ ഗ്രഹിക്കേണ്ടതെല്ലാം ഗ്രഹിച്ചുകഴിഞ്ഞു എന്നുളള വിചാരം ആ പുത്രനുമുണ്ടായില്ല. അതിനാൽ അച്ഛൻ മൂസ്സവർകൾ പിന്നെയും സൗകര്യമുളള സമയങ്ങളിലെല്ലാം പുത്രനെ അടുക്കൽ വിളിച്ചിരുത്തി ചികിത്സകൾ സംബന്ധിച്ചുളള ഓരോ കാര്യങ്ങളെക്കുറിച്ചും ഓരോ ഔഷധങ്ങളുടെ ഗുണങ്ങളെപ്പറ്റിയും മറ്റും പലതും ഉപദേശിച്ചുകൊണ്ടിരുന്നു. ഇപ്രകാരമുളള അഭിമുഖോപദേശം ആ വൃദ്ധവൈദ്യൻ തനിക്കു തീരെ വയ്യാതെയാകുന്നതുവരെ തന്നെ ചെയ്തിരുന്നു. ആര്യൻ നാരായണൻമൂസ്സവർകൾക്കു ചികിത്സാവിഷയത്തിൽ അനന്യസാധാരണമായ ഒരു വിശേഷവും മാഹാത്മ്യവുമുണ്ടായിത്തീർന്നതിനുളള പ്രധാന കാരണങ്ങളിൽ ഒന്നു വളരെക്കാലം അനുസ്യൂതമായി ഉണ്ടായ ഈ ഉപദേശം കൂടിയാണ്. ആര്യൻനാരായണൻ മൂസ്സവർകൾ ചികിത്സാസംബന്ധമായി ചെയ്തിട്ടുളള ചില വിശേഷാൽ സംഗതികൾ താഴെ പറഞ്ഞുകൊളളുന്നു.

1. ഒരിയ്ക്കൽ ആലപ്പുഴെ കച്ചവടം വക സൂപ്രണ്ടായിരുന്ന കോലഫ്സായ്പവർകൾക്ക് സഹിക്കവയ്യാതെകണ്ടുളള ഒരു തലവേദനയുണ്ടാവുകയും അനേകം വൈദ്യന്മാരെക്കൊണ്ടു പല ചികിത്സകൾ ചെയ്യിച്ചു നോക്കീട്ടും ഒരു ഗുണവും കാണായ്കയാൽ ഒടുക്കം വയസ്ക്കര അറിയിക്കുന്നതിനായി സായ്പവർകൾ കോട്ടയത്തു വന്നു ചേരുകയും ചെയ്തു. കോലഫ്സായ്പവർകളുടെ ഒരു സഹോദരി കോട്ടയത്തു താമസിച്ചിരുന്നു. സായ്പവർകൾ ആ (വല്യ) മദാമ്മയുടെ ബംഗ്ളാവിൽ താമസിച്ചുകൊണ്ടു വയസ്ക്കരെ ആളയച്ചു ദീനവിവരമെല്ലാം അറിയിക്കുകയും മൂസ്സവർകൾ അങ്ങോട്ടു ചെന്നാൽക്കൊളളാമെന്ന് അപേക്ഷിക്കുകയും മഞ്ചൽ അയച്ചുകൊടുക്കുകയും ചെയ്തു. ആര്യൻ നാരായണൻ മൂസ്സവർകൾ അച്ഛൻ മൂസ്സവർകളുടെ ആജ്ഞപ്രകാരം ഉടനെ യാത്രയായി. അവിടുന്ന് ഒരു പെട്ടി തുറന്ന് ഒരു ഗുളികയെടുത്ത് ഒരു പിലാവിലയിൽപ്പൊതിഞ്ഞു കൈയിൽ വെച്ചുകൊണ്ടാണ് മഞ്ചലിൽക്കയറിപ്പോയത്. മൂസ്സവർകൾ ബംഗ്ളാവിലെത്തി സായ്പവർകളെക്കണ്ടതിന്റെ ശേഷം ഒരു തുടം മുലപ്പാൽ വേണമെന്ന് പറഞ്ഞു. ഉടനെ സായ്പവർകളുടെ ഭൃത്യന്മാരോടിപ്പോയി മുലപ്പാൽ കൊണ്ടുവന്നു. മൂസ്സവർകൾ തന്റെ കൈയിലുണ്ടായിരുന്ന ഗുളിക ആ ഭൃത്യന്മാരെക്കൊണ്ടുതന്നെ മുലപ്പാലിൽ അരച്ചു കലക്കിച്ചു. ആ സമയം സായ്പവർകൾ തലവേദനയുടെ കാഠിന്യം കൊണ്ടു കണ്ണുതുറക്കാനും മിണ്ടാനും വയ്യാതെ കട്ടിലിൽക്കിടക്കുകയായിരുന്നു. മൂസ്സവർകൾ സായ്പവർകളുടെ തല നേരെ വെയ്പിച്ചിട്ടു മുലപ്പാലെടുത്തു നസ്യം ചെയ്തു. അപ്പോൾ വേദന പൂർവ്വാധികം കലശലാവുകയാൽ സായ്പവർകൾ പെട്ടെന്നു പിടച്ചെണീറ്റിരിക്കുകയും ഒന്നു തുമ്മുകയും അതോടുകൂടി രണ്ടു നാസാദ്വാരങ്ങളിൽ നിന്നും ഓരോ പുഴുക്കൾ താഴെ വീഴുകയും ചെയ്തു. ആ പുഴുക്കൾ ഒന്നര അംഗുലംവീതം നീളമുളളവയും തല കറുത്തവയുമായിരുന്നു. പുഴുക്കൾ പോയതിനോടുകൂടി സായ്പവർകൾക്ക് തലവേദന മാറി നല്ല സുഖമായി. അദ്ദേഹം മടങ്ങിവന്നു വിവരമെല്ലാം അച്ഛൻമൂസ്സ് അവർകളുടെ അടുക്കൽ പറഞ്ഞപ്പോൾ 'ഇതു സ്വൽപം സാഹസമായിപ്പോയി. ഗ്രന്ഥത്തിൽക്കാണുന്നവയെല്ലാം ചെയ്യരുത്. അങ്ങനെ ചെയ്താൽ ചിലപ്പോൾ ചിലത് അബദ്ധമായിട്ടും തീർന്നേക്കാം. ഇങ്ങനെയുളളതൊക്കെ വളരെ ആലോചിച്ചും വേറെ നിവൃത്തിയില്ലാതെ വരുന്നസമയത്തും മാത്രമേ ചെയ്യാവൂ. ആട്ടെ, ഈശ്വരകാരുണ്യംകൊണ്ട് ഇപ്പോൾ

വേണ്ടതുപോലെയായല്ലോ. സന്തോഷമായി' എന്ന് അവിടുന്ന് പറഞ്ഞു. സായ്പവർകൾ സന്തോഷിച്ച് ആയിരം രൂപയും ഒരു കൊമ്പനാനയേയും സംഭാവനയായി എഴുത്തോടുകൂടി വയസ്ക്കരെ അയച്ചുകൊടുത്തു. ആ സംഭാവന എന്തോ അവിടെ സ്വീകരിച്ചില്ല. സായ്പവർകളുടെ എഴുത്തിന് അച്ഛൻമൂസ്സ് അവർകൾ 'ഞങ്ങൾ ചെയ്യുന്നത് ധർമ്മചികിത്സയാണ്. അതിന് പ്രതിഫലം വാങ്ങുക പതിവില്ല. സായ്പവർകളുടെ ഔദാര്യത്തിനായി നന്ദി പറഞ്ഞുകൊളളുന്നു.' എന്നു മറുപടി അയച്ചുകൊടുക്കുകയും ചെയ്തു. കോലഫ് സായ്പവർകളുടെ തലവേദന ഭേദമാക്കിയ കാലത്ത് ആര്യൻ നാരായണൻമൂസ്സ് അവർകൾക്ക് പതിനെട്ടു വയസ്സേ പ്രായമുണ്ടായിരുന്നുളളു.

2. പ്രസിദ്ധ വൈദ്യനും ആര്യൻ നാരായണൻമൂസ്സ് അവർകളുടെ പിതൃവ്യപുത്രനും ജ്യേഷ്ഠഭ്രാതാവുമായിരുന്ന പിലാമന്തോൾ ശങ്കുണ്ണിമൂസ്സ് അവർകൾക്ക് കഴുത്തിന്റെ പിൻഭാഗത്ത് ഒരിക്കൽ ഒരരിമുറിപോലെ ഏറ്റവും ചെറുതായ ഒരു കുരു ഉണ്ടാവുകയും ക്ഷൗരം ചെയ്യിച്ചപ്പോൾ അതു മുറിഞ്ഞുപോവുകയും ചെയ്തു. ആ സമയം വലിയ വേദനയും മറ്റുമുണ്ടായില്ലെങ്കിലും അന്നു വൈകുന്നേരമായപ്പോഴേക്കും ആ കുരു വീർത്ത് ചുണ്ടങ്ങായോളമാവുകയും വേദന കലശലായി ത്തീരുകയും ചെയ്തു. രണ്ടുമൂന്നു ദിവസം കൊണ്ട് ആ കുരു വീർത്ത് വീർത്ത് ഒരു തേങ്ങായോളമായി. അതിന്റെ നീരു കഴുത്തിനു ചുറ്റും മാത്രമല്ല കുറേശ്ശ മുഖത്തേക്കുകൂടി വ്യാപിച്ചു തുടങ്ങി. വേദനയുടെ കാഠിന്യംകൊണ്ട് ശങ്കുണ്ണിമൂസ്സവർകൾ കുളിക്കാനും ഉണ്ണാനും ഉറങ്ങാനുമൊന്നും വയ്യാതെ ഏറ്റവും അവശതയോടുകൂടി കിടപ്പിലായി. ഇത്രയുമായതിന്റെ ശേഷമാണ് ഈ വിവരത്തിനു വയസ്ക്കരയ്ക്ക് എഴുതിയയച്ചത്. പിലാമന്തോളില്ലത്തെ വർത്തമാനങ്ങൾ വയസ്ക്കരയ്ക്ക് എഴുതിയയ്ക്കുന്നതു ശങ്കുണ്ണിമൂസ്സ് അവർകൾ തന്നെയല്ലാതെ അന്യന്മാരെക്കൊണ്ട് എഴുതിയയപ്പിക്കാറില്ല. ഈ എഴുത്ത് പിലാമന്തോളില്ലത്ത് അക്കാലത്ത് കാര്യസ്ഥനായിരുന്ന പിഷാരടിയാണ് എഴുതിയയച്ചത്. ആ എഴുത്ത് കണ്ടപ്പോൾത്തന്നെ ദീനം സാമാന്യത്തിലധികം കലശലായിട്ടുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കിക്കഴിഞ്ഞു. എഴുത്തു കണ്ടിട്ട് ഒരു മണിക്കൂർ കഴിയുന്നതിനു മുൻപ് അദ്ദേഹം പിലാമന്തോൾക്ക് യാത്രയായി. അക്കാലത്ത് ഇപ്പോഴത്തെപ്പോലെ വാഹനസൗകര്യങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം കോട്ടയത്തു നിന്നു ചാവക്കാടുവരെ തോണിക്കും അവിടെനിന്ന് കൂലിക്ക് കുതിരവണ്ടി പിടിച്ചും മറ്റുമാണ് യാത്രചെയ്തത്. എങ്കിലും അദ്ദേഹം കോട്ടയത്തുനിന്നു പുറപ്പെട്ടിട്ട് മൂന്നാംദിവസം പിലാമന്തോളില്ലത്തെത്തി. അപ്പോഴേയ്ക്കും അവിടെ കുട്ടഞ്ചേരി മൂസ്സ്, ആലത്തൂർ നമ്പി മുതലായ വൈദ്യശ്രേഷ്ഠന്മാരെ ല്ലാവരുമെത്തുകയും മുറയ്ക്കു ചികിത്സകളാരംഭിക്കുകയും ചെയ്തിരുന്നു. ആര്യൻ നാരായണൻമൂസ്സ് അവർകൾ അവിടെയെത്തി. ക്ഷണത്തിൽ കുളികഴിച്ച് അകത്തു ചെന്നപ്പോൾ ശങ്കുണ്ണി മൂസ്സവർകൾ തെറുത്തുവച്ച ഒരു മെത്തയിൽച്ചാരി കമിഴ്ന്നുകിടക്കുകയായിരുന്നു. ആര്യൻ നാരായണൻമൂസ്സ് അവർകളെക്കണ്ടിട്ട് രോഗി ആളറിഞ്ഞു എങ്കിലും ഒന്നും സംസാരിക്കാൻ ശക്തനല്ലാത്തവണ്ണം അവശനായിപ്പോയിരുന്നതിനാൽ മുഖത്തുനോക്കി കണ്ണീരൊലിപ്പിക്കുകമാത്രം ചെയ്തു. അപ്പോൾ ആര്യൻ നാരായണൻമൂസ്സ് അവർകൾ 'ക്ഷീണം ഇത്രമാത്രം വർദ്ധിപ്പിച്ചുവല്ലോ' എന്നു പറഞ്ഞു. അതു കേട്ട് അവിടെയുണ്ടായിരുന്ന വൈദ്യശ്രേഷ്ഠന്മാർ 'ക്ഷീണം വർദ്ധിക്കാതിരിക്കുന്നതെങ്ങനെയാണ്' അഞ്ചാറു ദിവസമായിട്ടു യാതൊരാഹാരവും കഴിക്കുന്നില്ല. യാതൊന്നിനും രുചിയില്ലെന്നാണ് പറയുന്നത്. പാലാണെങ്കിൽ കുറച്ചു കുടിക്കാമെന്നു തോന്നുന്നുണ്ടെന്നു പറയുന്നു. അതു കൊടുക്കാനും പാടില്ലല്ലോ. പാൽ ഈ രോഗത്തിന് വിരോധമാണെന്നല്ലോ പറഞ്ഞിരിക്കുന്ന്.' എന്നാണ് സമാധാനം പറഞ്ഞത്. അപ്പോൾ ആര്യൻനാരായണൻമൂസ്സ് അവർകൾ പാൽ കൊടുക്കുന്നതിന് വിരോധമില്ല. ക്ഷണത്തിൽ ആളയച്ച് എവിടെ നിന്നെങ്കിലും കുറച്ചു പാൽ വരുത്തണം എന്നു പിഷാരടിയോട് പറഞ്ഞു. ഉടനെ പിഷാരടി 'കുറച്ചു പാൽ ഇവിടെത്തന്നെ കാണും പോരാത്തത് ഇപ്പോൾ ആളയച്ച് വരുത്തുകയും ചെയ്യാം' എന്നു പറയുകയും അപ്പോൾത്തന്നെ ആളയയ്ക്കുകയും ചെയ്തു. ആര്യൻ നാരായണൻ മൂസ്സ് അവർകൾ ഇല്ലത്ത് ഇരുന്നിരുന്ന പാൽ ക്ഷണത്തിൽ കാച്ചിച്ചു സ്വല്പം പഞ്ചസാരയും ചേർത്തു പിലാവിലകൊണ്ട് കോരി രോഗിക്കു കുറെശ്ശെകുറെശ്ശെ കൊടുത്തു. തൊണ്ട ഉണങ്ങിപ്പോയതുകൊണ്ട് ഒരു തുടം പാൽ കുടിക്കുന്നതിന് ഏകദേശം ഒരു നാഴിക വേണ്ടിവന്നു. പിന്നെ വലിയ പ്രയാസം കൂടാതെ ഒരുതുടം പാൽകൂടെ കുടിച്ചു. ഉടനെ രണ്ടുതുടം പാൽകൂടി കഴിക്കുന്നതിന് പ്രയാസവുമുണ്ടായിരുന്നില്ല. അങ്ങനെ നാഴിപ്പാൽ കുടിച്ചുകഴിഞ്ഞപ്പോൾ രോഗി 'ആവൂ' എനിക്കിപ്പോൾ ക്ഷീണത്തിന് കുറച്ചു കുറവുണ്ട്. കുറെശ്ശെ സംസാരിക്കാമെന്നു തോന്നുന്നുണ്ട്. നാവും തൊണ്ടയും ഉണങ്ങി വരണ്ടുപോയതുകൊണ്ട് ഇതുവരെ മിണ്ടാൻ വയ്യായിരുന്നു. ഇനി വേണ്ടതൊക്കെ പിന്നെ നിശ്ചയിക്കാം. അനുജൻ ഉണ്ടില്ലല്ലോ. പോയി ഊണു കഴിച്ചു വരൂ എന്നു പറഞ്ഞു. അതുകേട്ട്

അദ്ദേഹം ഒരുവിധം സമാധാനത്തോടുകൂടി ഉണ്ണാൻപോയി. അവിടേക്ക് ഊണു കഴിക്കാൻ വൈകിയാണ് ഇരുന്നിരുന്നത്. കോട്ടയത്തുനിന്ന് പുറപ്പെട്ടിട്ട് വഴിക്ക് ഒരു നേരം മാത്രമേ ഉണ്ടായിരുന്നുളളു. എങ്കിലും തന്റെ ജ്യേഷ്ഠന്റെ അവശത കണ്ടപ്പോൾ വിശപ്പും ദാഹവും ക്ഷീണവുമെല്ലാം അവിടുന്ന് വിസ്മരിച്ചുപോയി. ഇവർ രണ്ടുപേരും ഭിന്നോദരസഹോദര ന്മാരായിരുന്നുവെങ്കിലും അവരുടെ പരസ്പരസ്നേഹം ഏകോദരസഹോദരനിർവിശേഷമായിരുന്നു.

ആര്യൻ നാരായണൻമൂസ്സ് അവർകൾ ഊണുകഴിച്ച് വന്നതിന്റെശേഷം ചികിത്സകളെല്ലാം ആലോചിച്ചു നിശ്ചയിച്ചു. അവയിൽ പ്രധാനമായി നിശ്ചയിച്ചത് ഒരു പാൽക്കഷായവും ഒരു പാൽക്കഞ്ഞിയുമായിരുന്നു. രണ്ടിനും മരുന്നുകൾ രണ്ടുമൂന്നുകൂട്ടം വീതമേ ഉണ്ടായിരുന്നുളളു. ആ മരുന്നുകൾ ചതച്ചു കിഴികെട്ടിയിട്ടു പാൽക്കഞ്ഞിയും പാൽക്കഷായവുമുണ്ടാക്കി പ്രതിദിനം രണ്ടോ മൂന്നോ പ്രാവശ്യം വീതം ദഹനത്തിന് തക്കവണ്ണവും ആവശ്യംപോലെയും കൊടുക്കാനാണ് നിശ്ചയിച്ചത്.അങ്ങനെ നാലഞ്ചു ദിവസം കഴിഞ്ഞപ്പോഴേക്കും ശങ്കുണ്ണിമൂസ്സ് അവർകൾക്ക് ക്ഷീണം മിക്കവാറും മാറി. പിന്നെ കുരുവിന്റെ വേദന മാത്രമേ ഉണ്ടായിരുന്നുളളു. അതിനു പിന്നെ ഒരു മരുന്നുണ്ടാക്കിയിട്ടു ആ മരുന്നു രണ്ടുനാലു ദിവസമി ട്ടപ്പോൾ കുരു പഴുത്തുപൊട്ടി. അപ്പോൾ വേദനയും മാറി. ക്രമേണ നീരും പോയി. പിന്നെ വ്രണം ഉണങ്ങാനുളള മരുന്നും ഉണ്ടാക്കിയിടുകയും ക്രമേണ വ്രണമുണങ്ങുകയും ശങ്കുണ്ണി മൂസ്സ്അവർകൾ സ്വസ്ഥശരീരനായി പൂർവ്വസ്ഥിതിയെ പ്രാപിക്കുകയും ചെയ്തു. ഇതിനെല്ലാത്തിനുംകൂടി ഏകദേശം മൂന്നുമാസം വേണ്ടിവന്നു. അത്രയും കാലം ആര്യൻ നാരായണൻമൂസ്സ അവർകളുടെ സ്ഥിരവാസം പിലാമന്തോളില്ലത്തു തന്നെയായിരുന്നു.

ശങ്കുണ്ണിമൂസ്സ് അവർകൾ സ്വസ്ഥതയെ പ്രാപിച്ചതിന്റെശേഷം ഒരു ദിവസം ആര്യൻനാരായണൻമൂസ്സ് അവർകളോട് അവിടുത്തെ മാതുലനും മഹാവൈദ്യനും വലിയ വിദ്വാനുമായിരുന്ന കുട്ടഞ്ചേരി അപ്ഫൻമൂസ്സ് അവർകൾ, ' ഈ ദീനം വന്നാലും ഭേദമാകും ഇല്ലേ, കുഞ്ഞാ?' എന്നു ചോദിച്ചു.( കുട്ടഞ്ചേരി അപ്ഫൻമൂസ്സ് അവർകൾ തന്റെ ഭാഗിനേയനായ ആര്യൻനാരായണൻമൂസ്സ് അവർകളെ ;കുഞ്ഞാ' എന്നാണ് വിളിച്ചിരുന്നത്) അതിനുത്തരമായി ആര്യൻനാരായണൻമൂസ്സ് അവർകൾ 'ബുദ്ധിയും യുക്തിയും ശാസ്ത്രജ്ഞാനവും ഗുരുത്വവും കൈപ്പുണ്യവുമുളള വൈദ്യൻ ചികിത്സിക്കുകയും രോഗിക്ക് ആയുർബലവും ഈശ്വരസഹായവുമുണ്ടായിരിക്കുകയും ചെയ്താൽ ഭേദമായിയെന്നും വരാം എന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട് ' എന്ന് പറഞ്ഞു. അപ്ഫൻമൂസ്സ് അവർകൾ വീണ്ടും 'ആട്ടെ കുഞ്ഞാ ഈ ദീനത്തിന് പാൽ കൊടുക്കാമെന്നു പറഞ്ഞിട്ടുളളത് എവിടെയാണ്. ഞാൻ നോക്കീട്ടുളള ഗ്രന്ഥങ്ങളിലെങ്ങും ഇങ്ങനെ കണ്ടിട്ടില്ല. കുഞ്ഞൻ വല്ല ഗ്രന്ഥത്തിലും കണ്ടിട്ടുണ്ടോ.' എന്നു ചോദിച്ചു. അതിനു മറുപടിയായി ആര്യൻ നാരായണൻമൂസ്സ് അവർകൾ പറഞ്ഞത്. 'അത്യാവശ്യപ്പെട്ടാൽ പാലുകൊടുക്കാം. സർവ്വപ്രധാനമായി നോക്കേണ്ടതു പ്രാണനെ രക്ഷിക്കാനാണ് - മരിച്ചവർക്ക് ചികിത്സയില്ലല്ലോ എന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പാൽ കൊടുത്ത് എന്നേ ഉളളു.' എന്നാണ്. ഇതുകേട്ടപ്പോൾ അവിടെ കൂടിയിരുന്ന വൈദ്യന്മാരെല്ലാവരും 'ഇങ്ങനെ ഒരച്ഛനും ഒരു മകനും നമ്മുടെ കൂട്ടത്തിൽ വേറെയെങ്ങും ഇതുവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുന്ന കാര്യം എന്തോ, ഈശ്വരനറിയാം' എന്നും മറ്റും പറഞ്ഞ്, വയസ്ക്കര അച്ഛൻമൂസ്സ് അവർകളെയും അവിടത്തെ പുത്രനായ ആര്യൻ നാരായണൻമൂസ്സ് അവർകളെയും വളരെ പ്രശംസിച്ചു.

3. ശങ്കുണ്ണിമൂസ്സ് അവർകളെ ചികിത്സിക്കുന്നതിനായി ആര്യൻ നാരായണൻമൂസ്സ് അവർകൾ ഏകദേശം മൂന്നു മാസത്തോളം കാലം പിലാമന്തോളില്ലത്തു താമസിച്ചിരുന്നു എന്നു മുൻപ് പറഞ്ഞിട്ടുണ്ടല്ലോ. അക്കാലത്തിനിടയ്ക്ക് സാമൂതിരിപ്പാടു തമ്പുരാൻ തിരുമനസ്സിലേക്കും പുറത്തു ഒരു വലിയ കുരുവുണ്ടായി. അതു ക്ഷണത്തിൽ വളർന്നു നാലഞ്ചുദിവസംകൊണ്ട് ഒരു പൊതിയാത്തേങ്ങയോളമായി. വേദനമൂലം തിരുമനസ്സുകൊണ്ട് സ്നാനാശനനിദ്രാദികളൊന്നുമില്ലാതെ ഏറ്റവും പാരവശ്യത്തോടുകൂടി കിടപ്പിലായിത്തീർന്നു. അതിനാൽ ശങ്കുണ്ണിമൂസ്സ് അവർകളെ കൊണ്ടുപോകാനായി കോഴിക്കോട്ടുനിന്ന് പിലാമന്തോളില്ലത്ത് ആളുകൾ വന്നു. ശങ്കുണ്ണിമൂസ്സ് അവർകൾക്ക് ദീനമാമെന്നുമുളള വർത്തമാനം കോഴിക്കോട്ട് അറിഞ്ഞിരുന്നില്ല. ശങ്കുണ്ണിമൂസ്സ് അവർകൾ കോഴിക്കോട് മുതലായ പ്രദേശങ്ങളിലും പ്രസിദ്ധനും സർവ്വസമ്മതനുമായിരുന്നു എന്നു മാത്രമല്ല, അക്കാലത്തു സാമൂതിരിക്കോവിലകത്തും മറ്റും ശങ്കുണ്ണിമൂസ്സ് അവർകളെക്കൊണ്ടല്ലാതെ ചികിത്സിപ്പിക്കാറുമില്ലായിരുന്നു. ഇതെല്ലാംകൊണ്ടാണ് തിരുമനസ്സിലെ ആളുകൾ പിലാമന്തോൾ ഇല്ലത്തു വന്നത്. സാമൂതിരിപ്പാട് തിരുമനസ്സിലെ ആളുകൾ വന്നിരിക്കുന്നു എന്നും മറ്റുമറിഞ്ഞപ്പോൾ ശങ്കുണ്ണിമൂസ്സ് അവർകൾ ആര്യൻ നാരായണൻ മൂസ്സ് അവർകളോട് 'സാമൂതിരിക്ക് സുഖക്കേടായിട്ട്

ആളയയ്ക്കുകയും അനുജൻ ഇവിടെ ഉണ്ടായിരിക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിക്ക് ഒന്നു പോകാതിരിക്കുന്നതും ഭംഗിയല്ല. എന്നെ അവിടെ ഒരു സ്നേഹിതന്റെ നിലയിലാണ് വെച്ചിരിക്കുന്നത്. അതുകൊണ്ട് അനുജൻ പോയിനോക്കി വേണ്ടുന്ന ചികിത്സകൾ നിശ്ചയിച്ച് എഴുതിക്കൊടുക്കുകയും എന്റെ ദീനസ്ഥിതി അവിടെ അറിയിക്കുകയും ചെയ്തിട്ട് ഉടനെതന്നെ മടങ്ങിപ്പോരണം. അധികം താമസിക്കരുത്. എനിക്കിപ്പോൾ കുറച്ചു ആശ്വാസവുമുണ്ടല്ലോ. അനുജൻ മടങ്ങി വരുന്നതുവരെ ഇപ്പോൾ ചെയ്തു വരുന്നതുപോലെയൊക്കെ ചെയ്തുകൊണ്ടിരിക്കാം' എന്നു പറഞ്ഞു. അപ്പോൾ ആര്യൻ നാരായണൻമൂസ്സ് അവർകൾ 'ഞാനറിയുന്നവരായിട്ടും എന്നെ അറിയുന്നവരായിട്ടും അവിടെ ആരുമുണ്ടെന്നുതോന്നുന്നില്ല. എങ്കിലും ജ്യേഷ്ഠന് അങ്ങനെ താൽപര്യമുണ്ടെങ്കിൽ ഞാൻ പോവുകയും അവിടെച്ചെന്ന് കണ്ടിട്ടു യുക്തംപോലെ എന്തെങ്കിലും ചെയ്യുകയോ നിശ്ചയിച്ച് എഴുതിക്കൊടുക്കുകയോ ചെയ്തിട്ട് പോരികയും ചെയ്യാം' പറഞ്ഞിട്ട് ആ വന്നിരുന്ന ആളുകളോട് കൂടിത്തന്നെ പോയി. പിറ്റേദിവസം രാവിലെ മൂസ്സ് അവർകൾ സാമൂതിരി കോവിലകത്തെത്തുകയും ഉടനെ കുളിക്കാൻ പോവുകയും ചെയ്തു. ആ സമയം അദ്ദേഹത്തെക്കണ്ടിട്ട് സാമൂതിരിപ്പാടിലെ സേവകനും കോവിലകത്തു താമസക്കാരനുമായ ഒരു നമ്പൂരി ' അല്ലാ! ഈ വിദ്വാനാണോ ചാടി വന്നിരിക്കുന്നത്?. ഇയാൾക്ക് വല്ലതുമറിയാമോ ആവോ?'. എന്നു മറ്റൊരു നമ്പൂരിയോട് പറഞ്ഞു. സ്വകാര്യമായിട്ടാണ് ഇങ്ങനെ പറഞ്ഞത്. എങ്കിലും പുച്ഛരസത്തോടുകൂടിയ ആ വാക്കു കുറെശ്ശെ മൂസ്സ് അവർകളും കേട്ടു. എന്നാൽ അവിടുന്ന് അതു കേട്ടതായി ഭാവിക്കപോലും ചെയ്തില്ല. ആര്യൻ നാരായണൻമൂസ്സ് അവർകളുടെ യോഗ്യതക ളെക്കുറിച്ച് ആ നമ്പൂരിക്കെന്നല്ല, ആ ദിക്കുകാർക്കാർക്കും തന്നെ അക്കാലത്തു ലേശംപോലും അറിവില്ലായിരുന്നു. സ്വൽപമെങ്കിലും അറിഞ്ഞിരുന്നുവെങ്കിൽ ആ നമ്പൂരി ഇങ്ങനെ പറയുമായിരുന്നി ല്ലല്ലോ.

മൂസ്സ് അവർകൾ കുളിയും നിത്യകർമ്മാനുഷ്ഠാനാദികളും കഴിച്ച് കോവിലകത്തുചെന്നു സാമൂതിരിപ്പാട് തമ്പുരാനെ കണ്ടു. അപ്പോൾ തമ്പുരാൻ കുരുവിന്റെ വേദനകൊണ്ടും ക്ഷീണംകൊണ്ടും ഏറ്റവും അവശ നായി ഒരു ചാവട്ടിയിന്മേൽ ചാരി കമഴ്ന്നു കിടക്കുകയായിരുന്നു. അദ്ദേഹത്തെക്കണ്ടപ്പോൾ തമ്പുരാൻ 'എന്റെ മൂസ്സേ! എനിക്ക് വേദന സഹിക്കവയ്യാതെയാരിക്കുന്നു. ഈ വേദന കുറയുന്നതിന് എന്തെങ്കിലും ക്ഷണത്തിൽ ചെയ്യണേ' എന്നു പറഞ്ഞു. അതിന് മറുപടിയായി മൂസ്സ് അവർകൾ 'ഞാൻ ഉണ്ണാനായിട്ടല്ല, സാമൂതിരിപ്പാട്ടിലേക്ക് സുഖക്കേടാകയാൽ ഇവിടെവന്നു നോക്കി ഇതിനു വല്ലതും ചെയ്യണമെന്നു ജ്യേഷ്ഠൻ പറഞ്ഞയച്ചിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. അതിനാൽ ഇതിനു തൽക്കാലം വേണ്ടതു ചെയ്തു കഴിഞ്ഞിട്ട് പിന്നെ ഊണിന്റെ കാര്യം ആലോചിക്കാം.' എന്നു പറഞ്ഞിട്ട് അവിടെ നിന്നിറങ്ങിപ്പോയി. അദ്ദേഹത്തിന്റെ മറുപടി കേട്ടപ്പോൾ നമ്പൂരി സാമാന്യത്തിലധികം ഇളിഭ്യനായി. താൻ മുൻപ് പറഞ്ഞതു മൂസ്സു കേട്ടിരി ക്കുമോ. കേട്ടുവെങ്കിൽ കാര്യം ചീത്തയായി. വഷളത്തം പറയേണ്ടായിരുന്നു എന്നും മറ്റും വിചാരി ച്ചുകൊണ്ട് അദ്ദേഹം അവിടെത്തന്നെ നിന്നു. അദ്ദേഹം കോവിലകത്തോടടുത്തുള്ള വളപ്പിൽ (പറമ്പിൽ) ചെന്നു ചുറ്റി നടന്നുനോക്കി എന്തോ ഒരു പച്ചില പറിച്ചു കൈയിലിട്ടു കശക്കിക്കൊണ്ടു മടങ്ങിവന്നു അവിടെ നിന്നിരുന്ന കുട്ടിപ്പട്ടരുടെ കൈയിൽ കൊടുത്ത് അതു പച്ചവെള്ളത്തിലരച്ചു കുഴമ്പുപോലെയാക്കിക്കൊണ്ടു വരുവാൻ പറഞ്ഞു. കുട്ടിപ്പട്ടർ ഉടനെ അതു കുഴമ്പുപോലെയാക്കിക്കൊണ്ടുവന്നു. മൂസ്സവർ കൾ കുരുവിന്റെ ഒരു സ്ഥാനം പറഞ്ഞുകൊടുത്തു കുട്ടിപ്പട്ടരെക്കൊണ്ട് ആ മരുന്ന് അവിടെ ഇടുവിച്ചു. ഒരു നാഴിക കഴിഞ്ഞപ്പോൾ കുരു പൊട്ടി ചോരയും ചലവുമായി ഒരു രണ്ടുമൂന്നിടങ്ങഴിക്കു മാത്രം ഒഴിഞ്ഞു പോയി. ഉടനെ തമ്പുരാൻ എണീറ്റിരുന്ന് 'ഇപ്പോൾ വേദന ഒട്ടുമില്ല. ഇനി ക്ഷീണം മാത്രമാണ് ദുസ്സഹമായിട്ടു ള്ളത്.' എന്ന് പറഞ്ഞു. അപ്പോൾ മൂസ്സവർകൾ 'കുറച്ചു കഞ്ഞി കുടിച്ചാൽ ക്ഷീണവും കുറയും എന്നു പറഞ്ഞു.'ഉടനെ തമ്പുരാൻ 'എന്നാൽ കഞ്ഞി കൊണ്ടുവരട്ടെ' എന്നു പറയുകയും കുട്ടിപ്പട്ടർ കഞ്ഞികൊണ്ടു ചെന്നു കൊടുക്കുകയും ചെയ്തു. അപ്പോൾത്തന്നെ തമ്പുരാൻ ഒരു നാഴിയരിയുടെ കഞ്ഞി കുടിച്ചു. കഞ്ഞി കുടിച്ചു കൈകഴുകിക്കഴിഞ്ഞപ്പോൾ മൂസ്സവർകൾ 'ഇനി ആ കട്ടിലിൽ കുറച്ചുനേരം ഇടത്തുവശം ചരിഞ്ഞുകിടക്കുക' എന്നു പറഞ്ഞു. ഉടനെ തമ്പുരാൻ അങ്ങനെ കിടക്കുകയും ഒരു മാത്രനേരം കഴിഞ്ഞപ്പോൾ ഉറങ്ങിത്തുടങ്ങുകയും ചെയ്തു. പിന്നെ മൂസ്സവർകൾ 'ഉറക്കത്തിന്ന് വിഘ്നം വരത്തക്കവണ്ണം ഇവിടെ ആരും ശബ്ദമൊന്നും ഉണ്ടാക്കരുതെന്നും' പറഞ്ഞിട്ട് ഊണുകഴിക്കാൻ പോയി. ഊണു കഴിഞ്ഞു മൂസ്സവർകൾ കോവിലകത്തുതന്നെ മറ്റൊരു സ്ഥലത്തു പോയിരുന്നു വിശ്രമിച്ചു.

തമ്പുരാൻ ഉറങ്ങിത്തുടങ്ങീട്ട് ഏകദേശം നാലു മണിക്കൂറു കഴിഞ്ഞപ്പോൾ ഉണർന്നു. പിന്നെയും കുറച്ചു കഞ്ഞികുടിച്ചു. തമ്പുരാന്റെ കഞ്ഞികുടി കഴിഞ്ഞപ്പോഴേക്കു മൂസ്സവർകൾ വീണ്ടും

അവിടെയെത്തി. അപ്പോൾ തമ്പുരാൻ 'മൂസ്സിന്റെ ചികിത്സ എനിക്ക് നല്ലപോലെ ഫലിച്ചു. ഞാൻ അഞ്ചാറുദിവസം കൂടീട്ടാണ് ഇന്നു കുറച്ചു കഞ്ഞികുടിക്കുകയും ഉറങ്ങുകയും ചെയ്തത്. എനിക്കിപ്പോൾ വളരെ സുഖം തോന്നുന്നുണ്ട്. വേദന ഒട്ടുമില്ല. ഇനി കുരുവിന്റെ വ്രണമുണങ്ങുകയും ദേഹത്തിന്റെ ക്ഷീണം മാറുകയും മാത്രം മതി. അതിനെന്തെല്ലാമാണ് വേണ്ടതെന്ന് നിശ്ചയിക്കണം. എന്നല്ല എനിക്ക് നല്ല സുഖമായിട്ട് മൂസ്സ് ഇവിടെനിന്ന് പോകാവൂ. അതുവരെ ഇവിടെത്താമസിക്കണം' എന്നു പറഞ്ഞു. അതിനു മറുപടിയായി മൂസ്സവർകൾ ' ഇനിയും ഇവിടെത്താമസിക്കാൻ നിവൃത്തിയില്ല. എനിക്ക് ഇപ്പോൾത്തന്നെ മടങ്ങിപ്പോകേണ്ടിയിരിക്കുന്നു. ജ്യേഷ്ഠനിപ്പോൾ സുഖക്കേടായിട്ട് കിടപ്പാണ്. ജ്യേഷ്ഠനെ ചികിത്സിക്കാനായിട്ടാണ് ഞാൻ പിലാമന്തോളി ല്ലത്ത് വന്നിരിക്കുന്നത്. ഇവിടെ ശീലായ്മയാണെന്നറിയുകയും ആളയയ്ക്കുകയും ജ്യേഷ്ഠൻ നിർബന്ധ പൂർവ്വം പറയുകയും ചെയ്തതുകൊണ്ടാണ് ഞാൻ ഇങ്ങോട്ട് വന്നത്. ഇനി ഇവിടെ ഭയപ്പെടാനൊന്നുമില്ല. ഏതാനും ദിവസംകൊണ്ടു ദീനങ്ങളെല്ലാം മാറി സുഖമാവും. ഇനി ചെയ്യേണ്ടുന്ന ചികിത്സകൾക്കൊക്കെ ഇവിടെ എഴുതിക്കൊടുത്തേക്കാം. അതുപോലെയൊക്കെ ചെയ്താൽ മതി' എന്നറിയിച്ചു. അതു തമ്പുരാൻ അനുവദിക്കുകയും ചികിത്സയ്ക്കു വേണ്ടതെല്ലാമെഴുതിക്കൊടുത്തിട്ട് മൂസ്സവർകൾ അപ്പോൾത്തന്നെ യാത്രയാവുകയും ചെയ്തു. ആ സമയം തമ്പുരാൻ തിരുമനസ്സുകൊണ്ടു മൂസ്സവർകൾക്ക് ചില സമ്മാനങ്ങൾ കൽപിച്ചു കൊടുക്കാൻ ഭാവിച്ചു. മൂസ്സവർകൾ അതൊന്നും സ്വീകരിച്ചില്ല. 'അതൊക്കെ ജ്യേഷ്ഠൻ വരുമ്പോ ൾ മതി. ഞാൻ ജ്യേഷ്ഠന്റെ ഒരു പ്രതിപുരുഷൻ മാത്രമായിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. ജ്യേഷ്ഠൻ പറഞ്ഞയച്ചിട്ടുള്ളതുപോലെ വല്ലതും ചെയ്യാനല്ലാതെ ഇവിടെനിന്ന് എന്തെങ്കിലും വാങ്ങാൻ എനിക്കർഹതയില്ല' എന്നു പറഞ്ഞു മടങ്ങിപ്പോന്നു. ആര്യൻ നാരായണൻമൂസ്സവർകൾ നിശ്ചയിച്ച് എഴുതിക്കൊടുത്ത ചികിത്സകൾക്കൊണ്ടുതന്നെ സാമൂതിരിപ്പാട് തിരുമനസ്സിലേക്ക് അചിരേണ പൂർണ്ണസുഖം സിദ്ധിച്ചു. അതിനാൽ ആര്യൻ നാരായണൻമൂസ്സവർകളുടെ കീർത്തി മലബാറിലും സർവത്ര വ്യാപിച്ചു.

ശങ്കുണ്ണിമൂസ്സ് അവർകളുടെ ദീനം ഭേദമായി അവിടേക്ക് പൂർണ്ണസുഖം സിദ്ധിച്ചതിന്റെ ശേഷം 'ഇനി പാൽക്കഞ്ഞി മതിയാക്കി യഥാപൂർവ്വം ഭക്ഷണം കഴിച്ചു തുടങ്ങാം. എന്നാൽ ആ പാൽക്കഷായം ഒരിക്കലും വേണ്ടെന്നു വെയ്ക്കേണ്ട. അത്താഴം കഴിഞ്ഞ് അതു പതിവായി സേവിച്ചേക്കണം. ഈ ദീനം ഇനിയും വരാതിരിക്കണമല്ലോ' എന്നു പറഞ്ഞിട്ടാണ് ആര്യൻ നാരായണൻമൂസ്സ് അവർകൾ കോട്ടയത്തേക്ക് മടങ്ങിപ്പോയത്. ശങ്കുണ്ണിമൂസ്സവർകൾ ആ പാൽക്കഷായം ആജീവനാന്തം സേവിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

4. ഒരിക്കൽ ചെങ്ങന്നൂർക്കാരൻ ഒരു മാപ്പിള ദീനമായിട്ട് വയസ്ക്കരെ വന്നിരുന്നു. ആ സമയം ആര്യൻ നാരായണൻമൂസ്സ് അവർകൾ ഇല്ലത്തിന്റെ തെക്കു വശത്തെ വരാന്തയിൽത്തന്നെ ഉണ്ടായിരുന്നു. മാപ്പിള മൂസ്സവർകളെക്കണ്ടു തൊഴുതുകൊണ്ടു ' പൊന്നുതിരുമേനി ! അടിയനു നിൽക്കാൻ വയ്യ' എന്നു പറഞ്ഞ് ആ മുറ്റത്തുതന്നെ ഇരുന്നു. ഉടനെ മൂസ്സവർകൾ 'സുഖക്കേടുകൾ എന്തെല്ലാമാണ്.?' എന്നു ചോദിച്ചു. അതിനു മറുപടിയായി മാപ്പിള 'അടിയനു നടക്കുമ്പോൾ നെഞ്ചിടിപ്പും ശ്വാസംമുട്ടലും തലതിരിച്ചിലും മനംമറിച്ചിലും കണ്ണിരുട്ടിക്കലും കാലുകൾ മുറിഞ്ഞുപോകാൻ പോണതുപോലെ തോന്നുകയും ദേഹത്തിന് വിളർച്ചയും വയറ്റിൽ ഒരെരിച്ചിലും മറ്റുമുണ്ട്. ചിലപ്പോൾ മഞ്ഞവെള്ളം ഛർദ്ദിക്കും. തീരെ നടക്കാൻ വയ്യ. ഇവിടെ വിടകൊണ്ടിരിക്കുന്ന മറ്റു ചിലരുടെ വള്ളത്തിൽക്കൂടിയാണ് അടിയൻ വിടകൊണ്ടത്. അടിയനൊരു പാവപ്പെട്ടവനാണ്. അടിയന് ഒരു പെൺപിള്ളയും രണ്ടുമൂന്നു ചെറിയ കുട്ടികളുമല്ലാതെ വേറെ ആരുമില്ല. അടിയൻ അന്നന്നു കൂലിവേല ചെയ്താണ് ആ കുടുംബം പുലർത്തിപ്പോരുന്നത്. അടിയനു വേലയൊന്നും ചെയ്യാൻ വയ്യാതെയായതിൽപ്പിന്നെ അടിയങ്ങൾ ഒരുവിധം തെണ്ടിത്തിന്നു തന്നെയാണ് ദിവസവൃത്തി കഴിച്ചുപോരുന്നത്. മരുന്നുവല്ലതുമുണ്ടാക്കി സേവിക്കണമെന്നു കൽപിച്ചാൽ അടിയനു യാതൊരു നിവൃത്തിയുമില്ല. തിരുമനസ്സുകൊണ്ട് കൃപയുണ്ടായിട്ട് ദൈവത്തെ ഓർത്ത് വല്ലതും മരുന്നു കൽപിച്ചു തന്ന് അടിയനെ രക്ഷിക്കണം.' എന്നും മറ്റും ഏറ്റവും സങ്കടത്തോടുകൂടി പറഞ്ഞു. മാപ്പിളയുടെ ദീനവചനങ്ങളെല്ലാം കേട്ടതിന്റെ ശേഷം മൂസ്സവർകൾ തന്റെ ഒരു ഭൃത്യനെ വിളിച്ച് 'ആ കൊന്നമരത്തിന്മേൽ പടർന്നുകിടക്കുന്ന ഇത്തിക്കണ്ണി (ഇത്തിൾ) കുറെ ഒടിച്ചെടുത്ത് കെട്ടി ആ ചെങ്ങന്നൂർക്കാർ മാപ്പിളമാരുടെ തോണിയിൽ കൊണ്ടു ചെന്ന് ഇട്ടുകൊടുക്കണം' എന്ന് പറഞ്ഞു. (അന്നു വയസ്ക്കര ഇല്ലത്തിന്റെ തെക്കുപുറത്തു മുറ്റത്ത് ഒരു കൊന്നമരവും അതിന്മേൽ നിറച്ച് ഇത്തിക്കണ്ണിയുമുണ്ടായിരുന്നു.) അതുകേട്ട് ഭൃത്യൻ ഉടനെ അപ്രകാരം ചെയ്തു. പിന്നെ മൂസ്സ് അവർകൾ ആ മാപ്പിളയോട് 'ആ മരുന്ന് ഉണക്കിപ്പൊടിച്ച് ദിവസംതോറും കാലത്തു കാലത്തു ഒന്നരക്കഴഞ്ച് പൊടി കാഞ്ഞവെള്ളത്തിൽ സേവിക്കണം. ഒരു

മുപ്പതു ദിവസത്തിൽക്കുറയാതെ സേവിച്ചാൽ നല്ല സുഖമാകും.' എന്നു പറഞ്ഞു. അതുകേട്ട് മാപ്പിള 'കൽപനപോലെ ചെയ്യാം. തിരുമേനിയെ ദൈവം അനുഗ്രഹിക്കട്ടെ.' എന്നു പറഞ്ഞു വീണ്ടും തൊഴുതുകൊണ്ടുപോയി.

ഇതിനുശേഷം ഏകദേശം ഒന്നൊന്നരമാസം കഴിഞ്ഞപ്പോൾ കറുത്തുതടിച്ചു കൂറ്റനായ ഒരു മാപ്പിള ഒരു ദിവസം വയസ്ക്കര വന്ന് ഒരു പുകയിലയും നാലഞ്ചു വെറ്റിലയും രണ്ടുമൂന്നു പഴുക്കടയ്ക്കയും കൂടി മൂസ്സ് അവർകളുടെ മുൻപിൽ വച്ചു വന്ദിച്ചു. അപ്പോൾ മൂസ്സ് അവർകൾ ആ മാപ്പിളയോട് 'എന്താ വന്നത് ' എന്നു ചോദിച്ചു.

മാപ്പിള: തൃപ്പാദം വന്ദിക്കാനായിട്ടാണ്.

മൂസ്സവർകൾ: ദീനവർത്തമാനം വല്ലതും പറയാനാണോ.

മാപ്പിള: ഇപ്പോൾ അടിയനു വിശേഷിച്ചു പടുകാലമൊന്നുമില്ല. അടിയൻ ഒന്നൊന്നരമാസം മുൻപ് ഇവിടെ വിടകൊണ്ടിരുന്നു. അന്ന് അടിയന്റെ ദേഹം വിളറി പച്ചക്കൂമ്പാളപോലെയാണിരുന്നത്. അതുകൊണ്ട് ആളറിഞ്ഞില്ലായിരിക്കാം. അന്ന് അടിയനു രണ്ടു ചുവട് തികച്ചു നടക്കാൻ വയ്യായിരുന്നു. ഇപ്പോൾ അതൊക്കെ തിരുമനസ്സിലെ കൃപകൊണ്ടു ഭേദമായി. അടിയനിപ്പോൾ ചെങ്ങന്നൂരുനിന്ന് കരയ്ക്ക് നടന്നാണ് വിടകൊണ്ടത്. അടിയനു സേവിക്കാൻ (ചൂണ്ടിക്കാണിച്ച് കൊണ്ട്) ഈ കൊന്നമരത്തിന്മേലെ ഇത്തിക്ക ണ്ണിയാണല്ലോ കൽപിച്ചു തന്നത്. കൽപിച്ചതുപോലെ ആ മരുന്ന് ഉണക്കിപ്പൊടിച്ച് ഒരുമാസം കാഞ്ഞവെ ള്ളത്തിൽ സേവിച്ചപ്പോൾ അടിയന്റെ പടുകാലമൊക്കെ മാറി സുഖമായി. എങ്കിലും അടിയൻ അതു പത്തുദിവസം കൂടി നാൽപതു ദിവസം തികച്ചു സേവിച്ചു. ആ മരുന്ന് കുറച്ചുകൂടി ഇരിക്കുന്നുണ്ട്. ഇനിയും വേണമെങ്കിൽ സേവിക്കാം. ഇപ്പോൾ അടിയനു പടുകാലമൊന്നുമില്ല. പണ്ടത്തെപ്പോലെ വേലകളെടുക്കു കയും നടക്കുകയുമൊക്കെ ചെയ്യാറായി. ഈ വർത്തമാനം ഇവിടെ വിടകൊണ്ട് അറിയിക്കാതെയിരിക്കുന്നത് നന്ദികേടാണല്ലോ എന്നു വിചാരിച്ചു മാത്രമാണ് അടിയനിപ്പോൾ വിടകൊണ്ടത്.

മൂസ്സവർകൾ: 'ദീനം ഭേദമായാൽ ആ വിവരം പിന്നെയിവിടെ അറിയിക്കുന്നവർ ചുരുക്കമാണ്. നിനക്ക് ഇങ്ങനെ വേണമെന്നു തോന്നിയല്ലോ. സന്തോഷമായി. ഇപ്പോൾ ദീനമൊന്നുമില്ലാത്ത സ്ഥിതിക്ക് ആ മരുന്നിനി സേവിക്കണമെന്നില്ല'. എന്നു പറഞ്ഞു.

മാപ്പിള:എന്നാൽ അടിയൻ വിടകൊള്ളട്ടെ.

മൂസ്സവർകൾ:(ഒരു രൂപയെടുത്ത് അവിടെ വച്ചിട്ട്) വഴിച്ചെലവിന് ഇതുകൂടിയിരിക്കട്ടെ.

മാപ്പിള: അയ്യോ! അടിയന് ഇതൊന്നും വേണ്ട. തിരുമനസ്സിലെ കൃപകൊണ്ട് അടിയനിപ്പോൾ വേലയെടുക്കാറായല്ലോ.

മൂസ്സവർകൾ: ആട്ടെ, കൊണ്ടുപൊയ്ക്കോ. സംശയിക്കേണ്ട. നീയൊരു പാവമല്ലേ. എന്നും മറ്റും പറഞ്ഞു വീണ്ടും നിർബന്ധിക്കയാൽ മാപ്പിള രൂപയെടുത്തു വീണ്ടും തൊഴുതു യാത്ര പറഞ്ഞുപോയി.

5. കാടമുറി ഗ്രാമത്തിലുൾപ്പെട്ട നാരായണമംഗലത്തില്ലത്തു കഴിഞ്ഞുപോയ അച്ഛൻ നമ്പൂരി അവർകൾ ഒരുവിധം പ്രസിദ്ധിയോടും പ്രതാപത്തോടും കൂടിയിരുന്നിരുന്ന കാലത്ത് ഒരു ദിവസം അദ്ദേഹത്തിന്റെ മക്കളിൽ ഒരുണ്ണിയോടും ഒരു പെൺകിടാവിനോടുംകൂടി വയസ്ക്കര വന്നിരുന്നു. നമ്പൂരിയെക്കണ്ടപ്പോൾ മൂസ്സവർകൾ' എന്താ നാറാണമംഗലം വിശേഷിച്ച്' എന്നു ചോദിച്ചു.

അച്ഛൻനമ്പൂരി: വലിയ വിശേഷമൊന്നുമില്ല. ഈ ഉണ്ണിക്ക് ഒരു ചുമ തുടങ്ങീട്ട് ഏകദേശം ഒരു മാസമായി. പോയ്ക്കോളും പോയ്ക്കോളും എന്നു വിചാരിച്ച് അതു പോകുന്നില്ല. അതിനെന്താണിനി ചെയ്യേണ്ടത്.

മൂസ്സവർകൾ: ഹേ! ഉണ്ണിക്കാണോ സുഖക്കേട്. പെണ്ണിനായിരിക്കുമെന്ന് ഞാൻ വിചാരിച്ചു.

അച്ചൻനമ്പൂരി: പെണ്ണിനിപ്പോൾ സുഖക്കേടൊന്നുമില്ല. ഞാൻ തോണിക്കാണ് പോന്നത്. തോണിയിൽക്കേറാനുള്ള ഉത്സാഹംകൊണ്ട് അവളും പോന്നു എന്നേ ഉള്ളു.

മൂസ്സവർകൾ: ഉണ്ണിയുടെ സുഖക്കേടു സാരമുള്ളതല്ല. അതിനു കടുക്കയും ജീരകവുംകൂടി പൊടിച്ചു പഞ്ചസാര ചേർത്തു കൂടെക്കൂടെ കുറെശ്ശേ കൊടുത്താൽ മതി. നാലഞ്ചുദിവസം കഴിയുമ്പോഴേക്കും ഭേദമാകും. പെണ്ണിനെന്താ ചെയ്യേണ്ടതെന്ന് ഞാൻ സംശയിച്ചു.

അച്ഛൻനമ്പൂരി: അവൾക്കിപ്പോൾ ഒന്നും ചെയ്യണമെന്നു തോന്നുന്നില്ല.

മൂസ്സവർകൾ: വേണ്ട വല്ലതും ചെയ്യണമെന്നു എനിക്കും അഭിപ്രായമില്ല. അങ്ങിനെ സംശയിച്ചു എന്നു

പറഞ്ഞു എന്നേ ഉള്ളു.

അച്ഛൻനമ്പൂരി: ഞാൻ ഇപ്പോൾത്തന്നെ പോകുന്നു. സന്ധ്യയ്ക്ക് മൂൻപ് അങ്ങോട്ടെത്തണം.

മൂസ്സവർകൾ: ഇപ്പോൾത്തന്നെ പോകുന്നുവെങ്കിൽ ഒട്ടും താമസിക്കേണ്ട. രാത്രിയിൽ ഉപദ്രവമാണ്.

അച്ഛൻനമ്പൂരി: അതെയതെ, രാത്രിയായാൽ വലിയ ഉപദ്രവമാണ് എന്ന് പറഞ്ഞ് അദ്ദേഹം അപ്പോൾത്തന്നെ തോണികേറിപ്പോവുകയും സന്ധ്യയ്ക്ക് മുൻപ് ഇല്ലത്തെത്തുകയും അന്യന്മാർക്ക് അറിയാവുന്ന വിധ ത്തിൽ യാതൊരു സുഖക്കേടുമില്ലാതെയിരുന്ന ആ പെൺകിടാവ് അന്നു രാത്രിയിൽത്തന്നെ മരിക്കുകയും ആ പൊടിയുണ്ടാക്കി നാലഞ്ചുദിവസം കൊടുത്തപ്പോൾ ഉണ്ണിയുടെ ചുമ മാറി സുഖമാവുകയും ചെയ്തു.

6. കായംകുളത്തിന് സമീപം 'എരുവ' എന്ന സ്ഥലത്ത് ഒരു സ്ത്രീ (ആളെ സ്പഷ്ടമായി പറഞ്ഞാൽ അവർക്കതു രസിക്കാതെവന്നെങ്കിലോ എന്നു വിചാരിച്ച് അങ്ങനെ ചെയ്യാത്തതാണ്) പ്രസവിച്ചതോടുകൂടി പൊട്ടിക്കീറി രണ്ടു ദ്വാരങ്ങൾ ഒന്നായിത്തീർന്നു. മലവും മൂത്രവും ഒരു മാർഗ്ഗമായിത്തന്നെ പുറത്തേക്കു പോയിത്തുടങ്ങി. ആ സ്ത്രീയുടെ ഭർത്താവും മറ്റും പല നാട്ടുവൈദ്യന്മാരോട് പറഞ്ഞിട്ടും ഇതിലേക്ക് ഒരു സമാധാനവുമുണ്ടായില്ല. ആസ്പത്രിയിൽ കൊണ്ടുപോയി തുന്നിക്കെട്ടാതെ ഇതു ശരിയാകുന്ന കാര്യം അസാദ്ധ്യമാണ് എന്നാണ് എല്ലാവരും പറഞ്ഞത്. അതിന് ആ സ്ത്രീക്കും സ്ത്രീയുടെ ഭർത്താവ് മുതലായവർക്കും നല്ല സമ്മതമല്ലായിരുന്നു. വയസ്ക്കരത്തിരുമനസ്സിലെ അടുക്കൽകൂടി അറിയിച്ചിട്ട് അവിടുന്നും ഇങ്ങനെതന്നെ അഭിപ്രായപ്പെടുകയാണെങ്കിൽ പിന്നെ എന്തുവേണം എന്നാലോചിക്കാം എന്നു പറഞ്ഞു നിശ്ചയിച്ച് ആ സ്ത്രീയുടെ ഭർത്താവും മറ്റും കൂടി വയസ്ക്കരെ വന്നു. ഇത് ഒരു ദിവസം കാലത്തായിരുന്നു. ആ സമയം ആര്യൻ നാരായണൻമൂസ്സ് അവർകൾ കുളപ്പുരയുടെ മുറ്റത്താണ് ഇരുന്നിരുന്നത്. കുളിക്കാൻ ചെന്നപ്പോൾ കടവിൽ അവിടുത്തെ അമ്മ കുളിക്കുന്നുണ്ടായിരുന്നതിനാലാണ് അവിടെ ഇരുന്നന്നത്. ആ മുറ്റത്ത് കുറെശ്ശെ മുത്തങ്ങാപ്പുല്ല് നിൽക്കുന്നുണ്ടായിരുന്നു. ആ പുല്ല് പറിച്ചുകൊണ്ടാണ് അവിടുന്ന് അവിടെ ഇരുന്നിരുന്നത്. അപ്പോൾ ഇവർ അടുത്തുചെന്ന് വന്ദിച്ചു സ്ത്രീയുടെ സുഖക്കേടിന്റെ വിവരമെല്ലാമറിയിച്ചു. അതെല്ലാം കേട്ടുകഴിഞ്ഞപ്പോൾ മൂസ്സവർകൾ നാലഞ്ചുകൂട്ടം മരുന്നുകളുടെ പേരു പറഞ്ഞിട്ട് 'ഇവയെല്ലാം കൂടിയിട്ടു കഷായംവച്ചു പഞ്ചസാര മേമ്പൊടിയായിട്ട് കൊടുക്കുക. കഷായമൊരു മുപ്പതുദിവസം കൊടുത്തേക്കണം.' എന്നു പറഞ്ഞു. അപ്പോഴേക്കും കടവൊഴി യുകയാൽ അവിടുന്നു കുളിക്കാൻ പോവുകയും ചെയ്തു. മരുന്നുകൾ കേട്ടു ധരിക്കാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അതു കൊണ്ട് കുറിച്ചു കൊടുത്തില്ല. അവിടുന്ന് പറഞ്ഞ മരുന്നുകളുടെ കൂട്ടത്തിൽ മുത്തങ്ങാക്കിഴങ്ങുമുണ്ടായിരുന്നു. അവിടുന്ന് അവിടെ പറിച്ചുകൂട്ടിയ മുത്തങ്ങാപ്പുല്ല് കിഴങ്ങോടു കൂടിയതുമായിരുന്നു. അതിനാലവർ നമുക്ക് മുത്തങ്ങാക്കിഴങ്ങും വേണമല്ലോ. അതു തിരുമനസ്സിലെ തൃക്കൈകൊണ്ട് പറിച്ചതും ഈ മുറ്റത്തു മുളച്ചതുമാകയാൽ ഇതിന് പ്രത്യേകമായൊരു മാഹാത്മ്യമു ണ്ടായിരിക്കും എന്നു പറഞ്ഞ് അതെല്ലാം വാരിയെടുത്ത് പൊതിഞ്ഞുകെട്ടിക്കൊണ്ടുപോയി.

ആ കഷായം പത്തുപതിനഞ്ചുദിവസം സേവിച്ചപ്പോഴേക്കും സ്ത്രീക്ക് പൊട്ടിക്കീറിയിരുന്ന സ്ഥലം കൂട്ടിപ്പൊടിച്ച് ഉണങ്ങിത്തുടങ്ങുകയും മലമൂത്രങ്ങൾ യഥാകാലം രണ്ടുവഴിയായിത്തന്നെ വേണ്ടപോലെ പോയിത്തുടങ്ങുകയും ചെയ്തു. ഒരുമാസം കഷായം സേവിച്ചപ്പോഴേക്കും എല്ലാം യഥാപൂർവ്വം ശരിയായി സ്ത്രീ പൂർണ്ണസുഖത്തെ പ്രാപിച്ചു. ആ സ്ത്രീ പിന്നെയും നാലഞ്ചു പ്രസവിച്ചു. യാതൊരപകടവു മുണ്ടായില്ല. അവർ ഇപ്പോഴും സുഖമായി ജീവിച്ചിരിക്കുന്നുണ്ട്.

ആസ്പത്രിയിൽ കൊണ്ടുപോയി തുന്നിക്കെട്ടാതെ ഇതു ശരിയാകില്ല എന്നു പറഞ്ഞ ചില വൈദ്യന്മാരോട് ഈ സ്ത്രീയുടെ ഭർത്താവ് ഈ വിവരം പറഞ്ഞപ്പോൾ അവർ പറഞ്ഞത് ' ആസ്പത്രിയിൽ കൊണ്ടുപോയി തുന്നിക്കെട്ടാതെ മനുഷ്യർ വിചാരിച്ചാൽ ഇതു ശരിയാക്കാൻ സാധിക്കയില്ല എന്നല്ലേ പറഞ്ഞത്. വയസ്ക്കരത്തിരുമേനി കേവലം മനുഷ്യനല്ല. സാക്ഷാൽ ധന്വന്തരിയുടെ ഒരവതാരമാണ്. അവിടുന്നു വിചാരിച്ചാൽ അസാദ്ധ്യമായിട്ടൊന്നുമില്ല' എന്നാണ്.

7. കാർത്തികപ്പള്ളിത്താലൂക്കിൽ പള്ളിപ്പാട്ടുദേശത്തു കോയിക്കലേത്തായ ഈരിക്കൽവീട്ടിൽ കേശവപിള്ള എന്നു പ്രസിദ്ധനായ ഒരു മഹാനുണ്ടായിരുന്നു. അദ്ദേഹത്തിന് ഒരിക്കൽ ഒരു സുഖക്കേ ടുണ്ടായി. അതു മൂത്രമൊഴിവായിരുന്നുവെങ്കിലും സാധാരണമട്ടിലല്ലായിരുന്നു. നേരം വെളുക്കുമ്പോൾ അടിവയറ്റിൽനിന്ന് ഒരെരിച്ചിൽ മേൽപോട്ടു കയറിവരും. അതു തൊണ്ടവരെയാകുമ്പോൾ തൊണ്ടയും നാവും ഉണങ്ങി വരണ്ടു ദാഹം തുടങ്ങും. ഉടനെ വെള്ളം കുടിക്കണം. വെള്ളം കുടിച്ചുതുടങ്ങിയാൽ മൂത്രം പോയിത്തുടങ്ങും. പകൽ പല പ്രാവശ്യമായിട്ട് മൂന്നു നാലു പറയോളം വെള്ളം കുടിക്കും.

പല തവണയായിട്ട് അത്രയും തന്നെ മൂത്രം പോവുകയും ചെയ്യുംത രാത്രിയാകുമ്പോൾ വെള്ളംകുടിയും മൂത്രംപോക്കും കുറഞ്ഞു സാമാന്യംപോലെയാകും. ഇങ്ങനെയായിരുന്നു ദീനത്തിന്റെ സ്വഭാവം. അതിനു കേശവപിള്ളയവർകൾ അനേകം വൈദ്യന്മാരെ വരുത്തുകയും അവരുടെ വിധിപ്രകാരം പല പല ചികിത്സകൾ ചെയ്തുനോക്കുകയും ചെയ്തു. നാട്ടുവൈദ്യന്മാരും ഇംഗ്ലീഷ്വൈദ്യന്മാരും മാറി മാറി പഠിച്ച വിദ്യകളൊക്കെ പ്രയോഗിച്ചു നോക്കീട്ടും ദീനത്തിന് യാതൊരു കുറവുമുണ്ടായില്ല. ഇങ്ങനെ അഞ്ചാറുമാസം കഴിഞ്ഞപ്പോഴേക്കും പരസഹായംകൂടാതെ എണീക്കാൻപോലും വയ്യാത്തവിധത്തിൽ കേശവപിള്ള അവർകൾ ഏറ്റവും വിവശനായിത്തീർന്നു. ഇത്രയുമായതിന്റെ ശേഷം അദ്ദേഹം വള്ളംവഴി ഒരു വിധത്തിൽ വയസ്ക്കരെ വന്നെത്തി. ദീനത്തിന്റെ സ്വഭാവവും അതുവരെ ചെയ്ത ചികിത്സകളുടെ വിവരവുമെല്ലാം ആര്യൻ നാരായണൻമൂസ്സവർകളുടെ അടുക്കൽ അറിയിച്ചു. അവിടുന്ന് അതെല്ലാം കേട്ടു കഴിഞ്ഞതിന്റെ ശേഷം ഒരു നെയ്ക്കു ചാർത്തിക്കൊടുക്കുകയും ആ നെയ്യ് കാച്ചി പതിവായി കാലത്തു കാലത്ത് അരയ്ക്കാൽത്തുടം വീതം ചൂടുള്ള കഞ്ഞിയിലൊഴിച്ച് കുടിക്കാൻ പറയുകയും ചെയ്തു. കേശവപിള്ള അവർകൾ ചാർത്തുവാങ്ങി ഒരാളെക്കൊണ്ടു വായിപ്പിച്ചു കേട്ടതിന്റെ ശേഷം 'ഈ നെയ്യു മൂന്നാഴിവീതം മൂന്നുപ്രാവശ്യം കാച്ചിസ്സേവിച്ചിട്ട് ഒരു ഗുണവുമുണ്ടായില്ല' എന്നറിയിച്ചു.

മൂസ്സവർകൾ: ആട്ടെ ഒരു മൂന്നാഴി കൂടി കാച്ചുക, ഗുണമുണ്ടാകും

കേശവപിള്ള: ഈയ്യിടെ കാച്ചിയ മൂന്നാഴി നെയ്യ് ഇരിക്കുന്നുണ്ട്. അതുപയോഗിച്ചാൽ മതിയാകുമോ.

മൂസ്സവർകൾ: അതുവേണ്ട. ഈ കുറിപ്പനുസരിച്ച് വേറെതന്നെ മൂന്നാഴി കാച്ചുകയാണ് നല്ലത്.

കേശവപിള്ള: കൽപനപോലെ ചെയ്യാം എന്നു പറഞ്ഞു വീണ്ടും വന്ദിച്ചുകൊണ്ട് തോണികേറി അപ്പോൾത്തന്നെ പോവുകയും ചെയ്തു.

വയസ്ക്കരനിന്നു കൊടുത്ത ചാർത്തനുസരിച്ച് കേശവപിള്ളഅവർകൾ പിന്നെയും മൂന്നാഴി നെയ്യ് യഥാക്രമം കാച്ചിയരിപ്പിക്കുകയും അതു കാച്ചിയരിച്ചതിന്റെ പിറ്റെദിവസം രാവിലെ കഞ്ഞിവെയ്പിച്ച് അരയ്ക്കാൽത്തുടം നെയ്യുമൊഴിച്ച് ചെറുചൂടോടുകൂടി കഞ്ഞി കുടിക്കുകയും ചെയ്തു. അടിവയറ്റിൽ നിന്നുള്ള എരിച്ചിൽ മേൽപോട്ട് കേറിവന്ന് തുടങ്ങിയപ്പോഴാണ് കഞ്ഞി കുടിച്ചത്. ആദ്യം കുടിച്ച ആ ഒരു പിലാവിലക്കഞ്ഞി കീഴ്പോട്ടു ഇറങ്ങിയതോടുകൂടി ആ എരിച്ചിലും കീഴ്പോട്ടിറങ്ങി. പിന്നെ ആ എരിച്ചിൽ ഒരിക്കലും മേൽപ്പോട്ടു കയറി വന്നില്ല. അതിനാൽ ക്രമത്തിലധികമുണ്ടായിരുന്ന ദാഹവും വെള്ളംകുടിയും മൂത്രംപോക്കുമെല്ലാം അതോടുകൂടി നിന്നു. പിന്നെ അതൊന്നും അദ്ദേഹത്തിന് ഒരിക്കലുമുണ്ടായില്ല. വാസ്തവം വിചാരിച്ചാൽ ആ ഒരു പിലാവില കഞ്ഞി കുടിച്ചതോടുകൂടിത്തന്നെ കേശവപിള്ള അവർകളുടെ സുഖക്കേടുകളെല്ലം ഭേദമായിയെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. എങ്കിലും അദ്ദേഹം ആ മൂന്നാഴി നെയ്യ് തീരുന്നതുവരെ അരയ്ക്കാൽത്തുടം വീതം പതിവായി കഞ്ഞിയിലൊഴിച്ച് കുടിച്ചുകൊണ്ടിരുന്നു. അപ്പോഴേക്കും അദ്ദേഹത്തിന്റെ ക്ഷീണമെല്ലാം മാറി യഥാപൂർവ്വം ബലവത്തരമായിത്തീരുകയും പിന്നെയും അദ്ദേഹം ഏതാനും കൊല്ലം സുഖമായി ജീവിച്ചിരിക്കുകയും ചെയ്തു. അദ്ദേഹം ആജീവനാന്തം ഈ സംഗതിയെക്കുറിച്ച് കൃതജ്ഞതാപൂർവ്വം പലരോടും പറയാറുണ്ടായിരുന്നു. 'ജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കുവേണ്ടി നമ്മുടെ ഗവൺമെന്റ് പ്രതിവത്സരം വളരെ പണം വ്യയം ചെയ്യുന്നുണ്ടല്ലോ. എന്നാൽ ഏറിയഒരു ജനങ്ങളുടെ ജീവനെ രക്ഷിച്ചുകൊണ്ടിരിക്കുന്ന വയസ്ക്കരത്തിരുമേനിക്ക് ഗവൺമെന്റിൽനിന്ന് പറയത്തക്കവണ്ണമുള്ള ധനസഹായമൊന്നും ചെയ്യാത്തത് കഷ്ടം തന്നെ. ഡർബാർ ഫിസിഷ്യന് ഗവൺമെന്റ് പ്രതിമാസം ആയിരംരൂപ വീതമാണ് കൊടുക്കുന്നതെങ്കിൽ വയസ്ക്കരത്തിരുമേനിക്ക് പതിനായിരംരൂപ വീതം കൊടുക്കണം. അത്രയ്ക്കു മാത്രം രക്ഷ അവിടുന്നു ജനങ്ങൾക്കു ചെയ്യുന്നുണ്ട് എന്നും മറ്റുമായിരുന്നു കേശവപിള്ള അവർകൾ പറഞ്ഞിരുന്നത്.

8. കുമാരനെല്ലൂർ ഗ്രാമവാസിയും കുമാരനെല്ലൂർ അമ്പലപ്പുഴ മുതലായ മഹാക്ഷേത്രങ്ങളിലെ തന്ത്രിയും പ്രസിദ്ധ കർമ്മിയുമായ 'കുടിയക്കോൽ' അച്ഛൻ തുപ്പൻ നമ്പൂരി അവർകൾ ഒരിക്കൽ അരോചകരോഗബാധിതനായിത്തീർന്നു. കഞ്ഞി, ചോറ്, കാപ്പി, ചായ, പലഹാരങ്ങൾ, പഴങ്ങൾ മുതലായി യാതൊന്നിനും രുചിയില്ലാതെ വരികയാൽ ഭക്ഷണമൊന്നും കഴിക്കാതെയാവുകയും തന്നിനിമിത്തം ക്ഷീണം വർദ്ധിക്കുകയും അച്ഛൻ നമ്പൂരിയവർകൾക്ക് പരസഹായം കൂടാതെ എണീറ്റിരിക്കാൻപോലും വയ്യാതായിത്തീരുകയും ചെയ്തു. അനേകം വൈദ്യന്മാർ മാറി മാറി പല ചികിത്സകൾ ചെയ്തുനോക്കീട്ടും ഒരു ഫലവും കാണായ്കയാൽ ഒടുക്കം അഫ്ഫൻ നമ്പൂരിയവർകൾ വയസ്ക്കര വന്ന് ആര്യൻ നാരായണൻ മൂസ്സവർകളെ കൊണ്ടുപോയി..മൂസ്സവർകളെ

കുടിയക്കോലില്ലത്തെത്തി അച്ഛൻ നമ്പൂരി അവർകളെ ക്കണ്ടപ്പോൾ 'കുടിയക്കോലിനു യാതൊന്നിനും രുചിയില്ലേ' എന്തെങ്കിലും ഭക്ഷിക്കാമെന്നോ കുടിക്കാ മെന്നോ തോന്നുന്നുണ്ടോ എന്ന് ചോദിച്ചു.

അച്ഛൻനമ്പൂരി അവർകൾ: എനിക്ക് അങ്ങനെയൊന്നും തോന്നുന്നില്ല.

മൂസ്സ് അവർകൾ: കുമാരനെല്ലൂരമ്പലത്തിലെ ഇടിച്ചുപിഴിഞ്ഞ പായസമായാലോ.

അച്ഛൻനമ്പൂരിഅവർകൾ: എന്തോ പരീക്ഷിച്ചുനോക്കണം.

മൂസ്സവർകൾ (അപ്ഫൻനമ്പൂരി അവർകളോട്): അതിനു രുചിയില്ലാതെ വരികയില്ല. അവിടെ ഇടിച്ചു പിഴിഞ്ഞ പായസം പതിവായിട്ടുണ്ടായിരിക്കുമല്ലോ. കുടിയക്കോൽ അവിടെ തന്ത്രിയായതുകൊണ്ട്

അതു കിട്ടാനും പ്രയാസം വരികയില്ല. അതു വരുത്തി ദിവസംതോറും രണ്ടു പ്രാവശ്യം വീതം കുറെശ്ശെ കൊടുക്കണം. അങ്ങനെ രണ്ടു മൂന്നു ദിവസം കഴിയുമ്പോൾ കഞ്ഞിയും ചോറുമൊക്കെ കഴിച്ചു തുടങ്ങും. ഭക്ഷണം കഴിച്ചു തുടങ്ങിയാൽ ക്രമേണ ക്ഷീണവും മാറും. അത്രയും മതിയല്ലോ.

അപ്ഫൻ നമ്പൂരിഅവർകൾ: ദീനവും ക്ഷീണവുമൊക്കെ മാറിയാൽ മതി. പായസം ഇന്നു മുതല്ക്കുതന്നെ വരുത്തിക്കൊടുക്കാം. വേറെ മരുന്നൊന്നും വേണ്ടെന്നോ.

മൂസ്സവർകൾ: : മരുന്നോ. ഇതുതന്നെ ഒരു മരുന്നാണ്. പിന്നെ (അപ്പോൾ അവിടെ മുറ്റത്തു നിൽക്കുന്ന മാവിന്റെ ചുവട്ടിൽ തളിരു ധാരാളം വീണു കിടക്കുന്നുണ്ടായിരുന്നു. അതു ചൂണ്ടിക്കാണിച്ചുകൊണ്ടു) ഈ മാന്തളിര്, ഇഞ്ചി, കൂവളത്തിൻ വേര് തൊലികളഞ്ഞ്, മലര്, ഇവയിട്ടു കഷായം വെച്ച് അരക്കഷായം വീതം രണ്ടുനേരവും പഞ്ചസാര മേൻപൊടി ചേർത്തു കൊടുക്കുക കൂടി ചെയ്തേക്കണം. അതു മതി എന്നു പറഞ്ഞ് മൂസ്സവർകൾ അപ്പോൾത്തന്നെ മടങ്ങിപ്പോരുകയും ചെയ്തു.

അന്നുതന്നെ കുമാരനല്ലൂർനിന്ന് ഇടിച്ചുപിഴിഞ്ഞ പായസം വരുത്തിക്കൊടുത്തു. അച്ഛൻനമ്പൂരിയവർകൾ അപ്പോഴും വൈകുന്നേരവും കുറെശ്ശെ ഉണ്ടു. അന്നുതന്നെ കഷായവുമുണ്ടാക്കിക്കൊടുത്തു തുടങ്ങി. അങ്ങ നെ രണ്ടുമൂന്നു ദിവസം രണ്ടു നേരവും കഷായം സേവിക്കുകയും പായസമുണ്ണുകയും ചെയ്തപ്പോൾ അച്ഛൻനമ്പൂരിയവർകൾക്കു രുചിയുണ്ടാക്കിത്തുടങ്ങുകയും കുറെശ്ശെ കഞ്ഞിയും ചോറും കഴിക്കാമെന്നു തോന്നിത്തുടങ്ങുകയും ചെയ്തു. അഞ്ചാറുദിവസം കഴിഞ്ഞപ്പോഴേക്കും അദ്ദേഹം സാമാന്യംപോലെ ഊ ണു കഴിച്ചുതുടങ്ങി. കിം ബഹുനാ? പത്തുപതിനഞ്ചു ദിവസംകൊണ്ട് അച്ഛൻനമ്പൂരിയവർകൾ ദീനംമാറി സ്വസ്ഥശരീരനായിത്തീർന്നു. ഈ സംഗതി അദ്ദേഹവും അപ്ഫൻനമ്പൂരി അവർകൾ മുതലായവരും ഇപ്പോഴും ചിലപ്പോൾ പ്രസംഗവശാൽ കൃതജ്ഞതാപൂർവ്വം പറയാറുണ്ട്.

9 ഒരു കഥകളിയോഗത്തിലെ പ്രധാനനും പ്രസിദ്ധനും നല്ല വേഷക്കാരനും ആട്ടക്കാരനുമായിരുന്ന തകഴിയിൽ വേലുപിള്ള ഒരിക്കൽ വയസക്കരയില്ലത്തു വന്നപ്പോൾ ആര്യൻ നാരായണൻ മൂസ്സ് അവർകൾ 'വേലുപിള്ള തനിച്ചോ, യോഗത്തോടുകൂടിയോ' എന്നു ചോദിച്ചു.

വേലുപിള്ള: യോഗത്തോടുകൂടിത്തന്നെയാണ്.

മൂസ്സവർകൾ: ഇന്നു കളി എവിടെയാണ്.

വേലുപിള്ള: കാരാപ്പുഴെ അമ്പലക്കടവിലമ്പലത്തിൽ.

മൂസ്സവർകൾ:നാളെയോ.

വേലുപിള്ള: നാളെ ഇവിടെ തിരുമുമ്പിലെന്നാണ് അടിയൻ വിചാരിച്ചിരിക്കുന്നത്.

മൂസ്സവർകൾ: ഓഹോ വിരോധമില്ല, നേരത്തെ പെട്ടിയും കോപ്പും ഇങ്ങോട്ടെടുപ്പിച്ചോളൂ.

ഇതു കേട്ട് വേലുപിള്ള സന്തോഷത്തോടുകൂടി വീണ്ടും വന്ദിച്ചുകൊണ്ടു പോയി.

വേലുപിള്ള പറഞ്ഞതുപോലെ അന്ന് കാരാപ്പുഴ കളിയുണ്ടായിരുന്നു. കഥ നളചരിതം രണ്ടാം ദിവസ ത്തേതായിരുന്നു. വേലുപിള്ള നളന്റെ വേഷംകെട്ടി ആടിക്കൊണ്ടു നിന്ന സമയം ഒരു ചെവിപ്പൂ താഴെ വീണു. അതു കോൽ മേൽപോട്ടായിട്ടു കമഴ്ന്നാണ്വീണത്. അതറിയാതെ വേലുപിള്ള അതിന്റെ മീതെ ചവിട്ടി. ചവിട്ടു നല്ല ഊക്കോടുകൂടിയായിരുന്നു. ചെവിപ്പൂവിന്റെ കോൽ വേലുപിള്ളയുടെ ഉള്ളങ്കാലിൽ കുത്തിക്കേറി. അതിന്റെ അഗ്രം മറുവശത്തു വന്നു.അതോടുകൂടി വേലുപിള്ള ബോധംകെട്ടു പുറകോട്ടു മലർന്നു. ഉടൻ പാട്ടുകാരും മേളക്കാരും കൂടി താങ്ങിപ്പിടിച്ചതുകൊണ്ട് നിലത്തു വീണില്ല. അവർ വേലുപി ള്ളയെ താങ്ങിയെടുത്ത് അണിയറയിൽ കൊണ്ടുചെന്ന് കിടത്തി. കോപ്പുകളെല്ലാമൊരുവിധത്തിൽ അഴിച്ചെ ടുക്കുകയും ഉള്ളങ്കാലിൽ തറച്ചിരുന്ന ചെവിപ്പൂവൂരിയെടുക്കുകയും ചെയ്തു. വേലുപിള്ളയുടെ മുറിവു പറ്റിയ ആ കാലിരുന്ന സ്ഥലമെല്ലാം

രക്തമയമായി. ഉടത്തുകെട്ടു മുതലായവയും മിക്കവാറും രക്തംകൊണ്ടു നനഞ്ഞു. വേലുപിള്ളയ്ക്ക് ഈ ആപത്തു പറ്റിയതോടുകൂടി അന്നത്തെ കളി അവസാനിക്കുകയും കാഴ്ച ക്കാരെല്ലാം പിരിയുകയും ചെയ്തു. സ്ഥലത്തെ ചില പ്രധാനന്മാരും വേലുപിള്ളയുടെ ശിഷ്യന്മാരും മറ്റും മാത്രമേ പിന്നെയവിടെയുണ്ടായിരുന്നുള്ളു. അവർ ചില ശുശ്രൂഷകൾ ചെയ്തുകൊണ്ട് വേലുപിള്ളയുടെ ചുറ്റുംകൂടി. അവർ വേലുപിള്ളയ്ക്ക് ജലധാരയോ ഏതാണ്ടൊക്കെ ചെയ്തതിനാൽ കുറച്ചു കഴിഞ്ഞപ്പോൽ ബോധം വീണു. അപ്പോൾ വേദനയുടെ കാഠിന്യംകൊണ്ട് വേലുപിള്ള നിലവിളിച്ചുതുടങ്ങി. അങ്ങനെ 'അവിദി തഗതയാമാ രാത്രിരേവം വ്യരംസീൽ' എന്നുള്ളതുപോലെതന്നെ നേരം വെളുത്തു. അപ്പോഴേയ്ക്കും വേലുപിള്ളയുടെ ആ ഒരു കാലിന്മേൽ മുഴുവനും നീരു വന്നു വീർത്തിരുന്നു. മുട്ടിനു താഴെ വലിയ മന്തുപോലെയല്ല. അതിലധികം നീരുണ്ടായിരുന്നു. വേദനകൊണ്ട് കാലു മാറ്റിവെയ്ക്കാനെന്നല്ല കാലിന്മേൽ തൊടാൻ പോലും വയ്യായിരുന്നു. പിന്നെ എല്ലാവരും കൂടി എന്താ വേണ്ടതെന്ന് ആലോചനയായി. വേലുപി ള്ള ഈ സ്ഥിതിയിലായിപ്പോയതുകൊണ്ട് അന്നു വയസ്ക്കര കളിയുണ്ടാവുകയില്ലെന്നു തന്നെ തീർച്ച പ്പെടുത്തി. എങ്കിലും ഈ വിവരം അവിടെ അറിയിക്കുകയും ഇതിനെന്താണ് ചെയ്യേണ്ടതെന്ന് ചോദിക്കു കയും ചെയ്യേണ്ടത് അത്യാവശ്യമാണല്ലോ എന്ന് വിചാരിച്ച് വേലുപിള്ളയുടെ ശിഷ്യന്മാരിൽ ചിലർ ഓടി വയസ്ക്കരയെത്തി വിവരമെല്ലാമറിയിച്ചു. അപ്പോൾ മൂസ്സവർകൾ'വേലുപിള്ളയ്ക്കു വേഷംകെട്ടാൻ വയ്യെങ്കിലും കളി വേണ്ടെന്നു വിചാരിക്കുന്നില്ല.

'അതു വേണമെന്ന് നിശ്ചയിച്ചതല്ലേ. വേഷം കെട്ടാവുന്നവർ കെട്ടിയാൽ മതി. പെട്ടിയും കോപ്പും ഇങ്ങോട്ടു കൊണ്ടുപോരട്ടെ. വേലുപിള്ളയേയും ഇങ്ങോട്ടു കൊണ്ടുവരിക. എന്താ ചെയ്യേണ്ടതെന്ന് കണ്ടിട്ട് നിശ്ചയിക്കാം' എന്നാണ് പറഞ്ഞത്. അതു കേട്ട് വേലുപിള്ളയുടെ ശിഷ്യന്മാർ ഓടിപ്പോയി വേലുപിള്ളയെ ഒരു മഞ്ചലിലാക്കിയെടുത്ത് വയസ്ക്കരെ കൊണ്ടുവന്നു. പെട്ടിയും കോപ്പുമായി ശേഷമുണ്ടായിരുന്നവരും പിന്നാലെ അവിടെ വന്നു ചേർന്നു.

അന്നു വയസ്ക്കരയില്ലത്തിന്റെ തെക്കുവശത്തു പടിഞ്ഞാട്ടുമാറി (ഇപ്പോഴത്തെ പുത്തൻമാളികയുടെ സ്ഥാനത്തുതന്നെ) രണ്ടുമൂന്നു മുറികളും ഒരു പൂമുഖവും പടിഞ്ഞാട്ട് ഒരു മുഖപ്പും മറ്റുമായി ഒരു കെട്ടിട മുണ്ടായിരുന്നു. പകൽസമയങ്ങളിൽ മൂസ്സവർകൾ ആ പൂമുഖത്താണ് സാധാരണയായി ഇരിക്കുക പതിവ്. വേലുപിള്ളയെ എടുത്തുകൊണ്ടുവന്ന സമയത്തും മൂസ്സവർകൾ അവിടെയുണ്ടായിരുന്നു. വേലുപിള്ളയുടെ കാലിന്മേലുണ്ടായിരുന്ന നീരും മുറിവുമെല്ലാം നോക്കിക്കണ്ടതിന്റെ ശേഷം അവിടുന്ന് അകത്തുപോയി എന്തോ ഒരു തൈലം ഏകദേശം ഒരു തുടത്തോളം ഒരു ഇരുമ്പ് കരണ്ടിയിലെടുത്ത് കൊണ്ടുവന്നു കൊടുത്തി ട്ട് 'വേലുപിള്ളയെ ആ മുഖപ്പിൽക്കൊണ്ടുപോയിക്കിടത്തി, നീരും മുറിവുമുള്ള സ്ഥലത്തൊക്കെ ഈ തൈലം പുരട്ടുക. ഒരു നാഴിക കഴിയുമ്പോൾ പിന്നെയും പുരട്ടണം. അങ്ങനെ മൂന്നു പ്രാവശ്യം പുരട്ടിയാൽ കൊള്ളാം. അതിനിടയ്ക്ക് വേലുപിള്ള ഉറങ്ങിയെങ്കിൽ പിന്നെ പുരട്ടമമെന്നില്ല. ഉണരുമ്പോൾ കഞ്ഞി കൊടുക്കണം. ഉറക്കം മതിയായിട്ട് ഉണരുകയല്ലാതെ ഇടയ്ക്ക് ഉണർത്തരുത്.' എന്ന് വേലുപിള്ളയുടെ ശിഷ്യന്മാരോട് പറയുകയും ആട്ടക്കാർക്ക് അരിയും കോപ്പുകളും കൊടുക്കുന്നതിന് കാര്യസ്ഥനെ വിളിച്ചു ചട്ടംകെട്ടുകയും ചെയ്തിട്ട് കുളിക്കാൻ പോയി.

ആ തൈലം രണ്ടുപ്രാവശ്യം പുരട്ടിയപ്പോഴേക്കും വേലുപിള്ള ഉറങ്ങിത്തുടങ്ങി. ആ ഉറക്കം ഏകദേശം മൂന്നുമൂന്നരമണിക്കൂർ നേരമുണ്ടായി. വേലുപിള്ള ഉണർന്നപ്പോഴേക്കും കാലിന്മേലുണ്ടായിരുന്ന നീരും വേദനയുമെല്ലാം പോയിരുന്നു. മുറിവിന്റെ പാടുപോലും കാൺമാനുണ്ടായിരുന്നില്ല. നിലത്തു ചവിട്ടിയാലും നടന്നാലും എന്നല്ല, വിരൽ കൊണ്ട് കുത്തിയാൽപ്പോലും ആ മുറിഞ്ഞ സ്ഥലത്തുപോലും വേദനയില്ലാ യിരുന്നു. പിന്നെ വേലുപിള്ളയ്ക്കു സ്വല്പം ക്ഷീണം മാത്രമേ ഉണ്ടായിരുന്നുള്ളു. കഞ്ഞികുടി കഴിഞ്ഞപ്പോൾ അതും മാറി.

വേലുപിള്ള പകലെ പോയി കുളിക്കുകയും പതിവുപോലെ ഊണു കഴിക്കുകയും രാത്രിയിൽ വേഷം കെട്ടി വെടിപ്പായിട്ടാടുകയും ചെയ്തു. അന്നും കഥ നളചരിതം രണ്ടാംദിവസത്തേതും നളന്റെ വേഷം കെട്ടിയത് വേലുപിള്ളയുമായിരുന്നു. കളി കഴിഞ്ഞപ്പോൾ നേരം വെളുത്തു. വേലുപിള്ള വേഷമഴിച്ച് മുഖവും തുടച്ചു മുണ്ടും മാറിയുടുത്ത് മൂസ്സ് അവർകളുടെ മുമ്പിൽച്ചെന്നു നിന്നു. അപ്പോൾ മൂസ്സ് അവർകൾ 'വേലുപിള്ളയുടെ ആട്ടം ഇന്നലെ പതിവിലധികം നന്നായി. കുറച്ചധികം മനസ്സിരുത്തിയിരിക്കും' എന്നു പറഞ്ഞു. പതിവുള്ള പണവും വിശേഷാൽ സമ്മാനമായി രണ്ടു മുണ്ടും കൊടുത്തു. വേലുപിള്ള അതു തൊഴുതു വാങ്ങീട്ട് 'അടിയന് ഇന്നലെ വേഷം കെട്ടുന്നതിനും

തൃക്കൈയ്യിൽ നിന്ന് ഇന്നിതു വാങ്ങുന്നതിനും സംഗതിയാകുമെന്ന് അടിയൻ ഒട്ടുംതന്നെ വിചാരിച്ചിരുന്നില്ല. അടിയനുണ്ടായ ആ ആപത്ത് ഇത്ര ക്ഷണത്തിൽ ഭേദപ്പെട്ടു സുഖമായത് തിരുമനസ്സിലെ കൃപകൊണ്ടുതന്നെയാണ് ' എന്നു പറഞ്ഞു.

മൂസ്സവർകൾ: വേലുപിള്ളയുടെ സുഖക്കേടൊക്കെ ഭേദമായിയെന്നാണോ വിചാരിക്കുന്നത്. അതു ഭേദമായിട്ടില്ല. ആ മുറിവുപറ്റിയത് ഒരു വല്ലാത്ത സ്ഥലത്താണ്. അതു ഭേദമാകുന്നതിന് ഒരു മൂന്നു മാസ ത്തിൽക്കുറയാതെ വേണ്ടിവരും. കഷായം വല്ലതും സേവിക്കുകയും വേണം. ഇപ്പോഴത്തെ ഈ ഭേദം വക വെയ്ക്കണ്ട. ഇന്നോ നാളെയോ ആ മുറിവ് കാണാറാവുകയും പഴുത്തുതുടങ്ങുകയും ചെയ്യും.

വേലുപിള്ള:(ഇതു കേട്ട് വ്യസനത്തോടുകൂടി) എന്നാലടിയൻ ഇവിടെയെങ്ങാനും തന്നെ താമസിച്ചു വല്ലതും ചെയ്ത് ഇതു നല്ലതുപോലെ ഭേദമാക്കീട്ടേ വിടകൊള്ളുന്നുള്ളു. ഇനി എന്താണ് ചെയ്യേണ്ടതെന്ന് കല്പ്പിക്കണം.

അതുകേട്ട് മൂസ്സവർകൾ ഒരു കഷായത്തിന് കുറിച്ചുകൊടുത്തു. വേലുപിള്ള അതു വാങ്ങി വന്ദിച്ചുകൊണ്ട് അവിടെനിന്ന് പിരിയുകയും കഥകളിയോഗക്കാരെ സഞ്ചാരത്തിനായിട്ട് അവിടെനിന്ന് പറഞ്ഞയച്ചിട്ട് ഒരു ശിഷ്യനോടുകൂടി കോട്ടയത്തു താമസം തുടങ്ങുകയും ചെയ്തു. അന്നുതന്നെ വൈകുന്നേരം വേലുപിള്ള കുളിക്കാനായി ചെന്നു വെള്ളത്തിലിറങ്ങിയ സമയം ഉള്ളങ്കാലിലെ മുറിവു പൊട്ടിത്തുറന്നു പ്രത്യക്ഷ മാവുകയും പിറ്റേ ദിവസമായപ്പോഴേക്കും കുറെശ്ശെ പഴുപ്പും വേദനയും തുടങ്ങുകയും ചെയ്യുകയാൽ അടുത്തദിവസംതന്നെ കഷായം സേവിച്ചു തുടങ്ങി. ഒരു ശിഷ്യൻ കൂടെത്താമസിച്ചിരുന്നതുകൊണ്ട് മരുന്നുകൾ ശേഖരിക്കുകയും കഷായവും കഞ്ഞിയും ചോറുമൊക്കെ പാകത്തിനുണ്ടാക്കിക്കൊടുക്കുകയും മറ്റും അയാൾ ചെയ്തുകൊണ്ടിരുന്നു. ഏകദേശം മൂന്നു മാസം കഷായം സേവിച്ചപ്പോഴേക്കും ആ വ്രണം നല്ലപോലെ ഉണങ്ങി സുഖമാവുകയും വേലുപിള്ളയ്ക്ക് നടക്കാറാവുകയും ആ മനുഷ്യൻ വീണ്ടും വയസ്ക്കരെച്ചെന്നു മൂസ്സവർകളെക്കണ്ടു വന്ദിച്ചു യാത്രപറഞ്ഞുകൊണ്ട് സ്വദേശത്തേക്ക് പോവുകയും ചെയ്തു.

ആര്യൻ നാരായണൻമൂസ്സവർകൾ ഒരു വിഷയത്തിലും ഭ്രമമുള്ള ആളല്ലായിരുന്നു. ഗംഭീരാശയനായിരുന്ന ആ മഹാനെ ഭ്രമിപ്പിക്കുന്നതിന് ആർക്കും ഒന്നുകൊണ്ടും സാദ്ധ്യവുമല്ലായിരുന്നു. എന്നാൽ അവിടുന്നു കേവലം വിരക്തനായിരുന്നുമില്ല. 'ന പീഡയേദിന്ദ്രിയാണി ന ചൈതാന്യതിലാളയേൽ' എന്നുള്ള പ്രമാണമനുസരിച്ചായിരുന്നു അവിടുത്തെ മനസ്ഥിതി. എങ്കിലും ഒരുകാലത്ത് അവിടേക്കു കഥകളിയിൽ ഒരുവിധം ഭ്രമമുണ്ടായിരുന്നു എന്നാണ് ചിലരുടെ അഭിപ്രായം. അവിടുന്നു വൈശാഖമാഹാത്മ്യം, ദുര്യോ ധനവധം എന്നീ രണ്ടാട്ടക്കഥകളുണ്ടാക്കി അരങ്ങേറ്റം കഴിപ്പിക്കുകയും ഏതു കഥകളിയോഗക്കാർ വന്നാലും ഒരു ദിവസമെങ്കിലും നിശ്ചയമായി കളിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തിട്ടുള്ളതു കൂടാതെ മേൽപറ ഞ്ഞപ്രകാരം അന്നു വേലുപിള്ളയെക്കൊണ്ടു വേഷംകെട്ടിച്ച് ആടിക്കുകയും ചെയ്തതു വിചാരിക്കുമ്പോൾ ആ അഭിപ്രായം ഏകദേശം ശരിയാണെന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

10. ആര്യൻ നാരായണൻമൂസ്സവർകൾ ഒരുകൊല്ലം കന്നിമാസത്തിൽ ശ്രീമൂലംതിരുനാൾ സംബന്ധിച്ച് മുഖം കാണിക്കുന്നതിനായി തിരുവനന്തപുരത്തു പോയി താമസിച്ചിരുന്ന സമയം തിരുവനന്തപുരത്തു സ്ഥിരതാമസക്കാരനും തിരുവല്ലാ 'വേലുപിള്ള' എന്നു പ്രസിദ്ധനുമായിരുന്ന ഒരു ക്രിമിനൽ വക്കീൽ മൂസ്സവർകളെ കാണാൻ വന്നിരുന്നു. വക്കീലിനെ കണ്ടപ്പോൾ മൂസ്സവർകൾ 'വേലുപിള്ളയുടെ ദേഹമിത്ര ക്ഷീണിച്ചിരിക്കുന്നതെന്താണ്? സുഖക്കേട് വല്ലതുമുണ്ടോ?' എന്ന് ചോദിച്ചു.

വക്കീൽ: അടിയന് രണ്ടുമൂന്നു മാസമായിട്ട് നല്ല സുഖമില്ലാതെയിരിക്കുകയാണ്. സദാ ഒരു ദാഹം. വെള്ളം എത്ര കുടിച്ചാലും മതിയാവുകയില്ല. മൂത്രം വളരെയധികം പോകുന്നുമുണ്ട്. ഇത്രയുമൊക്കെയാണ് പ്രധാന മായിട്ടുള്ളത്. ക്ഷീണം സാമാന്യത്തിലധികമുണ്ട്. ഈ ദിക്കിലുള്ള നാട്ടുവൈദ്യന്മാരും ഇംഗ്ലീഷ് വൈദ്യ ന്മാരുമെല്ലാം കഴിയുന്നതൊക്കെ ചെയ്തുനോക്കി. ഒരു ഫലവുമുണ്ടായില്ല. ഇപ്പോൾ എല്ലാവരും ഒരുവിധം ഒഴിഞ്ഞുമാറിയിരിക്കുകയാണ്. അതു നന്നായി എന്ന് അടിയനും നിശ്ചയിച്ചു. പത്തുപന്ത്രണ്ടു ദിവസമായിട്ടൊന്നും ചെയ്യുന്നില്ല. ഒരു ഫലവുമില്ലെന്ന് കണ്ടാൽപ്പിന്നെ വെറുടെ ബുദ്ധിമുട്ടുകയും പണം ചെലവാക്കുകയും ചെയ്യുന്നതെന്തിനാണെന്നാണ് അടിയന്റെ വിചാരം. തിരുനാളിന് തക്കവണ്ണം ഇവിടെ എഴുന്നള്ളാതിരിക്കുകയില്ലെന്ന് അടിയനറിയാം. അതുകൊണ്ട് തിരുമനസ്സറിയിച്ച് കൽപിക്കുന്നപോ ലെയല്ലാതെ ഇനി യാതൊന്നും ചെയ്കയില്ലെന്നുള്ള നിശ്ചയത്തോടുകൂടിയാണ് അടിയൻ ചികിത്സ കളൊക്കെ നിർത്തിവച്ചത്. അടിയന്റെ ആയുസ്സു

മുഴുവനും തീർന്നുപോയില്ലെങ്കിൽ അടിയന്റെ സുഖക്കേടു ഭേദമാക്കാൻ ഇവിടെ വിചാരിച്ചാൽ കഴിയുമെന്നാണ് അടിയന്റെ വിശ്വാസം. അഥവാ ഇതു ഭേദമാ കാത്തതാണെന്നാണ് ഇവിടെയും അഭപ്രായമെങ്കിൽ അതും കൽപിക്കണം. അങ്ങനെയല്ലെങ്കിൽ ഇനിയെന്താണ് ചെയ്യേണ്ടതെന്നു കൽപിക്കണം.

മൂസ്സവർകൾ: ചില വലിയ ആളുകൾക്ക് വരുന്ന ദീനം വന്നാൽക്കൊള്ളാമെന്ന് വേലുപിള്ളയ്ക്ക് ആഗ്രഹമു ണ്ടെന്ന് തോന്നുന്നു. വെറുതെ ഒന്നും ധ്യാനിച്ചുണ്ടാക്കേണ്ട. ഇതൊന്നുമല്ല. ഇതു ദേഹം വല്ലാതെ കാഞ്ഞിട്ട് വന്നിട്ടുള്ളതാണ്. ഇതിനെക്കുറിച്ച് പരിഭ്രമിക്കാനൊന്നുമില്ല. ഒരു പന്ത്രണ്ട് ദിവസം പതിവായി രാവിലെ തേച്ചുകുളിക്കുകയും നെയ്യു കൂട്ടി യഥേഷ്ടം ഊണു കഴിക്കുകയും അത്താഴം കഴിഞ്ഞു കുറെശ്ശെ പാൽകു ടിക്കുകയും മനസ്സിരുത്തി കേസ്സുകളും മറ്റും നോക്കാതെയും കച്ചേരിക്കു പോകാതെയും സ്വസ്ഥമായി ട്ടിരിക്കുകയും ചെയ്താൽ ഇതു ഭേദമാകും. ഇത്രയുമൊക്കെയല്ലാതെ വിശേഷിച്ച് ചികിത്സയൊന്നും ആവ ശ്യമില്ല. വേലുപിള്ളയ്ക്കിപ്പോൾ ദീനമൊന്നുമില്ലല്ലോ.

'എന്നാൽ കൽപിച്ചതുപോലെ ചെയ്യാം.' എന്നു പറഞ്ഞ് വന്ദിച്ചുകൊണ്ട് വക്കീൽ മടങ്ങിപ്പോയി. മൂസ്സവർകൾ പറഞ്ഞതുപോലെ പന്ത്രണ്ടുദിവസം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ദാഹവും വെള്ളംകുടിയും മൂത്രംപോക്കുമെല്ലാം മാറി സുഖമായി. ക്രമേണ ക്ഷീണവും മാറി അദ്ദേഹം സ്വസ്ഥശരീരനായിത്തീർന്നു. പിന്നെ വേലുപിള്ള അവർകൾ പ്രസംഗവശാൽ പലരോടും ഈ സംഗതി പറഞ്ഞ് മൂസ്സവർകളെ വളരെ പ്രശംസിക്കാറുണ്ട്. 'വയസ്ക്കരത്തിരുമേനി കേവലം മനുഷ്യനല്ല. അവിടുന്നു സാക്ഷാൽ ധന്വന്തരിയുടെ ഒരവതാരമൂർത്തിയാണ്. ദീനങ്ങൾ ഭേദമാക്കാൻ അവിടേക്കു ചികിത്സയും മറ്റും വേണ്ട. അവിടുന്ന് ദീനമുണ്ടെന്ന് കൽപിച്ചാലുണ്ട്, ഇല്ലെന്നു കൽപിച്ചാലില്ല. അത്രേ ഉള്ളു. ദീനങ്ങൾക്കൊക്കെ അവിടുത്തെക്കുറിച്ച് ഭയമുണ്ട് ' എന്നും മറ്റുമാണ് ആ മനുഷ്യൻ പറയുക പതിവ്.

11. മേൽപറഞ്ഞ സംഗതികൾ ഞാൻ കണ്ടും കേട്ടും അറിഞ്ഞിട്ടുള്ളവയാണ്. ഇനി ഞാൻ അനുഭവിച്ചറിഞ്ഞിട്ടുള്ള ഒരു സംഗതികൂടി പറയാം. എനിക്ക് ഒരിക്കൽ ഒരു പനിയും അതോടുകൂടി നെഞ്ചി നകത്ത് ഒരു വേദനയും ശ്വാസംമുട്ടലുമുണ്ടായി. ഈ ദീനവിവരം വയസ്ക്കര ആര്യൻനാരായണൻ മൂസ്സ് അവർകളുടെ അടുക്കൽ അറിയിക്കുകയും അവിടുന്ന് ഒരു ക,ായത്തിന് പറയുകയും ആ കഷായം പതിന്നാലു ദിവസം സേവിച്ചപ്പോൾ എന്റെ സുഖക്കേടെല്ലാം ഭേദമാവുകയും ചെയ്തു. എങ്കിലും അവിടുത്തെ ആജ്ഞപ്രകാരം പിന്നെയും പതിന്നാലുദിവസംകൂടി കഷായം സേവിച്ചു. അതിനുശേഷം നന്നാലു ദിവസം കൂടുമ്പോൾ വെള്ളം വെന്തു കരയ്ക്കുവെച്ചു തേച്ചുകുളിക്കുന്നതിന് അവിടുന്നനുവദിച്ചു. അഞ്ചാറു തേച്ചുകുളി കഴിഞ്ഞതിന്റെ ശേഷം ഒന്നരാടൻ തേച്ചുകുളിയും ഒന്നരാടൻ വെറും കുളിയുമായിട്ട് കുറെ ദിവസം കഴിഞ്ഞു. പിന്നെ മുങ്ങിക്കുളിയും തുടങ്ങി. ഈ കുളിയൊക്കെക്കഴിഞ്ഞിട്ടും വിശേഷ മൊന്നുമുണ്ടായില്ല. അതുകൊണ്ടു ക്ഷൗരം ചെയ്യിക്കാൻ വളരെ വൈകിയിരുന്നതുകൊണ്ടും അവിടുത്തെ അടുക്കൽ അറിയിച്ച് അനുവാദം വാങ്ങാതെ ഞാൻ ക്ഷൗരം ചെയ്യിക്കുകയും ഉടനെ ചെന്നു മുങ്ങിക്കു ളിക്കുകയും ചെയ്തു. മുങ്ങിക്കയറിയപ്പോഴേക്കും പനിയും വേദനയും ശ്വാസംമുട്ടലുമെല്ലാം പൂർവ്വാധികം ശക്തിയോടുകൂടി വന്നു ചേർന്നു. കിടുകിടുത്തിട്ട് എനിക്ക് നിന്നു കൊണ്ട് തുവർത്താൻതന്നെ പ്രയാസമാ യിരുന്നു. ഒരു വിധത്തിൽ തുവർത്തിക്കൊണ്ടു ഗൃഹത്തിലെത്തി പുതച്ചുമൂടിക്കിടന്നു. ഉടനെ ഒരാൾ വയസ്ക്കരെച്ചെന്നു മൂസ്സവർകളെക്കണ്ടു ഈ വിവരമറിയിച്ചു. അവിടുന്ന് അൽപനേരം ചിന്താഗ്രസ്തനെന്ന പോലെ ഇരുന്നതിന്റെ ശേഷം 'കുളിച്ചപ്പോഴാണല്ലോ പനിയും മറ്റും വന്നത്. അവ കുളികൊണ്ടു തന്നെ പോകണം. വെള്ളം വെന്തു കരയ്ക്കുവെച്ചു പതിവായി ഒരു പന്ത്രണ്ടുദിവസം തേച്ചുകുളിക്കട്ടെ. നേരത്തെ കുറെ കഞ്ഞി കുടിച്ചിട്ട് ഉച്ചയാകുമ്പോൾ കുളിച്ചാൽ മതി. കുളി കഴിഞ്ഞാൽ ഇഷ്ടംപോലെ എന്തെങ്കിലും കൂട്ടാനും മോരുംകൂട്ടി ഊണു കഴിക്കട്ടെ. പഥ്യമൊന്നും ആചരിക്കണമെന്നില്ല.' എന്നു പറഞ്ഞയച്ചു. ഞാൻ അപ്രകാരംതന്നെ പിറ്റേദിവസംമുതൽ തേച്ചുകുളി തുടങ്ങി. അഞ്ചാറുദിവസം തേച്ചുകുളിച്ചപ്പോഴേക്കും എന്റെ സുഖക്കേടുകളെല്ലാം ഭേദമായി. എങ്കിലും ഞാൻ പന്ത്രണ്ടുദിവസംതന്നെ മുടങ്ങാതെ തേച്ചുകുളിച്ചു. അപ്പോഴേക്കും എനിക്കു മുമ്പുണ്ടായിരുന്ന ക്ഷീണവും കൂടി മാറി. അടുത്ത ദിവസം ഞാൻ നിഷ്പ്രയാസം നടന്നു വയസ്ക്കരെച്ചെന്നു മൂസ്സവർകളെ കണ്ടു. അപ്പോൾ അവിടുന്ന് 'എന്താ സുഖക്കേടൊക്കെ ഭേദമായോ' എന്ന് ചോദിച്ചു.

ഞാൻ: ഒക്കെ ഭേദമായിയെന്നാണ് തോന്നുന്നത്. ഇപ്പോൾ പനിയും ശ്വാസം മുട്ടലുമില്ല. നെഞ്ചിലുണ്ടായിരുന്ന വേദനയും മാറി. ഇന്നലെവരെ തേച്ചുകുളിച്ചു മുങ്ങിക്കുളി തുടങ്ങിയില്ല.

മൂസ്സവർകൾ: ഇനി പതിവായി മുങ്ങിക്കുളിക്കാം. എങ്കിലും നെഞ്ചിനകത്തെ ആ വേദന നിശ്ശേഷം വിട്ടുമാറിയതായി വിചാരിക്കേണ്ട. ഉറക്കമിളയ്ക്കുക, ഉറക്കെ സംസാരിക്കുക, അധികമായി വഴിനടക്കുക, മുതലായ സകല പ്രവൃത്തികൾ ചെയ്യുമ്പോഴും ഇങ്ങനെ ഒരു ദീനം തനിക്കുണ്ടെന്നുള്ള ഓർമ്മയുണ്ടാ യിരിക്കുക. ഒരു നെയ്യുകാച്ചി പതിവയി കൂട്ടിയുണ്ണുകയും അത്താഴം കഴിഞ്ഞു പതിവായി ഒരു പാൽക്ക ഷായം സേവിക്കുകയും ചെയ്താൽ വലിയ ഉപദ്രവം കൂടാതെയിരിക്കും.' എന്നു പറഞ്ഞ് നെയ്യും പാൽക്ക ഷായത്തിനുള്ള മരുന്നുകളും പറഞ്ഞുതരികയും ചെയ്തു. ആ നെയ്യും പാൽക്കഷായവും ഞാനിപ്പോഴും പതിവായി ശീലിച്ചുകൊണ്ടാണിരിക്കുന്നത്. അന്യദിക്കുകളിൽപ്പോയിത്താമസിക്കേണ്ടുന്നതായി വരുമ്പോൾ മാത്രമേ അവ മുടക്കാറുള്ളൂ. അഞ്ചെട്ടു ദിവസമടുപ്പിച്ച് നെയ്യില്ലാതെയിരുന്നാൽ കുറെശ്ശെ വേദന ആരംഭിക്കും. പിന്നെ നാലഞ്ചു ദിവസം നെയ്യുകൂട്ടിയുണ്ണുമ്പോൾ ആ വേദന പോവുകയും ചെയ്യും. അങ്ങനെ ഇപ്പോഴും കണ്ടുവരുന്നുണ്ട്.

12. ആര്യൻ നാരായണൻമൂസ്സവർകൾ തേച്ചുകുളിച്ചുകൊണ്ട് എന്റെ പനി മാത്രമല്ല ഭേദമാക്കീട്ടുള്ളത്. കോട്ടയത്തുനിന്ന് നാലു നാഴിക വടക്കുപടിഞ്ഞാറ് 'ഒളശ' എന്ന സ്ഥലത്ത് ഒരിക്കൽ ഒരു നായർക്ക് ഒരു പനിയുണ്ടായി. അതു തുള്ളൽപ്പനിയായിരുന്നു. അതിന് അനേകം വൈദ്യന്മാർ മാറിമാറി ആറുമാസത്തോളം കാലം ചികിത്സിച്ചിട്ടും പനി മാറിയില്ല. അങ്ങനെയിരുന്നപ്പോൾ ആര്യൻ നാരായണൻ മൂസ്സവർകൾ ഒരടിയന്തിരത്തിനായി ഒളശയിൽ ചിരട്ടമണ്ണമൂസ്സിന്റെ ഇല്ലത്തു പോയിരുന്നു. മൂസ്സിന്റെ ഇല്ലത്തേക്ക് പോകാനുള്ള വഴി ഈ നായരുടെ വീടിന്റെ പടിക്കൽകൂടിയാണ്. ആര്യൻനാരായണൻമൂസ്സവർകൾ അതിലെ വരുമെന്നറിഞ്ഞ് നായർ പരസഹായത്തോടുകൂടി ഒരുവിധത്തിൽ പടിക്കലെത്തി മുൻകൂട്ടി കാത്തിരുന്നു. മൂസ്സവർകൾ പടിക്കലെത്തിയപ്പോൾ നായർ തൊഴുതുകൊണ്ട് 'പൊന്നുതിരുമേനീ! അടിയനെ രക്ഷിക്കണേ' എന്നു പറഞ്ഞു. അതു കേട്ട് മൂസ്സവർകൾ അവിടെ നിൽക്കുകയും നായർ ദീനത്തിന്റെ സ്വഭാവവും അതുവരെ ചെയ്ത ചികിത്സകളുടെ വിവരവുമെല്ലാം പറഞ്ഞു കേൾപ്പിക്കുകയും ചെയ്തു. നായർ പറഞ്ഞതെല്ലാം കേട്ടതിന്റെ ശേഷം മൂസ്സ് അവർകൾ 'പനി തുടങ്ങീട്ട് ആറുമാസമായെങ്കിൽ ഇനി കുളിക്കണം. വെള്ളം വെന്തു കരയക്കുവെച്ചു തേച്ചുകുളിക്കുക. ഒരു പതിനാലു ദിവസം കുളിക്കുമ്പോൾ പനി മാറും. പിന്നെ മുങ്ങിക്കുളിയും വെറും കുളിയും തുടങ്ങാം. കുളിച്ചാൽ തല രണ്ടുമൂന്നു പ്രാവശ്യം നല്ലപോലെ തുവർത്തീട്ടു രാസ്നാദി പൊടി തിരുമ്മണം. അല്ലാതെയൊന്നും ഇനി ചെയ്യണമെന്നില്ല.' എന്നു പറഞ്ഞിട്ട് മൂസ്സിന്റെ ഇല്ലത്തേയ്ക്കു പോയി. ആ നായർ മൂസ്സവർകൾ പറഞ്ഞതു പോലെ പതിന്നാലുദിവസം തേച്ചുകുളിച്ചപ്പോഴേക്കും പനിമാറി. പിന്നെ അയാൾ മുങ്ങിക്കുളിയും വെറുംകുളിയും തുടങ്ങി. ക്രമേണ അയാളുടെ ക്ഷീണവും മാറി അയാൾ പൂർവ്വസ്ഥിതിയെ പ്രാപിക്കുകയും ചെയ്തു.

13. ഒളശയിൽത്തന്നെ മറ്റൊരുവീട്ടിൽ ഒരിക്കൽ ഒരു വിശേഷമുണ്ടായി. ഒരു ദിവസം അവിടെയെല്ലാവരും അത്താഴം കഴിഞ്ഞ് അവരവരുടെ പതിവുസ്ഥലങ്ങളിൽ പോയി കിടന്നുറങ്ങി. ഒരു സ്ത്രീയും അവരുടെ രണ്ടുമൂന്നു കുട്ടികളുംകൂടി ഒരു മച്ചിട്ട മുറിക്കകത്ത് വാതിലുകളെല്ലാമടച്ചു തഴുത് (സാക്ഷ) ഇട്ടിട്ടാണ് കിടന്നുറങ്ങിയത്. ഒരു നെരിപ്പോടിൽ ഉമിയും തീയുമിട്ട് ആ മുറിക്കകത്തു വെച്ചിട്ടുമുണ്ടായിരുന്നു. നേരം വെളുത്തപ്പോൾ ശേഷമെല്ലാവരുമുണർന്നെണീറ്റിട്ടും ആ സ്ത്രീയും കുട്ടികളും ഉണരുകയും മുറിയുടെ വാതിൽ തുറക്കുകയും ചെയ്തില്ല. അതിനാൽ ചിലർ ചെന്നു വാതിലിൽ മുട്ടി വിളിച്ചു. എന്നിട്ടും ആരും മിണ്ടിയില്ല. അപ്പോൾ എല്ലാവർക്കും പരിഭ്രമമായി. ഒടുക്കം വാതിൽ വെട്ടിപ്പൊളിച്ച് അകത്തു കടന്നു നോക്കിയപ്പോൾ ആ സ്ത്രീയും കുട്ടികളും ബോധരഹിതരായി കിടക്കുന്നതു കണ്ടു. ശ്വാസം നിന്നിട്ടില്ലായിരുന്നു. അതിനാൽ മരിച്ചിട്ടില്ലെന്ന് തീർച്ചപ്പെടുത്തി. എങ്കിലും ഇങ്ങനെ വരാനുള്ള കാരണമെ ന്തെന്നറിയാതെ ആദ്യം എല്ലാവരും ചിന്താപരവശരായി. അപ്പോൾ മുറിക്കകത്തു നെരിപ്പോടും തീയുമിരിക്കുന്നതു കണ്ടു. ഉമിത്തീയുടെ പുക മൂക്കിലും മറ്റും കൂടി ശിരസ്സിൽ കയറിയതിനാലാണ് അങ്ങനെ വന്നതെന്ന് തീർച്ചയാക്കി. ഉടനെ ചിലരോടി വയസ്ക്കരെയെത്തി. ആര്യൻ നാരായണൻമൂസ്സവർകളെക്കണ്ടു വിവരമറിയിച്ചു. അപ്പോൾ മൂസ്സവർകൾ'മുറ്റത്തു നല്ലപോലെ വെയിൽ വരുന്ന സ്ഥലത്തു വല്ലതും വിരിച്ച് ആ സ്ത്രീയേയും കുട്ടികളേയുമെടുത്ത് കിടത്തണം. കുറെക്കഴിയുമ്പോൾ അവരെണീററ് പൊയ്ക്കൊള്ളും' എന്ന് പറഞ്ഞയച്ചു. വയസ്ക്കരെ വന്നിരുന്നവർ മടങ്ങിച്ചെന്ന് അപ്രകാരം ചെയ്തു. വെയിൽ മൂത്തുതുടങ്ങിയപ്പോൾ സ്ത്രീയും കുട്ടികളും കുറെശ്ശെ പിടച്ചു തുടങ്ങി. ഏകദേശം മദ്ധ്യാഹ്നമായപ്പോൾ അവർ ഓരോരുത്തരായി എണീറ്റു തുടങ്ങി. പിന്നെ അവർക്കു കുറെശ്ശെ ക്ഷീണമുണ്ടായിരുന്നു. കുളിയും കഞ്ഞികുടിയും കഴിഞ്ഞപ്പോൾ അതും മാറി അവർക്ക് സുഖമാവുകയും ചെയ്തു.

14. മുൻസിപ്പുകോടതി വക്കീലായി വളരെക്കാലം കോട്ടയത്തു താമസിച്ചിരുന്ന കഴിഞ്ഞുപോയ കുമാരമേനോൻ (ഇപ്പോൾ മധുരയിൽ പ്രാക്ടീസുചെയ്യുന്ന ബാരിസ്റ്റർ ഗോപാലമേനോൻ അവർകളുടെ അച്ഛൻ) അവർകൾക്ക് ഒരിക്കൽ പൊക്കിളിൽ ഒരു നീരുണ്ടായി. അന്നു വയസ്ക്കരെ മൂസ്സവർകളും കുമാരമേനോനവർകളും തമ്മിൽ ചില കാരണവശാൽ നല്ല രസമില്ലാതെയിരിക്കുകയായിരുന്നതിനാൽ മേനോനവർകൾക്ക് മറ്റുചില വൈദ്യന്മാരെക്കൊണ്ടാണ് ചികിത്സിപ്പിച്ചത്. ആ നീരു പൊട്ടിയാൽ അപകടമാണെന്നും പൊട്ടിക്കാതെ കഴിക്കാമെന്നുമായിരുന്നു ആ വൈദ്യന്മാരുടെ അഭിപ്രായം. അതിനാലവർ നീരു പൊട്ടാതെ വറ്റിപ്പോകുന്നതിനുള്ള ചികിത്സകളാണ് ചെയ്തത്. എങ്കിലും അതു ക്രമേണ പഴുത്ത് ഉരുണ്ടുകൂടി പൊട്ടുമെന്നുള്ള സ്ഥിതിയിലായി. അപ്പോഴേക്കും വേദന വളരെ കലശലാവുകയാൽ മേനോൻ ഊണും ഉറക്കവുമില്ലാതെ ഏറ്റവും പരവശനായിത്തീർന്നു. ഈ സ്ഥിതി ആകപ്പാടെ കണ്ടപ്പോൾ വന്നതുപോലെതന്നെ വൈദ്യന്മാരുമെല്ലാം ഓരോരുത്തരായി പിന്മാറിത്തുടങ്ങുകയും വിളിച്ചാലും വരാതാവുകയും ചെയ്തു. ആ കൂട്ടത്തിൽ ഒടുക്കം ചികിത്സ മതിയാക്കിപ്പോയ വൈദ്യൻ ഒരു ദിവസം ആ രോഗിയുടെ സ്നേഹിതന്മാരോട് 'ഇനി ആർക്കും ആളയയ്ക്കണമെന്നില്ല. രോഗസ്ഥിതി കണ്ടറിഞ്ഞവരും ഒരു വിധം വിവരമുള്ളവരുമായ വൈദ്യന്മാരാരും ഇനി ഈ രോഗത്തിന് ചികിത്സിക്കാനായി വരികയില്ല. ഞാനും ഇതാ യാത്രയായിക്കഴിഞ്ഞു. നീരു രണ്ടു ദിവസത്തിനകം പൊട്ടും. അതോടുകൂടി കാര്യവും കഴിയും. മിസ്റ്റർ മേനോൻ സമർത്ഥനും നല്ലയാളുമായിരുന്നു. എന്തു ചെയ്യാം. ഈശ്വരവിധിയെത്തടുക്കാൻ വൈദ്യന്മാരെന്നല്ല, ആരു വിചാരിച്ചാലും സാധിക്കയില്ലല്ലോ. നാം തമ്മിലുള്ള സ്നേഹംകൊണ്ട് ഞാൻ പരമാർത്ഥം പറഞ്ഞു എന്നേയുള്ളു. സംഗതി പരസ്യമാക്കണമെന്നില്ല' എന്നു പറഞ്ഞിട്ട് ഉടനെ ഇറങ്ങിപ്പോയി.

വൈദ്യന്മാരെല്ലാവരും ഉപേക്ഷിച്ചുപോയതിന്റെ ശേഷം മിസ്റ്റർ മേനോന്റെ സ്നേഹിതന്മാരിൽ ചിലർ വയസ്ക്കരെ വന്നു വിവരമെല്ലാം ആര്യൻ നാരാണൻമൂസ്സ് അവർകളുടെ അടുക്കൽ അറിയിക്കുകയും അവിടുന്നു ചെന്നു രോഗിയെ കണ്ടു വേണ്ടുന്ന ചികിത്സകൾ നിശ്ചയിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അപ്പോൾ മൂസ്സവർകൾ 'ഞാനൊരു ശത്രുവാണെന്നല്ലേ കുമാരമേനോൻ വിചാരിക്കുകയും പലരോടും പറയുകയും ചെയ്തിട്ടുള്ളത്. ആ സ്ഥിതിക്ക് ഞാൻ വന്നു കണ്ടു വല്ലതും ചെയ്താൽ അയാൾ ഒരു സമയം മരിച്ചുപോവുകയാണെങ്കിൽ ഞാൻ കൊന്നു എന്നു ജനങ്ങൾ പറയുമല്ലോ. ആ അപവാദം വരുത്തിവയ്ക്കാതിരിക്കുകയല്ലേ നല്ലത്' എന്നു ചോദിച്ചു.

വന്നവർ: മിസ്റ്റർ മേനോൻ മരിച്ചുപോവുകയാണെങ്കിൽ ഇവിടേക്ക് അപവാദമൊന്നും ഉണ്ടാകാൻ മാർഗ്ഗമില്ല. ഈ ദീനം ഭേദമായി അദ്ദേഹം ജീവിച്ചിരിക്കുകയില്ലെന്ന് ഇതുവരെ ചികിത്സിച്ച വൈദ്യന്മാരെല്ലാവരും അഭിപ്രായപ്പെട്ടു കഴിഞ്ഞിരിക്കുന്നു. രണ്ടുമൂന്നു ദിവസത്തിനകം ആ നീരു പൊട്ടുമെന്നും അതോടുകൂടി മിസ്റ്റർ മേനോന്റെ കഥ കഴിയുമെന്നുമാണ് അവരുടെ എല്ലാവരുടേയും അഭിപ്രായം. പിന്നെ ഇവിടേക്ക് അപവാദത്തിന് വഴിയില്ലല്ലോ. ഇവിടുത്തെക്കൂടി ഒന്നു കാണിക്കാതെ യിരുന്നാൽ അത് അടിയങ്ങൾക്ക് ഒരപവാദത്തിന് കാരണമാകുമല്ലോ എന്നു വിചാരിച്ചു മാത്രമാണ് അടിയങ്ങൾ വിടകൊണ്ടിരിക്കുന്നത്. അതിനാൽ സദയം എഴുന്നള്ളണം. വണ്ടി കൊണ്ടു വിടകൊണ്ടിട്ടുണ്ട്.

മൂസ്സവർകൾ: നീരു പൊട്ടിയാൽ മേനോൻ മരിക്കും എന്നാണല്ലോ അവരുടെയൊക്കെ അഭിപ്രായം.

വന്നവർ: ഇറാൻ, അങ്ങനെയാണ്.

മൂസ്സവർകൾ : എന്നാൽ എന്റെ അഭിപ്രായമങ്ങനെയല്ല. ആ നീര് പുറത്തേക്ക് പൊട്ടുകയാണെങ്കിൽ വൈഷമ്യമില്ല. പുറത്തേക്ക് പൊട്ടാതെ അകത്തേക്കു പൊട്ടുകയാണെങ്കിൽ ദുർഘടമാകും എന്നാണ് എനിക്കു തോന്നുന്നത്. ഏതെങ്കിലും നിങ്ങൾക്കൊക്കെ നിർബന്ധമാണെങ്കിൽ ഞാൻ വരാം. എനിക്കു കുമാരമേനോനോട് വിരോധമൊന്നുമില്ല.

എന്നു പറഞ്ഞ് മൂസ്സവർകൾ അപ്പോൾത്തന്നെ വണ്ടിയിൽക്കയറി അവരോട് കൂടിപ്പോയി. രോഗിയുടെ അടുക്കലെത്തി നീരു കണ്ടയുടനെ മൂസ്സവർകൾ ഒരു പച്ചമരുന്ന് പച്ചവെള്ളത്തിലരച്ച് നീരിനിടാൻ പറഞ്ഞു. ആ മരുന്നിട്ട് ഒരു നാഴിക കഴിഞ്ഞപ്പോൾ നീരു പൊട്ടുകയും ചോരയും ചലവും കൂടി ഏകദേശം ഒരിടങ്ങഴിയോളം ഒലിച്ചുപോവുകയും ചെയ്തു. അപ്പോൾത്തന്നെ വേദന മാറുകയാൽ മിസ്റ്റർ മേനോൻ കുറെശ്ശെ കഞ്ഞി കുടിച്ചുതുടങ്ങി. പിന്നെ മൂസ്സവർകൾ മടങ്ങി ഇല്ലത്തു വന്നതിന്റെ ശേഷം ഒരു കഷായത്തിന് കുറിച്ചുകൊടുത്തു. ആ കഷായം മൂന്നു മാസം സേവിച്ചപ്പോൾ മിസ്റ്റർ മേനോന്റെ ദീനവും ക്ഷീണവുമെല്ലാം മാറി യഥാപൂർവ്വം അദ്ദേഹം കോടതിയിൽ പോയിത്തുടങ്ങുകയും

പിന്നെ വളരെക്കാലം സസുഖം ജീവിച്ചിരിക്കുകയും ചെയ്തു. ഇതു കോട്ടയത്തും അടുത്ത പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്കും മേനോന്റെ ബന്ധുമിത്രാദികളായ ദൂരസ്ഥന്മാർക്കും ഏറ്റവും അത്ഭുതകരവും സന്തോഷപ്രദവുമായ ഒരു കാര്യമായിരുന്നു.

*(മിസ്റ്റർ ഗോപാലമേനോൻ ഇപ്പോഴില്ല. അദ്ദേഹത്തിന്റെ അനുജനാണ് ശ്രീ കെ.പി.എസ് മേനോൻ ഐ.പി.എസ്.)*

15 പള്ളത്തുകാരൻ മിസ്റ്റർ പി.എം ചാക്കോ ബി.എ. കോട്ടയത്തു സി.എം.എസ് കോളേജിൽ ഹെഡ്മാസ്റ്ററായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ ഒരു കാലിന്റെ പെരുവിരലിൽ ചെറുതായിട്ട് ഒരു കുരുവുണ്ടായി. അതിന്റെ വേദന കലശലായിത്തീരുകയാൽ മി.ചാക്കോ ഒരിംഗ്ലീഷ് വൈദ്യനെക്കൊണ്ട് ആ കുരു കീറിച്ചു. അപ്പാത്തിക്കിരി കീറി മരുന്നുവച്ചു കെട്ടിക്കഴിഞ്ഞപ്പോൾ വേദന പൂർവ്വാധികം കലശലായി. നീരും വന്ന് തുടങ്ങി. കുരു വീണ്ടും കുത്തിമൂടി വീർത്തു തുടങ്ങുകയും ചെയ്തു. മി.ചാക്കോയ്ക്ക് ഇരിക്കാനും കിടക്കാനും ഉണ്ണാനുമുറങ്ങാനുമൊന്നും വയ്യാതെയായി. രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോഴേക്കും കാലിന്മേൽ വലിയ മന്തുപോലെ നീരുവന്നുവീർത്തു. അപ്പാത്തിക്കിരി(ഡോക്ടർ എന്ന പദത്തിന് പണ്ടു പറഞ്ഞിരുന്നത്) പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചിട്ടും വേദനയും നീരും കുറഞ്ഞില്ല. ഒടുക്കം ഇത് അസാദ്ധ്യമെന്നു തീർച്ചയാക്കി പിന്മാറി. അതിന്റെ ശേഷം ചിലർ കൂടി മി.ചാക്കോയെ ഒരു മഞ്ചലിലാക്കി എടുപ്പിച്ച് വയസ്ക്കരെ കൊണ്ടുവന്നു വിവരങ്ങളെല്ലാം ആര്യൻനാരായണൻമൂസ്സവർകളുടെ അടുക്കലറിയിച്ചു. മൂസ്സവർകൾ വിവരമെല്ലാം കേൾക്കുകയും നീരും മറ്റും നോക്കിക്കാണുകയും ചെയ്തതിന്റെ ശേഷം 'ഒരു കോഴിമുട്ടയും ഒരു പാത്രത്തിൽ കുറച്ചു പച്ചവെള്ളവും കൊണ്ടുവരണം' എന്നു പറഞ്ഞിട്ട് തെക്കെ പറമ്പിലേക്ക്പോയി. മി.ചാക്കോ, ' പൊന്നുതിരുമേനി!, അടിയനെ രക്ഷിക്കണേ! അല്ലെങ്കിൽ അടിയന്റെ പ്രാണനിപ്പോൾ പോകുമേ' എന്നു പറഞ്ഞു കരഞ്ഞു കൊണ്ട് മഞ്ചലിൽ കിടന്നു. മൂസ്സവർകൾ പറഞ്ഞതു കേട്ട ക്ഷണത്തിന് ഒരാൾ ഓടിപ്പോയി ഒരു കോഴിമുട്ടയും ഒരു പാത്രത്തിൽ വെള്ളവും കൊണ്ടുവന്നു. അപ്പോഴേക്കും ഒരു പച്ചമരുന്നു പറിച്ചു കൈക്കകത്തുവെച്ചു തിരുമ്മിക്കൊണ്ട് മൂസ്സവർകളും മടങ്ങിവന്നു. അവിടുന്ന് ആ കോഴിമുട്ട പൊട്ടിച്ച് കൈയിലുണ്ടായിരുന്ന പച്ചമരുന്ന് കശക്കിപ്പിഴിഞ്ഞ് രണ്ടു തുള്ളി നീരും ആ വെള്ളത്തിലൊഴിച്ചിട്ട് ആ വെള്ളമെടുത്തുവെച്ച് കാലിന്റെ പെരുവിരലിന്മേൽ പിലാവിലകൊണ്ട് ധാര കോരുവാൻ പറഞ്ഞു. ഉടനെ ഒരാൾ ഒരു പിലാവില കുത്തിയെടുത്തു ധാരകോരിത്തുടങ്ങി. ഒരു കാൽ നാഴികനേരം ധാരകോരിയപ്പോഴേക്കും മി.ചാക്കോ ഉറക്കമായി. അപ്പോൾ മൂസ്സവർകൾ 'ഇനി മഞ്ചലിന് ഇളക്കം തട്ടാതെ എടുത്തു വീട്ടിൽ കൊണ്ടുപോയി ഉറക്കത്തിന് വിഘ്നം വരാതെ മഞ്ചൽ ഒരു സ്ഥലത്തു വയ്ക്കണം. ഉണരുമ്പോൾ കഞ്ഞി കൊടുക്കണം. അപ്പോഴത്തെ സ്ഥിതി അറിഞ്ഞുകൊണ്ട് ഒരാൾ ഇങ്ങോട്ട് വന്നാൽ പിന്നെ വേണ്ടത് പറഞ്ഞയയ്ക്കാം.' എന്നു പറഞ്ഞു. മി.ചാക്കോയെ കൊണ്ടുവന്നിരുന്നവർ അപ്രകാരം തന്നെ ചെയ്തു. അഞ്ചാറു മണിക്കൂർ കഴിഞ്ഞപ്പോൾ അവർ വീണ്ടും വയസ്ക്കരെ വന്ന് മി.ചാക്കോ ഏകദേശം പത്തു നാഴികനേരം ഉറങ്ങിയെന്നും ഉണർന്നപ്പോഴേക്കും വേദന നിശ്ശേഷം മാറിയിരുന്നതിനാൽ കഞ്ഞി ധാരാളമായി കുടിച്ചുവെന്നും അറിയിച്ചു. ഉടനെ മൂസ്സവർകൾ ഒരു മരുന്നു കാലിന്മേൽ അരച്ചിടുന്നതിനും ഒരു കഷായത്തിനും കുറിച്ചുകൊടുത്തു. ആ മരുന്ന് മൂന്നുദിവസം അരച്ചിട്ടപ്പോൾ കാലിന്മേലുണ്ടായിരുന്ന നീര് അശേഷം പോയി. പതിനാലു ദിവസം കഷായം സേവിച്ചപ്പോൾ വ്രണമുണങ്ങി. മിസ്റ്റർ ചാക്കോ സ്വസ്ഥതയെ പ്രാപിക്കുകയും ചെയ്തു.

16. കോട്ടയം ഡിവിഷൻ അസിസ്റ്റന്റും ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുമായിരുന്ന മിസ്റ്റർ കുഞ്ഞുകൃഷ്ണപ്പണിക്കർ ബി.എ.ബി.എൽ ഒരു വായുക്ഷോഭക്കാരനായിരുന്നു. അദ്ദേഹം ഉദ്യോഗമായി ആലപ്പുഴ മുതലായ സ്ഥലങ്ങളിൽ താമസിച്ചിരുന്ന കാലത്ത് ഓരോ വൈദ്യന്മാരുടെ വിധിപ്രകാരമുള്ള ചികിത്സകൾക്കായി പ്രതിവത്സരം മുന്നൂറ്, നാനൂറ് രൂപാ വീതം ചെലവ് ചെയ്തുകൊണ്ടിരുന്നു. എങ്കിലും ആണ്ടിൽ ആറുമാസംവീതമെങ്കിലും സുഖമായിരിക്കുന്നതിനും കച്ചേരിയിൽ പോയി ജോലി നോക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചിരുന്നില്ല കോട്ടയത്ത് സ്ഥലം മാറി വന്നയുടനെ അദ്ദേഹം വയസ്ക്കരെ വന്ന് ആര്യൻ നാരായണൻമൂസ്സവർകളെ കണ്ടു ദീനസ്ഥിതിയെല്ലാമറിയിച്ചു. ഉടനെ മൂസ്സവർകൾ ഒരു പൊടിക്കു കുറിച്ചുകൊടുത്തു. ആപൊടിയുണ്ടാക്കി പതിവായി സേവിക്കുന്നതിന് മി.പണിക്കർക്ക് പ്രതിമാസം രണ്ടണ വീതം മാത്രമേ ചെലവായിരുന്നുള്ളു. ഒരു ദിവസം പോലും സുഖക്കേടായിട്ട് കച്ചേരിക്ക് പോകുവാൻ നിവൃത്തിയില്ലാതെ വന്നിരുന്നുമില്ല. മി.പണിക്കർ നല്ല ഊർജ്ജസ്വലതയോടും ഔർജ്ജിത്യത്തോടുംകൂടി അരോഗദൃഢഗാത്രനെന്ന പോലെ തന്നെയാണ് കോട്ടയത്തു താമസിച്ചിരുന്നത്.

17. കണ്ണന്തോട്ടത്ത് (കെ.പി) ശങ്കരമേനോൻ ബി.എ.ബി.എൽ അവർകൾ ഹൈക്കോടതി വക്കീലായി മദ്രാസിൽ താമസിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന് ഒരു ശ്വാസംമുട്ടലുണ്ടായി. ശ്വാസംമുട്ടലെന്ന് വച്ചാൽ അതു സാധാരണമായിട്ടുള്ള വിധത്തിലൊന്നുമല്ലായിരുന്നു. സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് ശ്വാസം നിന്നുപോവുകയും സംസാരിക്കാൻ വയ്യാതെയാവുകയുമായിരുന്നു അദ്ദേഹത്തിന്റെ ദീനം. ഇതു നിമിത്തം വക്കീൽപണി നടത്താൻ നിവൃത്തിയില്ലാതെയാവുകയാൽ അദ്ദേഹം ആ ജോലി ഉപേക്ഷിച്ച് കോട്ടയത്തുവന്ന് ആര്യൻ നാരായണൻ മൂസ്സവർകളെ കണ്ടു ദീനസ്ഥിതികളെല്ലാമറിയിക്കുകയും മൂസ്സവർകളുടെ ചികിത്സയിൽ ഏതാനും മാസം കോട്ടയത്തു താമസിക്കുകയും ചെയ്തു. ആ ചികിത്സ നിമിത്തം സ്വസ്ഥശരീരനായിത്തീർന്നതുകൊണ്ടാണ് ശങ്കരമേനോനവർകൾക്ക് നാഗരുകോവിലിലും കൊല്ലത്തും ഡിസ്ട്രിക്ട് ജഡ്ജിയായും കോട്ടയത്തു ദിവാൻ പേഷ്ക്കരായും ഒടുക്കം ഹൈക്കോർട്ട് ജഡ്ജിയായുമിരിക്കുന്നതിന് സാധിച്ചത്. ഇങ്ങനെ ആര്യൻ നാരായണൻമൂസ്സവർകളുടെ ചികിത്സാനൈപുണ്യത്തേയും കൈപ്പുണ്യത്തേയും മറ്റും കുറിച്ച് ഇനിയും വളരെപ്പറയാനുണ്ട്. അവ ഇനിയൊരവസരത്തിലായിക്കൊള്ളാമെന്ന് വിചാരിച്ച് ഇപ്പോൾ ചുരുക്കുന്നു.

ആര്യൻ നാരായണൻമൂസ്സവർകൾ ആസന്നമരണന്മാരായ രോഗികളെ കാണാൻ പോവുക പതിവില്ല. പോകാതെയിരിക്കാൻ നിവൃത്തിയില്ലാതെ വന്നാൽ പോയിക്കണ്ടു തൽക്കാലം വല്ലതുമൊന്നു ചെയ്യുകയോ പറയുകയോ ചെയ്തിട്ട് ഉടനെ മടങ്ങിപ്പോരും. അങ്ങനെയാണ് പതിവ്.

1. കൊല്ലം മുപ്പത്താറാമാണ്ടു നാടുനീങ്ങിയ മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുമനസ്സിലേക്ക് ശീലായ്മയായപ്പോൾ അച്ഛൻ മൂസ്സവർകളെ കൊണ്ടുപോകുന്നതിനായി കൽപനപ്രകാരം തിരുവനന്തപുരത്തുനിന്ന് ചില ഹരിക്കാരന്മാരും മറ്റും വയസ്ക്കരെ വന്നിരുന്നു. ശീലായ്മയുടെ വിവരങ്ങൾ കേട്ടപ്പോൾ ത്തന്നെ സുഖമാകുന്ന കാര്യം അസാദ്ധ്യമാണെന്ന് അച്ഛൻമൂസ്സവർകളും മകൻ (ആര്യൻ നാരായണൻ) മൂസ്സവർകളും നിശ്ചയിച്ചു. എങ്കിലും കൽപനപ്രകാരം ആളുകൾ വന്നിരിക്കുന്ന സ്ഥിതിക്ക് ആരും പോകാതെയിരിക്കുന്നത് ശരിയല്ലെന്ന് വിചാരിച്ച് അച്ഛൻമൂസ്സവർകൾ ആര്യൻനാരായണൻമൂസ്സവർകൾ പറഞ്ഞയച്ചു.മൂസ്സവർകൾ തിരുവനന്തപുരത്തെത്തി തിരുമനസ്സിലേക്കണ്ടയുടനെ ഒരു ഗുളിക കൊടുത്ത് അതു ജീരകവെള്ളത്തിൽ കലക്കിച്ചു തിരുമനസ്സിലേക്ക് കൊടുപ്പിച്ചു.ആ ഗുളിക സേവിച്ചു കുറച്ചു സമയം കഴിഞ്ഞപ്പോൾ തിരുമനസ്സുകൊണ്ട് എണീറ്റിരിക്കുകയും കുറച്ചു കഞ്ഞി അമൃതേത്തു കഴിക്കുകയും ചെയ്തിട്ട് മൂസ്സവർകളോട് എനിക്കിപ്പോൾ വളരെ സുഖം തോന്നുന്നുണ്ട്. എന്റെ സുഖക്കേടു നല്ലപോലെ ഭേദമാക്കീട്ടേ മൂസ്സു പോകാവൂ എന്നു കൽപിച്ചു. അപ്പോൾ മൂസസ്വർകൾ 'ഒരു ശ്രദ്ധമൂട്ടാനുണ്ട് അതു ഞാനും അമ്മയുംകൂടി ഊട്ടേണ്ടതാണ്. ഇന്നുതന്നെ പോയെങ്കിലേ അതിനവിടെ എത്താൻ സാധിക്കൂ. ശ്രാദ്ധം കഴിഞ്ഞാലന്നുതന്നെ പുറപ്പെട്ടു വന്നുകൊള്ളാം. പിന്നെ ശീലായ്മ ഭേദമാകുന്നതുവരെ ഇവിടെ താമസിക്കുകയും ചെയ്യാം. അതിനാൽ ഒന്നു പോയിവരുന്നതിനു കൽപനയുണ്ടാവണം.' എന്നറിയിച്ചു. തിരുമനസ്സിലേക്ക് ഇതത്ര സമ്മതമായില്ല. എങ്കിലും ശ്രാദ്ധം മുട്ടിക്കാൻ പാടില്ലല്ലോ എന്നു വിചാരിച്ച് അങ്ങനെ കൽപിച്ചനുവദിച്ചു. പിന്നെ മൂസ്സവർകൾ അടുത്ത രാജ്യാവകാശിയായിരുന്ന ആയില്യംതിരുനാൾ മഹാരാജാവ് തിരുമനസ്സിലെ മുഖം കാണിച്ചു യാത്രയറിയിച്ച സമയം 'അമ്മാമന്റെ ശീലായ്മ എങ്ങനെയിരിക്കുന്നു' എന്നു കൽപിച്ചു ചോദിച്ചു. അതിനു മറുപടിയായിട്ട് മൂസ്സവർകൾ 'ശീലായ്മ ഒരുവിധം നല്ലപോലെയുണ്ട്. കൽപിച്ച് എപ്പോഴും അവിടുത്തെ അടുക്കൽത്തന്നെ ഉണ്ടായിരുന്നാൽ ക്കൊള്ളാം' എന്നറിയിച്ചിട്ട് അന്നുതന്നെ മടങ്ങിപ്പോന്നു. മൂസ്സവർകൾ കോട്ടയത്തെത്തുന്നതിന് മുമ്പുതന്നെ മഹാരാജാവ് തിരുമനസ്സുകൊണ്ട് നാടുനീങ്ങിയിരിക്കുന്നു എന്നുള്ള അടിയന്തിരം (ഉത്തരവ്) അഞ്ചൽമാർഗ്ഗം കോട്ടയത്തെത്തി.

2. മൂസ്സവർകൾ1076-മാണ്ട് കന്നിമാസത്തിൽ ശ്രീമൂലം തിരുനാൾ സംബന്ധിച്ച് തിരുവനന്തപുരത്തു പോയിരുന്നപ്പോൾ തിരുനാൾദിവസം അശ്വതിതിരുനാൾ ബി.എ. തിരുമനസ്സിലെ മുഖം കാണിക്കാൻ പോയിരുന്നു. മൂസ്സവർകളെ കണ്ടപ്പോൾ തിരുമനസ്സുകൊണ്ട് 'എനിക്ക് നാലഞ്ചു ദിവസമായിട്ട് നല്ല സുഖമില്ലാതെയിരിക്കുകയാണ്. ഇന്ന് അമ്മയുടെ ശ്രാദ്ധവും ഇന്നലെ ഒരിക്കലൂണുമായിരുന്നതിനാൽ രണ്ടുദിവസവും മുങ്ങിക്കുളിച്ചു. അതുകൊണ്ടായിരിക്കാം ഇന്നു തലവേദനയുണ്ട്. സംസാരിക്കാൻ പ്രയാസം, ഞാൻ കുറച്ചുകിടക്കട്ടെ' എന്നു കൽപിച്ചു. 'തലവേദനയുണ്ടെങ്കിൽ സംസാരിക്കാതെയിരിക്കുയാണ് വേണ്ടത'' എന്നറിയിച്ചു മൂസ്സവർകൾ അപ്പോൾത്തന്നെ മടങ്ങിപ്പോന്നു.

തിരുനാളിന് പോയാൽ തിരുനാൾ കഴിഞ്ഞു നാലഞ്ചു ദിവസംകൂടി താമസിച്ചിട്ടേ മൂസ്സവർകൾ

മടങ്ങിപ്പോരുക പതിവുള്ളു. ആ പ്രാവശ്യം തിരുനാൾ കഴിഞ്ഞു പിറ്റേദിവസം രാവിലെ മൂസ്സവർകൾ 'നമുക്ക് ഇന്നുതന്നെ പോകണം' എന്നു കൂടെയുണ്ടായിരുന്നവരിൽ ചിലരോട് പറയുകയും അന്നുച്ചയ്ക്കു വലിയ കൊട്ടാരത്തിൽ യാത്രയറിയിക്കുകയും അത്താഴം കഴിഞ്ഞു വള്ളംകയറിപ്പോരികയും ചെയ്തു. പതിവിന് വിരോധമായി ഇത്ര ബദ്ധപ്പെട്ടു പോന്നതിന്റെ കാരണമെന്തെന്നു കൂടെയുണ്ടായിരുന്നവർക്കാർക്കും തൽക്കാലം മനസ്സിലായില്ല. തിരുവനന്തപുരത്തുനിന്ന് വള്ളം നീക്കി ഒന്നുരണ്ടു നാഴിക പോന്നപ്പോൾ മൂസ്സവർകൾ 'ഏതെങ്കിലും പോന്നുവല്ലോ. അശ്വതിതിരുനാൾ തിരുമനസ്സിലേക്കു നല്ല സുഖമല്ലാതെയാ ണിരിക്കുന്നത്. ഈ അവസരത്തിൽ അവിടെത്താമസിക്കാതെ കഴിക്കണമെന്നു വിചാരിച്ചാണ് ഇന്നുതന്നെ പോന്നത്.' എന്നു പറഞ്ഞു. അപ്പോൾ കൂടെയുണ്ടായിരുന്ന ഒരു നമ്പൂരി 'ശീലായ്മ കലശലാണോ' എന്നു ചോദിച്ചു. അതിനുത്തരമായി മൂസ്സവർകൾ 'അതൊന്നുമല്ല. സാരമില്ലെന്നാണ് അവിടുന്നു കൽപിച്ചതി. എങ്കിലും നല്ല പന്തിയല്ലെന്നാണ് എനിക്കു തോന്നിയത്.' എന്നു പറഞ്ഞു. സംഗതി അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. മൂസ്സവർകളുടെ വള്ളം കോട്ടയത്തെത്തിയതിന്റെ തലേദിവസംതന്നെ തിരുമനസ്സുകൊണ്ട് നാടുനീങ്ങിയിരിക്കുന്നു എന്നുള്ള അടിയന്തിരക്കമ്പി കോട്ടയത്തെത്തി.

3. ഒരിക്കൽ മാവേലിക്കരക്കൊട്ടാരത്തിൽ ഒരു തമ്പുരാട്ടിയ്ക്ക് ശീലായ്മയായിട്ട് ആര്യൻ നാരായണൻമൂസ്സവർകളെ കൊണ്ടുപോകാനായി എഴുത്തും വള്ളവും കൊണ്ട് ആളുകൾ വന്നിരുന്നു. എഴുത്ത് അനന്തപുരത്ത് കൊട്ടാരത്തിൽ മൂത്ത കോയിത്തമ്പുരാനവർകളുടെ (കേരളവർമ്മ വലിയ കോയിത്തമ്പുരാൻ സി.എസ്.ഐ തിരുമനസ്സിലെ ജ്യേഷ്ഠന്റെ)യായിരുന്നു അതിൽ പറഞ്ഞിരിക്കുന്നത്. 'ഇവിടെ ഒരു തമ്പുരാട്ടിക്ക് നല്ല സുഖമില്ലാതെയിരിക്കുന്നു. ഞാൻ ഇപ്പോൾ ഇവിടെയുണ്ട്. എങ്കിലും ചികിത്സയൊന്നും നിശ്ചയിച്ചില്ല. മൂസ്സുകൂടി വന്നിട്ട് ആലോചിച്ചു നിശ്ചയിക്കാമെന്നു വിചാരിക്കുന്നു. അതിനാൽ ഇവിടെനിന്നയയ്ക്കുന്ന ഈ വള്ളത്തിൽത്തന്നെ മൂസ്സ് ഉടനെ പുറപ്പെട്ടു വന്നുചേരേണ്ടിയിരിക്കുന്നു. ഒട്ടും അമാന്തിക്കയില്ലല്ലോ' എന്നായിരുന്നു. മൂത്ത കോയിത്തമ്പുരാനവർകൾ ഒരു വൈദ്യനും വിദ്വാനും മാന്യനുമായിരുന്നുവെന്നു മാത്രമല്ല മൂസ്സവർകളുടെ ഒരാപ്തമിത്രവുമായിരുന്നു. സുഖക്കേടു മാവേലിക്കരക്കൊട്ടാരത്തിലെ തമ്പുരാട്ടിക്കുമായിരുന്നുവല്ലോ. ഇങ്ങനെ പല കാരണങ്ങൾകൊണ്ടും മൂസ്സവർകൾ ആ എഴുത്തിൻപ്രകാരം ഉടനെ പോകേണ്ടതായിരുന്നു എങ്കിലും എന്തോ അവിടുന്നു പോയില്ല. 'രാമനൊന്നുപോയി നോക്കിവരൂ, വേണമെങ്കിൽ ഞാൻ പിന്നെപ്പോകാം' എന്ന് പറഞ്ഞ് അവിടുത്തെക്കൂടെത്താമസിച്ചിരുന്ന വൈദ്യൻ രാമവാര്യരവർകളെ പറഞ്ഞയയ്ക്കുകയാണ് ചെയ്തത്. രാമവാര്യരവർകൾ മാവേലിക്കര നിന്ന് അയച്ചിരുന്ന വള്ളത്തിൽത്തന്നെ കയറിപ്പോവുകയും പിറ്റേദിവസംതന്നെ മടങ്ങിവരികയും ചെയ്തു. രാമവാര്യരവർകളെ കണ്ടയുടനെ മൂസ്സവർകൾ 'രാമൻ അവിടെ എത്തിയതിൽപ്പിന്നെയോ, അതിനു മുമ്പുതന്നെ കഴിഞ്ഞുവോ,' എന്നു ചോദിച്ചു. അതിനു രാമവാര്യരവർകളുടെ മറുപടി. അടിയൻ അവിടെയെത്തി ഒരു നാഴിക കഴിഞ്ഞപ്പോൾ നിലത്തിറക്കി. എന്നായിരുന്നു. ഇങ്ങനെ മൂസ്സവർകളുടെ ദിവ്യത്വങ്ങളും പറഞ്ഞലവസാനിക്കാത്തവണ്ണമുണ്ട്. രോഗിയെക്കാണാതേയും ദീനസ്ഥിതി ആരും പറയാതേയും മരണം നിശ്ചയിക്കാൻ മറ്റാർക്കും കഴിയുമെന്ന് തോന്നുന്നില്ല.

4. തിരുവിതാംകൂർ ഇളയതമ്പുരാനായിരുന്ന ചതയം തിരുനാൾ തിരുമനസ്സിലേക്ക് ശീലായ്മയായപ്പോൾ ആര്യൻ നാരായണൻമൂസ്സവർകളെ കൊണ്ടു ചെല്ലുന്നതിന് അന്നു കോട്ടയത്തു ഡിവിഷൻ അസിസ്റ്റന്റും ഒന്നാംക്ലാസ് മജിസ്ട്രേറ്റുമായിരുന്ന കുഞ്ഞിക്കൃഷ്ണപ്പണിക്കരവർകളുടെ പേർക്കു വടക്കെക്കൊട്ടാരം (ഇളയതമ്പുരാന്റെ കൊട്ടാരം) കാര്യക്കാർ എഴുതിയയ്ക്കുകയാൽ മിസ്റ്റർ പണിക്കർ വയസ്ക്കരെ വന്നു വിവരമറിയിച്ചു. അപ്പോൾ മൂസ്സവർകൾ 'ഇന്നു വലിയ മഴയായിരിക്കുന്നുവല്ലോ. നാളെയോ മറ്റോ ആവട്ടെ' എന്ന് പറഞ്ഞു. പിറ്റേദിവസത്തേക്ക് പണിക്കരവർകൾ ഒരു ബോട്ട് വയസ്ക്കരക്കടവിൽ ഹാജരാക്കി. മിസ്റ്റർ പണിക്കർ നിർബന്ധപൂർവ്വം അപേക്ഷിച്ചുകൊണ്ടും മൂസ്സവർകൾ 'നാളെയാവട്ടെ, മറ്റന്നാളാവട്ടെ' എന്നിങ്ങനെ അവധി പറഞ്ഞുകൊണ്ടുമിരുന്നു. അങ്ങനെ നാലു ദിവസം കഴിഞ്ഞപ്പോഴേക്കും മിസ്റ്റർ പണിക്കർക്ക് സാമാന്യത്തിലധികം മുഷിഞ്ഞു. പരിഭവത്തോടുകൂടി മൂസ്സവർകളുടെ അടുക്കൽ ചിലതൊക്കെപ്പറഞ്ഞിട്ട് വയസ്ക്കരെനിന്ന് ഇറങ്ങിപ്പോവുകയും ബോട്ട് അതിന്റെ ഉടമസ്ഥനെ തിരിയെ ഏൽപിക്കുകയും ചെയ്തു. അഞ്ചാംദിവസം ഉച്ചതിരിഞ്ഞപ്പോൾ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് നാടുനീങ്ങിയിരിക്കുന്നു എന്നുള്ള കമ്പി മിസ്റ്റർ പണിക്കർക്കു കിട്ടി. ആ കമ്പിവർത്തമാനമെഴുതിയിരുന്ന കടലാസ്സും കൊണ്ട് പണിക്കരവർകൾ ഉടനെ വയസ്ക്കരെയെത്തി നാടു നീങ്ങിയ വർത്തമാനമറിയിച്ചതിനുശേഷം എഴുന്നള്ളത്തു പുറപ്പെടാതിരുന്നതു വളരെ നന്നായി. ഇങ്ങനെ വരുമെന്നറി

ഞ്ഞിരുന്നുവെങ്കിൽ അടിയൻ തിരുമനസ്സിലെ അടുക്കൽ അത്ര നിർബന്ധിക്കയില്ലായിരുന്നു. ഇവിടുത്തെ അമാന്തം കണ്ടിട്ട് അടിയന് വല്ലാത്ത സങ്കടമോ കുറച്ചു ദേഷ്യമോ ഏതാണ്ടൊക്കെ ഉണ്ടായി. അടിയന്റെ സങ്കടം സഹിക്കവയ്യാതെയായിട്ട് ഏതാണ്ടൊക്കെ അക്രമമായി അറിയിക്കുകയും ചെയ്തുപോയി. അതൊക്കെ ക്ഷമിക്കണം. അടിയന്റെ കഥയില്ലായ്മകൊണ്ട് വന്നുപോയ തെറ്റിന് അടിയൻ മാപ്പു ചോദിച്ചു കൊള്ളുന്നു. ഇങ്ങനെ സംഭവിക്കുമെന്ന് വിചാരിച്ചിട്ടായിരിക്കുമല്ലോ അടിയൻ വളരെ നിർബന്ധിച്ചിട്ടും തിരുമനസ്സുകൊണ്ട് യാത്ര പുറപ്പെടാതെയിരുന്നത്. ഇവിടെ ഇതൊക്കെ ഇത്ര മുൻകൂട്ടി നിശ്ചയിക്കുന്നതെങ്ങനെയാണാവോ എന്നു പറഞ്ഞു. അപ്പോൾ മൂസ്സവർകൾ 'നാലഞ്ചു ദിവസമായിട്ടു സദാ മഴതന്നെയായിരുന്നുവല്ലോ. ഇങ്ങനെ ഇടവിടാതെകണ്ടുള്ള മഴ കണ്ടാൽ എങ്ങോട്ടും യാത്ര പുറപ്പെടരുതെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ പുറപ്പെടാതിരുന്നത്. അല്ലാതെ യാതൊന്നുംകൊണ്ടുമല്ല' എന്നു മറുപടിയും പറഞ്ഞു.

പരസ്പരം സ്പർദ്ധയുള്ളവരായ മറ്റുള്ള അഷ്ടവൈദ്യന്മാർക്കും ആര്യൻനാരായണൻമൂസ്സവർകളെക്കുറിച്ചു വളരെ ബഹുമാനമുണ്ടായിരുന്നു. ഇതിലേക്ക് താഴെപ്പറയുന്ന സംഗതി ഒരു ദൃഷ്ടാന്തമാണ്.

ഒരിക്കൽ ഒരമ്മത്തമ്പുരാൻ തിരുമനസ്സിലേക്ക് ശീലായ്മയാവുകയാൽ ചികിത്സയ്ക്കായി അന്നത്തെ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് അഷ്ടവൈദ്യന്മാരിൽ മിക്കവരേയും തൃപ്പൂണിത്തുറെ വരുത്തിയിരുന്നു. അവരെല്ലാവരും കൂടിയാലോചിച്ചാണ് ചികിത്സ നടത്തിയിരുന്നത്. അങ്ങനെ അവരവിടെ താമസിച്ചിരുന്നപ്പോൾ ഒരു ദിവസം വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് അവരോടെല്ലാവരോടും കൂടി 'അഷ്ടവൈദ്യന്മാരിൽ ചികിത്സാവിഷയത്തിൽ അധികം യോഗ്യതയുള്ളതാർക്കാണ്' എന്നു കൽപിച്ചു ചോദിച്ചു. കുറച്ചുനേരത്തേക്ക് ഇതിന് ആരും മറുപടിയൊന്നും പറഞ്ഞില്ല. പിന്നെ തൃശ്ശിവപേരൂർ തൈക്കാട്ട് അച്ഛൻ മൂസ്സവർകൾ (ഇപ്പോഴത്തെ മൂസ്സവർകളുടെ മുത്തച്ഛൻ) 'ഇത് ഏറ്റവും അപകടമായിട്ടുള്ള ഒരു ചോദ്യമാണ്. ഇതിന് ഇതിലാരും ഉത്തരം പറയുമെന്ന് തോന്നുന്നില്ല. എല്ലാവരേയുംകാൾ സമർത്ഥൻ താനാണെന്നുള്ള വിചാരം എല്ലാവർക്കുമുണ്ടായിരിക്കും. എന്നാൽ അതു സ്പഷ്ടമായിപ്പറയാൻ ആർക്കും ധൈര്യമുണ്ടായിരിക്കുകയുമില്ല. പിന്നെയെങ്ങിനെയാണ് ഇതിനുത്തരം പറയുന്നത്. കൽപിച്ചു ചോദിച്ചതിന് ആരും ഉത്തരം പറയാതെയിരിക്കുന്നത് ന്യായവുമല്ല. അതിനാൽ എന്റെ അഭിപ്രായം ഞാനിവിടെ ഉണർത്തിക്കാം. എല്ലാവർക്കും എല്ലാവിഷയങ്ങളിലും ഒരുപോലെ യോഗ്യതയുണ്ടായിരിക്കുകയില്ല. ഓരോരുത്തർക്ക് ഓരോ വിഷയത്തിലായിരിക്കും യോഗ്യത. അഷ്ടാംഗഹൃദയത്തിന്റെ അർത്ഥം പറയുന്നതിന് സമർത്ഥൻ കുട്ടഞ്ചേരി അപ്ഫൻ തന്നെയാണ്. ആ വിഷയത്തിൽ അദ്ദേഹത്തോളം യോഗ്യത യുള്ളവർ ഞങ്ങളുടെ കൂട്ടത്തിൽ വേറെ ആരുമില്ല. രോഗം നിശ്ചയിക്കുന്നതിന് ആലത്തൂർനമ്പിയോളം യോഗ്യത മറ്റാർക്കും ഇല്ല. ചികിത്സചെയ്യുന്നതിന് അധികം യോഗ്യൻ പിലാമന്തോൾ മൂസ്സാണ്. അദ്ദേഹം ചികിത്സിച്ചാൽ ഭേദമാകുന്ന രോഗങ്ങളെല്ലാം ഭേദമാകും. ഇനി എന്റെ യോഗ്യതകൂടി പറഞ്ഞേക്കാം. മരണലക്ഷണം കണ്ടു നിശ്ചയിക്കുന്നതിന് എന്നോളം സാമർത്ഥ്യം മറ്റാർക്കുമില്ലെന്നാണ് എന്റെ അഭിമാനം. ഒരാറു മാസത്തിനകം മരിക്കുന്ന ഒരാളെക്കണ്ടാൽ അയാൾ ഇന്ന ദിവസം മരിക്കുമെന്ന് ഞാൻ തീർച്ചയായി പ്പറയാം. അതു തെറ്റുകയുമില്ല. എന്നാൽ ഈ വക യോഗ്യതകളെല്ലാം പൂർണ്ണമായിത്തികഞ്ഞിട്ടുള്ള ഒരാൾ ഞങ്ങളുടെ കൂട്ടത്തിലുണ്ട്. അദ്ദേഹം ഇപ്പോൾ ഇവിടെ വന്നിട്ടില്ല. ആ മഹാൻ വയസ്ക്കര ആര്യൻ നാരായണൻമൂസ്സാണ്. അദ്ദേഹം വിചാരിച്ചാൽ ഭേദമാകാത്ത രോഗവും ഭേദമാക്കാൻ കഴിയും. അങ്ങനെയൊരാൾ ഞങ്ങളുടെ കൂട്ടത്തിൽ അദ്ദേഹമല്ലാതെ വേറെ ആരുമില്ല.' എന്നു പറയുകയും അതു ശരിയാണെന്ന് അവിടെയുണ്ടായിരുന്നവരെല്ലാം സമ്മതിക്കുകയും ചെയ്തു.

ആര്യൻ നാരായണൻമൂസ്സവർകൾക്ക് ചികിത്സാവിഷയത്തിലും മറ്റുമുണ്ടായിരുന്ന യോഗ്യതകൾ എന്നെക്കാളധികം കണ്ടും കേട്ടും അനുഭവിച്ചുമറിഞ്ഞിട്ടുള്ളവരിൽ പലരും ഇപ്പോഴും ജീവിച്ചിരിപ്പുള്ളതിനാൽ ഞാനീ പറഞ്ഞിട്ടുള്ളതിൽ ലേശംപോലും അതിശയോക്തിയില്ലെന്നും മൂസ്സവർകൾ എന്റെ ഗുരുനാഥനായിരുന്നതുകൊണ്ട് ഞാൻ വെറുതെ പ്രശംസിക്കുകയല്ലെന്നുമുള്ള വാസ്തവം അവർക്കറിയാവുന്നതാണ്. മൂസ്സവർകളെ സംബന്ധിച്ച് ഞാൻ പറഞ്ഞിട്ടുള്ളവ കൂടാതെ വേറെയും പല സംഗതികളറിയാവുന്നവർ ഇപ്പോഴും പലരുമുണ്ടായിരിക്കാനുടയുള്ളതുകൊണ്ട് അവർക്കറിയാവു ന്നവയെല്ലാം അവരും എഴുതി പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാമെന്നുള്ള അപേക്ഷയോടുകൂടി ഇപ്പോൾ ഞാൻ വിരമിക്കുന്നു.

## *കുട്ടഞ്ചേരി മൂസ്സ്*

അഷ്ടവൈദ്യന്മാരുടെ ഇല്ലങ്ങൾ ഇപ്പോൾ എട്ടു മാത്രമേ ഉള്ളുവെങ്കിലും അവ ഒരു കാലത്തു ശാഖോപശാഖകളായി വർദ്ധിച്ചു പതിനെട്ടായിത്തീർന്നിരുന്നു. അക്കാലത്തു കുട്ടഞ്ചേരി മൂസ്സിനുതന്നെ മൂന്നില്ലങ്ങളുണ്ടായിരുന്നുവെന്നും ആ മൂന്നുസ്ഥലങ്ങളിലും പ്രത്യേകം പ്രത്യേകം ഓരോ ശാഖക്കാർ താമസിച്ചിരുന്നുവെന്നും കേട്ടിട്ടുണ്ട്. അവയിൽ ഒരില്ലം കൊച്ചിശ്ശീമയിൽ തലപ്പിള്ളിത്താലൂക്കിൽ കണ്ടാണശ്ശേരി വില്ലേജിൽ വടുതല ദേശത്തായിരുന്നു. അതു വളരെക്കാലം മുൻപുതന്നെ നാമാവശേഷമായിപ്പോയി. പിന്നെയൊന്നു തലപ്പിള്ളിത്താലൂക്കിൽത്തന്നെ കുമാരനല്ലൂർ(വടക്കാഞ്ചേരി) ദേശത്താണ്. ആ ഇല്ലവും മൂസ്സിന്റെ സ്വന്തമായി ഒരു ക്ഷേത്രവും ഏതാനും വസ്തുക്കളും അവിടെ ഇപ്പോഴുമുണ്ട്. എങ്കിലും ആ ഇല്ലത്തും കുറച്ചു കാലമായിട്ട് ആരും ചെന്നു സ്ഥിരമായി താമസിക്കാറില്ല. ഇപ്പോൾ ഈ ഇല്ലക്കാരുടെ സ്ഥിരവാസം ബ്രിട്ടീഷ്മലബാറിൽ പൊന്നാനി താലൂക്കിൽ ചാഴിയാട്ടിരി അംശത്തിൽ അകലാണം (അകലമണ്ണ്) ദേശത്താണ്. ഏതു ദേശത്തായാലും ഇല്ലപ്പേരു കുട്ടഞ്ചേരി എന്നുതന്നെയാണ് പറയുക പതിവ്. എങ്കിലും ഈ ഇല്ലത്തിന് ആ ദേശത്തുള്ളവരിൽ ചിലർ അകലമണ്ണുമന എന്നും പറയാറുണ്ട്.

മുൻകാലങ്ങളിൽ കേരളീയ രാജാക്കന്മാർ ഓരോരുത്തരും അഷ്ടവൈദ്യന്മാരിൽ ആരെയെങ്കിലും ഒരാളെ സ്വന്തം വൈദ്യനാക്കി വെച്ചു ചില അനുഭവങ്ങൾ പതിവായി കൊടുത്തു വന്നിരുന്നു. അക്കൂട്ടത്തിൽ കൊച്ചിരാജാവ് തന്റെ പ്രധാന വൈദ്യനാക്കിവെച്ചത് കുട്ടഞ്ചേരി മൂസ്സിനെ ആണ്. അതിനാൽ പണ്ടത്തെ ആ പതിവനുസരിച്ച് കൊച്ചിരാജകുടുംബത്തിൽനിന്നു കുട്ടഞ്ചേരി മൂസ്സിനു കൊല്ലം തോറും വർഷാശനമായി അഞ്ഞൂറും താനം വകയായി നൂറ്റൊന്നും കലം വകയായി അൻപത്തൊന്നും പുത്തൻവീതം ഇപ്പോഴും കൊടുത്തുവരുന്നുണ്ട്. (പുത്തൻ എന്നത് ഏതാനും കൊല്ലങ്ങൾക്ക് മുൻപുവരെ കൊച്ചിരാജ്യത്ത് നടപ്പുണ്ടായിരുന്നതും പത്തു പൈ വിലയുള്ളതുമായ ഒരു വെള്ളി നാണയമാണ്)ഈ സംഖ്യകളെല്ലാം അതാതു കാലത്തു നാടുവാഴുന്ന വലിയതമ്പുരാൻരെ തിരുനാൾ ദിവസമാണ് കൊടുക്കുക പതിവ്.

ചിലർക്ക് പുത്തരിച്ചോറുണ്ടാൽ വയറ്റിൽ സുഖക്കേടുണ്ടാകാറുണ്ടല്ലോ. ഇരിങ്ങാലക്കുട കൂടൽമാണിക്യദേവനും അങ്ങനെയുള്ള ഒരാളാണത്രേ. അവിടേക്കും പുത്തരിനിവേദ്യം കഴിഞ്ഞാൽ സുഖക്കേടുണ്ടാകുമെന്നാണ് വെച്ചിരിക്കുന്നത്. കൂടൽമാണിക്യദേവന് ആണ്ടുതോറും പുത്തരിനിവേദ്യം തുലാമാസത്തിൽ തിരുവോണദിവസം മകരം രാശി സമയത്താണ് പതിവ്. അതു കഴിഞ്ഞാൽ പിറ്റേ ദിവസം ഒരു മുക്കുടിനിവേദ്യവും പതിവുണ്ട്. മുക്കുടി വയറ്റിൽ സുഖക്കേടിന് വിധിച്ചിട്ടുള്ളതാണല്ലോ. കൂടൽമാണിക്യദേവനു മുക്കുടിക്കുള്ള മരുന്നുകൾ അവിടെക്കൊണ്ടുചെന്ന് ബ്രാഹ്മണരെക്കൊണ്ട് അരപ്പിച്ച് പാകപ്പെടുത്തിച്ച് കൊടുക്കുന്നതിനുള്ള ചുമതല കുട്ടഞ്ചേരി മൂസ്സിനാണ്. മൂസ്സ് മരുന്നുകളും കൊണ്ട് പുത്തരിയുടെ തലേദിവസം ഇരിങ്ങാലക്കുട എത്തണം. മരുന്നുകൾ ഇല്ലത്തുനിന്ന് തന്നെ കൊണ്ടുപോവുകയാണ് പതിവ്. അവ എന്തെല്ലാമാണെന്ന് കുട്ടഞ്ചേരി മൂസ്സന്മാർക്കെല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാ. അവർ ആ യോഗം അന്യന്മാർക്കു പറഞ്ഞുകൊടുക്കാറില്ല. ഈ മരുന്നുകൾ കൊണ്ടുചെന്നു കൊടുക്കുന്ന വകയ്ക്കു മൂസ്സിനു ദേവസ്വത്തിൽനിന്നു കൊല്ലത്തിൽ നൂറുപറ നെല്ലും കർമ്മികളുടെ സഭവക സ്വത്തിൽനിന്ന് ഒരു രൂപയും വീതം അനുഭവം കൊടുത്തുവരുന്നുണ്ട്. ഈ മുക്കുടി സേവിച്ചാൽ സകലരോഗങ്ങളും വിശേഷിച്ച് എല്ലാ ഉദരരോഗങ്ങളും ശമിക്കുമെന്നാണ് വിശ്വാസം. അതിനാൽ മുക്കുടി നിവേദ്യദിവസം കൂടൽമാണിക്യക്ഷേത്രത്തിൽ ദർശനത്തിനായി അസംഖ്യമാളുകൾ ചെല്ലുകയും ചെല്ലുന്നവർക്കൊക്കെ മുക്കുടി കൊടുക്കുകയും ചെയ്യുന്നുണ്ട്. എന്നു മാത്രമല്ല ഈ ദിവ്യൗഷധം ദേവസ്വത്തിൽനിന്ന് കൊച്ചിരാജകുടുംബത്തിലേക്കും എത്തിച്ചുകൊടുക്കുക പതിവാണ്.

ഈ മുക്കുടി മരുന്നുകൾ കൊടുക്കാനുള്ള അവകാശം കുട്ടഞ്ചേരി മൂസ്സിനു സിദ്ധിച്ചതിനെക്കുറിച്ച് കേട്ടിട്ടുള്ള ഒരൈതിഹ്യം താഴെച്ചേർക്കുന്നു.

പണ്ടൊരിക്കൽ ഒരു കുട്ടഞ്ചേരി മൂസ്സ് തെക്ക് എവിടെയോ പോകുന്നതിനായി തൃശ്ശിവപേരൂർ വഴി പുറപ്പെട്ട് ഒരു ദിവസം ഏകദേശം പത്തുനാഴിക രാച്ചെന്ന സമയം ഇരിങ്ങാലക്കുട വടക്കുവശത്തുള്ള പാടത്തെത്തി. അപ്പോൾ ശരത്കാലമായിരുന്നതിനാൽ ചന്ദ്രിക നല്ലപോലെ പ്രകാശിച്ചിരുന്നതുകൊണ്ട് അവിടെ ഒരാൾ  ഇരിക്കുന്നതായിക്കണ്ടു. മൂസ്സു കടന്നുപോയപ്പോൾ അവിടെ ഇരുന്നിരുന്നയാൾ അദ്ദേഹത്തെ അടുക്കൽ വിളിച്ച് അദ്ദേഹം ആരാണെന്നും എവിടെപ്പോവുകയാണെന്നും മറ്റും

ചോദിച്ചറിഞ്ഞതിന്റെ ശേഷം 'ഇന്നു പുത്തരിച്ചോറുണ്ടതുകൊണ്ട് എനിക്ക് വയറ്റിൽ നല്ല സുഖമില്ല, കൂടെക്കൂടെ വയറിളകിപ്പോകുന്നു. ഇതാ ഇപ്പോൾത്തന്നെ മലവിസർജനത്തിനായിട്ടാണ് ഞാൻ ഇവിടെ വന്നത്.അതിനാൽ മൂസ്സ് ഒരു മുക്കുടിക്കു വേണ്ടുന്ന മരുന്നുകൾ നാളെ രാവിലെ ബ്രാഹ്മണരെക്കൊണ്ട് അരപ്പിച്ച് കൂടൽമാണിക്യസ്വാമിയുടെ നടയിൽ വെയ്പിച്ചു കൊടുക്കണം. ശേഷം വേണ്ടുന്നതെല്ലാം അവിടെയുളളവർ ചെയ്തുകൊളളും. എന്നെ അവിടെക്കണ്ടില്ലെങ്കിലും ഞാനവിടെ ഉണ്ടെന്നു തന്നെ വിശ്വസിച്ചുകൊളളണം എന്നു പറയുകയും ഉടനെ അദൃശ്യനായി ഭവിക്കുകയും ചെയ്തു. അപ്പോൾ മൂസ്സ് ഭയവിസ്മയപരവശനായിട്ട് 'ഈ ആൾ കേവലം മനുഷ്യനല്ല, മനുഷ്യാകൃതി കൈക്കൊണ്ടിരിക്കുന്ന ഒരു ദേവനോ മറ്റോ ആയിരിക്കണം. ഒരു സമയം കൂടൽമാണിക്യസ്വാമിതന്നെയാണെന്നും വരാം. ഏതായാലും ഈ ദിവ്യൻ പറഞ്ഞതുപോലെ ചെയ്യാതെ പോകുന്നതു ശരിയല്ല' എന്നു വിചാരിച്ചിട്ട് ഉടനെ കൂടൽമാണിക്യസന്നിധിയിലെത്തി അന്ന് അവിടെത്താമസിച്ചു. ആ രാത്രിയിൽത്തന്നെ കൂടൽമാണിക്യക്ഷേത്രത്തിലെ ഉദ്യോഗസ്ഥന്മാർക്കും മേൽശാന്തി മുതലായവർക്കും ഒരു സ്വപ്നമുണ്ടായി. അവർ ഉറങ്ങിക്കിടന്നിരുന്നപ്പോൾ ആരോ ഒരാൾ അടുക്കൽച്ചെന്ന് നാളെ രാവിലെ കുട്ടഞ്ചേരിമൂസ്സ് ഇവിടെ വന്ന് ഒരു മുക്കുടിക്കുളള മരുന്നുകൾ അരപ്പിച്ച് നടയിൽ വെയ്ക്കും. അതെടുത്ത് കലക്കിത്തിളപ്പിച്ച് മുക്കുടിയാക്കി നിവേദിക്കുകയും മരുന്നുകൾ കൊണ്ടുവരുന്നതിന്റെ പ്രതിഫലമായി മൂസ്സിനു ദേവസ്വത്തിൽ നിന്നു നൂറ്റൊന്നു പറ നെല്ലു കൊടുക്കുകയും ഇതും പതിവുകണക്കിൽ ചേർത്തു കൊല്ലംതോറും പുത്തരിയുടെ പിറ്റേദിവസം മുക്കുടി നിവേദ്യം പതിവായി നടത്തുകയും വേണം. എന്നു പറഞ്ഞതായി തോന്നി. അവർക്കെല്ലാവർക്കും ഈ സ്വപ്നമുണ്ടായത് ഒരേ സമയത്തും ഒരേ വിധത്തിലുമായിരുന്നു. പിറ്റേദിവസം രാവിലെ അവരെല്ലാവരും ഈ സംഗതി പരസ്പരം പറയുകയും ദേവസ്വക്കാർ ഒരു പ്രശ്നക്കാരനെ വരുത്തി കൂടൽമാണിക്യ സ്വാമിയുടെ നടയിൽ വെച്ച് പ്രശ്നം വെയ്പിച്ചു നോക്കിക്കുകയും അവരുടെ അടുക്കൽച്ചെന്ന് മേൽപ്പറഞ്ഞ പ്രകാരം പറഞ്ഞതു കൂടൽമാണിക്യസ്വാമി തന്നെയാണെന്നും പ്രശ്നക്കാരൻ വിധിക്കുകയും അപ്പോഴേ യ്ക്കും കുട്ടഞ്ചേരി മൂസ്സ് മരുന്നുകൾ അരപ്പിച്ച് നടയിൽ കൊണ്ടുചെന്ന് വെയ്ക്കുകയും തലേദിവസം രാത്രിയിൽ ഒരാൾ പാടത്തുവെച്ച് തന്നോട് പറഞ്ഞവിവരം ദേവസ്വക്കാരേയും മറ്റും ഗ്രഹിപ്പിക്കുകയും ശാന്തിക്കാർ ആ മരുന്നെടുത്ത് മുക്കുടിയാക്കി ദേവന് നിവേദിക്കുകയും ദേവസ്വക്കാർ മൂസ്സിന് നൂറ്റൊന്നു പറ നെല്ലു കൊടുക്കുകയും അതു പതിവായിത്തീരുകയും ചെയ്തു. ഇപ്രകാരം ആ മുക്കുടിനിവേദ്യം ഇപ്പോഴും അവിടെ നടന്നു വരുന്നുണ്ട്.

കുട്ടഞ്ചേരി മൂസ്സന്മാർ വൈദ്യശാസ്ത്രം അഭ്യസിച്ചുകഴിഞ്ഞാൽ നെല്ലുവായി ക്ഷേത്രത്തിൽചെന്ന് ഒരു സംവത്സരം ഭജിച്ചതിനുശേഷമേ ചികിത്സകൾ ചെയ്തു തുടങ്ങാറുളളു. ഇതിനെക്കുറിച്ച് കേട്ടിട്ടുളള കാരണവും താഴെ ചേർക്കുന്നു.

ഒരു കാലത്ത് കുട്ടഞ്ചേരി മൂസ്സിൻരെ ഇല്ലത്തു ജ്യേഷ്ഠാനുജന്മാരായി രണ്ടു പേരുണ്ടായിരുന്നു. ബുദ്ധിയും ശാസ്ത്രജ്ഞാനവും ആ രണ്ടുപേർക്കും ഒരുപോലെത്തന്നെയായിരുന്നു. എങ്കിലും ജ്യേഷ്ഠൻ മൂസ്സിനു ഭാഗ്യവും കൈപ്പുണ്യവും വളരെ കുറവായിരുന്നു. അതിനാൽ ചികിത്സാവിഷയത്തിൽ അദ്ദേഹത്തിന് പ്രസിദ്ധിയും പ്രചാരവും അനുജൻ മൂസ്സിനെപ്പോലെ ഉണ്ടായിരുന്നില്ല.രോഗവിവരങ്ങൾ അറിയിക്കുന്നതിനായും രോഗികളെ കാണിക്കുന്നതിനായും രോഗികളെ കാണിക്കുന്നതിന് മൂസ്സിനെ കൂട്ടിക്കൊണ്ടുപോകുന്നതിനായും ഇല്ലത്തു വരുന്നവരാരും ജ്യേഷ്ഠൻ മൂസ്സിനെ അന്വേഷിക്കുകയും കാണുകയും ചെയ്തിരുന്നില്ല. എല്ലാവരും അനുജൻമൂസ്സിനെത്തന്നെയാണ് കാണുകയും കൂട്ടിക്കൊണ്ട് പോവുകയും ചെയ്തിരുന്നത്.

അങ്ങനെയിരുന്ന കാലത്ത് അക്കാലത്തെ സാമൂതിരിപ്പാട്ടിലേക്ക് എന്തോ രോഗം ബാധിക്കുകയാൽ, അനുജൻ മൂസ്സിനെ കൂട്ടിക്കൊണ്ടുചെല്ലാനായി ആളെ അയച്ചു. അയയ്ക്കപ്പെട്ടപ്പോൾ മൂസ്സിന്റെ ഇല്ലത്തു ചെന്നപ്പോൾ അനുജൻ മൂസ്സ് അവിടെയില്ലായിരുന്നു. അതിനാൽ ആ ആൾ ജ്യേഷ്ഠൻ മൂസ്സിനെക്കണ്ടു വിവരം പറഞ്ഞു. അപ്പോൾ ജ്യേഷ്ഠൻ മൂസ്സ് 'അനുജൻ ഇപ്പോൾ ഇവിടെയില്ല. ദൂരെ ഒരു സ്ഥലത്തു പോയിരിക്കുകയാണ്. മടങ്ങി വരുന്നതിന് ഏതാനും ദിവസത്തെ താമസമുണ്ടായേക്കും. അതിനാൽ ഞാൻ നിങ്ങളോടുകൂടി വന്നേക്കാം' എന്നു പറഞ്ഞു. ഉടനെ ആ വന്നയാൾ 'അതു വേണമെന്നില്ല. അനുജൻ മൂസ്സിനെ കൊണ്ടുചെല്ലണമെന്നാണ് കൽപന'എന്നു പറഞ്ഞ് മടങ്ങിപ്പോയി. ജ്യേഷ്ഠൻ മൂസ്സിന് അപാരമായ മനസ്താപമുണ്ടായി. 'കഷ്ടം!, ഈശ്വരാ! എന്റെ സ്ഥിതി ഇങ്ങനെയായല്ലോ. ഞാനും അനുജനും പഠിച്ചിട്ടുളളത് ഒരുപോലെയാണ്. എങ്കിലും എന്നെ ആർക്കും ആവശ്യമില്ല.

എല്ലാവർക്കും അനുജൻ മതി. ഈ സ്ഥിതിയിൽ ഞാൻ ജീവിച്ചിരിക്കുന്നതെന്തിനാണ്. ഞാനിങ്ങനെയായിപ്പോയത് എനിക്ക് അനുജനെളളതുപോലെ ഈശ്വരസഹായമില്ലാഞ്ഞിട്ടായിരിക്കും. അതിനാൽ ഇവിടെ ഈശ്വരനെ സേവിക്കുക തന്നെയാണ് വേണ്ടത്' എന്ന് ആലോചിച്ചുകൊണ്ട് അദ്ദേഹം ഇല്ലത്തിനു സമീപമുളള നെല്ലുവായിൽ ക്ഷേത്രത്തിൽ ചെന്നു വലിയ നിഷ്ഠയോടുകൂടി ഭജനം തുടങ്ങി. തലപ്പിളളിത്താലൂക്കിൽ വടക്കാഞ്ചേരിയിലുളള ഇല്ലത്തുനിന്ന് ഏകദേശം ആറു നാഴിക പടിഞ്ഞാറാണ് നെല്ലുവായിൽ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. അതിനാൽ വിചാരിച്ച ദിവസംതന്നെ അദ്ദേഹത്തിന് ഭജനം തുടങ്ങാൻ സാധിച്ചു. ഒരു സംവത്സരം ഭക്തിപൂർവ്വം ധന്വന്തരിയെസ്സേവിച്ചതിന്റെ ശേഷം ജ്യേഷ്ഠൻ മൂസ്സ് മടങ്ങി ഇല്ലത്തെത്തി. അക്കാലം മുതൽ അദ്ദേഹത്തെ കാണാൻ രോഗികൾ ധാരാളമായി വന്നുതുടങ്ങുകയും അദ്ദേഹം ചെയ്ത ചികിത്സകളെല്ലാം ശരിയായി ഫലിച്ചു തുടങ്ങുകയും ചെയ്തു. ക്രമേണ അദ്ദേഹത്തിന്റെ കീർത്തി ലോകത്തിൽ സർവ്വത്ര വ്യാപിച്ചു. ജ്യേഷ്ഠൻ മൂസ്സ് ചികിത്സിച്ചാൽ അസാദ്ധ്യരോഗങ്ങളും ഭേദമാകു മെന്നൊരു വിശ്വാസം ജനങ്ങൾക്ക് പരക്കെ ഉണ്ടായിത്തീരുകയും ചെയ്തു. ഒരു കൊല്ലത്തിന് മുമ്പു സാമൂതിരിപ്പാട്ടിലേക്ക് ആരംഭിച്ചിരുന്ന ദീനം അനുജൻ മൂസ്സിന്റെ ചികിത്സ കൊണ്ടു സ്വല്പം ശമിച്ചിരുന്നു വെന്നല്ലാതെ അപ്പോഴും നല്ലപോലെ ഭേദമായിരുന്നില്ല. അതിനാൽ സാമൂതിരിപ്പാട്ടിന്ന് ആളയച്ചു ജ്യേഷ്ഠൻ മൂസ്സിനെ കൊണ്ടുപോയി. ജ്യേഷ്ഠൻ മൂസ്സിന്റെ ചികിത്സകൊണ്ട് സാമൂതിരിപ്പാട് അചിരേണ പൂർണ സുഖത്തെ പ്രാപിക്കുകയും അവിടെനിന്ന് മൂസ്സിന് വിലപിടിച്ച പല സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തു. അക്കാലം മൂതൽക്കാണ് കുട്ടഞ്ചേരി മൂസ്സന്മാർ വൈദ്യശാസ്ത്രം അഭ്യസിച്ചു കഴിഞ്ഞാൽ നെല്ലുവായിൽ ക്ഷേത്രത്തിൽ സംവത്സര ഭജനം കൂടി കഴിഞ്ഞിട്ടേ ചികിത്സിച്ചു തുടങ്ങാവൂ എന്നുളള ഏർപ്പാട് വെച്ചത്.

കുട്ടഞ്ചേരി മൂസ്സന്മാർ അവരുടെ പൂർവ്വന്മാരുടെ അടുക്കലല്ലാതെ അന്യന്മാരുടെ അടുക്കൽ വൈദ്യശാസ്ത്രം പഠിക്കുക പതിവില്ല. നേരെ മറിച്ച് അവിടെച്ചെന്ന് പലരും പഠിക്കാറുമുണ്ട്. അഷ്ടവൈദ്യന്മാരിൽ തന്നെ പ്രസിദ്ധന്മാരായിരുന്ന എളേടത്ത് തൈക്കാട്ടു മൂസ്സ്, തൃശ്ശിവപേരൂർ തൈക്കാട്ട് മൂസ്സ്, ആലത്തൂർ നമ്പി, ചിരട്ടമണ്ണ മൂസ്സ് മുതലായവർ കുട്ടഞ്ചേരി മൂസ്സിന്റെ ശിഷ്യന്മാരായിരുന്നുവല്ലോ.

കഴിഞ്ഞുപോയ കുട്ടഞ്ചേരി വാസുദേവൻ (അപ്ഫൻ) മൂസ്സവർകൾ വൈദ്യശാസ്ത്രം പഠിപ്പിക്കുന്നതിന് ഏറ്റവും സമർത്ഥനായിരുന്നു. അഷ്ടാംഗഹൃദയത്തിന്റെ അർത്ഥം പറയുന്നതിന് അവിടത്തെപ്പോലെ ആരുമില്ലായിരുന്നുവെന്നുള്ളത് പ്രസിദ്ധമാണല്ലോ. പണ്ട് അഷ്ടവൈദ്യന്മാരിലാരും അഷ്ടാംഗഹൃദയ ത്തിന്റെ സൂത്രസ്ഥാനം നായന്മാർ മുതലായവരെ പഠിപ്പിക്കാറില്ലായിരുന്നു. ആ സ്ഥാനം നായന്മാർ മുതലായവരെ ആദ്യമായി പഠിപ്പിച്ച് തുടങ്ങിയത് അപ്ഫൻ മൂസ്സവർകളാണ്. ആ സ്ഥാനം പഠിക്കുന്നവർ അതു പഠിച്ചു കഴിയുന്നതുവരെ അവിടുത്തെ ക്ഷേത്രത്തിൽ ഭജിക്കണമെന്നുകൂടി അവിടേക്ക് നിർബന്ധമുണ്ടായിരുന്നു.

ഈ അപ്ഫൻ മൂസ്സവർകളുടെ ജ്യേഷ്ഠന്റെ പുത്രനായ ഇപ്പോഴത്തെ അച്ഛൻ മൂസ്സവർകൾ ചികിത്സവിഷയത്തിൽ സ്വല്പം ഔദാസീന്യമുളള ആളാണെങ്കിലും ശാസ്ത്രം നല്ലപോലെ പഠിച്ചിട്ടുളള ഒരു നല്ല വൈദ്യനാണ്. ഈ മൂസ്സവർകളെപ്പോലെ ജാമാതൃഭാഗ്യം ഇതിനു മുമ്പ് ആ ഇല്ലത്തു മറ്റാർക്കുമുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. അഷ്ടവൈദ്യന്മാരുടെ മിക്ക കുടുംബങ്ങളിലേക്കും സ്വപുത്രിമാരെ വിവാഹം കഴിച്ചു കൊടുത്ത് അവരുടെയെല്ലാം ബന്ധുത്വം സമ്പാദിക്കാൻ സംഗതിയായത് ഒരു വലിയ ഭാഗ്യമാണല്ലോ.

## *വെള്ളോടു നമ്പൂരി*

ഇപ്പോൾ പുലാമന്തോൾ മൂസ്സ്, കുട്ടഞ്ചേരി മൂസ്സ്, ആലത്തൂർ നമ്പി, പഴനെല്ലിപ്പുറത്ത് (തൃശ്ശിവപേരൂർ) തൈക്കാട്ട് മൂസ്സ്, എളേടത്ത് തൈക്കാട്ട് മൂസ്സ്, വെള്ളോട് നമ്പൂരി, ചിരട്ടമൺ മൂസ്സ്, വയസ്ക്കര മൂസ്സ് ഇങ്ങനെ എട്ടില്ലക്കാർ മാത്രമാണ് അഷ്ടവൈദ്യന്മാർ. ഒരു കാലത്ത് ശാഖോപശാഖകളായി വർദ്ധിച്ച് അവർ പതിനെട്ടില്ലങ്ങളായിത്തീർന്നിരുന്നു. അക്കാലത്ത് വെള്ളോടു നമ്പൂരിയും രണ്ടില്ലങ്ങളായിട്ടാണ് താമസിച്ചിരുന്നത്. അവയിൽ ഒന്ന് കൊച്ചിസംസ്ഥാനത്ത് ചാലക്കുടിയിലും മറ്റൊന്ന് എളങ്കുന്നപ്പുഴ എന്ന ദേശത്തുമായിരുന്നു. ചാലക്കുടിയിൽ താമസിച്ചിരുന്നവരെ' ഉഭയൂർ മൂസ്സ്' എളങ്കുന്നപ്പുഴ താമസിച്ചിരുന്നവരെ ' അടിയാക്കൽ മൂസ്സ് ' എന്നുമാണ് പറഞ്ഞുവന്നിരുന്നത്.

ആ രണ്ടില്ലക്കാരും കൊല്ലം തൊളളായിരാമാണ്ടിടയ്ക്ക് എന്തോ ചില കാരണങ്ങളാൽ ആ സ്ഥലങ്ങൾ

വിട്ടു തിരുവിതാംകൂറിൽ വന്നു വൈക്കത്തു ചേർത്തലത്താലൂക്കിൽ ‘ മരുത്തോർവട്ടം’ എന്ന ദേശത്തു താമസമുറപ്പിച്ചു. അപ്പോൾ ആ രണ്ടില്ലക്കാരും അവരുടെ ഇല്ലപ്പേരും പേരും മാറ്റി വെള്ളോടു നമ്പൂരി എന്നാക്കി. അതിപ്പോൾ അങ്ങനെതന്നെ ഇരിക്കുന്നു.

വൈക്കത്ത് പെരുംതൃക്കോവിൽ ക്ഷേത്രത്തിൽ ഉത്സത്തിന് പതിമൂന്നഹസ്സും വൃശ്ചികമാസത്തിൽ കറുത്ത അഷ്ടമിയുടെ പിറ്റേദിവസം ആറാട്ടാകുവാൻ തക്കവണ്ണം കൊടിയേറുകയുമാണല്ലോ പതിവ്. ഒരു കൊല്ലം വൃശ്ചികമാസത്തിൽ ഉത്സവത്തിന്റെ ആറാട്ടുന്നാൾ ഒരു വൃദ്ധബ്രാഹ്മണൻ വൈക്കത്തു താമസിച്ചിരുന്ന വെള്ളോടു നമ്പൂരിയുടെ അടുക്കൽച്ചെന്ന് ‘ ഇവിടെ ക്ഷേത്രത്തിലെ ഉത്സവസദ്യ പത്തു പന്ത്രണ്ട് ദിവസം പതിവായിട്ട് ഉണ്ണുകകൊണ്ട് എനിക്ക് കടവയറ്റിൽ നല്ല സുഖമില്ലാതെയിരിക്കുന്നു. അതിനെന്താണ് ചെയ്യേണ്ടത്’ എന്നു ചോദിച്ചു. അതു കേട്ടിട്ട് നമ്പൂരി ‘ അതു സാരമില്ല ഞാനൊരു മുക്കുടിയുണ്ടാക്കിത്തരാം. അതു സേവിച്ചാൽ സുഖമാവും’ എന്നു പറഞ്ഞു. അപ്പോൾ ആ വൃദ്ധബ്രാഹ്മണൻ ’എന്നാൽ മുക്കുടിയുണ്ടാക്കിത്തരണമെന്നില്ല, മുക്കുടിക്കുള്ള മരുന്നുകൾ അരച്ചുരുട്ടി പെരുംതൃക്കോവിൽ ശ്രീകോവിലിന്റെ പടിയിന്മേൽ വെച്ചു കൊടുത്താൽ മതി. ശാന്തിക്കാരെടുത്തു മുക്കുടിയുണ്ടാക്കു എനിക്കു തന്നുകകൊള്ളും. ശാന്തിക്കാരൊക്കെ എനിക്ക് പരിചയമുള്ളവരാണ്. അവരോട് ഞാൻ പറഞ്ഞുകൊള്ളാം. എന്റെ സ്ഥിരതാമസം ഇപ്പോൾ അമ്പലത്തിൽതന്നെയാണ്’ എന്നു പറഞ്ഞു. ഉടനെ നമ്പൂരി ‘എന്നാൽ അങ്ങനെയാവട്ടെ, നാളെ കാലത്തെ ഞാൻ അരച്ചുരുട്ടി കൊണ്ടുപോയി ശ്രീകോവിലിന്റെ പടിയിന്മേൽ വെച്ചേക്കാം’ എന്നു പറഞ്ഞു. ഉടനെ ആ വൃദ്ധബ്രാഹ്മണൻ അവിടെനിന്ന് മറയുകയും ചെയ്തു. അപ്പോൾ വെള്ളോടു നമ്പൂരി ‘ഇതു കേവലം ബ്രാഹ്മണനാണെന്നു തോന്നുന്നില്ല. ആരെങ്കിലുമാകട്ടെ. പറഞ്ഞതുപോലെ ചെയ്തേക്കാം’ എന്നു മനസ്സിൽ വിചാരിച്ചു. എങ്കിലും അതിനെക്കുറിച്ച് ആരോടും ഒന്നും പറഞ്ഞില്ല.

അന്നു രാത്രി വടക്കുംകൂർ രാജാവിനും ക്ഷേത്രത്തിലെ തന്ത്രിക്കും ഊരാളന്മാർക്കും ശാന്തിക്കാർക്കും ഒരു സ്വപ്നമുണ്ടായി. ഒരു ദിവ്യൻ അടുക്കൽ വന്ന് ‘നാളെക്കാലത്തു വെള്ളോടു നമ്പൂരി ചില മരുന്നുകൾ അരച്ചുരുട്ടി ശ്രീകോവിലിന്റെ പടിയിന്മേൽ കൊണ്ടുവന്നു വെയ്ക്കും. അതെടുത്ത് കലക്കി മുക്കുടിയാക്കി ദേവനു നിവേദിക്കണം.’ എന്നു പറഞ്ഞു എന്നായിരുന്നു സ്വപ്നം. അതു രാജാവ് മുതൽ ക്ഷേത്രസംബന്ധികൾ വരെ എല്ലാവർക്കും ഒരേ വിധത്തിൽ തന്നെയായിരുന്നു. നേരം വെളുത്തപ്പോൾ എല്ലാവരും ഈ സ്വപ്നവർത്തമാനം രാജസന്നിധിയിൽ അറിയിച്ചു. ഇവർ അറിയിച്ചതുപോലെ രാജാവും സ്വപ്നം കണ്ടിരുന്നതിനാൽ രാജാവ് ഒരു പ്രശ്നക്കാരനെ വരുത്തി പ്രശ്നം വെപ്പിച്ചു നോക്കിയപ്പോൾ ഇതു പെരുംതൃക്കോവിലപ്പന്റെ കല്പനയാണെന്നും അതിനാൽ മുക്കുടിയുണ്ടാക്കി നിവേദിക്കേണ്ടത് അത്യാവശ്യമാണെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ ദേവകോപമുണ്ടാകുമെന്നും പ്രശ്നകാരൻ വിധിച്ചു. അപ്പോഴേക്കും വെള്ളോടു നമ്പൂരി മരുന്നുകളരച്ചുരുട്ടി ശ്രീകോവിലിന്റെ പടിയിന്മേൽ കൊണ്ടുചെന്നു വെയ്ക്കുകയും ശാന്തിക്കാരൻ അതെടുത്ത് മുക്കുടിയുണ്ടാക്കി പന്തീരടിപ്പൂജയ്ക്ക് ദേവനു നിവേദിക്കുകയും ചെയ്തു.

ഇത് ആറാട്ടിന്റെ പിറ്റേദിവസമായിരുന്നു. അന്നു രാത്രിയിലും വടക്കുംകൂർ രാജാവ് മുതലായവർക്കും വെള്ളോടു നമ്പൂരിക്കും ആണ്ടുതോറും ഇപ്രകാരം ആറാട്ടിന്റെ പിറ്റേദിവസം ചെയ്തുകൊള്ളണമെന്നു സ്വപ്നമുണ്ടായി. ഇതു പെരുംതൃക്കോവിലപ്പന്റെ കല്പനയാണെന്നും പ്രശ്നകാരൻ വിധിക്കുകയാൽ അതിനെ എല്ലാവരും വിശ്വസിക്കുകയും അഘ്ഘനെ നടത്തുന്നതിന് തീർച്ചപ്പെടുത്തുകയും ദേവസ്വം വക പതിവുകണക്കിൽ ഇതുകൂടി ചേർക്കുകയും മരുന്നുകൾ അരച്ചുരുട്ടി ശ്രീകോവിലിന്റെ പടിയിന്മേൽ കൊണ്ടുചെന്ന് വെയ്ക്കുന്നതിന് പ്രതിഫലമായി വെള്ളോടു നമ്പൂരിക്കു ദേവസ്വത്തിൽനിന്ന് ചില അനുഭവങ്ങൾ ആണ്ടുതോറും കൊടുക്കണമെന്ന് നിശ്ചയിച്ചത് കൂടാതെ ഏതാനും ഭൂസ്വത്തുക്കൾ അദ്ദേഹത്തിന്റെ തറവാട്ടേക്ക് കരമൊഴിവായി പതിച്ചുകൊടുക്കുകയും അങ്ങനെ ആണ്ടുതോറും ആറാട്ടിന്റെ പിറ്റേദിവസം വൈക്കത്തപ്പന് ഒരു മുക്കുടി നിവേദ്യം പതിവായിത്തീരുകയും ചെയ്തു. ഈ മുക്കുടി നിവേദ്യം അവിടെ ഇപ്പോഴും ആറാട്ടിന്റെ പിറ്റേ ദിവസം പിതിവായി നടന്നു വരുന്നുണ്ട്.

വൈക്കത്തുണ്ടായിരുന്ന വെള്ളോടില്ലത്തു കാലക്രമേണ ആളുകൾ കുറഞ്ഞു കുറഞ്ഞ് ഒടുക്കം അവിടെ വിധവയായ ഒരന്തർജ്ജനം മാത്രം ശേഷിച്ചു. അതിനാൽ ആ അന്തർജ്ജനവും മരുത്തോർവട്ടത്തുള്ള ഇല്ലത്തേക്ക് പോയി. അവിടെ താമസമാക്കി. ഒരു കാലത്ത് ജനബാഹുല്യം നിമിത്തം രണ്ടായിത്തീർന്ന ആ ഇല്ലം ജനച്ചുരുക്കം നിമിത്തം ഇങ്ങനെ പിന്നെയും യഥാപൂർവ്വം ഒന്നായിത്തീർന്നു. വൈക്കത്തുണ്ടായിരുന്ന ഇല്ലത്ത് ആരും ഇല്ലാതെയായതിന്റെ ശേഷം മരുത്തോർവട്ടത്തുള്ള വെള്ളോടില്ലത്തെ ആളുകൾ വൈക്കത്തു പെരുംതൃക്കോവിൽ ക്ഷേത്രത്തിൽ

മുക്കുടിക്കുളള മരുന്നുകൾ അരച്ചുരുട്ടി യഥാകാലം പതിവായി ശ്രീകോവിൽപ്പടിയിന്മേൽ കൊണ്ടുചെന്നു വെയ്ക്കുകയും ദേവസ്വത്തിൽനിന്നു പതിവുളള അനുഭവം വാങ്ങുകയും ചെയ്തുതുടങ്ങി. ഇപ്പോഴും അങ്ങനെതന്നെ നടന്നുവരുന്നു. എന്നാൽ ആ ഇല്ലത്തേക്ക് കരമൊഴിവായി പതിച്ചുകൊടുത്തിരുന്ന വസ്തുക്കളെല്ലാം ഓരോ കാലത്ത് ഓരോ വിധത്തിൽ അന്യാധീനപ്പെട്ടുപോകുകയാൽ ഇപ്പോൾ അവയിലൊന്നും ആ കുടുംബക്കാർക്ക് കൈവശവും അനുഭവവുമില്ല. ദേവസ്വത്തിൽനിന്ന് കൊടുത്തുവന്നിരുന്ന അനുഭവങ്ങളും ദേവസ്വം പരിഷ്ക്കാരത്തോടു കൂടി വളരെ കുറഞ്ഞുപോയി. ഇപ്പോൾ ഈ വകയ്ക്കു വെള്ളോടു നമ്പൂരിക്കു ദേവസ്വത്തിൽനിന്ന് കൊല്ലംതോറും കിട്ടുന്ന അനുഭവം നാലു പണം മാത്രമാണ്.

വെള്ളോട് നമ്പൂരിക്കു കുടുംബപരദേവതകളായി അനേകം മൂർത്തികളുണ്ട്. അവയിൽ ഇപ്പോൾ പ്രാധാന്യം ധന്വന്തരിക്കാണ്. അവിടെ പരദേവതകളായിട്ടുളള മറ്റുമൂർത്തികളെയെല്ലാം ഇല്ലത്തുളള തേവാരങ്ങളുടെ കൂട്ടത്തിൽതന്നെയാണ് കുടിയിരുത്തിയിരിക്കുന്നത്. എന്നാൽ ധന്വന്തരിക്കു മാത്രം പ്രത്യേകം ക്ഷേത്രം പണിയിച്ചു. മുറപ്രകാരം ബിംബപ്രതിഷ്ഠ നടത്തീട്ടുണ്ട്. അതിനുണ്ടായ കാരണം താഴെ പറഞ്ഞുകൊളളുന്നു.

പണ്ടൊരിക്കൽ ചേർത്തലത്താലൂക്കിൽ വയലാർദേശത്തുളള പുതിയക്കൽ (പുതിയ അറയ്ക്കൽ) കോവിലകത്തെ ഒരു തമ്പാനു വയറ്റിൽ അതികലശലായിട്ടുളള ഒരു വേദന തുടങ്ങി. അതു നിമിത്തം യാതൊന്നും ഭക്ഷിക്കാൻ പാടില്ലാതെ അദ്ദേഹം ഏറ്റവും വിവശനായിത്തീർന്നു. ആ രോഗത്തിന്റെ ശമനത്തിനായി അദ്ദേഹം അനേകം ചികിത്സകൾ ചെയ്തുനോക്കി. ഒന്നുകൊണ്ടും ഒരു ഫലവുമുണ്ടായില്ല. ഒടുക്കം തമ്പാൻ വൈക്കത്തു പെരുതൃക്കോവിലപ്പനെത്തന്നെ ശരണം പ്രാപിച്ച് അവിടെ സംവത്സരഭജനം തുടങ്ങി. ഏറ്റവും നിഷ്ഠയോടുകൂടിയായിരുന്നു ഭജനം. ക്ഷേത്രത്തിൽ സദ്യയുളള ദിവസങ്ങളിൽ സദ്യ, അല്ലെങ്കിൽ അമ്പലത്തിലെ നിവേദ്യച്ചോറ്, ഏതായാലും ഒരു നേരമേ അദ്ദേഹം ഭക്ഷണം കഴിച്ചിരുന്നുളളു. അതേതായാലും അദ്ദേഹത്തിന് വയറ്റിൽവേദനയുണ്ടാക്കാറുമില്ലായിരുന്നു. അങ്ങനെ ഒരു സംവത്സരം പെരുംതൃക്കോവിലപ്പനെ സേവിച്ചുകൊണ്ട് അദ്ദേഹം അവിടെ താമസിച്ചു. അതിനിടയ്ക്ക് ഒരു ദിവസംപോലും അദ്ദേഹത്തിന് വയറ്റിൽ വേദനയുണ്ടായില്ല. ഭജനം കാലംകൂടുന്നതിന്റെ തലേദിവസം തമ്പാൻ രാത്രിയിൽ അമ്പലത്തിൽ കിടന്ന് ഉറങ്ങിയിരുന്ന സമയം ആരോ അദ്ദേഹത്തിന്റെ അടുക്കൽച്ചെന്ന് 'നിന്റെ വയറുവേദന ഭേദമായിട്ടില്ല. ഇവിടെ താമസിക്കുമ്പോൾ വേദന വരികയില്ലായിരിക്കാം. ഇവിടെനിന്ന് പോയാൽ ഇനിയും അതും വരും.ആ വേദന നിശ്ശേഷം വിട്ടുമാറണമെങ്കിൽ നീയൊരു കാര്യം ചെയ്യണം. എന്തെന്നാൽ ചേർത്തലെ തെക്കുംമുറിയിൽ 'കേളൻകുളം' എന്നു പേരായിട്ട് ഒരു വലിയ കുളമുണ്ടല്ലോ. നീ പോയി ആ കുളത്തിലിറങ്ങി മുങ്ങിത്തപ്പണം. അപ്പോൾ മൂന്നു ശിലാവിഗ്രഹങ്ങൾ നിനക്കു കിട്ടും. അവയിൽ ആദ്യം കിട്ടുന്നത് അവിടെത്തന്നെ ഇട്ടേയ്ക്കണം. അതു വെച്ചു പൂജിയ്ക്കാൻ ശക്തരായിട്ടു ഭൂലോകത്തിലാരുമില്ല. രണ്ടാമതു കിട്ടുന്നതു ധന്വന്തരിയുടെ വിഗ്രഹമായിരിക്കും. അതെടുത്ത് നീയൊരു ബ്രാഹ്മണനു ദാനം ചെയ്യണം. മൂന്നാമത് കിട്ടുന്നത് ഒരു വിഷ്ണുവിഗ്രഹമായിരിക്കും. അതെടുത്ത് നീ തന്നെ ഒരു ക്ഷേത്രം പണിയിച്ച് പ്രതിഷ്ഠ കഴപ്പിക്കണം. ഇത്രയും ചെയ്താൽ നിന്റെ രോഗം നിശ്ശേഷം വിട്ടുമാറി നിനക്കു പൂർണ്ണസുഖം സിദ്ധിക്കും. ഇങ്ങനെ ചെയ്തില്ലെങ്കിൽ നിന്റെ ദീനം ആജീവനാന്തം ഭേദമാവുകയില്ല. ' എന്നു പറഞ്ഞതായി അദ്ദേഹത്തിന് തോന്നി. ഉടനെ ഉണർന്ന് അദ്ദേഹം കണ്ണുതുറന്നു നോക്കീട്ട് അവിടെയെങ്ങും ആരെയും കണ്ടുമില്ല. തന്റെ അടുക്കൽ വന്ന് ഇങ്ങനെയൊക്കെ പറഞ്ഞത് ആരായിരിക്കും. ആരെങ്കിലുമാകട്ടെ ഒരു സമയം വെറും പേക്കിനാവാണെന്നും വരാമല്ലോ എന്നു വിചാരിച്ച് തമ്പാൻ പിന്നെയും കിടന്നുറങ്ങി.

പിറ്റേദിവസം ഭജനം കാലംകൂടി തമ്പാൻ കോവിലകത്തു മടങ്ങിയെത്തി. ഉടനെ വയറ്റിൽ വേദനയുമാരംഭിച്ചു. അതു പൂർവ്വാധികം കലശലായിട്ടായിരുന്നു. അതിനാൽ തമ്പാൻ അടുത്ത ദിവസം തന്നെ പോയി കേളൻകുളത്തിലിറങ്ങി മുങ്ങിത്തപ്പി. ആദ്യംകിട്ടിയ വിഗ്രഹം അവിടെത്തന്നെ ഇട്ടിട്ട് പിന്നെയും മുങ്ങിത്തപ്പി നോക്കുകയും ഒരു വിഗ്രഹം കിട്ടുകയും ചെയ്തു. അതു ധന്വന്തരിയുടെ വിഗ്രഹം തന്നെയായിരുന്നു. ആ വിഗ്രഹവും എടുത്തുകൊണ്ട് തമ്പാൻ കരയ്ക്കു കയറി. കുറച്ചുദൂരം ചെന്നപ്പോൾ വഴിയിൽവെച്ച് വെള്ളോടു നമ്പൂരിയെ കാണുകയും വിഗ്രഹം അദ്ദേഹത്തിന് ദാനം ചെയ്യുകയും ചെയ്തു. തമ്പാൻ പിന്നെയും വന്നു കുളത്തിലിറങ്ങി മുങ്ങത്തപ്പിയപ്പോൾ ഒരു വിഷ്ണുവിഗ്രഹം കിട്ടി. അതു കൊണ്ടുപോയി അദ്ദേഹം സ്വദേശത്തുതന്നെ ഒരു ക്ഷേത്രം പണിയിച്ചു മുറപ്രകാരം പ്രതിഷ്ഠ കഴിപ്പിക്കുകയും ആക്ഷേത്രത്തിന് 'കേരളാദിത്യ' (ആദിച്ച) പൂരം എന്നു

പേരിടുകയും ചെയ്തു. ആ ക്ഷേത്രം കാലാന്തരത്തിൽ തിരുവിതാംകൂർ സർക്കാർ വകയായിത്തീർന്നു. ഇപ്പോഴും അങ്ങനെതന്നെയിരിക്കുന്നു.

തമ്പാൻ വെള്ളോടു നമ്പൂരിക്ക് കൊടുത്ത വിഗ്രഹം അദ്ദേഹം ഇല്ലത്തു കൊണ്ട്പോയി തന്റെ തേവാരങ്ങളുടെ കൂട്ടത്തിൽവെച്ചു പൂജിച്ചുകൊണ്ടിരുന്നു. അങ്ങനെയിരുന്ന കാലത്തു മലബാറിൽ ടിപ്പുസുൽത്താന്റെ ആക്രമണമുണ്ടാവുകയാൽ അങ്ങാടിപ്പുറത്ത് താമസിച്ചുകൊണ്ടിരുന്ന ചിരട്ടമൺ മൂസ്സ് അവിടെ നിന്ന് കുടുംബസഹിതം പോന്നു. തിരുവിതാംകൂറിലെത്തി മഹാരാജാവിന്റെ സഹായത്തോടുകൂടി മരുത്തോർവട്ടത്തു തൻരെ സ്വജനമായ വെള്ളോടു നമ്പൂരിയുടെ ഇല്ലത്തിന് സമീപം തന്നെ ഒരില്ലം പണിയിച്ച് താമസമുറപ്പിച്ചു.

അനന്തരം ഒരുദിവസം ചീരട്ടമൺമൂസ്സ് വെള്ളോടു നമ്പൂരിയുടെ ഇല്ലത്തു ചെന്നസമയം ധന്വന്തരിയുടെ ആ വിഗ്രഹം അവിടെ തേവാരങ്ങളുടെ കൂട്ടത്തിലിരിക്കുന്നതുകണ്ടിട്ട് 'ഈ വിഗ്രഹത്തിന്റെ ശ്രേഷ്ഠത വിചാരിച്ചാൽ ഇത് ഇങ്ങനെ വെച്ചേക്കേണ്ടതല്ല. ഇതിന് പ്രത്യേക അമ്പലം പണിയിച്ച് പ്രതിഷ്ഠ നടത്തിക്കുവാൻ തക്ക യോഗ്യതയുണ്ട്' എന്നു പറഞ്ഞു. അതു കേട്ടിട്ട് നമ്പൂരി 'കാര്യമിതു വാസ്തവമാണ്. പക്ഷേ ഞാൻ വിചാരിച്ചാൽ ഇതൊന്നും സാധിക്കയില്ലെന്നേയുള്ളു. എനിക്ക് അതിനു തക്കവണ്ണം ധനപുഷ്ടിയില്ലല്ലോ' എന്നു പറഞ്ഞു. അപ്പോൾ മൂസ്സ്' എന്നാൽ അങ്ങ് ഒന്നും നടത്തിക്കണമെന്നില്ല. അങ്ങയ്ക്ക് സമ്മതമുണ്ടെങ്കിൽ ക്ഷേത്രപ്പണിയും പ്രതിഷ്ഠയും കലശവുമെല്ലാം ഞാൻ നടത്തിക്കൊള്ളാം' എന്നു പറഞ്ഞു. അതിനെ നമ്പൂരി സമ്മതിക്കുകയും ക്ഷേത്രപ്പണി മുതലായവയെല്ലാം മൂസ്സു നടത്തിക്കുകയും ചെയ്തു. ക്ഷേത്രത്തിൽ നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം മുതലായവയ്ക്ക് വേണ്ടുന്ന മുതലും മൂസ്സുതന്നെ വകവെച്ചുകൊടുത്തു. നമ്പൂരി ഒരു കാശുപോലും ചെലവുചെയ്തില്ല. എങ്കിലും ബിംബം നമ്പൂരിയുടെ വകയായിരുന്നതിനാൽ ക്ഷേത്രാധികാരം രണ്ടുപേർക്കും ഒരുപോലെയായിരിക്കണമെന്ന് അവർ ഒടുക്കം പറഞ്ഞു നിശ്ചയിച്ചു. അതിനാൽ ക്ഷേത്രത്തിൽ പതിവായിട്ട് കാലത്തു മലരുനിവേദ്യം കഴിഞ്ഞാൽ ആ മലരും മറ്റും ഒന്നരാടം ദിവസം മാറി മാറി ഓരോ ഇല്ലത്തേക്കും കൊണ്ടുപോയ്ക്കൊൾക എന്നും അവർ തീർച്ചപ്പെടുത്തി. മലരുനിവേദ്യത്തിനു പ്രതിദിനം മൂന്നാഴി മലരും മൂന്നു കദളിപ്പഴവും മൂന്നു പലം ശർക്കരയുമാണ് പതിവുവെച്ചിരുന്നത്. ഇത് ഇല്ലങ്ങളിൽ കൊണ്ടുപോയാൽ കുട്ടികൾക്കു കൊടുക്കുകയാണ് പതിവ്. അതു രാവിലെ കിട്ടുന്നത് കുട്ടികൾക്ക് വലിയ കാര്യവും ഏറ്റവും സന്തോഷപ്രദവുമായിരുന്നു. എന്നാൽ ഇത് തങ്ങൾക്ക് ഒന്നരാടം ദിവസമേ കിട്ടാൻ ന്യായമുള്ളു എന്നും അങ്ങനെയാണ് വ്യവസ്ഥചെയ്തിരിക്കുന്നത് എന്നും മറ്റും കുട്ടികൾക്ക് അറിഞ്ഞുകൂടല്ലോ. അതിനാൽ രണ്ടില്ലത്തെ കുട്ടികളും കാലത്തു കാലത്തു മലരും പഴവും വേണമെന്നു പറഞ്ഞു സിദ്ധാന്തം പിടിച്ചു കരയുക പതിവായിരുന്നു.

അങ്ങനെയിരിക്കുമ്പോൾ കുട്ടികളുടെ അലട്ടും നിർബന്ധവും കരച്ചിലും നിമിത്തം ഒരു ദിവസം മലരും മറ്റും വാങ്ങിക്കൊണ്ടു പോയ ഇല്ലക്കാർതന്നെ പിറ്റേ ദിവസവും വാങ്ങിക്കൊണ്ടുപോയി. അത് അന്ന് മുറപ്രകാരം മലരും മറ്റും കിട്ടേണ്ടവരായ ഇല്ലക്കാർക്ക് ഒട്ടും രസിച്ചില്ല. അതിനാൽ അവർ രണ്ടു ദിവസം മലരും മറ്റും അടുപ്പിച്ച് വാങ്ങിക്കൊണ്ടുപോയവർക്ക് മേലാൽ ഒരിക്കലും അവ കൊടുക്കുകയില്ലെന്ന് തീർച്ചപ്പെടുത്തി. അതിനാൽ ആ രണ്ടില്ലക്കാരും തമ്മിൽ ഈ നിസ്സാരസംഗതിക്കായി പിടിയും വലിയും അടിയും ഇടിയും വെട്ടും കുത്തുമൊക്കെയുണ്ടായി. ഒടുക്കം പരസ്പരം ബദ്ധവിരോധികളായിത്തീർന്നു. വെള്ളോടു നമ്പൂരിയുടെ വിരോധം നിമിത്തം മരുത്തോർവട്ടത്തു താമസിക്കുവാൻ നിവൃത്തിയി ല്ലാതെയാകയാൽ ചിരട്ടമൺ മൂസ്സു വിവരമെല്ലാം മഹാരാജാവിന്റെ അടുക്കൽ അറിയിച്ചു. അതിനാൽ മൂസ്സിന്റെ ഇഷ്ടപ്രകാരം കല്പിച്ചു കോട്ടയത്തു നിന്ന് നാലുനാഴിക പടിഞ്ഞാറ് 'ഒളശ' എന്ന ദേശത്തു മൂസ്സിന് ഇല്ലം പണിയിച്ചുകൊടുത്തു കുടുംബസഹിതം അങ്ങോട്ടു മാറ്റിത്താമസിപ്പിച്ചു. കൊല്ലം 925-മാണ്ടു മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുമനസ്സുകൊണ്ട് മുറജപം തുടങ്ങിയപ്പോൾത്തന്നെ ചീരട്ടമൺ മൂസ്സിനു തിരുവനന്തപുരത്തു ചില സ്ഥാനമാനങ്ങൾ കല്പിച്ചു കൊടുത്തിരുന്നുവല്ലോ. അക്കാലം മുതൽക്കുതന്നെ ചീരട്ടമൺ മൂസ്സിനെക്കുറിച്ച് മഹാരാജാക്കന്മാർക്ക് പ്രത്യേകമൊരു കാരുണ്യം ഉണ്ടായിരുന്നു. അതുകൊണ്ടാണ് മൂസ്സിന്റെ ഇഷ്ടപ്രകാരം ഒളശയിൽ ഇല്ലം കൽപിച്ചു പണിയിച്ചുകൊടുക്കുകയും മറ്റും ചെയ്തത്.

ചീരട്ടമൺമൂസ്സ മരുത്തോർവട്ടത്തെ താമസം മതിയാക്കി അവിടെനിന്ന് കുടുംബസഹിതം പോയെങ്കിലും വെള്ളോടുനമ്പൂരിക്ക് പിന്നെയും സ്വൈരമായില്ല. വെള്ളോടുനമ്പൂരി സകലാധികാരവുമൊഴിഞ്ഞു ധന്വന്തരിയുടെ ക്ഷേത്രം വിട്ടുകൊടുക്കുകയോ അല്ലെങ്കിൽ ക്ഷേത്രംപണി

മുതലായവയ്ക്കു ചിലവായിട്ടുള്ള പണം കൊടുക്കുകയോ ചെയ്യണമെന്നു മൂസ്സു വാദിച്ചു. താൻ തന്റെ പരദേവതയായി ആചരിച്ചും സേവിച്ചും വരുന്ന ധന്വന്തരിയുടെ ക്ഷേത്രം വിട്ടുകൊടുക്കുന്നതിന് മനസ്സും പണം കൊടുക്കുന്നതിന് നിവൃത്തിയു മില്ലായ്കയാൽ വെള്ളോടു നമ്പൂരി മൂസ്സിന്റെ കണക്കിൻപ്രകാരമുള്ള പണത്തിന് തൻരെ ഭൂസ്വത്തു ക്കളിലേതാനും മൂസ്സിന് എഴുതിക്കൊടുത്തു. ആ വക വസ്തുക്കൾ ഇപ്പോഴും ചീരട്ടമൺ മൂസ്സിന്റെ കൈവശാനുഭവത്തിൽത്തന്നെ ഇരിക്കുന്നു.

ആദ്യകാലത്തു പരസ്പരം സ്നേഹത്തോടും വിശ്വാസത്തോടുംകൂടിയിരുന്ന ആ ഇല്ലക്കാർ തമ്മിൽ ഇടക്കാലത്തു പിണങ്ങാനിടയായെങ്കിലും ഇപ്പോൾ അവർ വളരെ വേഴ്ചയോടും ചാർച്ചയോടും ഐകമത്യത്തോടും കൂടിയാണിരിക്കുന്നത്.

വെള്ളോടുനമ്പൂരിമാർ പണ്ടു ചികിത്സാവിഷയത്തിൽ ഏറ്റവും പ്രസിദ്ധന്മാരും സമർത്ഥന്മാരുമായിരുന്നു. അവർ ചെയ്തിട്ടുള്ള അത്ഭുതകർമ്മങ്ങളെല്ലാം വിവരിക്കുന്ന കാര്യം അസാധ്യമാകയാൽ ചിലതുമാത്രം താഴെ പറഞ്ഞുകൊള്ളുന്നു.

ഒരിക്കൽ വെള്ളോടില്ലത്ത് ആലത്തൂർ നമ്പിയുടെ ഭാഗിനേയനായിട്ട് ഒരു നമ്പൂരിയുണ്ടായിരുന്നു. അദ്ദേഹം ശാസ്ത്രജ്ഞാനംകൊണ്ടും ബുദ്ധികൊണ്ടും യുക്തികൊണ്ടും കൈപ്പുണ്യംകൊണ്ടും നൈപുണ്യം കൊണ്ടും മറ്റും ചെറുപ്പത്തിൽത്തന്നെ വിശ്വവിശ്രുതനായിത്തീർന്നു. ഒരിക്കൽ അദ്ദേഹം എന്തിനോ നമ്പിയുടെ ഇല്ലത്തു പോയിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ മാതുലന്മാരായ നമ്പിമാരാരും അവിടെയുണ്ടായിരുന്നില്ല. ചില രോഗികളെ കാണിക്കാനായി ആളുകൾ വന്ന് എല്ലാവരേയും ഓരോ ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയിരിക്കുകയായിരുന്നു. അക്കാലത്ത് ഈ നമ്പൂരിയുടെ മാതുലപത്നിയായ ഒരന്തർജ്ജനം അവിടെ കുഷ്ഠരോഗബാധിതയായി വളരെ കഷ്ടസ്ഥിതിയിൽ കിടക്കുന്നുണ്ടായിരുന്നു. ഈ നമ്പൂരി ചെന്ന് ആ അന്തർജ്ജനത്തെ കണ്ട സമയം അന്തർജ്ജനം 'എന്റെ ഉണ്ണീ, ഞാനീ സ്ഥിതിയിലായിത്തീർന്നു. പാപശക്തികൊണ്ടായിരിക്കും. നിന്റെ അമ്മാവന്മാരെല്ലാം അനേക ചികിത്സകൾ ചെയ്ചുനോക്കീട്ടും ഒരു ഫലവുമുണ്ടായില്ല. ചികിത്സകൾ ചെയ്യുമ്പോൾ ചെയ്തുനോക്കീട്ടും ഒരു ഫലവുമുണ്ടായില്ല. ചികിത്സകൾ ചെയ്യുമ്പോൾ രോഗങ്ങൾ വർദ്ധിക്കുകയാണ് ചെയ്യുന്നത്. അതിനാൽ അവരെല്ലാവരും ഉപേക്ഷിച്ചു. ഇനി ഇങ്ങനെ കിടന്നു കഷ്ടപ്പെടാതെ വേഗത്തിൽ മരിച്ചാൽ കൊള്ളാമെന്നുമാത്രമേ എനിക്കാഗ്രഹമുള്ളു. അമ്മാവന്മാരെല്ലാവരും ചികിത്സിച്ചിട്ടു ഭേദമാകാത്ത ഈ ദീനം ഉണ്ണി ചികിത്സിച്ചാലും ഭേദമാവുകയില്ലായിരിക്കുമല്ലോന എന്നു പറഞ്ഞു. അപ്പോൾ നമ്പൂരി 'അങ്ങനെ തീർച്ചയാക്കേണ്ട. ഈ ദീനം ഞാൻ ചികിത്സിച്ചിട്ട് ഭേദമാകണമെന്നാണ് ഈശ്വരൻ നിശ്ചയിച്ചിരിക്കുന്നതെങ്കിൽ ഭേദമാകാതെ കഴികയില്ലല്ലോ.' എന്നു പറഞ്ഞു. ഉടനെ അന്തർജ്ജനം 'എന്നാൽ എന്റെ ഉണ്ണീ! നീ വല്ലതും ചെയ്തു നോക്കണം. എന്റെ ദീനം ഭേദമാവുകയാണെങ്കിൽ അതു നിനക്കു ശ്രേയസ്സിനും യശസ്സിനും കാരണമായിത്തീരും. വലിയ പുണ്യവുമായിരിക്കും.' എന്നു പറഞ്ഞു. അതു കേട്ടപ്പോൾ നമ്പൂരി 'അമ്മായി തേച്ചു കുളിക്കാറുണ്ടോ' എന്നു ചേദിച്ചു. അതിനു മറുപടിയായി അന്തർജ്ജനം 'ശിവ! ശിവ! തേച്ചുകുളിയോ. എനിക്കു കുളി തന്നെ ഇല്ലാതായിട്ട് വളരെ നാളായി. മേലെങ്ങും തൊലിയില്ല. സർവ്വത്ര വ്രണമാണ്. എനിക്ക് എണീക്കാനും വയ്യ. പിന്നെ തേച്ചുകുളിക്കുന്നതെങ്ങനെയാണ്.' എന്നു പറഞ്ഞു. ഉടനെ നമ്പൂരി 'അമ്മായിയെ ഇന്നു ഞാനൊന്നു തേച്ചുകുളിപ്പിക്കാം. തേച്ചുകുളിച്ചാൽത്തന്നെ ഈ ദീനം ഭേദമാകും.ന എന്നു പറഞ്ഞ് അവിടെനിന്ന് ഇറങ്ങിപ്പോയി എന്തോ ചില കാട്ടുചെടികളുടെ ഇലകൾ കുറെ പറിച്ചുകൊണ്ടുവന്ന് ഇടിച്ചുപിഴിഞ്ഞ് നീരെടുത്ത് അതിൽ എണ്ണയും നെയ്യും ആവണക്കെണ്ണയും ചേർത്ത് ഒരു കുഴമ്പ് കാച്ചിയരിച്ചുവച്ചു. പിന്നെ നമ്പൂരി ഒരു വലിയ ചെമ്പു പിടിച്ചെടുത്തടുപ്പത്തു വെച്ച് അതിൽ നിറച്ച് വെളളമൊഴിച്ച് തിളപ്പിക്കുന്നതിന് അവിടെ ശേഷമുണ്ടായിരുന്ന അന്തർജ്ജനങ്ങളോട് പറഞ്ഞു. അവർ അപ്രകാരം ചെയ്തു. അതിനിടയ്ക്കു നമ്പൂരി പിന്നെയും ഇറങ്ങിപ്പോയി ചില ഇലകൾ പറിച്ചുകൊണ്ടുവന്ന് ചതച്ച് ആ വെള്ളത്തിലിട്ടു. വെള്ളം നല്ലപോലെ തിളച്ചപ്പോൾ നമ്പൂരി പെട്ടെന്ന് ചെന്നു രോഗിണിയായ അന്തർജ്ജനത്തെ എടുത്തുകൊണ്ടുവന്ന് ആ തിളച്ചുകിടന്നിരുന്ന വെള്ളത്തിലിട്ടു. ഇതു കണ്ട് ശേഷമുള്ള അന്തർജ്ജനങ്ങളും മറ്റും 'അയ്യോ!. ഇതെന്തൊരക്രമമാണ്' എന്നു പറഞ്ഞ് ഉറക്കെ നിലവിളിച്ചു. നമ്പൂരി അതൊന്നും അത്ര വകവെച്ചില്ല. സ്വല്പ സമയം കഴിഞ്ഞപ്പോൾ അദ്ദേഹം വെള്ളത്തിൽ കിടന്ന അന്തർജ്ജനത്തെ വലിച്ചെടുത്ത് നിലത്തിട്ടു. അപ്പോൾ ആ അന്തർജ്ജനത്തിന് ബോധമുണ്ടായിരുന്നില്ല. അവർ മരിച്ചുപോയി എന്നു നിശ്ചയിച്ച് മറ്റുള്ള അന്തർജ്ജനങ്ങളും മറ്റും പൂർവ്വാധികം ദുഃഖിച്ചുകരഞ്ഞു. ഏകദേശം മൂന്നേമുക്കാൽ നാഴിക കഴിഞ്ഞപ്പോൾ രോഗിണിയായ അന്തർജ്ജനത്തിനു ബോധം വീഴുകയും അവർ

എണീറ്റിരിക്കുകയും ചെയ്തു. അപ്പോൾ അവിടെ എല്ലാവർക്കും സമാധാനവും സന്തോഷവുമായി. ഉടനെ നമ്പൂരി താൻ മുമ്പെ കാച്ചിവെച്ച് കുഴമ്പെടുത്ത് കൊടുത്തിട്ട് ഈ അന്തർജ്ജനത്തിന്റെ തലയിൽ എണ്ണയും മേലൊക്കെ ഈ കുഴമ്പും തേപ്പിച്ച് ചെമ്പിൽ കിടക്കുന്ന വെള്ളമെടുത്ത് ചൂട് പാകമാക്കി കുളിപ്പിക്കാൻ അവിടെ വേറെ ഉണ്ടായിരുന്ന അന്തർജ്ജനങ്ങളോട് പറയുകയും അവർ കുളിപ്പിക്കുകയും ചെയ്തു. തേച്ചുകുളി കഴിഞ്ഞപ്പോഴേക്കും അന്തർജ്ജനത്തിന്റെ ദേഹത്തിലുണ്ടായിരുന്ന വ്രണങ്ങളഒന്നും കാണാനില്ലാതെയായി. അന്തർജ്ജനം എണീറ്റു നടന്നു തുടങ്ങുകയും ചെയ്തു. ആ കുഴമ്പു തേപ്പിച്ച് അന്തർജ്ജനത്തെ മൂന്നു ദിവസം കുളിപ്പിച്ചു. അപ്പോഴേയ്ക്കും അവർ പൂർണ്ണസുഖത്തെ പ്രാപിച്ചു. അവരെക്കണ്ടാൽ അവർക്ക് ഇങ്ങനെയൊരു ദീനമുണ്ടായിരുന്നു എന്നു തോന്നുകപോലുമില്ലാതെയായി. നാലാംദിവസം നമ്പൂരി സ്വദേശത്തേക്കു മടങ്ങിപ്പോരികയും ചെയ്തു.

അനന്തരം രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ നമ്പിമാരെല്ലാവരും അവരുടെ ഇല്ലത്തു മടങ്ങിയെത്തി. അപ്പോൾ മുമ്പു രോഗബാധിതയായി എണീക്കാൻ വയ്യാതെ കിടന്നിരുന്ന അന്തർജ്ജനം സ്വസ്ഥശരീരയായി എണീറ്റു നടക്കുന്നതു കണ്ടിട്ട് ആ അന്തർജ്ജനത്തിന്റെ ഭർത്താവായ നമ്പി അത്യാശ്ചര്യത്തോടുകൂടി 'നമ്മുടെ വെള്ളോടിലെ ഉണ്ണി ഇവിടെ വന്നിരുന്നുവോ' എന്നു ചോദിച്ചു. അപ്പോൾ വെള്ളോടിലെ ഉണ്ണിനമ്പൂരി അവിടെ ചെന്നിരുന്നതും അദ്ദേഹം ചെയ്തതുമെല്ലാം വിസ്തരിച്ച് പറഞ്ഞുകേൾപ്പിച്ചു. അതൊക്കെ കേട്ടപ്പോൾ നമ്പി അവനല്ലാതെ ഈ വകയൊക്കെ ചെയ്യാൻ നിശ്ചയവും ധൈര്യവു മുണ്ടാകയില്ല. അവന്റെ ഗുരുത്വവും കൈപ്പുണ്യവും ഭാഗ്യവും ഒക്കെ ഒന്നു വേറെ തന്നെയാണ്. ഈശ്വരൻ അവന് ദീർഘായുസ്സുകൂടി കൊടുക്കട്ടെ.

ഒരിക്കൽ ഒരു വാണിയൻ (എള്ളും മറ്റും ആട്ടുന്ന ജാതിക്കാരൻ) ഒരു കാളയേയുംകൊണ്ട് വെള്ളോടില്ലത്തു ചെന്നു. അപ്പോൾ അവിടെ ഉണ്ടായിരുന്ന അച്ഛൻ നമ്പൂരിയുടെ അടുക്കൽ 'ഈ കാളയ്ക്ക് ചാണകം പോകാതെയായിട്ട് നാലു ദിവസമായി. അതുകൊണ്ട് കാള പുല്ലും വെള്ളവുമൊന്നും കഴിക്കുന്നില്ല. വയർ സാമാന്യത്തിലധികം വീർത്തിട്ടുണ്ടെന്നുള്ളത് തിരുമേനിക്ക് കാണാവുന്നതാകയാൽ അടിയൻ അറിയിക്കണമെന്നില്ലല്ലോ. അടിയൻ എള്ളും തേങ്ങയും മറ്റും ആട്ടുന്നതിന് ചക്കിൻകണയിൽ കെട്ടി അടിക്കുന്നത് ഈ കാളയെയാണ്. ഈ കാള ചത്തുപോയാൽ അടിയന്റെ ഉപജീവനം മുട്ടും. മറ്റൊരു കാളയെ വാങ്ങാൻ പാവപ്പെട്ട അടിയങ്ങൾക്ക് അത്ര എളുപ്പമല്ല. അതിനാൽ തിരുമനസ്സുകൊണ്ട് ദയ ഉണ്ടായിട്ട് ഈ കാളയെ രക്ഷിച്ചുതരണം.' എന്നു വളരെ സങ്കടത്തോടുകൂടി പറഞ്ഞു. അച്ഛൻ നമ്പൂരി സ്വല്പനേരം മനസ്സുകൊണ്ടാലോചിച്ചിട്ട് ഒരു മുഴം നീളവും പെരുവിരലിന്റെ വണ്ണവുമുള്ള ഒരു മുരിക്കിൻ വടി കൊണ്ടു വരിക എന്നു വാണിയനോട് പറഞ്ഞു. വാണിയൻ കാളയെ അവിടെ കെട്ടീട്ട് ഓടിപ്പോയി മുരിക്കിൻവടി കൊണ്ടുവന്നു. അച്ഛൻനമ്പൂരി അതെടുത്ത് അതിന്റെ ഒരറ്റത്തു കൈകൊണ്ട് പിടിക്കാൻതക്കവണ്ണം മുള്ളു ചീകിക്കളഞ്ഞു പിടിച്ചുകൊണ്ടു കാളയെ കിടത്തി., കാലു നാലും കെട്ടി, മുറുകെ പിടിച്ചുകൊള്ളുവാൻ വാണിയനോട് പറഞ്ഞു. അവൻ അപ്രകാരം ചെയ്തപ്പോൾ അച്ഛൻ നമ്പൂരി അടുത്തുചെന്നു മുരിക്കിൻവടി കാളയുടെ മലദ്വാരത്തിൽക്കൂടി അകത്തേക്കു കടത്തി രണ്ടുമൂന്നു തിരിച്ചിട്ടു വലിച്ചെടുത്തു. അപ്പോൾ ആ മുരുക്കിൻ വടിയോടുകൂടി ഒരു വലിയ പഴന്തുണിയും അതിന്റെ പിന്നാലെ ഒട്ടുവളരെ ചാണകവും പുറത്തേക്കു പോന്നു. അപ്പോൾ അച്ഛൻ നമ്പൂരി വാണിയനോട് 'ഇതു നീ എണ്ണ മുക്കിപ്പിഴിയുന്ന തുണിയല്ലേ. ഇതു തിന്നിട്ടാണ് കാളയ്ക്കു ചാണകം പോകാതായത്. ഇനി ഇങ്ങനെ വരാതെ സൂക്ഷിച്ചുകൊള്ളണം' എന്നു പറഞ്ഞു കാളയുടെ മലദ്വാരം മുള്ളുകൊണ്ട് മുറിഞ്ഞിരുന്നതിന് ഒരു മരുന്നും പുരട്ടി അയച്ചു. കാളയ്ക്കു സുഖമാവുകയും ചെയ്തു.

ഒരിക്കൽ ചേർത്തലത്താലൂക്കിൽത്തന്നെ തൈക്കാട്ടു ദേശത്ത് തൈക്കാട്ടു മ്പൂരിയുടെ ഇല്ലത്ത് ഒരു അന്തർജ്ജനത്തിന്റെ മൂക്കിൽ ഒരു ദശയുണ്ടായി. അതു ശ്വാസം പുറത്തേയ്ക്ക് പോകുമ്പോൾ ഒരംഗുലം നീളത്തിൽ പുറത്തേക്കിറങ്ങുകയും ശ്വാസം മേൽപോട്ട് വലിക്കുമ്പോൾ മൂക്കിനകത്തേക്കു കയറിപ്പോവുകയും ചെയ്യുമായിരുന്നു. അതിന് ആരാണ്ടേകൊണ്ടൊക്കെ പല ചികിത്സകൾ ചെയ്യിച്ചിട്ടും ഭേദമാകായ്കയാൽ ഒടുക്കം തൈക്കാട്ടുനമ്പൂരി വെള്ളോടുനമ്പൂരിയുടെ അടുക്കൽച്ചെന്ന് വിവരം പറഞ്ഞു. അപ്പോൾ വെള്ളോട് നമ്പൂരി 'ആട്ടെ ഞാൻ നാളെ അവിടെ വന്നു നോക്കീട്ട് എന്തെങ്കിലും ചികിത്സ നിശ്ചയിക്കാം. ഞാനവിടെ വരുമ്പോഴേയ്ക്കും കാൽത്തുലാം ഭാരമുള്ള ഒരു ഇയ്യക്കട്ടി ഇരുമ്പുകൊണ്ട് ഒരു കുഴയുമുണ്ടാക്കിച്ചു തയ്യാറാക്കിവച്ചിരിക്കണം. ശേഷമൊക്കെ ഞാൻ വരുമ്പോൾ പറഞ്ഞുകൊള്ളാം' എന്നു പറഞ്ഞു തൈക്കാട്ടു ന്നപൂരിയെ അയച്ചു. പിറ്റേ ദിവസം വെള്ളോടു നമ്പൂരി

തൈക്കാട്ടില്ലത്തു ചെന്നപ്പോഴേയ്ക്കും തലേദിവസം പറഞ്ഞിരുന്നതുപോലെ ഇരുമ്പുകുഴയോടുകൂടിയ ഒരിയ്യക്കട്ടി അവിടെ തയ്യാറാക്കി വെച്ചിരുന്നു. വെള്ളോടുനമ്പൂരി ഒരു നൂൽച്ചരട്കൂടി കൊണ്ടുപോയിരുന്നു. ആ ചരടിന്റെ ഒരറ്റം ഇയ്യക്കട്ടിയുടെ കുഴയിലിട്ടു കെട്ടിമുറുക്കീട്ട് മറ്റേ അറ്റത്ത് ഒരു കുടുക്കുമിട്ട് തൈക്കാട്ട് നമ്പൂരിയെ ഏല്പിച്ചുകൊടുത്തിട്ട് 'അന്തർജ്ജനത്തെ വിളിച്ചു അടുക്കലിരുത്തീട്ട് ദശ പുറത്തേക്ക് വരുമ്പോൾ ചരടിന്റെ അറ്റത്തുള്ള കുടുക്ക് ആ ദശയിന്മേലിട്ട് മുറുക്കണം. പിന്നെ അന്തർജ്ജനത്തോട് പതുക്കെ എണീറ്റ് കുനിഞ്ഞ് സ്വല്പം നടക്കാൻ പറയണം' എന്നു പറഞ്ഞു. തൈക്കാട്ടുനമ്പൂരി അപ്രകാരമെല്ലാം ചെയ്തു. അന്തർജ്ജനം എണീറ്റു നടന്നപ്പോൾ ഇയ്യക്കട്ടിയുടെ ഭാരംകൊണ്ട് ദശ വേരോടുകൂടി പറിഞ്ഞു താഴെ വീണു. പിന്നെ വെള്ളോടു നമ്പൂരി അന്തർജ്ജനത്തിന്റെ തലയിൽ തേക്കുന്നതിന് ഒരെണ്ണയ്ക്കു കുറിച്ചുകൊടുക്കുകയും 'ഈ മരുന്നുണ്ടാക്കി പുരട്ടിയാൽ മൂക്കിനകത്തെ വ്രണം ഉണങ്ങുകയും എണ്ണ കാച്ചിത്തേച്ചാൽ ഇനിയും മൂക്കിൽ ദശ വരാതെ ഇരിക്കുകയും തലവേദന ഉണ്ടാകാതെയിരിക്കുകയും ചെയ്യും.' എന്നു പറയുകയും ചെയ്തിട്ടു മടങ്ങിപ്പോയി. ആ മരുന്ന് എണ്ണയുംകൊണ്ട് അന്തർജ്ജനത്തിന് സുഖമാവുകയും ചെയ്തു.

ഒരിക്കൽ ബ്രിട്ടീഷ് മലബാറിലെ ഒരു വലിയ ജന്മിയും പ്രസിദ്ധനുമായ കുതിരവട്ടത്തു മൂപ്പിൽനായർക്ക് ഒരു സുഖക്കേടുണ്ടായി. മലമൊഴിയായ്കയായിരുന്നു സുഖക്കേട്. അതിനു പല വൈദ്യന്മാർ പഠിച്ച വിദ്യകളൊക്കെ പ്രയോഗിച്ചുനോക്കീട്ടും ഒരു ഫലവുമുണ്ടായില്ല. മലശോധനയില്ലാതെയാപ്പോൾ ഭക്ഷണമില്ലാതെയായി. അപ്പോൾ ക്ഷീണം കലശലായി. ആകപ്പോടെ മൂപ്പിൽനായർ ഏറ്റവും അവശനായിത്തീർന്നു. അതിനാൽ മൂപ്പിൽനായർ ഉടനെ വെള്ളോടുനമ്പൂരിയെ അങ്ങോട്ടു പറഞ്ഞയയ്ക്കണമെന്ന് പാലിയത്തു വലിയച്ചന്റെ പേർക്ക് എഴുത്തയച്ചു. അന്നത്തെ മൂപ്പിൽനായരും വലിയച്ചനും തമ്മിൽ അത്യന്തം സ്നേഹമായിരുന്നു. എഴുത്തു കിട്ടിയക്ഷണത്തിൽ വലിയച്ചൻ വിവരം വെള്ളോടുനമ്പൂരിയെ ഗ്രഹിപ്പിക്കുകയും സഹായത്തിന് വേണ്ടുന്ന ആളുകളെയും മറ്റുംകൂട്ടി മലബാറിലേയ്ക്ക് പറഞ്ഞയയ്ക്കുകയും ചെയ്തു.

നമ്പൂരി കുതിരവട്ടത്തെത്തിയപ്പോൾ മൂപ്പിൽനായർ ഏറ്റവും ക്ഷീണിച്ച് എണീക്കാൻ വയ്യാതെ കിടപ്പിലായിരുന്നു. തല്ക്കാലം നമ്പൂരി ചുരുക്കത്തിൽ ഒരു കുഴമ്പിന് കുറിച്ചുകൊടുത്തിട്ട് ആ കുഴമ്പു ക്ഷണത്തിൽ കാച്ചിയരിച്ച് വെയ്ക്കുകയും മൂപ്പിൽനായർക്ക് കുളിക്കുന്നതിന് കാഞ്ഞ വെളളവും ഭക്ഷണത്തിനു വേണ്ടുന്നവയെല്ലാം തയ്യാറാക്കുകയും ചെയ്തുകൊള്ളുന്നതിന് ചട്ടംകെട്ടി. പിന്നെ നമ്പൂരി കുളിക്കാൻ പോയി. അദ്ദേഹം കുളിയും ഭക്ഷണവുമെല്ലാം കഴിഞ്ഞുവന്നപ്പോഴേക്കും ചട്ടംകെട്ടിയിരുന്നവയെല്ലാം തയ്യാറായിരുന്നു. വെള്ളോടുനമ്പൂരിയുടെ പ്രയോഗമെന്താണെന്ന് അറിയുന്നതിനായി അപ്പോൾ അവിടെ വൈദ്യന്മാരായിട്ടും മൂപ്പിൽനായരുടെ സ്നേഹിതന്മാരായിട്ടും ബന്ധുക്കളായിട്ടും ആശ്രിതന്മാരായിട്ടും അസംഖ്യമാളുകൾ വന്നുകൂടുകയും ചെയ്തിരുന്നു.

നമ്പൂരി മൂപ്പിൽനായരുടെ അടുക്കൽ ചെന്നിരുന്നുകൊണ്ട് അവിടെയുണ്ടായിരുന്ന ഭൃത്യന്മാരിൽ ബലവാന്മാരായ നാലുപേരെ വിളിച്ചു കാച്ചിവച്ചിരുന്ന കുഴമ്പു നായരുടെ കഴുത്തിന് താഴെയെല്ലാം ധാരാളമായി തേച്ചിട്ട് നായരെ താങ്ങിപ്പിടിച്ച് ആ പൂമുഖത്തു തെക്കോട്ടും വടക്കോട്ടും നടത്താൻ പറഞ്ഞു. അങ്ങനെ അവർ അഞ്ചാറുപ്രാവശ്യം നടത്തിയപ്പോഴേക്കും നായർക്കു വയറിളകി പൂമുഖമാകപ്പാടെ അമേധ്യമയമായി പിന്നെ നമ്പൂരി നായരെ കൊണ്ടുപോയി കാഞ്ഞവെള്ളമൊഴിച്ചു കുളിപ്പിച്ചിട്ട് ഭക്ഷണം കഴിപ്പാൻ പറഞ്ഞയച്ചു. ഭൃത്യന്മാർ നായരെ കൊണ്ടുപോയി കുളിയുമൂണും കഴിപ്പിച്ചുകൊണ്ടു കട്ടിലിൽ കൊണ്ടു ചെന്നു കിടത്തി. വളരെ ദിവസം കൂടീട്ട് മലം ധാരാളം ഒഴിഞ്ഞുപോവുകയും കാഞ്ഞവെള്ളത്തിൽ കുളിക്കുകയും വേണ്ടതുപോലെ ഊണു കഴിക്കുകയും ചെയ്തതുകൊണ്ട് നായർ കിടന്ന ഉടനെ ഉറങ്ങിത്തുടങ്ങി. ആ സമയത്ത് വെള്ളോട് നമ്പൂരി മൂപ്പിൽനായരുടെ കാര്യസ്ഥനോട് 'ഇനിയിപ്പോൾ നായർക്കു സുഖക്കേടൊന്നുമില്ല. ക്ഷീണം മാറണമെന്നേ ഉള്ളു. അതു ഭക്ഷണം ശരിയാകുമ്പോൾ ക്രമേണ മാറിക്കൊള്ളും. ഇന്നു കാച്ചിയ കുഴമ്പുതന്നെ കാച്ചിവെച്ചിരുന്നു പതിവായി തേച്ചുകുളിപ്പി ച്ചുകൊണ്ടിരുന്നാൽ വേണ്ടതുപോലെ മലശോധനയുണ്ടാകും. അപ്പോൾ മുറയ്ക്കു ഭക്ഷണം കഴിക്കാറുമാകും' എന്നു പറഞ്ഞിട്ട് ആരോടും യാത്ര പറയാതെ മടങ്ങിപ്പോന്നു.

നമ്പൂരി പറഞ്ഞതുപോലെതന്നെ പത്തുപതിനഞ്ചു ദിവസംകൊണ്ട് മൂപ്പിൽനായർക്ക് ക്ഷീണവും മാറി നല്ല സുഖമായി. പിന്നെ നായർ തന്റെ കൃതജ്ഞതയെ പ്രകടിപ്പിക്കാനായി നമ്പൂരിയുടെ അടുക്കൽ വന്ന് കണ്ട് സന്തോഷസമേതം അനേകം സമ്മാനങ്ങൾ കൊടുത്തു വന്ദനം പറഞ്ഞു മടങ്ങിപ്പോയി.

പണ്ടുണ്ടായിരുന്ന വെള്ളോട് നമ്പൂരിമാർ ചികിത്സ സംബന്ധമായി ഇങ്ങനെ അനേകം അത്ഭുതകർമങ്ങൾ ചെയ്തിട്ടുണ്ട്. അവയെല്ലാം പറഞ്ഞുതീർക്കുന്ന കാര്യം അസാധ്യമാകയാൽ അതിനായി തുനിയുന്നില്ല. ഇത്രയും പറഞ്ഞതുകൊണ്ട് തന്നെ ആ ഇല്ലത്തു പണ്ടുണ്ടായിരുന്നവർ അമാനുഷപ്രഭാവന്മാരാ യിരുന്നുവെന്ന് സ്പഷ്ടമാകുന്നുണ്ടല്ലോ.

വെള്ളോടില്ലത്തു പണ്ടൊരിക്കൽ ശാക്തേയനായിട്ടും ഒരാളുണ്ടായിരുന്നുവത്രേ. അദ്ദേഹവും പുളിയാമ്പുള്ളി നമ്പൂരി മുതലായവരെപ്പോലെ അമാവാസിനാൾ ചന്ദ്രനെ ഉദിപ്പിക്കുക, മദ്യം കളിയടയ്ക്കയാക്കി കാണിക്കുക മുതലായി അനേകം അത്ഭുതകർമങ്ങൾ ചെയ്തിട്ടുണ്ടെന്നാണ് കേൾവി. അഷ്ടവൈദ്യന്മാരിലൊരാളും ബ്രാഹമണനുമായിരുന്ന അദ്ദേഹത്തിനു ശക്തിപൂജയും മറ്റും അത്യാവശ്യമായിട്ടുളളവയല്ലാതിരുന്നതിനാലും അദ്ദേഹത്തിന്റെ അത്ഭുതകർമങ്ങൾ ചികിത്സാസംബന്ധ മായിട്ടുളളവയല്ലായിരുന്നതുകൊണ്ടും അവയൊന്നും ഇവിടെ വിസ്തരിക്കുന്നില്ല. അതിനാൽ പ്രസിദ്ധപ്പെട്ട ആ ഇല്ലത്തു പണ്ടത്തെപ്പോലെ ഇനിയും ജനോപകാരാർത്ഥം നല്ലവൈദ്യന്മാരുണ്ടാകുന്നതിന് സർവ്വേശ്വരൻ സദയം കടാക്ഷിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് വിരമിക്കുന്നു.

*ശുഭം*